
# അശ്വഹൃദയം

തിക്കോടിയൻ



# അശ്വഹൃദയം

തിക്കോടിയൻ

**Ashwahridayam** (അശ്വഹൃദയം)
(Malayalam: Novel)
Thikkodiyan

Sayahna digital edition published in 2022.

Copyright © 2022, Pushpakumari

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Conquest of the Mountain* (1939), oil on cotton painting by Paul Klee (1879–1940). The image has been taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 ഒന്ന് . . . 1
2 രണ്ട് . . . 8
3 മൂന്ന് . . . 14
4 നാല് . . . 22
5 അഞ്ച് . . . 30
6 ആറ് . . . 38
7 ഏഴ് . . . 46
8 എട്ട് . . . 55
9 ഒമ്പത് . . . 62
10 പത്ത് . . . 70
11 പതിനൊന്ന് . . . 77
12 പന്ത്രണ്ട് . . . 86
13 പതിമൂന്ന് . . . 94
14 പതിനാല് . . . 103
15 പതിനഞ്ച് . . . 111
16 പതിനാറ് . . . 119
17 പതിനേഴ് . . . 126
18 പതിനെട്ട് . . . 133
19 പത്തൊമ്പത് . . . 142
20 ഇരുപത് . . . 152

— 1 —

# ഒന്ന്

രാത്രി എട്ടു മണി.

മഹാനഗരം മുന്നറിയിപ്പു നൽകാതെ കണ്ണുപൂട്ടുന്നു. വിദ്യുച്ഛക്തി പ്രവാഹത്തിൽ തടസ്സം!

സംഗതി ആകെ മാറുന്നു. ഇരുട്ടിന്റെ ബ്രഹ്മപ്രളയം. മഹാനഗരത്തിലെ പിടിച്ചുപറിക്കാരും പൂട്ടുതുറപ്പന്മാരും ചുമരുതുരപ്പന്മാരും കരിഞ്ചന്തക്കാരും പൂഴ്ത്തിവെപ്പുകാരും ആഹ്ലാദിച്ചു തിമർത്തു സംഘഗാനം മുഴക്കുന്നു. തെരുവുകാമുകൻ തെരുവുകാമുകിയുടെ മുടിയിൽ മുല്ലപ്പൂ ചൂടിച്ചു പാടുന്നു:

“മാനസമൈനേ, വരൂ
മധുരം കിള്ളിത്തരൂ...”

അപ്പോൾ ‘അശ്വഹൃദയ’ത്തിലെ ഏക ചാരുകസേരയിൽ കിടന്ന കുഞ്ചുണ്ണിയെന്ന പത്രപ്രവർത്തകൻ ഉറക്കെ ചിന്തിയ്ക്കുകയായിരുന്നു: വാസുമുതലാളിയെ വകവരുത്താനുള്ള മാർഗ്ഗങ്ങൾ. നിശിതങ്ങളായ ആക്ഷേപങ്ങൾ മിനഞ്ഞെടുക്കണം. ശരമാരി കൊണ്ടു മൂടണം, മുതലാളിയെ കീഴടക്കണം. വിദ്യുച്ഛക്തിയുടെ വഞ്ചനയേറ്റു രോഷാകുലനായ കുഞ്ചുണ്ണി ചാടിയെഴുന്നേൽക്കുന്നു. ഉഗ്രമായ വെല്ലുവിളി നടത്തുന്നു.

“ദുഷ്ടനും ദുർമുഖനും ദുരഹങ്കാരിയുമായ വിദ്യുച്ഛക്തികേന്ദ്രമേ, ഇനി ക്ഷമിയ്ക്കില്ല. ഇതു് പരമാവധിയാണ്. ഈ നിമിഷം നിന്നെ ഞാൻ വധിച്ചുകളയാം നിന്റെ കുടൽമാല തോണ്ടിക്കളയാം.”

രോഷാകുലനായി ചാടിയെണീറ്റ കുഞ്ചുണ്ണി ജൂബ്ബ വലിച്ചണിയുന്നു. അഴുക്കും വിയർപ്പും പറ്റി ചീഞ്ഞുവീർത്തു് വൃത്തികെട്ട പുറംചട്ടയുള്ള ഡയറിയെടുത്തു് കക്ഷത്തിലിറുക്കുന്നു. ഫൗണ്ടൻപേന ടോപ്പുരി, ശൂലംപോലെ കയ്യിൽ പിടിക്കുന്നു. ഇരുട്ടിലേക്കുളിയിടുന്നു.

ഇരുട്ടിന്റെ തീക്ഷ്ണത അനുഭവപ്പെട്ടപ്പോൾ അശരണരായ നഗരവാസികളെ യോർത്തു കുഞ്ഞുണ്ണി വിലപിക്കുന്നു:

"നഗരവാസികളേ, നിങ്ങളുടെ ഗതി ഹാ കഷ്ടം!"

ജനങ്ങളുടെ കഷ്ടപ്പാടിൽ ഉരുകിയൊലിയ്ക്കുന്ന വെണ്ണയാണ് കുഞ്ഞുണ്ണിയുടെ ഹൃദയം.

കണ്ണുപൊട്ടന്മാരെപ്പോലെ ഭിക്ഷാപാത്രവും കയ്യിലേന്തി റോഡരുകിൽ നിൽക്കുന്ന വിളക്കിൻ കാലുകൾ കുഞ്ഞുണ്ണിയെ ക്രൂരമായി ചുംബിക്കുന്നു. അറിയുന്നില്ല. ധാർമ്മികരോഷംകൊണ്ട് മനസ്സും ശരീരവും മരവിച്ച പോയിരുന്നു. കയ്യും കാലുമിട്ടടിച്ച നീന്തി നീന്തി കുഞ്ഞുണ്ണിയെന്ന ഏകാന്തപഥികൻ പറ്റുകടയുടെ മുമ്പിൽച്ചെന്നു നങ്കൂരമിടുന്നു. അവിടെ അലയടിച്ച കയറുന്ന കൂരിരുട്ടിനോട് മല്ലിട്ട നിൽക്കുന്ന മെഴുകുതിരിയുടെ തളർന്ന വെളിച്ചത്തിൽ കടക്കാരന്റെ മിന്നുന്ന കണ്ണുകളും വട്ടത്താടിയും പ്രത്യക്ഷപ്പെടുന്നു.

"മെഴുകുതിരി, തീപ്പെട്ടി, പെന്നു നിറച്ചും മഷി".

കുഞ്ഞുണ്ണി വേഗം വേഗം പറയുന്നു. എല്ലാമായപ്പോൾ ഇരുട്ടിലൂടെ മടങ്ങി നീന്തുന്നു. നീന്തുമ്പോൾ ആത്മസംതൃപ്തിയ്ക്കുവേണ്ടി പിറുപിറുക്കുന്നു.

"മഹാനഗരമേ, ക്ഷമിയ്ക്കൂ, ഈ കെട്ടതി ഇന്നോടെ അവസാനിപ്പിച്ചുകളയാം. ഞാൻ കട്ടപ്പവും മൂർച്ചയുമുള്ള ഒരാക്ഷേപമെഴുതിക്കോട്ടെ".

'അശ്വഹൃദയ'ത്തിൽ മടങ്ങിയെത്തിയപ്പോൾ അവിടെ പുതിയൊരു വിപത്ത് കാത്തിരിയ്ക്കുന്നു.

ഇരിയ്ക്കാനിടമില്ല.

ഏക ചാരുകസേരയിൽ അന്യനൊരുത്തൻ കുടിപാർപ്പാരംഭിച്ചിരിക്കുന്നു!

"ആരെടാ അത്?"

കുഞ്ഞുണ്ണി അലറി.

"ഞാൻ തന്നെ."

കസേരയിൽനിന്നു തണുത്ത മറുപടി.

"ഉം, എഴുന്നേൽക്കാൻ."

"സാദ്ധ്യമല്ല."

പിന്നെ ചീത്ത വാക്കുകൊണ്ട് തുരെതുരെ കല്ലേറു നടന്നു. ഒച്ചയും ബഹളവും വർദ്ധിച്ചു. അന്തരീക്ഷം ചൂടുപിടിച്ചു. അയൽവാസികൾ കേൾക്കുന്നു. അവർക്ക് വികാരമോ ചലനമോ ഇല്ല. 'അശ്വഹൃദയ'ത്തിൽ വഴക്കും ബഹളവും എന്നുമുള്ളതാണ്. അവർ ശ്രദ്ധിക്കില്ല, ശല്യം വർദ്ധിക്കുമ്പോൾ അയൽവാസികളിൽ ബുദ്ധിശാലികളായവർ ഒരു കമന്റുകൊണ്ട് തൃപ്തിപ്പെടും.

"കുതിരപ്പന്തിയല്ലേ, ഇത്രയൊക്കെ പ്രതീക്ഷിച്ച കൂടു."

ആ കമന്റിന് പിന്നിലൊരു കഥയുണ്ട്. അത് 'അശ്വഹൃദയ'ത്തിന്റെ പൂർവ്വകാലചരിത്രമാണ്.

ജമാലിന്റെ കുതിര അറബിക്കുതിരയായിരുന്നു. ഒരു നാട്ടുരാജാവിനെയും പട്ടാളക്യാപ്റ്റനേയും വഴിക്കു വഴി സേവിച്ച് പിന്നീട് സർക്കസ്സിൽ ചേർന്ന് കുറച്ചഭ്യാസങ്ങളൊക്കെ പ്രദർശിപ്പിച്ച് പുറത്തു കടന്നപ്പോഴാണ് അവനും ജമാലും കണ്ടുമുട്ടുന്നത്. ഉടനെ പ്രണയമായി. അവന്റെ വാരിഭാഗത്തെ എല്ലുകളൊക്കെ പുറത്തേക്കുന്തിയിരുന്നു. വയറ്റത്തും കാൽതുടകളിലും ചൊറി പിടിച്ചിരുന്നു. ഒരു ചെവി വ്രണപ്പെട്ടിരുന്നു. മറ്റേച്ചെവിയിൽ പാണ്ടു കയറിയിരുന്നു. യൗവ്വനപ്പുളപ്പിന്റെ കാലത്ത് പങ്കെടുത്ത ഒരു ഓട്ടപ്പന്തയത്തിൽ പറ്റിയ വീഴ്ചമൂലം വലത്തേ മുൻകാലിന്നല്പം നൊണ്ടലുണ്ടായിരുന്നു. എന്നിട്ടു ജമാലവനെ വിലയ്ക്കു വാങ്ങി. സംഗതി: അവൻ അറബിക്കുതിരയായിരുന്നു.

“പാഫം.”

ജമാൽ ഓടിനടന്ന് ചങ്ങാതിമാരോടൊക്കെ പറഞ്ഞു. കുതിര ചത്തു വൈധവ്യദുഃഖമനുഭവിക്കുന്ന വണ്ടി വീട്ടുമുറ്റത്ത് ഒരു ടാർപാളിന്നടിയിൽ കിടക്കുകയായിരുന്നു. പൊടിതട്ടി വെടുപ്പാക്കി ടാർപാളിയിട്ടു തിളക്കി വണ്ടിക്കൊരു നവയൗവ്വനമാദകത്വം വരുത്തി. അപ്പോൾ പൊങ്ങിവരുന്നു, ഒരു പുത്തൻ പ്രശ്നം. കുതിരപ്പന്തി വേണം. അത് മഹാനഗരത്തിൽ ഏതെങ്കിലും പ്രമാണപ്പെട്ട സ്ഥലത്താവുകയും വേണം. പലരേയും കണ്ടു പറഞ്ഞു, അപേക്ഷിച്ചു, വിഷമം.

ഒടുവിൽ ജഗദീശ്വരയ്യർ സമ്മതിച്ചു. റെയിൽവേസ്റ്റേഷനും ബസ്സ് സ്റ്റാന്റിനുമൊക്കെ അടുത്തായിട്ടാണ് അയ്യരുടെ ബംഗ്ലാവ്. റിട്ടയർ ചെയ്തതിൽപിന്നെ വല്ല ബിസിനസ്സിലും ഏർപ്പെടണമെന്ന് വിചാരിച്ചിരിക്കുകയായിരുന്നു. ജമാലിന്റെ അപേക്ഷ വന്നപ്പോൾ ബിസിനസ്സ് ഉദ്ഘാടനം കുതിരപ്പന്തികൊണ്ട് തുടങ്ങിക്കളയാമെന്നു വെച്ചു. പുരയിടത്തിന്റെ ഒരൊഴിഞ്ഞ കോണിൽ കുതിരപ്പന്തി പണിതീർക്കാം. പക്ഷെ, അല്പം ചില വ്യവസ്ഥകളോടെ മാത്രം. കുട്ടികളെ സൗജന്യമായി സ്കൂളിൽ കൊണ്ടുവിടണം, തിരിച്ചുകൊണ്ടുവരണം, പ്രതിമാസം മുപ്പതു രൂപ വാടകയും വേണം.

ഗത്യന്തരമില്ലാത്തതുകൊണ്ട് ജമാൽ സമ്മതിച്ചു. അറബിക്കുതിരയുടെ കൊട്ടാരം വളരെ വേഗം പണിതീർന്നു. ആർഭാടസമേതം കൊട്ടാരപ്രവേശവും നടന്നു.

അന്നു രാത്രി.

“ങ്ങക്കെന്താന്ന്? അറിയാഞ്ഞിട്ട് ചോദിയ്ക്ക്യാ.” ജമാലിന്റെ കെട്ടിയോൾ ഫാത്തിമയുടെ ശബ്ദം.

“ഞമ്മക്കോ?” ജമാലിന്റെ ശബ്ദത്തിൽ അല്പം അഹങ്കാരമുണ്ടായിരുന്നു.

“തന്നെ.” ഫാത്തിമ വിടാൻ ഭാവമില്ല.

“കരയ്ക്കു പിടിച്ചിട്ട മീനിന്റെ ചേലിക്ക് ങ്ങളെന്താ ങ്ങനെ ഉരുണ്ടും പിരണ്ടും കളിക്ക്ന്ന്? ങ്ങക്ക് ഒറക്കം ബര്ണില്ലേ?”

“അങ്ങനെ ചോയിക്കെടീ. നാളെ ഞമ്മളെ അറബിക്കുതിര റോട്ടിലെറങ്ങും.

ഓന്റെ കുഞ്ചിമുടീം തലയെടുപ്പും ഗാലപ്പും കണ്ട് മാലോരമ്പരക്കും. നേരം ബെളുക്കട്ടെടീ നീ കണ്ടോ."

നേരം വെളുത്തു പൂക്കൾ കണ്ണു തുറന്നു. കാറ്റു മൂളുകയും കിളികൾ പാടുകയും ചെയ്തു. സുഖകരമായ ഇളംചൂടിൽ പൂമ്പാറ്റകൾ ചിറകുകളുണക്കി.

ലുങ്കിയുടുത്ത്, പച്ച ബെൽട്ട് മുറുക്കി കുപ്പായമിട്ട്, തലയിൽ കെട്ടി, അത്തർ പുരട്ടി, മീശ മിനുക്കി ജമാൽ പുറത്തു കടന്നപ്പോൾ ഫാത്തിമ പറഞ്ഞു:

"ദ്ദാ, ഇത് കുടിച്ചിറ്റ് ബവുസ്സോടെ പോയ്ക്കോളിൻ."

ചൂടുള്ള കട്ടൻകാപ്പിയായിരുന്നു. അത് രണ്ടു വലിയ്ക്കകത്താക്കി വലിഞ്ഞു നടന്നു. പടിയ്ക്കലെത്തി തിരിഞ്ഞുനോക്കിയപ്പോൾ ഫാത്തിമ കോലായിൽ നില്ക്കുന്നു.

കറുത്തിട്ടാണെങ്കിലും അവളൊരു സുന്ദരിയാണെന്നു തോന്നി. പടി കടന്നു നടന്നപ്പോൾ ദുനിയാവാകെ ചന്തംവെച്ചപോലെ തോന്നി.

കൊട്ടാരത്തിന്റെ വാതിൽ തുറന്നു നോക്കിയപ്പോൾ അറബിക്കുതിര സ്വാദോടെ പച്ചപ്പുല്ലു തിന്നുന്നതാണ് കണ്ടത്. വണ്ടി തള്ളിക്കൊണ്ടുവന്ന് രണ്ടാം വിവാഹം നടത്തി. നിരത്തിലേയ്ക്കു തെളിച്ചുനിർത്തി തുരുതുരെ ഹോണടിച്ചു. പരിസരം ശബ്ദായമാനം!

അയ്യരുടെ ബംഗ്ലാവിൽനിന്ന് ഒരു പഠനസംഘം മാർച്ച് ചെയ്ത് മതിലിന്നടുത്തെത്തി. തല മൊട്ടയടിച്ച് വെള്ളസ്സാരി ചുറ്റി കൂനിക്കൂനി നടക്കുന്ന അമ്മ്യാർതൊട്ട് പൊന്നിൻ നൂലിൽ പട്ടുകോണകം വലിച്ചു മുറുക്കി നടക്കുന്ന ശിന്നക്കൊളന്തയടക്കം പഠനസംഘത്തിന്റെ അംഗസംഖ്യ അമ്പത്തിഒന്ന്. എണ്ണിത്തീർന്നപ്പോൾ ജമാലിന്റെ വയറു കത്തി.

കൃത്യം ഒമ്പതു മണിയ്ക്ക് ബാലസംഘം വരുന്നു. ഒരു ഡസൻ. പല വലുപ്പത്തിലും തൂക്കത്തിലും.

"നസ്സം, കനത്ത നസ്സം."

ബാലസംഘത്തെ കുത്തിനിറച്ച് വണ്ടി തെളിയ്ക്കുമ്പോൾ ജമാൽ പിറുപിറുത്തു.

കുട്ടികളെ സ്കൂളിൽ വിട്ട് വണ്ടിയും തെളിച്ച് ജമാൽ റെയിൽവേസ്റ്റേഷനിൽ പോകും; കാത്തുനില്ക്കും. കോളൊന്നും കിട്ടിയില്ലെങ്കിൽ ബസ്സ് സ്റ്റാന്റിലേക്കു നീങ്ങും. യാത്രക്കാരെ കുത്തിനിറച്ച് ഓടിപ്പോകുന്ന ടൗൺ ബസ്സും ഓട്ടോറിക്ഷയും നോക്കി നെടുവീർപ്പിടും.

ആരും തിരിഞ്ഞു നോക്കുന്നില്ല. അറബിക്കുതിരയ്ക്കു മുതിര വേണം. ഫാത്തിമയ്ക്കും കുട്ടികൾക്കും ആഹാരം വേണം. അയ്യർക്ക് വാടക കൊടുക്കണം. ഒപ്പിച്ചുപോകാൻ വിഷമം!

അറബിക്കുതിര ക്ഷീണിയ്ക്കുന്നു. ഫാത്തിമയും കുട്ടികളും ക്ഷീണിയ്ക്കുന്നു. അയ്യർ വാടകയ്ക്കു തിരക്കുന്നു.

വളരെ ദിവസങ്ങൾക്കിടയിൽ പാതിരാവണ്ടിക്കൊരു കോളു കിട്ടുന്നു. യാത്രക്കാർ കയറി ഇരുന്നപ്പോൾ, നാട്ടുരാജാവിനേയും പട്ടാളക്യാപ്റ്റനേയും സേവിച്ച

അറബിക്കുതിര നടക്കാൻ കൂട്ടാക്കുന്നില്ല. കടുത്ത മർദ്ദനം. സഹികെട്ടപ്പോൾ അവൻ നടന്നു. നേരെയല്ല, വിലങ്ങനെ. ഒരു കൂട്ടനിലവിളിയോടെ വണ്ടി ഗട്ടറിലേക്കു മറിഞ്ഞു. യാത്രക്കാരോടൊപ്പം ജമാൽ ആശുപത്രിയിലെത്തി; അറബിക്കുതിര സ്വർഗ്ഗത്തിലും. ശുഭം!

വിവരമറിഞ്ഞ അയ്യർ പൊണ്ടാട്ടിയോടു പറഞ്ഞു: "റൊമ്പ നഷ്ടമാച്ചേ."

പൊണ്ടാട്ടി അയ്യരോടു ചോദിച്ചു: "കൊളന്തകളെപ്പടി പോഹിറത്?"

കഴിഞ്ഞു!

അടുത്ത ദിവസം കുതിരപ്പന്തിക്കു മുമ്പിൽ കല്ലാശാരി നിൽക്കുന്നു. തൊട്ടടുത്ത ദിവസം കുതിരപ്പന്തിയുടെ മുൻവശം കല്ലുകൾ വെച്ചടയ്ക്കുന്നു. ഒരു വാതിൽ ഘടിപ്പിയ്ക്കുന്നു. വാതിലിന്റെ പൂട്ടിന്മേൽ സുന്ദരനായൊരു പരസ്യം പ്രത്യക്ഷപ്പെടുന്നു.

"വാടകയ്ക്കു കൊടുപ്പാൻ."

കീഴെ ആംഗലഭാഷയിലും തമിഴിലും പരിഭാഷയുണ്ടായിരുന്നു. ത്രിഭാഷാപദ്ധതി എന്ന ആശയം അന്നാണ് രൂപംകൊള്ളുന്നത്.

മഹാനഗരം സമൃദ്ധമായ പാർപ്പിടക്ഷാമംകൊണ്ടു വലയുന്ന കാലം. അദ്ധ്യാപകരും വിദ്യാർത്ഥികളും ഡോക്ടർമാരും രോഗികളും വക്കീൽമാരും കക്ഷികളും ചെണ്ടക്കാരും തകിലുകാരും പാട്ടുകാരും നൃത്തക്കാരും രാപ്പകലൊരുപോലെ പാർപ്പിടമന്വേഷിച്ച് മഹാനഗരത്തിലെ റോഡുകളിലൂടെ, ഇടവഴിയിലൂടെ, ഗട്ടർതീരങ്ങളിലൂടെ അലഞ്ഞുനടക്കുകയായിരുന്നു. അക്കാമഡേഷൻ കൺട്രോളറെന്ന നിർഭാഗ്യവാൻ അനേക വർഷങ്ങളായി ഒളിവിലാണ്.

കണ്ണൻകുട്ടിമേനൊനെന്ന പകർപ്പു ഗുമസ്ഥനും പാർപ്പിടാന്വേഷികളായ പുരുഷാരത്തിൽ ഒരംഗമാണ്. എന്നും രാവിലെയും വൈകീട്ടും ആത്മാർത്ഥമായ അന്വേഷണയജ്ഞം നടത്തും. അങ്ങനെ നടത്തുമ്പോൾ ഒരു ഭാഗ്യനിമിഷത്തിൽ കൺമുമ്പിലൊരു പരസ്യം പ്രത്യക്ഷപ്പെടുന്നു.

"വാടകക്കു കൊടുപ്പാൻ."

വിശ്വാസം വരുന്നില്ല. കണ്ണട വെച്ചും വെക്കാതേയും നോക്കി. കണ്ണ് തിരുമ്മിയും തിരുമ്മാതേയും നോക്കി. അഞ്ജനമിട്ടും നോക്കി.

സത്യം, പരമസത്യം!

പിന്നെ താമസിച്ചില്ല. ഉടമയെ കണ്ടുപിടിച്ചു. നിവേദനം സമർപ്പിച്ചു. ജഗദീശ്വരയ്യർ വെങ്കലത്തമിഴിൽ മൊഴിഞ്ഞു:

"വാടഹ സെവണ്ടിഫൈവ്, ത്രീ മന്ത്സ് അഡ്വാൻസ്. എഗ്രീഡ്?"

"എഗ്രീഡ്." കണ്ണൻകുട്ടിമേനോൻ.

"ചാവി ഇപ്പത്താൻ കൊടുത്തു വിടറേൻ." അയ്യർ ഉദാരനായി.

അഡ്വാൻസ് കൊടുത്ത് ചാവി വാങ്ങി വാതിൽ തുറന്നപ്പോൾ കുതിരച്ചാണകത്തിന്റെ ഉഗ്രഗന്ധം. ചന്ദനത്തിരി കത്തിച്ചും കർപ്പൂരം പുകച്ചും കുതിരച്ചാണകഗന്ധത്തോട് പടവെട്ടി. കുതിരപ്പന്തിയിൽ മനുഷ്യവാസം കണ്ടപ്പോൾ വഴിപോക്കൻ

ചിരിച്ചു. അവർ ബിരുദം നൽകി. കണ്ണൻകുട്ടിമേനോന്റെ ലോഡ്ജിനെ ബഹുമാനിച്ചു; അശ്വഹൃദയം!

അശ്വഹൃദയത്തിൽ കുഞ്ചുണ്ണിയടക്കം ആറുപേർ വാസം. ആറു കിടക്ക, ആറുകൂട്ടം ചെരുപ്പ്, ആറു പെട്ടി, ആറു കോസടി, ഏക ചാരുകസേര. പിന്നെ സൂചികുത്താനിടമില്ല.

ആ ഏകൻ എന്നുമൊരു യുദ്ധഭൂമിയാണ്. അതിർത്തി കയ്യേറ്റവും വെടിവെപ്പും നടക്കാത്ത ദിവസമില്ല. ആറു മനുഷ്യാത്മാക്കൾ എന്നും അതിനെച്ചൊല്ലി പടവെട്ടും. കുഞ്ചുണ്ണി തീപ്പെട്ടിയുരസി മെഴുകുതിരി കൊളുത്തി. ഇരുട്ടിൽവെച്ചാരംഭിച്ച യുദ്ധം വെളിച്ചത്ത് വീണ്ടും ഉഗ്രതയോടെ തുടർന്നു.

അന്തേവാസികൾ ഒരോരുത്തരായി കൂടണയാൻ തുടങ്ങി. എല്ലാവരുടെ കയ്യിലും മെഴുകുതിരിയുണ്ട്. സമൃദ്ധമായ വെളിച്ചം. എല്ലാവരും ഒത്തുചേർന്നപ്പോൾ കുഞ്ചുണ്ണി മുഷ്ടി ചുരുട്ടി ആകാശത്തിലിടിച്ചുകൊണ്ട് പറഞ്ഞു:

"ഇതവസാനിപ്പിയ്ക്കണം."

ആരും ഒന്നും മിണ്ടിയില്ല. ആരും മിണ്ടാത്തതു കൊണ്ട് കുഞ്ചുണ്ണി കൂടുതൽ രൂക്ഷതയോടെ തുടർന്നു:

"ഈ അക്രമം അവസാനിപ്പിയ്ക്കണം. കണ്ണൻകുട്ടി മേനോനോടാണ് പറയുന്നത്."

"എന്നോടോ?" കണ്ണൻകുട്ടി മേനോൻ പരുങ്ങിക്കൊണ്ടു ചോദിച്ചു. "ഏതക്രമം?"

"ഈ മഹാനഗരത്തിലെ വിദ്യുച്ഛക്തിക്കുഴപ്പത്തെപ്പറ്റി ഞാനൊരാക്ഷേപമെഴുതാൻ പോവുകയാണ്."

"ഒന്നല്ല മോനേ, ഒരായിരം ഒന്നിച്ചെഴുതു. അത്രയുമുണ്ട് കഷ്ടപ്പാട്." കണ്ണൻകുട്ടിമേനോൻ ആശ്വാസത്തോടെ പറഞ്ഞു:

"എങ്ങിനെയെഴുതും? എവിടെയിരുന്നെഴുതും? കണ്ടില്ലേ ഒരുത്തൻ വലിഞ്ഞുകേറി കിടക്കുന്നത്?"

എല്ലാവരും ഏകനെ നോക്കി. അതിലെ കുടി പാർപ്പുകാരനേയും.

"ഒന്നെഴുന്നേറ്റു കൊടുക്കൂ കൃഷ്ണൻകുട്ടി."

പലരും അപേക്ഷിച്ചു. കൃഷ്ണൻകുട്ടി മിണ്ടിയില്ല. അതുവരെയുള്ള വാങ്മയവ്യായാമംകൊണ്ട് അവൻ തളർന്നുകിടക്കുകയായിരുന്നു. കൃഷ്ണൻകുട്ടി വഴങ്ങില്ലെന്നു കണ്ടപ്പോൾ മറ്റുള്ളവർ കൂടിയാലോചനയായി. പ്രശ്നം എങ്ങിനെയെങ്കിലും പരിഹരിക്കണം.

ആലോചിച്ചൊരു തീരുമാനം കണ്ടെത്തിയപ്പോൾ കണ്ണൻകുട്ടിമേനോൻ ഉറക്കെ പ്രഖ്യാപിച്ചു:

"നറുക്കിടാം. ഭാഗ്യക്കുറിപോലെ. ആദ്യത്തെ നറുക്കുകാരൻ ആദ്യമിരിയ്ക്കട്ടെ. രണ്ടാമത്തവൻ പിന്നീടും. അങ്ങിനെ ക്രമപ്രകാരം."

“കൊള്ളാം.” കുഞ്ചുണ്ണി പറഞ്ഞു.

‘കൊള്ളാം.” എതിർകക്ഷിയായ കൃഷ്ണൻകുട്ടിയും സമ്മതിച്ചു.

“പക്ഷെ—” അവനൊരു ഭേദഗതി കൊണ്ടുവന്നു.

“തീരുമാനം നാളെ മുതൽ നടപ്പാക്കാം. ആർക്ക് നറുക്കു കിട്ടിയാലും ഇപ്പോൾ ഞാനെഴുന്നേൽക്കില്ല.”

“അക്രമം.” കുഞ്ചുണ്ണി പൊട്ടിത്തെറിച്ചു.

“മനുഷ്യനായാൽ കുറച്ചു സാമൂഹ്യബോധമൊക്കെ വേണം. മഹാനഗരം ഇരുട്ടിലാണ്ടുകിടക്കുകയാണ്. നഗരവാസികളായ പൗരന്മാരോട് എല്ലാവർക്കുമുണ്ട് കടപ്പാട്. എനിയ്ക്കു മാത്രമല്ല.”

കുഞ്ചുണ്ണി അല്പനിമിഷം മിണ്ടാതെ നിന്നാലോചിച്ചു. പിന്നെ ഗർജ്ജിച്ചു.

“എവൻ മുടക്കിയാലും എന്റെ കടമ ഞാൻ നിറവേറ്റും. ഇന്നുതന്നെ. ഇപ്പോൾ തന്നെ നിറവേറ്റും. കടൽത്തിണ്ണയോ പീടികക്കോലായയോ എനിയ്ക്കുഭയം തരും.”

തീപ്പെട്ടിയും മെഴുകുതിരിയും ഡയറിയുമെടുത്ത്, ടോപ്പൂരിയ ഫൗണ്ടൻപേന ശൂലംപോലെ പിടിച്ചു കുഞ്ചുണ്ണി വീണ്ടും ഇരുട്ടിലേക്കുളിയിട്ടു.

— 2 —

# രണ്ട്

സത്രത്തിന്റെ വരാന്തയിലെ അരച്ചുമരിൽ ആനപ്പുറത്തെന്നപോലെ ഇരുവശങ്ങളിലേക്കും കാലു് തൂക്കിയിട്ടു കുഞ്ചുണ്ണി ഇരിയ്ക്കുന്നു. കാറ്റേറ്റു കെട്ടു പോകാതിരിയ്ക്കാൻ ഇടതു കൈകൊണ്ട് മെഴുകുതിരി മറച്ചു പിടിച്ചിട്ടുണ്ട്. മറ്റെ കൈ തുരുതുരെ എഴുതിത്തള്ളുകയാണ്.

അക്ഷരങ്ങൾ ജീവചൈതന്യം കൈക്കൊള്ളുന്നു. വാക്കുകൾ മന്ത്രവീര്യമുൾക്കൊള്ളുന്നു. വാചകങ്ങൾ ശക്തികേന്ദ്രങ്ങളാകുന്നു. തകർപ്പനാക്ഷേപം വാർന്നു വീഴുന്നു.

"ജനങ്ങളുടെ അഭിലാഷങ്ങളെ ചവുട്ടിമെതിച്ചു കൊണ്ട്, അവരുടെ ആവശ്യങ്ങളെ ധിക്കാരപൂർവ്വം നിഷേധിച്ചുകൊണ്ട്, പുച്ഛിച്ചു തള്ളികൊണ്ട്..."

ഓ! ഉഗ്രം! സ്വയം മനസ്സിലുരുവിട്ടപ്പോൾ കുഞ്ചുണ്ണി ചോദിയ്ക്കുന്നു. എഴുതിയത് ഞാൻ തന്നെയോ?

കുഞ്ചുണ്ണി പുളകിതഗാത്രനാകുന്നു!

"മുന്നോട്ടു പോവാമെന്ന വ്യാമോഹം ബാലിശമത്രെ!"...

ഭേഷ്!

"ബഹുജനങ്ങളെ കാണാതെ, ശ്രദ്ധിക്കാതെ, അവരുടെ വീര്യം കണക്കിലെടുക്കാതെ മുന്നൊട്ടു പോകുന്ന സ്ഥാപനങ്ങളുടെ നാശം സമാഗതമായിരിയ്ക്കുന്നു!"...

(വിദ്യുച്ഛക്തികേന്ദ്രമേ, നിനക്കു വിധിച്ചത് അപമൃത്യു)

"ഈ ഇരുട്ടിൽ മുറുമുറുപ്പുണ്ട്. ഇതിന്റെ മറവിൽ ബഹുജനരോഷമെന്ന മഹാസത്വമിരുന്ന് ആയുധം മൂർച്ചകൂട്ടുകയാണ്."...

ജിൽ, ജിൽ!

കുഞ്ചുണ്ണി എഴുതിയേടത്തോളം ഒരിയ്ക്കൽ വായിച്ചു നോക്കി. ഉചിതവികാരങ്ങൾ ജനിപ്പിച്ചുകൊണ്ട്, ഇരുട്ടിൽ മുഷ്ടിചുരുട്ടി ഇടിച്ചുകൊണ്ടാണ് വായന. അതു

കണ്ട് സത്രത്തിന്റെ കോലായിൽ വിരിവെച്ച കിടക്കുന്ന കാസശ്വാസക്കാരനും കുഷ്ഠരോഗിയും പേടിച്ചരണ്ട് കണ്ണ് മുറുക്കിയടച്ച് ഈശ്വരനാമം ജപിച്ചു.

തട്ടിൻപുറത്ത് എലികൾ വിരണ്ടോടുന്നു! വൃത്തികേടിന്റെ കൂമ്പാരങ്ങളിൽ അവിടവിടെ ആരൊക്കെയോ ഇരുന്നു ബീഡി വലിയ്ക്കുന്നു. നേർത്ത ചിരിയുടെ ശബ്ദം കേൾക്കുന്നു.

വളകിലുക്കവും!

വളക്കിലുക്കം?

“ഉം! എല്ലാം കാണും, മഹാനഗരമല്ലേ”.

കുഞ്ചുണ്ണി വീണ്ടും എഴുത്ത് തുടർന്നു:

“ജനദ്രോഹികളുടെ അവസാന വിധി എഴുതിക്കഴിഞ്ഞു അവരുടെ മരണമണി മുഴങ്ങിക്കഴിഞ്ഞു...”

മുഴക്കം സാമാന്യം ഭേദപ്പെട്ടതായിരുന്നു!

പോലീസ് വാൻ സത്രത്തിന്റെ മുറ്റത്ത് വന്നു ബ്രേയ്ക്കിട്ടു. ‘ലാത്തി’ എന്ന ഓമന പ്പേരിലറിയപ്പെടുന്ന വടിയും വീശി പോലീസുകാരിറങ്ങിവന്നു. ബീഡിവലിച്ചവരോടി, വളകിലുക്കിയവരോടി. കാസശ്വാസക്കാരനും കുഷ്ഠരോഗിയുമോടി.

കുഞ്ചുണ്ണി ആഹ്ലാദത്തോടെ നോക്കിയിരുന്നു! സുന്ദരമായ വിഷയം. ആക്ഷേപത്തിന്ന് പുതിയ പുതിയ മേഖലകൾ തുറന്നു കിട്ടുന്നു. പൊടിപ്പനൊരാക്ഷേപം കാച്ചണം.

“എണിയെടാ.”

അലർച്ച. പോലീസ്സുകാരന്റെ കൈവിരലുകൾ മരണക്കൊക്കപോലെ കുഞ്ചുണ്ണിയുടെ കഴുത്തിൽ മുറുകി. കല്യാണസൗഗന്ധികത്തിലെ ഭീമൻ വഴി മുടങ്ങിക്കിടക്കുന്ന ഹനുമാനെയെന്നപോലെ കുഞ്ചുണ്ണി പോലീസ്സുകാരനെയൊന്നു നോക്കി; പുതിയ ആക്ഷേപത്തിന്റെ തലക്കെട്ട് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

“പൗരസ്വാതന്ത്ര്യത്തിന്റെ മേൽ നിയമത്തിന്റെ കരാളഹസ്തം.”

കരാളഹസ്തം പരുക്കനായിരുന്നു. പിരടി തരിച്ചു. അരച്ചുമരിൽനിന്ന് കുഞ്ചുണ്ണി തെറിച്ച് മുറ്റത്തുവീണു. വീണേടത്തു കിടന്ന് മറ്റൊരാക്ഷേപത്തിന്റെ തലക്കെട്ടും കാച്ചി.

“നഗ്നവും ഭീഷണവുമായ നരവേട്ട.”

തലക്കെട്ടു മുഴുമിയ്ക്കും മുമ്പ്, രണ്ടുപേർ കൂടി തൂക്കിയെടുത്ത് വാനിലേക്കെറിഞ്ഞു.

തണുത്ത കാറ്റു വന്നു തഴുകി വിളിച്ചപ്പോൾ കണ്ണു തുറന്നു. മഹാനഗരത്തിലെ അരപ്പോക്കിരികളും മുക്കാൽ പോക്കിരികളുമടക്കം എട്ടു പത്തുപേർ. രാത്രിയുടെ സുന്ദരികളൊരഞ്ചെണ്ണം. ലോക്കപ്പിലേയ്ക്കുള്ള എഴുന്നള്ളത്തിൽ അകമ്പടി സേവിക്കുന്നവരെ മിഴിച്ചു നോക്കി മിണ്ടാതിരുന്നുകൊള്ളാം.

പോലീസ്സുകാരൻ ലോക്കപ്പിന്നകത്തേക്ക് കഴുത്തു പിടിച്ചു തള്ളുകയാണ് ചെയ്തത്. വീഴുമ്പോൾ കൈകുത്തിയതുകൊണ്ട് മൂക്കും പല്ലും രക്ഷപ്പെട്ടു.

വീണേടത്തുതന്നെ കിടക്കുന്നു. നല്ല ക്ഷീണമുണ്ടായിരുന്നു. മേലാസകലം വേദനയും. കണ്ണു മുറുക്കിയടച്ചു. കഞ്ചാവിന്റെ മയക്കംപോലെ സുഖകരമായൊരനുഭവം തലച്ചോറിനെ പൊതിയുന്നു. ആ മയക്കത്തിൽ കുഞ്ഞുണ്ണിയുടെ ആത്മകഥ ചെറിയ ചെറിയ സീക്വൻസായി ചലച്ചിത്ര യവനികയിലെന്നപോലെ ഉപബോധമനസ്സിൽ പ്രത്യക്ഷപ്പെടുന്നു.

നിരന്തരമായ ശകാരം സഹിച്ചുകൊണ്ട് വലുതാവുന്നു! കോണകവാലും തൂക്കി വാനരസന്തതിയെപ്പോലെ നടക്കുന്ന കാലത്ത് ഉരുളൻ കല്ലുകൊണ്ട് പ്രാണികളെ ചതച്ചു ചതച്ച് കൊല്ലുകയായിരുന്നു ഏറ്റവും രസമുള്ള ജോലി. പ്രാണദണ്ഡമേറ്റ് അവ പിടയുമ്പോൾ പരമാനന്ദത്തിന്റെ ലഹരി തലയ്ക്കു കയറും.

“എടാ, ദുഷ്ടാ, ദ്രോഹി, മഹാപാപം ചെയ്യല്ലടാ!”

അമ്മ വിളിച്ചു പറയും. കൂട്ടാക്കില്ല. തുരുതുരെ ആക്ഷേപിയ്ക്കും. ശ്രദ്ധിയ്ക്കില്ല. ഒടുവിൽ തലയ്ക്കു രണ്ടു കിഴുക്കു കിട്ടിയാൽ ബുദ്ധി തെളിഞ്ഞ് സംതൃപ്തിയോടെ എഴുന്നേറ്റുപോകും. മറ്റൊരിടത്തു ചെന്നിരുന്ന് ജോലി തുടരും. അപ്പോൾ അവിടെ അച്ഛനെത്തും. കിഴുക്കും.

ഇന്നോളം ആക്ഷേപവും യുദ്ധവും തന്നെ.

സ്കൂളിൽ ഒരു ‘റെബലാ’യിരുന്നു. വെറുതെ രസത്തിനുവേണ്ടി അങ്ങനെ ആയതല്ല. എല്ലാവരുംകൂടി ആക്കിയതാണ്. (ഒരു വാചകം ഓർമ്മയിൽ വെക്കുക: സമൂഹം ആവശ്യത്തിനൊത്ത് മനുഷ്യനെ പാകപ്പെടുത്തുന്നു!)

ശാരി ഒരു പനീനീർപ്പൂവായിരുന്നില്ലേ! അവളെ കണ്ടാൽ ആരാണ് പ്രേമിക്കാത്തത്! പ്രേമിക്കുന്നതൊരു തെറ്റാണെങ്കിൽ ശേഖരൻ മാസ്റ്റർക്കത് പാടുണ്ടോ? എല്ലാ പെൺകുട്ടികളേയും ശേഖരൻ മാസ്റ്റർ പ്രേമിക്കുന്നുണ്ടെന്ന് ആരാണറിയാത്തത്? ചിന്നമണി ടീച്ചർ ദേവരാജൻ മാസ്റ്ററെ എന്തിന് പ്രേമിച്ചു?

പ്രേമിക്കാൻ എല്ലാവർക്കും അവകാശമുണ്ടെന്ന് തീർച്ച! ആ വിശ്വാസത്തോടെ ശാരിയെ കലശലായി പ്രേമിയ്ക്കാൻ ആരംഭിച്ചു. ഇടതുകൈകൊണ്ടു ഒരു പ്രേമലേഖനമെഴുതിത്തയ്യാറാക്കി അവൾക്കു കൊടുത്തു.

ഹോ! എന്തൊരു ഭൂകമ്പം!

വിചാരണ! ശിക്ഷ!

ആർക്കും തല കുനിച്ചില്ല. എല്ലാം കഴിഞ്ഞുനോക്കുമ്പോൾ ശാരി മറുചേരിയിൽ നിൽക്കുന്നു. ഇതെന്ത് പ്രണയം?

-നോൺസൻസ്!

പിന്നെ നൂറു ശതമാനം റെബലായി മാറി!

ഇടതു കൈകൊണ്ടെഴുതാൻ ഭംഗിയായി പരിശീലിച്ചു. ഈ ഭൂമിയിൽ സ്വൈരസമാധാനത്തോടെ ആരും ഇനി പ്രേമിക്കാൻ പാടില്ലെന്നു തീരുമാനിച്ചു. ടീച്ചർമാരെക്കുറിച്ചും സഹപാഠികളെക്കുറിച്ചും നിരന്തരം ഊമക്കത്തുകളെഴുതി. ചുമരെഴുത്തു നടത്തി.

പ്ലേഗ്രൗണ്ടിൽ മതിലിൽ ശേഖരൻ മാസ്റ്ററുടെ ചിത്രം വരച്ച് ചുവട്ടിൽ കമന്റെഴുതി.

ദേവരാജൻ മാസ്റ്ററും ചിന്നമണി ടീച്ചറും മാലയിട്ടു പരിണയിക്കുന്നതിന്റെ ചിത്രം സ്കൂൾ ചുമരിൽ വരച്ചു.

എല്ലാം കണ്ടുപിടിക്കപ്പെട്ടു.

കഠിനശിക്ഷ കിട്ടി.

ഒട്ടും വേദനിച്ചിട്ടില്ല.

അത്ര വലുതായിരുന്നു ശാരിയെച്ചൊല്ലിയുള്ള വേദന. അത് കരളിലൊരു തീപ്പൊള്ളലായി നിന്നു. സദാ നീറിക്കൊണ്ടിരുന്നു.

ഭാരം ചുമന്നു നടക്കുന്നവനെപ്പോലെ വഴിയിൽ ചുമടിറക്കിവെച്ച് വേണ്ടത്ര വിശ്രമിച്ചാണ് വിദ്യാലയത്തിലൂടെ മുന്നോട്ടു നീങ്ങിയത്.

പഠിച്ചു പഠിച്ചു മുന്നേറിയപ്പോൾ ഒരു കരിങ്കൽ ഭിത്തിപോലെ നിൽക്കുന്നു, എസ്.എസ്.എൽ.സി.

ക്രൂരൻ, അതിക്രൂരൻ!!

മൂന്നു തവണ ചാടി.

കുറുക്കൻ മുന്തിരിക്കുലക്ക് പണ്ടു ചാടിയപോലെ. പിന്നെ ചാട്ടം മതിയാക്കി. വിജയകരമായി പിന്മാറി.

ജീവിതത്തിന്റെ രണ്ടാമങ്കം തുടങ്ങുന്നു:

അച്ഛനാക്ഷേപിക്കുന്നു, അമ്മ ആക്ഷേപിക്കുന്നു. നാട്ടുകാരും അവരുടെ ചേരിയിൽ ചേരുന്നു!

ഒറ്റയ്ക്ക് എല്ലാവരോടും എതിർത്തുനിന്നു. അച്ഛനോട്, അമ്മയോട്, സഹോദരീ സഹോദരന്മാരോട്, നാട്ടുകാരോട്.

ശരണം വിളിച്ചുപോയി.

പലായനമാണ് പിന്നെ. ദേശകാലാവസ്ഥകളെ കണക്കിലെടുക്കാത്ത പലായനം.

ഒടുവിൽ ഈ മഹാനഗരം അഭയം നൽകി.

ആഴവും പരപ്പും കൂടിയതാണ് മഹാനഗരമാണ് മനസ്സിലായി. ജോലിയില്ലാത്തെ അനേകായിരങ്ങൾ. വീടില്ലാത്ത അനേകായിരങ്ങൾ കളവും ചതിയും പിടിച്ചുപറിയും തൊഴിലാക്കിയ അനേകായിരങ്ങൾ. മഹാനഗരത്തെ ആകെയൊന്ന് മനസ്സിലാകാൻ ദിവസങ്ങളെടുത്തു. ചേട്ടത്തിയോടടിച്ചെടുത്തുകൊണ്ടുപോന്ന കാശുമാല തൂക്കിവിറ്റ വകയിൽ കയ്യിരുപ്പുണ്ടായിരുന്നത് അപ്പോഴേക്കും കലാശിച്ചു.

ഇടയ്ക്കിടെ ശാരിയുടെ സ്മരണ മനസ്സിൽ ഉണർന്നെഴുന്നേൽക്കും. അപ്പോഴൊക്കെ തീപ്പൊള്ളലിന്റെ നീറ്റം അനുഭവപ്പെടുകയും ചെയ്യും. പിന്നെ എല്ലാറ്റിനോടും വെറുപ്പാണ്.

കയ്യിലുള്ള കാശു തീർന്നപ്പോൾ പട്ടിണി പ്രേമിയ്ക്കാനെത്തി.

ഇവിടെ ജീവിതത്തിന്റെ മൂന്നാമങ്കം തുടങ്ങുന്നു!

ബാങ്ക്റോഡിൽ, എപ്പോഴും തണൽ വിരിച്ചു നിൽക്കുന്ന വടവൃക്ഷത്തിന്റെ കീഴിൽ ബോധോദയവും കാത്തെന്നപോലെ ഇരുന്നു.

ചുകപ്പ് മുണ്ട്, മഞ്ഞ ജൂബ്ബ, വാലുവെച്ച പച്ചത്തലയിൽക്കെട്ട്, കറുത്തു നീണ്ട താടി.

“ഭൂതം, വർത്തമാനം, ഭാവി.”

ഇടക്കിടയ്ക്ക് ഈണത്തിലങ്ങനെ വിളിച്ചുപറഞ്ഞു.

മോഹഭംഗക്കാരും അനുരാഗത്തകർച്ചകാരും തൊഴിലില്ലാത്തവരും കുടുംബകലഹക്കാരും ഭാര്യ പിണങ്ങിയവരും ഭർത്താവുപേക്ഷിച്ചവരും ബിസിനസ്സ് തകർന്നവരും ബന്ധുക്കൾ വെറുത്തവരും ആ വിളി കേൾക്കുന്നു.

“ഭൂതം, വർത്തമാനം, ഭാവി.”

വിളികേട്ടു സംശയിച്ചു നിൽക്കുന്നു. മുമ്പോട്ടു നടക്കുന്നു. ചുറ്റും പരുങ്ങി നോക്കി മുമ്പിലിരിയ്ക്കുന്നു, കൈ നീട്ടുന്നു.

“ജൂപ്പിറ്റർ ഉഗ്രൻ, ലൈഫ് ലൈൻ സ്റ്റൈൽ.”

കണ്ണടച്ചു ധ്യാനിക്കുന്നു, തുടരുന്നു.

“വൈഫ് ലൈൻ വളരെ ഡിമ്മാണ്. എന്നുവെച്ചാൽ ഭാര്യയെ സൂചിപ്പിക്കുന്ന രേഖ നിറം മങ്ങി കിടക്കുന്നു.”

മറുവശത്ത് നെടുവീർപ്പ്. അപ്പോൾ ഉത്സാഹം കൂടുന്നു.

“ഭാര്യ മരിച്ചിട്ടില്ലെങ്കിലും....”

“മരിച്ചപോലെ കണക്കാക്കിയാൽ മതി.”

മറുഭാഗത്ത് ആർത്തനാദം. മറ്റേക്കയ്യും മലർത്തി കാണിയ്ക്കുന്നു.

“കറക്കറ്റ്.”

വിജയഭേരി. തുടർന്ന് രേഖവായന.

“വൈഫ് ലൈൻ നിറം മങ്ങുകയോ ശനിയെ മുറിച്ചുകടക്കുകയോ ചെയ്താൽ...”

സംശയിച്ചു നിർത്തുന്നു. നിശ്ശബ്ദമായി ആലോചിക്കുന്നു. പ്രാർത്ഥിക്കുന്നു. തുടരുന്നു.

“ഭാര്യ മരിച്ചില്ലെങ്കിലും മരിച്ചപോലെ കണക്കാക്കിയാൽ മതി.”

“ശരിയാണ് പറഞ്ഞത്.” മറുഭാഗത്ത് ഗദ്ഗദം. “എന്നെ ഉപേക്ഷിച്ചതാണ്. ഞാനായിട്ടൊന്നും ചെയ്തിട്ടില്ല. വീട്ടിൽ കയറരുതെന്നു പറഞ്ഞു.”

“കറക്റ്റ്.”

പിന്നേയും വിജയഭേരി.

“എനിയ്ക്കിപ്പഴും അങ്ങട്ട് സ്നേഹമാണ്.”

(അതുകൊണ്ടെന്തു പ്രയോജനം ഹൂൾ? ഇങ്ങോട്ടല്ലേ സ്നേഹം വേണ്ടത്!... ശാരിയുടെ കഥയും ഇതുതന്നെ. ദുനിയാവിലുള്ള പെണ്ണുങ്ങളെല്ലാം ഇങ്ങിനെയാണോ).

കണ്ണിൽ തിരുവാതിര ഞാറ്റുവേല. കണ്ഠത്തിലിടർച്ച. മറുവശം തുടർന്ന് ചോദിയ്ക്കുന്നു.

"പിണങ്ങാനെന്താ കാരണം? വല്ലവരും വല്ലതും ചെയ്തോ?"

കേൾക്കാത്ത ഭാവത്തിൽ കണ്ണടച്ചിരുന്നു കണക്കു കൂട്ടി.

"നാലും മൂന്നും ഏഴ്: ഏഴും ഏഴും പതിനാല്"

"അതെ." മറുവശം കണക്കുകൂട്ടി മുഴമിക്കാൻ സമ്മതിച്ചില്ല.

"ഒരു കൊല്ലവും രണ്ടു മാസവുമായി പിണങ്ങീട്ട് "

"പതിനാലു മാസം." പ്രവചനം സിമന്റിട്ടൊന്നുറപ്പിച്ചു.

"ഞങ്ങളിനി ഒന്നിച്ച് ജീവിക്ക്യോ? പഴയപോലെ അവളെന്നെ സ്നേഹിക്ക്യോ?"

ആർത്തനാദം!

അപ്പോൾ ആ നിമിഷം വടവൃക്ഷത്തിറ്റെ തണലിൽവെച്ച് ബോധോധയമുണ്ടാവുന്നു!

വടവൃക്ഷമേ സ്വസ്തി!

"ജീവിയ്ക്കും."

ഒരു സംശയവുമില്ലാതെ പറഞ്ഞു.

പുതിയ തൊഴിൽ! പുതിയ ധനാഗമമാർഗ്ഗം.

അവിടെവെച്ച് അപ്പോൾതന്നെ ഒരു പ്രേമലേഖനം കാച്ചിക്കൊടുത്തു. രണ്ടിനും പ്രതിഫലം റൊക്കം.

ഭാഗ്യത്തിലേക്കു ചവുട്ടിക്കേറാനുള്ള കോണിയുടെ ആദ്യത്തെ പടവ്.

ഹസ്തരേഖാശാസ്ത്രം; പ്രേമലേഖനമെഴുത്ത്, മന്ത്രവാദം, ഊമക്കത്തുണ്ടാക്കൽ, വൈദ്യം എല്ലാം വടവൃക്ഷത്തിന്റെ തണലിൽനിന്ന് രൂപംകൊണ്ടു.

ഊമക്കത്തിലൂടെ സാഹിത്യാഭിരുചി വളർത്തിയെടുത്തു. ആ കാലത്ത് തനിയെ ആരും കേൾകാതെ പറഞ്ഞു.

ശാരീ, ഒരു നാൾ ലക്ഷപ്രഭുവായി ഞാൻ തിരിച്ചു വരും! അന്ന് ഞാൻ നിന്നോട് പകരം ചോദിയ്ക്കും.

ഒരു സുപ്രഭാതത്തിൽ ഉടുപ്പിട്ട രണ്ടു പോലീസുകാർ നടന്നടുക്കുന്നു.

സംഗതി പിശക്!

വീണ്ടും പലായനം.

ആകാശവിമാനത്തെ, കാറ്റിനെ, ശബ്ദത്തെ വേഗതയിൽ വെല്ലുന്ന പലായനം!

— 3 —

# മൂന്ന്

ജീവിതത്തിന്റെ നാലാമങ്കം തുടങ്ങുന്നു.

ചുവപ്പ് മുണ്ടും മഞ്ഞ ജൂബ്ബയും പച്ചത്തലയിൽ കെട്ടും അപ്രത്യക്ഷമായി. ക്ലീൻ ഷേവ്, ക്ലോസ് ക്രോപ്പ്. വെള്ളമുണ്ട്, വെള്ള ജൂബ്ബ, ഡയറി, ധാരാളം മഷികൊള്ളുന്ന ഫൗണ്ടൻപേന.

ചെറുകിട കവിയും, ഗാനരചയിതാവും നാടകകൃത്തും പത്രപ്രവർത്തകനും എല്ലാമായി മഹാനഗരത്തിന്റെ മറ്റൊരു ഭാഗത്ത് ജീവിതമാരംഭിക്കുന്നു.

"കയ്യേറ്റം നിർത്തുമോ? അധികൃതർ ശ്രദ്ധിക്കുമോ?"

മഹാനഗരത്തിലെ ദിനപ്പത്രങ്ങളിൽ അവിടെയുമിവിടെയും ചില ആക്ഷേപങ്ങളങ്ങിനെ പ്രത്യക്ഷപ്പെടുന്നു, കുഞ്ചുണ്ണിയുടെ പേരിൽ.

പോര, ജീവിയ്ക്കാനതൊന്നും പോരാ.

വല്ലതും സ്ഥിരമായ തൊഴിൽ കണ്ടു പിടിക്കണം

അന്വേഷിച്ചു. പല പത്രമാപ്പീസുകളിലും കയറിയിറങ്ങി.

ആർക്കും വേണ്ട. ജീവിക്കണമല്ലൊ. അന്വേഷണം തുടർന്നുകൊണ്ടിരുന്നു. അപ്പോഴാണ് സിംഹഗർജ്ജനത്തിന്റെ ഒരു പ്രതി കയ്യിലെത്തുന്നത്. സ്വാദോടെ വായിച്ചു.

ഡോക്ടർമാരെപ്പറ്റി, രോഗികളെപ്പറ്റി ആക്ഷേപം. കോളേജ് കുമാരികളെപ്പറ്റി അപവാദം. പൂരപ്പാട്ട്.

സബാഷ്!

ഇവനല്ലേ ശിങ്കം? ഈ ഗർജ്ജനമല്ലേ ഗർജ്ജനം!

സിംഹഗർജ്ജനത്തിന്റെ പത്രാധിപരെ തേടി നടക്കലായി പിന്നെ.

ഗന്ധംപോലുമില്ല.

ദിവസങ്ങൾ നീണ്ടുപോകുന്നു. പട്ടിണി പെരുകുന്നു. നടക്കാനുള്ള ശേഷി കുറയുന്നു!

എന്നിട്ടും നടന്നു. 'സിംഹഗർജ്ജന'ത്തിന്റെ പത്രാധിപരായ മഹാശയനെവിടെ? അവധൂതൻ ഈശ്വരനെ തേടും പോലെ, പട്ടിണി കിടന്നും പ്രാഞ്ചിക്കിതച്ചു നടന്നും അന്വേഷിച്ചു.

പ്രധാനവീഥികൾ വിട്ട് ഇടവഴികളിലേക്കും കുറുക്കുനിരത്തുകളിലേക്കും ക്രമേണ അന്വേഷണം തിരിച്ചുവിട്ടു.

ഒരു ദിവസം, പരുന്തുകളും കാക്കകളും വട്ടമിട്ടു പറക്കുന്ന മത്സ്യമാർക്കറ്റിന്റെ പിറകിലെ കുണ്ടുംകുഴിയും നിറഞ്ഞ റോഡിലൂടെ നടക്കുമ്പോൾ ഭാഗ്യോദയംപോലെ ആ ബോർഡ് മുമ്പിൽ തൂങ്ങുന്നു, ഒരു ചായപ്പീടികയുടെ മുകളിൽ!

"സിംഹഗർജ്ജനം—പ്രഭാത ദിനപ്പത്രം"

സന്തോഷമായി. മുകളിലേക്കു കയറാനുള്ള മാർഗ്ഗമന്വേഷിച്ച് പീടികയുടെ പിറകുവശത്താവും കോണിയെന്നു സങ്കല്പിച്ച് നടന്നു. കപ്പത്തൊട്ടിയുടെ ചീഞ്ഞളിഞ്ഞ നാറ്റം സഹിച്ചുകൊണ്ടതിനെ വലംവെച്ചു. അല്പംകൂടി നടന്നപ്പോൾ ഇടതൂർന്ന് നിൽക്കുന്ന മൈലാഞ്ചിക്കാട്. അത് നൂണ്ടു കടന്നപ്പുറമെത്തിയപ്പോൾ സങ്കല്പം പിഴച്ചില്ലെന്നു മനസ്സിലായി.

കോണി കണ്ടു. വളരെ പഴയതാണ്. പല്ലുപോയ വായപോലെ നിൽക്കുന്നു. പടവുകൾ മുക്കാലും ദ്രവിച്ചു വീണുപോയിരിക്കുന്നു. ആ കോണിയിലൂടെ കയറി മുകളിലെത്തുകയെന്ന കാര്യം മനുഷ്യസാധ്യമല്ല.

കടുത്ത നിരാശ! നീണ്ട നാളുകളിലൂടെയുള്ള അന്വേഷണം പാഴായിപ്പോയല്ലോ എന്ന വിചാരം. പത്രാധിപർ മുകളിലുണ്ടെങ്കിൽ ഒന്നു വിളിച്ചുവരുത്തി കണ്ടുകളയാമെന്ന വിചാരത്തോടെ കോണിയുടെ അടുത്തേക്കു നീങ്ങി.

അപ്പോഴാണ് വലിയൊരു സത്യം കണ്ടെത്തുന്നത്. കോണിയ്ക്കു സമാന്തരമായി ഒരു കയർ തൂങ്ങിക്കിടക്കുന്നു. പിടിച്ചുഭ്യാസം കാണിച്ച് മേലോട്ട് കയറാനാവും. ബലമുണ്ടോ എന്നറിയാൻ കയറു പിടിച്ചൊന്ന് വലിച്ചു നോക്കി. അപ്പോൾ അതിന്റെ മറ്റേ അറ്റത്തുനിന്നൊരു മണി കിലുങ്ങി. അർത്ഥം മനസ്സിലായില്ല. ബലമുണ്ട് തീർച്ച.

പിടിച്ചു പതുക്കെ മേലോട്ടുള്ള പ്രയാണമാരംഭിച്ചു.

കയറിന്റെ ചലനത്തിനനുസരിച്ച് മണി കിലുങ്ങിക്കൊണ്ടിരിക്കുന്നു!

"ആരെടാ വലിഞ്ഞു കയറുന്നത്?"

സിംഹഗർജ്ജനം തന്നെ. തലപൊക്കി നോക്കി ഗർജ്ജനത്തിനു പിറകെ ചെല്ലിച്ച് നീണ്ടൊരു മനുഷ്യൻ പ്രത്യക്ഷപ്പെടുന്നു. കയ്യിൽ നിവർത്തിപ്പിടിച്ചൊരു കത്തിയുണ്ട്. വെയിൽനാളംപോലെ തിളങ്ങുന്ന അതിന്റെ അലക് കയറിൽ ചേർത്തുവെച്ച് ആ മനുഷ്യൻ പിന്നെയും ഗർജ്ജിച്ചു.

"ഉം! ഇറങ്ങിപ്പോകാൻ. ഇല്ലെങ്കിൽ ഈ കയററുത്തുകളയും"

വലഞ്ഞല്ലോ ഭഗവാനേ!

“എനിക്കു പത്രാധിപരെയൊന്നു കാണണം”

“വേണ്ട”

“ഞാനൊരു പാവമാണ്.”

“നല്ലത്! പോടാ.”

“അങ്ങോട്ടു കയറി വന്നിട്ട് വേണമെങ്കിൽ എന്റെ കഴുത്ത് കണ്ടിച്ചോളൂ. എനിക്കിങ്ങനെ അധികനേരം തൂങ്ങിനിൽക്കാൻ വയ്യ.” മറുപടി പറയാനിടകൊടുക്കാതെ കുതിച്ചു മേലോട്ട് കയറാൻ തുടങ്ങി.

കയററ്റു വീണില്ല. ആപത്തൊന്നും സംഭവിച്ചില്ല. ചായപ്പീടികയിലെ പുകപിടിച്ച്, കരിമ്പടത്തിന്റെ നിറംപൂണ്ട ചുമരുകൾ. മണ്ണും പൊടിയും നിറഞ്ഞനിലം.

അവിടവിടെ കടലാസ്സ് കൂമ്പാരം. ഇരിപ്പിടമെന്ന നിലയിൽ ഒരു പീഞ്ഞപ്പെട്ടി മാത്രം. ഗർജ്ജനത്തിന്റെ ഉടമസ്ഥൻ ആ പീഞ്ഞപെട്ടിയിലിരിക്കുന്നു. നിവർത്തിയ കത്തി കയ്യിൽത്തന്നെയുണ്ട്.

“പത്രാധിപരാണോ?”

മറുപടിയില്ല. തടിച്ച ചില്ലുള്ള കണ്ണടക്കടിയിൽ നിന്നു തുറിച്ചു നോക്കുന്ന കണ്ണിനു വാത്തുമുട്ടയുടെ വലുപ്പമുണ്ടെന്നു തോന്നി. വീതി കൂടിയ നെറ്റിയും, സുമേരിയൻ താടിയെല്ലം, കുത്തനെ നിൽക്കുന്ന നരച്ച തലമുടിയും. ആകപ്പാടെ അസാധാരണത്വം ദ്യോതിപ്പിക്കുന്നൊരു മനുഷ്യൻ. എന്താണിങ്ങിനെ മിഴിച്ചു നോക്കുന്നത്? ചോദ്യത്തിനുത്തരം പറഞ്ഞില്ലല്ലോ. പറയാതെ ഇനിയുമെങ്ങിനെ വല്ലതും ചോദിക്കും?

അസഹനീയമായ നിശ്ശബ്ദത!

എത്രനേരമിങ്ങിനെ നിൽക്കും! വല്ലതും ചോദിച്ചാലോ? ആ കത്തി കാണുമ്പോൾ ശരീരമാകെ രോമം എണീറ്റ് നിൽക്കുന്നു. അല്പമെന്തെങ്കിലുമൊന്ന് പിഴച്ചാൽ കത്തികൊണ്ടുള്ള മരണമോ കീഴോട്ടു ചാടി ഊര തകർക്കലോ വേണ്ടിവരും. രക്ഷപ്പെടാനുള്ള മാർഗ്ഗമില്ല. പരുങ്ങി നിന്നു.

“എന്താ വേണ്ടത്?”

ഗർജ്ജനം.

“ഞാനൊരു പത്രപ്രവർത്തകനാണ്.”

ഒറ്റവീർപ്പിൽ ഒരുപാടു കാര്യങ്ങൾ പറയാൻ തുടങ്ങി.

“സിംഹഗർജ്ജനം വായിച്ച് ഞാൻ തളർന്നുപോയി. അച്ഛനാണേ, എന്നെ ഇത്രയും ആകർഷിച്ചൊരു പത്രമില്ല. ഇന്നാട്ടിലെ സ്ത്രീകളും പുരുഷന്മാരും ഉദ്യോഗസ്ഥന്മാരും ഗവർമ്മേണ്ടും ഇതുകൊണ്ടു നന്നായില്ലെങ്കിൽ അവർ പോയി ആത്മഹത്യ ചെയ്യേണ്ടിവരും തീർച്ച. സിംഹഗർജ്ജനത്തിന്റെ ഗുണങ്ങൾ വർണ്ണിക്കാനെനിക്കു വാക്കുകളില്ല. അസ്സലാണ്, ഒന്നാന്തരമാണ് പരമസുന്ദരമാണ്, വീരേതിഹാസ”...

“നിർത്ത്”

ഗർജ്ജനം! തുടർന്ന് സിംഹഗർജ്ജനത്തിന്റെ നാലഞ്ച് ലക്കങ്ങളെടുത്ത് മുഖത്തേക്കു വലിച്ചെറിഞ്ഞു തരുന്നു.

ആർത്തിയോടെ വായിച്ചു.

പെണ്ണുങ്ങൾക്കപവാദം.

ആണുങ്ങൾക്കപവാദം!

ഗവർമ്മേണ്ടിനു ശകാരം!

പൊതുജനങ്ങൾക്കു ശകാരം!

പുലഭ്യം.

പൂരപ്പാട്ട്!!

വായിക്കുംതോറും വായിൽ വെള്ളമൂറി! നിലത്തെ വൃത്തികേടും പൊടിയും കണക്കാക്കാതെ, ചെല്ലിച്ച നീണ്ട ആ മനുഷ്യന്റെ മുമ്പിൽ സാഷ്ടാംഗം നമസ്കരിച്ചു.

“മഹാത്മാവേ അങ്ങാണെന്റെ ആചാര്യൻ”

“വത്സാ, എഴുന്നേൽക്കു! മംഗളം ഭവിക്കട്ടെ.”

“മീനായതും കൂർമ്മമതായതും നീ, നൂനം വരാഹാകൃതി പൂണ്ടതും നീ!”

“ആശ്വസിക്കു വത്സാ”

“ഞാനൊരു പാവമാണാചാര്യാ! ആർക്കും ഒരുപദ്രവം ചെയ്യാതെ നടക്കുന്നവൻ! ആക്ഷേപത്തിലൂടെ, ശകാരത്തിലൂടെ ഈ നാടു നന്നാക്കാമെന്നു വിചാരിച്ച് വീടും കുടുംബവുമുപേക്ഷിച്ച് നാടു തെണ്ടാനിറങ്ങിയവൻ. അങ്ങെന്നെ ശിഷ്യനായി സ്വീകരിച്ചനുഗ്രഹിക്കണം”

ഡയറിയിൽനിന്ന് ആക്ഷേപത്തിന്റെയും ശകാരത്തിന്റെയും നാലഞ്ച് മോഡലുകളെടുത്ത് ഗുരുദക്ഷിണനടത്തി.

തടിച്ച ചില്ലുകളുള്ള കണ്ണടയുണ്ടായിട്ടും കടലാസ്സിൽ മൂക്കു മുട്ടിച്ചാണ് വായന. വായിക്കുംതോറും ആചാര്യന്റെ മുഖത്ത് സംതൃപ്തി കൂടിക്കൂടി വരുന്നു.

“വത്സാ, നീ തന്നെ നമ്മുടെ ശിഷ്യൻ!”

രണ്ടുപേരും ഗാഢാശ്ലേഷത്തിൽ അലിഞ്ഞുചേർന്നു. ചായപ്പീടികയിൽ പപ്പടവട പൊരിക്കുന്നതിന്റെ രൂക്ഷഗന്ധം ആസ്വദിച്ചുകൊണ്ട് രണ്ടുപേരും വളരെനേരം കെട്ടിപ്പിടിച്ചു നിന്നു.

ജീവിതത്തിനുള്ള മാർഗ്ഗം കണ്ടെത്തി.

ഗുരു പത്രപ്രവർത്തനരഹസ്യം ഉപദേശിച്ചു കൊടുത്തു.

“വളരെ കരുതലോടെ പെരുമാറണം. ആൾമാറാട്ടം ശീലിക്കണം. പത്രം പുറത്തിറങ്ങിയാൽ അതിന്റെ പ്രതികരണമെന്തെന്നറിയുന്നതുവരെ എവിടെയെങ്കിലുമൊളിച്ചു കൂടണം. കോണിയുടെ രഹസ്യം മനസ്സിലായില്ലേ? പടവുകളത്രയും ഞാൻ

പിഴുതുകളഞ്ഞതാണ്. കയറിന്നറ്റത്തുള്ള മണിയുടെ സൂത്രം മനസ്സിലായില്ലേ? ഈ കത്തിയുടെ ഉപയോഗം മനസ്സിലായില്ലേ? ഇനി ഒന്നുകൂടിയുണ്ട്."

ഗുരു ജാലകത്തിനടുത്തേക്കു നീങ്ങി. ഒപ്പം ചെന്നു.

'സിംഹഗർജ്ജനം പ്രഭാത ദിനപത്രം'മെന്നെഴുതിയ ബോർഡിന്റെ പിറകുവശം ചൂണ്ടിക്കാട്ടി. അവിടെ എഴുതിവെച്ചതു വായിച്ചു.

"കാസശ്വാസം, കുഷ്ഠം, അർശസ്സ്, പ്രമേഹമെന്നീ മാറാവ്യാധികൾക്കു ഫലപ്രദമായ ചികിത്സ"

ആചാര്യൻ ചിരിച്ചു.

"കാലത്തഞ്ചരമണിക്കു സിംഹഗർജ്ജനം പുറത്തിറങ്ങും. ഉടനെ ബോർഡ് തിരിച്ചുവെക്കും. ഉച്ച തിരിയുന്നവരെ പിന്നെ ആരു വന്നുനോക്കിയാലും ഇത് ചികിത്സാലയമാണ്. വല്ല കുഴപ്പവുമുണ്ടെങ്കിൽ ഉച്ചയ്ക്കുമുമ്പറിയാം. ഇല്ലെന്നു മനസ്സിലായാൽ ഉച്ചതിരിഞ്ഞ് ബോർഡ് തിരിച്ചുതൂക്കും.

"സിംഹഗർജ്ജനം—പ്രഭാത ദിനപ്പത്രം."

ആചാര്യനുമായി കരാറിലേർപ്പെട്ടു.

മഹാനഗരത്തിലെ ഗസ്റ്റപ്പോ! സ്ഥിരമായൊരു വരുമാനമുണ്ടാവുമെന്നു തീർച്ചയായപ്പോൾ ജീവിതത്തിന് തിളക്കം കൂടി.

കാണിച്ചുകൊടുക്കാം!

മഹാനഗരത്തെ വിറപ്പിച്ചു കളയാം.

ശാരീ, ഞാൻ മരിച്ചിട്ടില്ല. മരിക്കുകയുമില്ല. എന്റെ തിരിച്ചുവരവുണ്ടാവും. സൂക്ഷിച്ചോ!...

ബൂട്ട്സിട്ട കാലുകൾ സിമന്റുതറയിൽക്കൂടി അമർത്തിവിട്ടി നടക്കുന്ന ശബ്ദം കേട്ട് കുഞ്ചുണ്ണി ഞെട്ടി. മയക്കത്തിൽ നിന്നുണർന്നു. ലോക്കപ്പ് മുറി നിറച്ചുവെളിച്ചം വീണു കിടക്കുന്നു. ഇരുമ്പഴി വാതിലുകൾക്കപ്പുറം വരാന്തയിൽ ഒരു പെട്രോമാക്സ് കത്തിച്ചു വെച്ചിരിക്കുന്നു.

പോലീസ് ലോക്കപ്പിൽ പെടുന്നത് നടാടെയാണ്. അതിന്റെ ഭൂമിശാസ്ത്രമൊന്നും നിശ്ചയമില്ല. എഴുന്നേറ്റിരുന്ന് ചുറ്റുപുറവും കണ്ണോടിച്ചു. നല്ല വൃത്തിയുള്ള ഉയർന്ന ചുമരുകൾ. സിമന്റു തേച്ചു മിനുസമാക്കിയ വിശാലമായ മുറി. 'അശ്വഹൃദയ'വുമായി തട്ടിച്ചു നോക്കുമ്പോൾ കുഞ്ചുണ്ണിയുടെ നാക്കിൽ കവിത നൃത്തംവെച്ചു.

"നീ താജ്മഹലല്ലോ സുന്ദരി.'

കുഞ്ചുണ്ണി ലോക്കപ്പ് മുറിയെ കലശലായി സ്നേഹിച്ചു. അനുരാഗം വന്നപോലെ.

"അടുക്കളയും കിടപ്പുമുറിയും സ്വീകരണമുറിയും എല്ലാം ഒരേയൊരു കേന്ദ്രബിന്ദുവിലൊതുക്കി നിർത്തുന്ന അശ്വഹൃദയമേ, നീ നരകമാകുന്നു."

അവിടെ കിടന്ന് നരകിക്കുന്ന കൂട്ടുകാരെച്ചൊല്ലി കുഞ്ചുണ്ണി അതികഠിനമായി ദുഃഖിച്ചു.

“കണ്ണൻകുട്ടി മേന്നേ, അശ്വഹൃദയത്തിലെ അന്തേവാസികളായ നാം മനുഷ്യരല്ല. അവിടെ, ആ വൃത്തികേടിൽ, ദുർഗ്ഗന്ധത്തിൽ കനത്ത വാടകയും കൊടുത്തു താമസിക്കുന്ന നാം പുഴക്കളാണ്. ഞാനീ ലോക്കപ്പ് മുറിയിൽ മനുഷ്യനെപ്പോലെ നീണ്ടു നിവർന്ന് കിടന്ന് സുഖമായൊന്നുറങ്ങി.

സഹോദരന്മാരേ, ഇവിടെ കടന്നു കൂടാൻ കഴിഞ്ഞാൽ പാർപ്പിടക്ഷാമം പിന്നെയൊരു പ്രശ്നമല്ല. കടന്നു കൂടാൻ കുറഞ്ഞൊരു വിഷമമുണ്ടെന്ന് സമ്മതിക്കുന്നു. ഒരടി, ഒരിടി, പിന്നെ കഴുത്തിൽ പിടിച്ചൊരു തള്ള്. ഇത്രയും സഹിക്കേണ്ടിവരും. സഹിച്ചാലോ? പിന്നെ, അദ്വൈതം, ശിവം, ശാന്തം!! ഏക ചാരുകസേരയ്ക്കുള്ള വഴക്കാവശ്യമില്ല. ആറോ എട്ടോ കിടയ്ക്കകൾ നിവർത്തി വിരിയ്ക്കാം, അതും വിട്ടുവിട്ട്. നിങ്ങളെല്ലാവരോടും കൂടിയാണ് ഞാൻ പറയുന്നത് ഒരു ന്യൂയിസൻസ് കേസ്സെങ്കിലുമുണ്ടാക്കി ഒന്നിവിടെ കടന്നു കൂടാൻ ശ്രമിയ്ക്കൂ! ഒരു രാത്രിയങ്കിലും മനുഷ്യരെപ്പോലെകഴിയ്ക്കാം.”

ഇരുമ്പുവാതിൽ തുറക്കുന്ന ശബ്ദം.

ആരായിരിയ്ക്കും, എന്തിനായിരിയ്ക്കും?

അറസ്റ്റ് ചെയ്ത് ലോക്കപ്പിൽ തള്ളിയവരെ രാത്രിയുടെ നിശ്ശബ്ദയാമങ്ങളിൽ മർദ്ദിയ്ക്കുമെന്ന് കേട്ടിട്ടുണ്ട്. മർദ്ദിയ്ക്കാനായിരിയ്ക്കുമോ? എന്തുകൊണ്ടായിക്കൂടാ?

കുഞ്ചുണ്ണി കാലുകൾ മടക്കി, മുട്ടുകൾക്കിടയിൽ തല തിരുകി ഒട്ടകപ്പക്ഷിയെപ്പോലെ കുനിഞ്ഞിരുന്നു. മർദ്ദിയ്ക്കുമ്പോൾ കണ്ണും മൂക്കും പല്ലുമൊന്ന് രക്ഷിച്ചെടുക്കണം. ഒഴിഞ്ഞു കിടക്കുന്ന പുറത്ത് തല്ലുകയോ ചവുട്ടുകയോ എന്തു വേണമെങ്കിൽ ചെയ്യട്ടെ.

കാൽപെരുമാറ്റം അടുത്തുവരുന്നു. ഹൃദയം കഠിനമായി മിടിയ്ക്കുന്നു.

“നമസ്കാരം!”

ദുഷ്ടൻ! നമസ്കാരം പറഞ്ഞിട്ടാവും മർദ്ദനം. തലപൊക്കില്ല. മിണ്ടില്ല.

“എന്താ തലവേദനയുണ്ടോ?”

ഉണ്ടെന്നു പറഞ്ഞിട്ടുവേണം തലയ്ക്കു തന്നെ ചാമ്പാൻ.

“എന്നെ അറിയില്ലേ?”

സ്വന്തം അളിയനാണ്! കേൾക്കണ്ട.

“വല്ലതും കഴിയ്ക്കണോ?” എന്തൊരു സ്നേഹപ്രകടനം!

“ഇനിയിന്നു ഊണൊന്നും കിട്ടില്ല. നേരം താമസിച്ചുപോയി. ചായ വേണമെങ്കിൽ വരുത്തിയ്ക്കാം.”

ചായ കുടിയ്ക്കാൻ തല പൊക്കുമ്പോൾ കണ്ണിന്റെ റാന്തൽ പൊളിയ്ക്കണമല്ലേ? ദുഷ്ടൻ! ചായയല്ല അമൃത് തന്നെ തന്നാലും തലപൊക്കില്ല. വേണമെങ്കിൽ പുറത്തു കുറെ തല്ലീട്ടു പോ.

“സാറെന്നോട്ട് വിരോധം ഭാവിയ്ക്കരുത്. സേർച്ച് പാർട്ടിയിൽ ഞാനുണ്ടെങ്കിൽ ഇങ്ങനെയൊന്നും വരില്ലായിരുന്നു.”

സത്രത്തിന്റെ മുറ്റത്തുവെച്ച തന്നെ കൊല്ലമായിരുന്ന ഇല്ലേ?

"ഏതായാലും ഇങ്ങിനെയൊക്കെ വന്നില്ലേ? ഞാനൊരുപായം പറയാം. സാറൊന്ന തലപൊക്കിയാട്ടെ."

അത്രത്തോളമായപ്പോൾ വിശ്വാസം തോന്നി മർദ്ദിക്കാനാവില്ല. തലപൊക്കി നോക്കി. ചിരിക്കുന്നു.

"ഇതൊക്കെ പരുഷന്മാർക്കു വെച്ചതാണ് സാറേ".

"ഏതൊക്കെ?"

"സാറ് കളിവിട്ട്. ഇത്തിരി സൊബാവദൂഷ്യമൊക്കെ ആണായാൽ വേണം."

കുഞ്ചുണ്ണിയുടെ ഉള്ളിൽനിന്ന് ഒരു കൊടുങ്കാറ്റ് വേലിപൊളിച്ച പുറത്തുചാടി. വ്യഭിചാരക്കുറ്റം ചുമത്തിയാണില്ലേ പിടികൂടിയത്.

"വാസു മുതലാളിയെ അറിയില്ലേ?" ശത്രുവിനെപ്പറ്റി ചോദിക്കുന്നു.

"അറിയും."

"നല്ല മനുഷ്യനാണ്."

ഇതവന്റെ വേലയാണോ?

"കടലാസ്സും പെന്നുമിതാ. മുതലാളിക്ക് ഒരു കത്തെഴുതി തന്നാൽ ഇന്ന രാത്രി തന്നെ ഞാനെത്തിച്ചുകൊടുക്കാം."

"എന്തിന്ന്?"

"വന്ന ജാമ്യത്തിലെടുക്കാൻ പറഞ്ഞാൽ ആരുമറിയാതെ കാലത്തെ പുറത്തു കടക്കാം. അദ്ദേഹം സഹായിക്കും തീർച്ച. നല്ല മനുഷ്യനാണ്."

മിണ്ടിയില്ല. കാര്യം തികച്ചും വ്യക്തമായി. വാസുമുതലാളി വീശിയ വലയിലാണ് വീണത്. ശരി. കണ്ടോളും.

"എന്താ മിണ്ടാത്തത്?"

"ഒന്നൂല്ല."

ശബ്ദത്തിൽ അമർഷമുണ്ടായിരുന്നു. വാസുമുതലാളിയുടെ നഖചിത്രം പല തവണ സിംഹഗർജ്ജനത്തിൽ വരച്ച കാട്ടീട്ടുണ്ട്. ഇതാ, നമ്പർ വൺ ശത്രുവെന്ന് പൊതുജനങ്ങൾക്ക് ചൂണ്ടിക്കൊടുത്തിട്ടുണ്ട്.

മുതലാളി ആദ്യം ഭീഷണിയുംകൊണ്ട് പുറപ്പെട്ട് റൗഡികളെക്കൊണ്ട് തല്ലിക്കും. കഴുത്തു ഞെക്കി കൊന്ന് കടലിലെറിയും. അങ്ങിനെ പലതും. ഭീഷണി ഭീരുക്കളുടെ ലക്ഷണമാണെന്ന മനസ്സിലാക്കി. ഒരു പുഞ്ചിരിയോടെ പറഞ്ഞു:

"അതു കയ്യിലിരിക്കട്ടെ മുതലാളി".

പിന്നേയും രൂക്ഷമായെതിർത്തു. കൂടുതൽ കുടുപ്പമുള്ള വാക്കുകളും വാചകങ്ങളു മെടുത്തു പ്രയോഗിച്ചു. അപവാദത്തിന്റെ മണം പുരട്ടി. അപ്പോൾ മുതലാളി പ്രലോഭനവുംകൊണ്ടു പുറപ്പെട്ടു.

"ഗോഡൗൺ മനേജരാക്കാം."

“പുല്ല്.”

പിന്നെ നോട്ടുകെട്ടുമായി ദൂതൻ വന്നു. വാങ്ങി എണ്ണി നോക്കി. മനസ്സിൽ പിടിച്ചില്ല.

“സമയമായില്ലെന്നു പറയൂ.”

പണ്ട് വാസവദത്തയുടെ തോഴിയോട് ഉപഗുപ്തൻ പറഞ്ഞ അതേ മറുപടി. ഒരു കമ്പുകൂടി കയറിയാൽ നിലവാരം വർദ്ധിക്കും തീർച്ച.

പക്ഷെ, സംഗതി മറ്റൊരു വഴിയ്ക്കു തിരിഞ്ഞിരിക്കുന്നു. പാമ്പിന്റെ പകയാണ് മുതലാളിയ്ക്ക്.

“വാസു മുതലാളി വിചാരിച്ചാൽ ഇന്നു രാത്രിതന്നെ ലോക്കപ്പിൽനിന്നു കടക്കാം. ഇല്ലെങ്കിൽ സ്ഥിതിയാകെ വഷളാവും.”

“എങ്ങിനെ?”

“രാവിലെ മജിസ്ട്രേട്ടിന്റെ മുമ്പിൽ ഹാജരാകും. കൂടെ ഇക്കണ്ട തെരുവുപെണ്ണുങ്ങളത്രയുമുണ്ടാവും. കത്തെഴുതിത്തരുന്നതാണ് നല്ലത് .”

“ഇല്ല. കത്തെഴുതുന്നില്ല. നാളെ മജിസ്ട്രേട്ടിന്റെ മുമ്പിൽ പോയ്ക്കൊള്ളാം.”

വാസു മുതലാളിയോടുള്ള അമർഷം മുഴുവനും ശബ്ദത്തിൽ പ്രതിഫലിച്ചിരുന്നു.

കാൽപെരുമാറ്റം അകന്നകന്നു പോകുന്നു.

നാളെയല്ലെങ്കിൽ മറ്റന്നാൾ പുറത്തു കടക്കും തീർച്ചയാണ്. വ്യഭിചാരനിരോധക്കുറ്റം ചുമത്തിയവരെ ഇന്നോളം ആരേയും തൂക്കീട്ടില്ല.

“കണ്ടോളാം മുതലാളീ, വഴിപോലെ കണ്ടോളാം.”

പല്ല് കടിച്ചുകൊണ്ട് കുഞ്ചുണ്ണി പിറുപിറുത്തു തെരുവുസുന്ദരികളോടൊപ്പം പ്രതിക്കൂട്ടിൽ നിൽക്കേണ്ട കാര്യമോർത്തപ്പോൾ കുഞ്ചുണ്ണി ആകെ തളർന്നു. വല്ലാതെ ഒരിടത്തു കിടന്നു.

വാതിലടയുന്ന ശബ്ദം.

ലോക്കപ്പിന്റെ വാതിൽ മാത്രമല്ല, എല്ലാ വാതിലുകളും അടയുംപോലെ തോന്നി. രക്ഷപ്പെടാൻ പഴുതില്ലാത്തവിധം.

ലോക്കപ്പു മുറിയുടെ നാലുചുമരുകളും ചുരുങ്ങി ചുരുങ്ങി തന്നിലേക്കടുക്കുന്നു. ക്രമേണ അതൊരു വലിയ ശവപ്പെട്ടിയുടെ ആകൃതി കൈക്കൊള്ളുന്നു. പതുക്കെ പതുക്കെ ഭൂമിയുടെ അടിത്തട്ടിലേക്കു താഴുന്നു.

അശ്വഹൃദയമേ വിട! കൂട്ടുകാരേ വിട!

— 4 —

# നാല്

ഏഴര വെളുപ്പിന്ന് പൂവൻകോഴികളൊടൊപ്പം കുഞ്ചുണ്ണിയും ഉണർന്നു കൂകുന്നു. എന്നുവെച്ചാൽ കോട്ടു വായിടുന്നു. അതു കേട്ട് അശ്വഹൃദയത്തിലെ പൗരന്മാർ ഞെട്ടിത്തെറിയ്ക്കുന്നു. ജഗദീശ്വരയ്യരുടെ പൊണ്ടാട്ടി കൊളന്തകളെ നുള്ളിയുണർത്തി കർമ്മരംഗത്തിറക്കുന്നു. കുഞ്ചുണ്ണി ഒന്നുമറിയാത്തപോലെ, ഒന്നും സംഭവിക്കാത്തപോലെ മറുവശം ചരിഞ്ഞുകിടന്ന് കൂർക്കംവലിച്ച് പിന്നെയും നിർവ്വികല്പസമാധിയിൽ ലയിയ്ക്കുന്നു. എന്നും അങ്ങിനെയാണ് പതിവ്.

ആ പതിവ് ലോക്കപ്പിൽവെച്ചും ആവർത്തിച്ചു.

"ഷട്ടപ്പ്".

സെൻട്രി നിൽക്കുന്ന പോലീസുകാരന്റെ അട്ടഹാസംകേട്ട് കുഞ്ചുണ്ണിക്ക് സ്ഥലകാലബോധമുണ്ടായി. പിന്നെ ഉറക്കം വന്നില്ല. ഉറക്കംവരാതെ കിടക്കുമ്പോൾ കുമ്പളപ്പൂ വിടരുംപോലെ കമ്പിനു കമ്പിന് കോട്ടുവാ വിടരാൻ തുടങ്ങി. സെൻട്രി നില്ക്കുന്ന പഹയനെ പേടിച്ച് എല്ലാം മൂകാഭിനയമാക്കേണ്ടിവന്നു, 'എം.ജി.എമ്മി'ന്റെ ശിങ്കത്തെപ്പോലെ.

കാക്ക കരഞ്ഞപ്പോൾ കണ്ണു തുറന്ന് ചുറ്റും നോക്കി. ഇരുമ്പഴിയ്ക്കിടയിലൂടെ പ്രപഞ്ചത്തിന്റെ ഒരു ശകലം പ്രത്യക്ഷപ്പെടുന്നു. മുമ്പിൽ കെട്ടിടങ്ങൾ, അതിനു പിറകിൽ മരക്കൂട്ടം, രണ്ടിന്റേയും പശ്ചാത്തലത്തിൽ ഇളംതുടുപ്പോലുന്ന ആകാശം. ചിത്രം വരച്ചുവെച്ചപോലെ. ശബ്ദമില്ല. ചലനമില്ല.

പ്രപഞ്ചമേ, നീ വിശ്രമിക്കുകയാണോ? ആണെന്നു തീർത്തുപറയാൻ വയ്യ. നിനക്ക് രണ്ടു വശമുണ്ട്. ഇവിടെ ഇരുട്ടാണെങ്കിൽ മറ്റെവിടെയോ വെളിച്ചം. മറ്റെവിടെയോ കൊടും തണുപ്പാണെങ്കിൽ ഇവിടെ അത്യുഷ്ണം. ഒരിടത്ത് ജനനം, മറ്റൊരിടത്ത് മരണം. നിന്നിൽ എല്ലാമുണ്ട്. നീ എല്ലാമാണ്.

അനേകലക്ഷം പാവകൾക്കും മൃഗങ്ങൾക്കും ഇഴജന്തുക്കൾക്കും മനുഷ്യർക്കും അഭയം നല്കുന്ന നിന്റെ മടിത്തട്ടിൽ സ്വസ്വാതന്ത്ര്യം നഷ്ടപ്പെട്ട് കരയുന്നവനും ദുഃ

സ്വാതന്ത്ര്യം അനുഭവിച്ച് അഹങ്കരിക്കുന്നവനുമുണ്ട്. പണക്കാരനും പട്ടിണിപ്പാവവുമുണ്ട്.

ആദ്യത്തെ മോട്ടോർ വാഹനം ഇരമ്പിത്തകർത്ത് കടന്നുപോകുന്ന ശബ്ദം.

ചലനം ആരംഭിക്കുകയാണ്.

കിഴക്കൻകാറ്റ് മരത്തലപ്പുകളിൽ വന്നിരുന്ന് തലമുടി ചീകാൻ തുടങ്ങി.

അതെ, സാർവ്വത്രികമായ ചലനത്തിന്റെ ആരംഭം.

കിലുക്കാംപെട്ടിയുംകൊണ്ട് കിളികളെത്തി. എങ്ങോ പശുക്കുട്ടി കരയുന്നു. തള്ളപ്പശുവിന്റെ മുറവിളി കേൾക്കുന്നു.

കുഞ്ചുണ്ണി അസ്വാതന്ത്ര്യത്തിന്റെ ദുഃഖഭാരം ചുമന്ന് തളർന്നുകിടക്കുന്നു.

ശാരി ഇതൊരിയ്ക്കലും ഒരിയ്ക്കലും അറിയാതിരിയ്ക്കട്ടെ.

പ്രഭാതം വന്നപ്പോൾ അശ്വഹൃദയത്തിലും ജീവന്റെ ചലനം പ്രത്യക്ഷപ്പെട്ടു.

കണ്ണൻകുട്ടിമേനോൻ ഉച്ചത്തിൽ നാമം ജപിച്ചുകൊണ്ട് വലതുവശം തിരിഞ്ഞെഴുന്നേറ്റ്, കിടക്ക മടക്കാൻ തുടങ്ങി. പീറ്റർ കിടന്ന കിടപ്പിൽ ഒരു ബീഡി കൊളുത്തി. കൃഷ്ണൻകുട്ടി തലയിണയിൽ മുഖമുയർത്തി പാടി.

"മഞ്ഞലയിൽ മുങ്ങിത്തോർത്തി
മധുമാസ ചന്ദ്രിക വന്നു.
നിന്നെമാത്രം കണ്ടില്ലല്ലോ
നീ മാത്രം വന്നില്ലല്ലൊ
പ്രേമകുഞ്ചുണ്ണീ…കുഞ്ചുണ്ണീ!"

പാട്ടു കേട്ട് മുകുന്ദൻ ചാടിയെഴുന്നേറ്റ് തിരക്കുകൂട്ടി. എട്ടുമണിക്കു നെയ്ത്തുകമ്പനിയിലെത്തേണ്ട മുകുന്ദൻ ആരെങ്കിലും ഭേദ്യം ചെയ്യല്ലാതെ ഉണരില്ല. ഉണർന്നാൽ പിന്നെ ബഹളമാണ്. മുകുന്ദന്റെ ബദ്ധപ്പാടിൽ ആക്സിഡന്റു പറ്റാതെ കഴിക്കാൻ എല്ലാവരും കരുതലോടെ നിൽക്കും.

കിടക്ക മടക്കിവെച്ച് ഏക ചാരുകസേര നിവർത്തിയിട്ട് കണ്ണൻകുട്ടിമേനോൻ അതിൽ കയറിയിരുന്ന് എല്ലാവരോടുമായി ചോദിച്ചു: "പത്രം വന്നില്ലേ?"

എങ്ങും സിംഹഗർജ്ജനം. വാതിലിന്റെ വിടവിലൂടെ അകത്തു വന്നു വീഴും. എപ്പോഴെന്നറിയില്ല. എങ്ങനെയെന്നുമറിയില്ല. ആദ്യത്തെ പാരായണം കണ്ണൻകുട്ടിമേനോന്റെ വക. പിന്നെ വഴിയ്ക്കു വഴി എല്ലാവരുടെ വകയും പാരായണം തന്നെ.

പീറ്റർ പത്രവുമന്വേഷിച്ച് വാതിൽപ്പടിയിലേക്കു നീങ്ങി. പിന്നാലെ ജയകൃഷ്ണനും. അപ്പോൾ വാസുമുതലാളിയുടെ ബെൻസ് കാർ നിരത്തിലൂടെ ഒഴുകിപ്പോയി. ഗരുഡച്ചിറകും ഇളം മഞ്ഞ വർണ്ണവുമുള്ള ആ സുന്ദരക്കുട്ടപ്പനെ ഒന്നേ നോക്കിയുള്ളൂ. പീറ്ററുടെ വായിൽ വെള്ളം പൊട്ടി. അവൻ നുണച്ചിറക്കി.

"ഉഗ്രൻ."

കാറിന്റെ വാലിൽ ഘടിപ്പിച്ച പച്ചയും ചുകപ്പുമാർന്ന കല്ലുകൾ നോക്കി ജയകൃഷ്ണൻ കമന്റടിച്ചു.

"അത്യുഗ്രൻ."

പീറ്റർ പ്രശംസയുടെ കാര്യത്തിൽ ഒരടി മുൻകടന്നുനിന്നു പറഞ്ഞു:

"ജീവിതത്തിൽ ഒരേയൊരമ്പീഷൻ."

"എന്താത്?"

ജയകൃഷ്ണൻ ചോദിച്ചു.

അവനെപ്പോലൊരു വാഹനമഹാവീരനെ കീഴടക്കണം. എന്നിട്ട് പിന്നിലെ സീറ്റിൽ അലസമായി ചാരിയിരുന്ന് സിഗററ്റ് പുകയ്ക്കണം. അമ്പരന്ന് വഴിമാറിനിന്ന് നോക്കുന്ന മനുഷ്യപുഴക്കളെ കടക്കണ്ണുകൊണ്ട് പുച്ഛിച്ച് തള്ളി ഈ മഹാനഗരത്തിലൂടെ ഒരു നാൾ മെല്ലെ മെല്ലെ ഒഴുകിപ്പോകണം.

ഒരു ലോവർ ഡിവിഷൻ ക്ലാർക്കിന്റെ മോഹം! ജയകൃഷ്ണൻ ചിരിച്ചു.

"എന്താ ചിരിക്കുന്നത്?" പീറ്റർ ചോദിച്ചു.

"ഒന്നുമില്ല. ഇതു മാത്രമാണോ അമ്പീഷൻ?"

"മാത്രം."

"ബംഗ്ലാവ് വേണ്ടേ?"

"വേണ്ട."

"ആൾസേഷൻ?"

"പണമുണ്ടെങ്കിൽ അതൊക്കെ പിന്നാലെ വരും."

"ഭാര്യ?"

"ഓ! ഇനി വേണ്ട. ഒന്നിൽ കൂടുതൽ നിയമം സമ്മതിക്കില്ല."

"പണമുണ്ടെങ്കിൽ ഏതു നിയമത്തേയും മെരുക്കിയെടുത്തുകൂടെ?"

"ശരിയാണ്. പണമുണ്ടെങ്കിൽ എങ്ങിനേയും ജീവിയ്ക്കാം."

പീറ്റർ അല്പനേരത്തെ മൗനത്തിനുശേഷം തുടർന്നു: "പണമുണ്ടാക്കണം."

"എങ്ങിനെ?" ജയകൃഷ്ണൻ ചോദിച്ചു.

പീറ്ററുടെ കയ്യിൽ പണമുണ്ടാക്കാൻ പറ്റിയ പല മാർഗ്ഗങ്ങളുമുണ്ട്. പ്രമോഷൻ കിട്ടി നല്ലൊരു സീറ്റിലെത്തിയാൽ കൈക്കൂലി വാങ്ങാം. കൈക്കൂലി വാങ്ങുന്ന പണംകൊണ്ട് രഹസ്യമായി ബിസിനസ്സ് നടത്താം. കരിഞ്ചന്തയും പൂഴ്ത്തിവെപ്പും കള്ളക്കടത്തും തട്ടിപ്പും വെട്ടിപ്പുമായി പണമുണ്ടാക്കി സുഖിക്കുന്ന പലരും മഹാനഗരത്തിലുണ്ട്.

"എന്താ മിണ്ടാത്തത്?" ജയകൃഷ്ണൻ തിരക്കി.

"വാസുമുതലാളി ആരായിരുന്നു?"

പീറ്റർ ബെൻസ് ഒഴുകിപ്പോയ വഴിയിലേക്കു നോക്കി. എന്നിട്ട് തുടർന്നു:

“പത്തിരുപത് കൊല്ലം മുമ്പ് അയാൾ ആരുമായിരുന്നില്ല. മഹാനഗരത്തിലെ അറിയപ്പെടാത്ത അനേകായിരങ്ങളിലൊരുവൻ. ഇന്നോ?”

“ഇന്ന് ലക്ഷം വിലയുള്ള കാറിന്റെ ഉടമ.”

“ബെൻസിനു പുറമെ മൂന്നോ നാലോ വേറെയും കാറുകൾ. അനേകം കെട്ടിടങ്ങൾ. അനേകം ആശ്രിതർ, അനേകം സ്തുതിപാഠകർ. ഇതെല്ലാം എങ്ങിനെയുണ്ടായി! ഒരു പുരുഷായുസ്സു മുഴുവനും കഠിനാദ്ധ്വാനം ചെയ്താൽ ഇതിന്റെ പതിനായിരത്തിലൊരംശം സമ്പാദിയ്ക്കാൻ കഴിയുമെന്നു തോന്നുന്നുണ്ടോ?”

“ഇല്ല. ഇതിനാണ് അവിഹിതമാർഗ്ഗത്തിലൂടെയുള്ള സമ്പാദ്യമെന്ന് പറയുന്നത്.”

“അത് കള. അവിഹിതമാർഗ്ഗം! പത്രങ്ങളിൽ മുഖപ്രസംഗമെഴുതാൻ പറ്റുന്ന പ്രയോഗങ്ങളൊന്നും എന്റടുത്തു വേണ്ട. ഞാൻ ചോദിയ്ക്കട്ടേ, ഏതാണീ വിഹിതമാർഗ്ഗം? ഭക്ഷണം, വസ്ത്രം, അലക്ക്, കുളി, ക്ഷൗരം എന്നിവയ്ക്കുള്ള ചെലവും കുതിരപ്പന്തിയ്ക്കുള്ള വാടകയും വീട്ടിലേക്കയയ്ക്കുന്നതും കഴിച്ച് ബാക്കിയുള്ളതല്ലേ വിഹിതമാർഗ്ഗത്തിലുള്ള സമ്പാദ്യം?”

“അതെ.” ജയകൃഷ്ണൻ സമ്മതിച്ചു.

“വിഹിതവകുപ്പിൽ നിനക്കെത്ര സമ്പാദ്യമുണ്ട്?” അല്പം വാശിയോടെ പീറ്റർ ചോദിച്ചു.

“പ്രതിമാസം ഇരുപതുറുപ്പിക കടമാണെന്റെ സമ്പാദ്യം.”

“എടോ, അവിവാഹിതനും അല്പജ്ഞനുമായ ജയകൃഷ്ണാ, നിന്റെ മുമ്പിൽ നിൽക്കുന്നത് ഫാദർ ഓഫ് ടു ചിൽഡ്രൻ, ഹസ്ബന്റ് ഓഫ് വൺ ലേഡി. മനസ്സിലായോ? അപ്പോൾ വിഹിതമാർഗ്ഗത്തിലൂടെ എനിയ്ക്കെന്ത് സമ്പാദ്യം കാണും?”

“എന്നേക്കാൾ നാലിരട്ടി!”

“ഒട്ടും കുറയില്ല. എടോ, ഈ മഹാനഗരത്തിൽ എത്രയോ വലിയ കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്നു. രണ്ടോ മൂന്നോ ആംഗങ്ങൾ മാത്രമുള്ള കുടുംബത്തിന് ആറും ഏഴും നിലകളുള്ള മാളികകളിവിടെയുണ്ട്. പല മുറികളും വർഷങ്ങളായി തുറക്കാതെ കിടക്കുന്നു. ഉപയോഗിക്കാൻ ആളില്ലാത്തതുകൊണ്ട് വിഭവങ്ങൾ ഇവിടെ തുരുമ്പുപിടിച്ചു പോകുന്നു! നീയും ഞാനും നമ്മെപ്പോലുള്ള ആയിരങ്ങളും കുതിരപ്പന്തിയിൽ പാതിപ്പട്ടിണിയുമായി കഴിയുന്നു. മുഖപ്രസംഗത്തിലെ വാചകമടിച്ച് ശുദ്ധരിൽ ശുദ്ധരായി ജീവിയ്ക്കുന്നു! ഇംപാലകളും ബെൻസും സ്വപ്നം കാണുന്നു!”

“നാം ജീവിയ്ക്കുന്നതും സുഖിയ്ക്കുന്നതും സ്വപ്നത്തിലാണ്, സ്വപ്നത്തിൽ മാത്രമാണ്.”

“നമ്മെപ്പോലെ പലരും.”

“പത്രം വന്നില്ലേ?”

കണ്ണൻകുട്ടിമേനോൻ പിറകിൽനിന്ന് വിളിച്ചു ചോദിച്ചു.

“ഇല്ല.” ജയകൃഷ്ണൻ മറുപടി പറഞ്ഞു.

‘സിംഹഗർജ്ജനം’ മാത്രമല്ല, പ്രഭാത പത്രങ്ങളൊന്നും പുറത്തു വന്നില്ല. വിദ്യുച്ഛക്തി കേരളത്തിൽ അപ്പോഴും കള്ളപ്പശുവെപ്പോലെ പാലു് ചുരത്താതെ നില്പാണ്. നഗരവാസികൾ കഠിനമായ വാർത്താദാഹംകൊണ്ടു് മരിച്ചു വീഴാറായി.

പത്തു മണി!

സംഗതികളാകെ മാറുന്നു. വിദ്യുച്ഛക്തിയില്ലാത്തതുകൊണ്ടു് വ്യവസായശാലകൾ പ്രവർത്തിക്കുന്നില്ല തൊഴിലാളികൾ കൂട്ടം ചേർന്നുനിന്ന് മുദ്രാവാക്യം മുഴക്കി. അതു കേട്ടു് മുതലാളിമാർ ഫോൺ വെച്ച് വിദ്യുച്ഛക്തി കേന്ദ്രത്തിലേക്ക് തെറിപ്പാട്ട് വിക്ഷേപിച്ചു. കേന്ദ്രത്തിൽ ആരും അതു കേട്ടില്ല. അവിടെയുള്ളവർ അനേകകാലമായി പണിമുടക്കി തെരുവിലൂടെ മുദ്രാവാക്യവും മുഴക്കി അലയുകയാണ്.

പതിനൊന്നു മണി!

അവസാനം കള്ളപ്പശു പാലു ചുരത്തി. വ്യവസായത്തിന്റെ കണ്ണുകണ്ട പത്രമുതലാളിമാരിൽ ചിലർ ഉച്ചയ്ക്കു മുമ്പ് പ്രത്യേക പതിപ്പ് അടിച്ചിറക്കി.

“വെട്ടിക്കൊല”

“കുത്തിക്കൊല”

“തട്ടിപ്പറി”

പത്രം വിൽക്കുന്ന പിള്ളരുടെ ആർപ്പുവിളി. ജനം ഓടിക്കൂടി പത്രം തട്ടിപ്പറിച്ച് വായിച്ചു.

അതെ, സംഗതി ശരിയാണ്. നാലു് ഭവനഭേദനം, ഒരു കുത്തിക്കൊല, കുറേയേറേ ചില്ലറക്കളവുകൾ! മഹാനഗരം കണ്ണു പൂട്ടിയപ്പോൾ ഇത്രയും സംഭവിച്ചു.

അത്ഭുതം, ഭയം, അമർഷം!

നഗരജീവിതം സുരക്ഷിതമല്ലെന്ന് എല്ലാവരും ഉറക്കെ പറഞ്ഞു.

വൈകുന്നേരമായപ്പോൾ മഹാനഗരം ഇളകി മറിഞ്ഞു. നാനാ പാർട്ടിക്കാർ അഭിപ്രായവ്യത്യാസം മറന്ന് ഒത്തുകൂടിയപ്പോൾ വലിയൊരു ജാഥ രൂപം പൂണ്ടു. നേതാക്കന്മാർ രാഷ്ട്രീയശത്രുത മാറ്റിവെച്ച്, സ്നേഹിച്ച് കൈ കോർത്തുപിടിച്ച് ജാഥയ്ക്ക് നേതൃത്വം നൽകി.

കമ്പിന് കമ്പിന് കുട്ടിനേതാക്കന്മാർ നിന്ന് മുദ്രാവാക്യം ചൊല്ലിക്കൊടുത്തു.

“ഇക്കളി വേണ്ടാ സർക്കാരേ,
തീക്കളി വെണ്ടാ സർക്കാരേ,
പാതിര നേരം നഗരം വീണു-
കിടന്നു മയങ്ങിയുറങ്ങുമ്പോൾ
വെട്ടിക്കൊലയോ സർക്കാരേ,
തട്ടിപ്പറിയോ സർക്കാരേ?”

സർക്കാരിന്റെ കണ്ണിൽനിന്നു മലഞ്ചോലപോലെ വെള്ളം കുത്തിയൊലിച്ചു. സർക്കാർ തേങ്ങിത്തേങ്ങിക്കരഞ്ഞു. കാരണം, സർക്കാരിനു വെട്ടിക്കൊലയോ തട്ടിപ്പറിയോ ഒന്നും അറിഞ്ഞുകൂടായിരുന്നു. സർക്കാരിന്റെ പേരും പറഞ്ഞ് വല്ലവരും അതു ചെയ്യുന്നുണ്ടോ എന്നും അറിഞ്ഞുകൂടായിരുന്നു. പാവം, സർക്കാർ!

ജാഥ. മഹാനഗരത്തിലെ പ്രധാന വീഥികൾ ചുറ്റി. എല്ലാ പോലീസ് സ്റ്റേഷന്റെ മുമ്പിലും പ്രകടനം നടത്തി.

അപ്പോൾ ലോക്കപ്പുമുറിയുടെ ഇരുമ്പുവാതിലിൽ തലതല്ലി ഉച്ചത്തിലുച്ചത്തിൽ കുഞ്ചുണ്ണി നിലവിളിച്ചു. ഒരു വലിയ നഷ്ടം സംഭവിച്ചതിന്റെ പേരിൽ. അങ്ങിനെയൊരു ജാഥ കുഞ്ചുണ്ണിയെക്കൂടാതെ അടുത്തകാലത്തൊന്നും മഹാനഗരത്തിൽ രൂപം പൂണ്ടിട്ടില്ല. ഏതു പാർട്ടി ജാഥനയിച്ചാലും കുഞ്ചുണ്ണി അതിലുണ്ടാവും! ഈ പാർട്ടികളിലെന്തിരിക്കുന്നു എന്നാണ് കുഞ്ചുണ്ണിയുടെ ചോദ്യം. ഒരു പാർട്ടിയിലും വിശ്വാസമോ അവിശ്വാസമോ ഇല്ല. കുഞ്ചുണ്ണിയുടെ മുദ്രാവാക്യം വിളി കൊലവിളിപോലെ ദിഗന്തം ഞെട്ടിച്ചിരുന്നു. കുഞ്ചുണ്ണി ഓർത്തോർത്തു വാവിട്ടു കരഞ്ഞു.

കുഞ്ചുണ്ണിയുടെ കരച്ചിലിനു മുമ്പിൽ സർക്കാരിന്റെ കരച്ചിൽ നിഷ്പ്രഭം.

ജഥ നയിച്ച നേതാക്കന്മാർ ഉയർന്ന ഉദ്യോഗസ്ഥന്മാരെക്കണ്ടു നിവേദനം നടത്തി.

കുറ്റവാളികളെ അടിയന്തരമായി കണ്ടുപിടിയ്ക്കണം. മാതൃകാപരമായി ശിക്ഷിയ്ക്കണം. കുറ്റവാസന എന്നെന്നേയ്ക്കുമായി നശിപ്പിയ്ക്കണം. മഹാനഗരത്തെ രക്ഷിയ്ക്കണം.

അല്ലെങ്കിൽ…താക്കീത്.

ധർണ, ഘരാവോ, കൂട്ടപ്പിക്കറ്റിങ്ങ്, നിരാഹാരസത്യാഗ്രഹം, ഹരാകിരി, ആത്മാഹൂതി!

സന്ധ്യയ്ക്കു കടപ്പുറത്തു വമ്പിച്ച പൊതുയോഗം. നേതാക്കന്മാരുടെ ഉജ്ജ്വല പ്രസംഗം മൈക്രോഫോൺ ആദരവോടെ എറ്റുവാങ്ങി ഉച്ചഭാഷിണിയ്ക്കു കൊടുത്തു. ഉച്ചഭാഷിണിയത് ശ്രദ്ധാലുക്കളായ ശ്രോതാക്കളുടേയും വീടുകളിൽ അടച്ചു കിടന്നു മരണസഞ്ചാരം കൊള്ളുന്നവരുടേയും കാതുകളിൽ പെരുപ്പിച്ചെത്തിച്ചുകൊടുത്തു.

നിവേദനപത്രികയിലെ കാര്യങ്ങൾ വായിച്ചു കേട്ടപ്പോൾ സദസ്സ് ഹർഷപുളകം കൊണ്ടു. ‘ഹരാകിരി’യ്ക്കാവശ്യമായ കഠാരിയും ആത്മാഹൂതിയ്ക്കാവശ്യമായ പെട്രോളും തീപ്പെട്ടിയും സംഭാവന ചെയ്യാമെന്ന് ഉദാരമതികളായ ഏതാനും നഗരവാസികൾ എഴുന്നേറ്റു നിന്ന് പ്രഖ്യാപിച്ചപ്പോൾ സദസ്സവർക്കു മുക്തകണ്ഠം ‘ജേ’ വിളിച്ചു. സിന്ദാബാദും!

അന്തരീക്ഷം പ്രക്ഷുബ്ധം!

ഉയർന്ന ഉദ്യോഗസ്ഥന്മാർ ടെലിഫോണിലൂടെ വികാരം കൈമാറി. നിർദ്ദേശം കൈമാറി.

അശ്വഹൃദയം ശോകമൂകമാണ്. ആരും ഒന്നും സംസാരിക്കുന്നില്ല. വൈകുന്നേരത്തെ ജാഥയിലും പൊതുയോഗത്തിലും കുഞ്ചുണ്ണിയെ കാണാഞ്ഞത് അമ്പരപ്പിന്ന് കാരണമായിരിക്കുന്നു.

പീറ്റർ ആപ്പീസ് വിട്ടു വരുമ്പോഴാണ് ജാഥ കണ്ടത്. ജയകൃഷ്ണൻ റെയിൽവേ പാലത്തിലിരുന്നു കാറ്റു കൊള്ളുമ്പോഴാണ് അതിനടിയിലൂടെ ജാഥ കടന്നുപോയത്. കണ്ണൻകുട്ടിമേനോൻ അശ്വഹൃദയത്തിന്റെ പടിക്കൽനിന്ന് നല്ലപോലെ സൂക്ഷിച്ചിരുന്നു. എട്ടുമണിക്ക് പൊതുയോഗം കഴിഞ്ഞ് തിരിച്ചെത്തിയ മുകുന്ദന്റെ റിപ്പോർട്ട് പ്രകാരം കുഞ്ചുണ്ണി കടപ്പുറത്തുമില്ല. എല്ലാവരും ഒത്തുചേർന്നപ്പോൾ ഒന്നും മിണ്ടാതെയിരുന്നു കുഞ്ചുണ്ണിയെപ്പറ്റി ആലോചിച്ചു.

"ഒരു രാവു കഴിഞ്ഞ് മറ്റൊരു രാവ് തുടങ്ങുന്നു." .

കണ്ണൻകുട്ടിമേനോനാണ് മൗനത്തിന്റെ തുന്നു പൊട്ടിച്ചത്.

"മഹാനഗരത്തിലില്ല, തീർച്ച"

കൃഷ്ണൻകുട്ടി അഭിപ്രായപ്പെട്ടു.

"ഉണ്ടെങ്കിൽ ജാഥയിൽ കാണും."

എല്ലാവരും ആ അഭിപ്രായം ശരിവെച്ചു, മുകുന്ദനൊഴിച്ച്.

"വല്ല അപകടവും പറ്റിയോ?"

അതാണ് മുകുന്ദന്റെ സംശയം.

വീണ്ടും മൗനം.

അപകടം പറ്റാൻ വളരെയേറെ സാദ്ധ്യതയുണ്ട്. 'സിംഹഗർജ്ജന'ത്തിലെ ഗസ്റ്റപ്പോ ജോലി തീകൊണ്ടുള്ള കളിയാണ്. എല്ലാവരും കുഞ്ചുണ്ണിക്കു പറ്റാനിടയുള്ള അപകടത്തെപ്പറ്റി ആലോചിച്ചു.

മൗനം നീണ്ടുപോകുന്നു...

"പങ്കജക്കണ്ണനെ കാണാഞ്ഞെനിക്കുള്ളിൽ-
സങ്കടമാകുന്നു നാരായണ!"

അയൽവീട്ടിലെവിടെയോ ഒരു കുട്ടി സന്ധ്യാനാമം ചൊല്ലുന്നു.

ഉണ്ണിക്കൃഷ്ണൻ പശുക്കളെ മേക്കാൻ പോയിട്ട് തിരിച്ചുവന്നിട്ടില്ല. നേരം സന്ധ്യയായി. യശോദയുടെ പരിഭ്രാന്തമായ മനസ്സ് പലതും ആലോചിയ്ക്കുന്നു.

"പാൽ വെണ്ണ കക്കുമ്പോളാച്ചിമാരാരാനും
കാൽകൈ പൊളിച്ചായോ നാരായണ".

കണ്ണൻകുട്ടി മേനോന്റെ മനസ്സിപ്പോൾ യശോദയുടെ മനസ്സാണ്, പരിഭ്രാന്തം. പല രീതിയിലും സ്വഭാവത്തിലുമുള്ള അപകടങ്ങളോരോന്നും മനസ്സിൽ ചിത്രപ്പെടുത്തുന്നതിനിടയിൽ കണ്ണൻകുട്ടിമേനോൻ ചോദിച്ചു:

"ഇന്നലെ രാത്രി മഹാനഗരത്തിൽ വല്ല കൊലപാതവും നടന്നോ?"

അനാവശ്യമായ ചോദ്യം. ഒരു കുത്തിക്കൊലയുടെ പേരിലാണ് ജാഥയും പൊതുയോഗവും നടന്നത്. എല്ലാം അറിഞ്ഞുകൊണ്ട് പിന്നേയും കൊലപാതകത്തെപ്പറ്റി ചോദിയ്ക്കുന്നു. ആരും ഒന്നും മറുപടി പറഞ്ഞില്ല. അല്പം കഴിഞ്ഞു്, കൃഷ്ണൻകുട്ടി പുതിയൊരു വസ്തുത വെളിക്കു കൊണ്ടുവന്നു.

“കടപ്പുറത്തെ പാരപ്പറ്റിൽ ഒരനാഥശവമുണ്ടെന്നു കേട്ടു.”

“നീ കണ്ടോ ശവം?”

കണ്ണൻകുട്ടി മേനോന്റെ ജിജ്ഞാസ വർദ്ധിച്ചു.

“ഇല്ല.”

“ആരും കണ്ടില്ലേ?”

ജിജ്ഞാസ കൂട്ടുകയാണ്. ആരും കണ്ടില്ലെന്നായപ്പോൾ എല്ലാവരും അനാഥശവത്തെപ്പറ്റി ആലോചിച്ചു. അനാഥശവത്തെപ്പറ്റി ആലോചിച്ചു മിണ്ടാതിരിയ്ക്കുമ്പോൾ നിരത്തിലെ ഇരുട്ടിൽനിന്നൊരു ശബ്ദം

“അങ്ങോട്ടു വരാമോ?”

അഞ്ചുപേരും ഞെട്ടി പരസ്പരം മിഴിച്ചു നോക്കി എന്തുത്തരം പറയണം. അന്തിയുറങ്ങാൻ ഇടവുംതേടി വരുന്ന വല്ല ദ്രോഹികളുമായിരിയ്ക്കുമോ? മഹാനഗരത്തിൽ അന്തിത്താവളത്തിനുവേണ്ടി അലഞ്ഞു തിരയുന്ന ആയിരങ്ങളും പതിനായിരങ്ങളുമുണ്ട്. ദ്രോഹി. നിരത്തിലെ ശബ്ദം അല്പംകൂടി ഉച്ചത്തിലാവുന്നു.

“അങ്ങോട്ടു വരാമോ?”

അഞ്ചുപേരും മിണ്ടിയില്ല. നിമിഷങ്ങൾക്കുശേഷം വാതിൽപ്പടി കടന്ന് നൃത്തനാടകത്തിലെ ഒരു കഥാപാത്രം പ്രവേശിയ്ക്കുന്നു.

കഴുത്തോളം നീണ്ടിറങ്ങിയ മുടി പിറകിലേക്കു ചീകിവെച്ചിരിയ്ക്കുന്നു. കണ്ണെഴുത്തും കുങ്കുമപ്പൊട്ടുമുണ്ട്. കാതിൽ വെള്ളക്കല്ലു വെച്ച കമ്മൽ, കഴുത്തിൽ സ്വർണ്ണമാല. സിൽക്കിന്റെ ജൂബ്ബയും കസവുകര ദോത്തിയും.

പതുക്കെ അടിവെച്ചടിവെച്ച് മുമ്പോട്ടു വന്നു പുരികം ചുളിച്ച്, കണ്ണുകൾ പാതിയടച്ച്, മുഖത്തു ശാന്തരസം വിളയിച്ച്, കൈകൂപ്പി മധുരമായി തൊഴുതുവന്ദനം പറയുന്നു:

“നമസ്കാരം.”

— 5 —

# അഞ്ച്

അത്ഭുതവും അമ്പരപ്പും മൗനവും തളംകെട്ടി നിൽക്കുന്നതിനു നടുവിൽ ഏക ചാരു കസേരയിൽ ഇരുന്ന് കസവുവേഷ്ടികൊണ്ട് മുഖത്തെ വിയർപ്പൊപ്പി, നൃത്തനാടക കഥാപാത്രം നെടുതായൊന്ന് ശ്വസിച്ചു.

“മനസ്സിലായില്ലല്ലോ”.

അശ്വഹൃദയത്തിലെ പൗരന്മാരുടെ പ്രതിനിധിയെന്ന നിലയിൽ കണ്ണൻകുട്ടി മേനോൻ സംസാരിച്ചു.

രണ്ടൗൺസ് പുച്ഛത്തിൽ ഒരൗൺസ് ബീഭത്സം ചേർത്തു കലുക്കി തയ്യാറാക്കിയ ഒരു സമ്മിശ്രരസം കഥാപാത്രത്തിന്റെ മുഖത്തു പ്രത്യക്ഷപ്പെട്ടു. ക്രമേണ അതു ബീഭത്സം മാത്രമായി കുറുകിക്കൂടി.

കഴുവേറികളെ, എന്നെ മനസ്സിലായില്ലെന്നോ? ഈ എന്നെ?

ഇത്രയും ആത്മഗതം. ആത്മഗതത്തിനു ശേഷം മുഖത്ത് വീരരസം പ്രത്യക്ഷപ്പെടുന്നു. കഥാപാത്രം സംസാരിക്കുന്നു.

“ഞാനാണ് ഗുരു ശങ്കരദാസ്സ്.”

കണ്ണൻകുട്ടി മേനോൻ അമ്പരന്ന് മുകുന്ദനെ നോക്കി. ജയകൃഷ്ണൻ കൃഷ്ണൻകുട്ടിയെ നോക്കി. പീറ്റർ ആരെയും നോക്കിയില്ല. പീറ്ററേയും ആരും നോക്കിയില്ല. ഗുരു സംഭാഷണം തുടർന്നു.

“ജയ്പൂർ, മണിപ്പൂർ, ആനന്തപ്പൂർ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ കുടിയേറിപ്പാർത്ത് അനേകമനേകം സ്ത്രീപുരുഷന്മാരെ നൃത്യനൃത്തങ്ങളഭ്യസിപ്പിച്ച്, കാശ്മീരത്തിൽനിന്ന് കന്യാകുമാരിയിലേക്കു പതുക്കെ നീങ്ങിക്കൊണ്ടിരിക്കുകയാണ് ഞാൻ.”

ശ്രോതാക്കൾ അന്തംവിട്ട് വീർപ്പടക്കിപ്പിടിച്ച നിൽക്കുന്നു.

“ഇപ്പോൾ തമിഴ്നാട്ടിലാണ് താമസം. ബഹുജനങ്ങളെന്നെ ഗുരുവെന്നു വിളിക്കുന്നു. ശിഷ്യഗണം “ഗുഗ്ഗുരു”വെന്നും.”

മുകുന്ദാദികളുടെ കണ്ണുകൾ ആശ്ചര്യംകൊണ്ട് വിടർന്നിരുന്നു, ചുണ്ടുകൾ പതുക്കെ മന്ത്രിക്കുന്നു.

"ഗുഗ്ഗുരു! ഗുഗ്ഗുരു!!"

"അതെ"

മുഖത്തെ വീരരസത്തിന്നു അല്പംകൂടി ചായപ്പകിട്ടു കലർത്തി ഗുരു തുടർന്നു.

"എന്നുവെച്ചാൽ ഗുരുനാഥന്മാർക്കും ഗുരുനാഥനെന്നർത്ഥം. എന്റെ ശിഷ്യപരമ്പര കേരളത്തിനകത്തും വിദേശങ്ങളിലും ഇന്നു ഗുരുസ്ഥാനം വഹിച്ച് കഴിഞ്ഞു കൂടുന്നു."

തലയിളക്കാതെ കൺമിഴികളുരുട്ടി സഞ്ചരിപ്പിച്ച് എല്ലാവരുടെ മുഖഭാവവും ഗുഗ്ഗുരു മാറി മാറി പരിശോധിച്ചു. കണ്ണിലൂടെ, മുഖത്തെ മാംസപേശികളിലൂടെ, സംസാരിച്ചു. ആ ഭാഷ നിശ്ചയമില്ലാത്ത കണ്ണൻകുട്ടിമേനോൻ തലചുറ്റി വീഴുമെന്ന നിലയിലായി. കൃഷ്ണൻകുട്ടിക്ക് മേലാസകലം വിയർത്തു. ജയകൃഷ്ണൻ ചുമരിൽ കയ്യൂന്നി നിന്നു. പീറ്റർ ഒരു ബീഡിയുമെടുത്ത് ഇരുട്ടിലേക്കിറങ്ങി. പ്രൈമറി സ്കൂളിൽ പഠിക്കുന്ന കാലത്ത് കുറച്ച് വേടനൃത്തമഭ്യസിക്കാൻ സൗകര്യം സിദ്ധിച്ച മുകുന്ദൻ മാത്രം മനസ്സാന്നിധ്യം കൈവിട്ടില്ല. അവൻ രണ്ടടി മുമ്പോട്ട് കടന്നുനിന്നു ചോദിച്ചു.

"ഇപ്പോൾ ഇങ്ങോട്ട് വന്നതിന്റെ ഉദ്ദേശം?"

ശ്രോതാക്കളുടെ അജ്ഞതയെച്ചൊല്ലി സഹതപിയ്ക്കുന്ന ഗുഗ്ഗുരുവിന്റെ മുഖത്ത് വെള്ളംകൂട്ടാത്ത കരുണം! ക്ഷണത്തിലതസ്തമിച്ച് വീണ്ടും വീരരസം ഉദിച്ചുയർന്നു.

"ഹർജികൾ, നിവേദനങ്ങൾ, ശുപാർശകൾ. കഴിഞ്ഞ രണ്ടു വർഷമായി ഈ മഹാനഗരത്തിലെ ജനങ്ങൾ എന്നെ പൊറുതി കെടുത്തുന്നു. ഇവിടെ വരാനും വളരുന്ന തലമുറക്ക് നൃത്തവിദ്യ പഠിപ്പിച്ചു കൊടുക്കാനും. പൊറുതികേടായപ്പോൾ ഇങ്ങോട്ടു പുറപ്പെട്ടു."

പുരികക്കൊടി വളയുകയും കണ്ണിന്നും കവിളിന്നുമിടയിലുള്ള മാംസപേശികൾ തയ്യൽയന്ത്രത്തിന്റെ സൂചിപോലെ ഇടതടവില്ലാതെ ചലിക്കുകയും ചെയ്യുന്നു. തെല്ലിട മൗനം. പിന്നെ കൺമിഴികൾ ഒരു ദീർഘ യാത്രക്കിറങ്ങിത്തിരിക്കുന്നു. അശ്വഹൃദയത്തിന്റെ മുക്കും മൂലയും ഒരു ചെറു സുഷിരംപോലും സൂക്ഷ്മപരിശോധനക്കു വിധേയമാവുന്നു!

ഇവിടെ മനുഷ്യരാണോ താമസിക്കുന്നത്? വിചിത്രം ബഹുവിചിത്രം!!

ഇതാത്മഗതം. ഇനി പ്രകാശം.

"ഇവിടെ എത്രപേർ താമസിക്കുന്നു?" ആ ചോദ്യം ഒരു കാരിരുമ്പു ചൂണ്ടലായി തന്റെ ഹൃദയം കൊളുത്തിപ്പറിച്ചുകൊണ്ട് പോവുമ്പോലെ കണ്ണൻകുട്ടി മേനോനു തോന്നി.

"ആറുപേർ" മുകുന്ദൻ മറുപടി പറഞ്ഞു.

ഗുഗ്ഗുരുവിന്റെ മുഖത്ത് കരുണരസം പ്രത്യക്ഷപ്പെടുന്നു. പുരികക്കൊടികൾ വളഞ്ഞപ്പോൾ വീതി കൂടിയ നെറ്റിയിൽ ചുളിവുകളുണ്ടാവുന്നു. കണ്ണുകൾ പാതി അടയുന്നു. ഗാഢാലോചനയുടെ താഴ്വാരത്തിലേക്കു മനസ്സിറങ്ങിച്ചെന്നു മേയുന്നു.

അല്പസമയത്തിന്നുശേഷം ഗുഗ്ഗുരു മുന്നറിയിപ്പു കൂടാതെ അമാനുഷിക ശക്തിയുള്ള ഒരു ഏമ്പക്കം പുറത്തേക്കു വിടുന്നു. ഇരുട്ടിൽനിന്ന് ബീഡി വലിക്കുമ്പോൾ പീറ്റർ അതു കേട്ടു ഞെട്ടുന്നു. അറബിക്കുതിരയുടെ പ്രേതം അശ്വഹൃദയത്തെ വലം വെക്കുന്നുണ്ടാവുമെന്നു പേടിച്ച് ബദ്ധപ്പെട്ട് അകത്തു കയറുന്നു!

എമ്പക്കം വിട്ട്, വിമ്മിട്ടത്തിന്നയവു കിട്ടിയപ്പോൾ ഗുഗ്ഗുരുവിന്നുത്സാഹം കൂടുന്നു.

"ആറുപേർ എങ്ങനെയിവിടെ കഴിഞ്ഞുകൂടുന്നു?"

"ഇതാ ഇങ്ങിനെയൊക്കെ."

മുകുന്ദൻ ദീനഭാവത്തിൽ പറഞ്ഞു—ഗുഗ്ഗുരുവിന്റെ കണ്ണുകൾ ജലാർദ്രങ്ങളായി.

"ഇവിടത്തെ പാർപ്പിടക്ഷാമം ഇത്ര ഭയങ്കരമാണില്ലേ?"

"അതിഭയങ്കരമാണ്."

കണ്ണൻകുട്ടിമേനോൻ അല്പം ധൈര്യം സമ്പാദിച്ച് പറഞ്ഞു.

"പാർപ്പിടത്തിന്നു മാത്രമല്ല, ക്ഷാമം. പപ്പിടത്തിന്നുപോലും ക്ഷാമമാണ് ഗുഗ്ഗുരോ."

ഉടനെ കണ്ണൻകുട്ടിമേനോൻ തനിക്കു പറ്റിയ അമളി മനസ്സിലാക്കി വേഗത്തിലതു തിരുത്തി.

"അല്ല…ഗുരോ."

ബഹുജനങ്ങൾ ഗുരുവെന്നും ശിഷ്യന്മാർ ഗുഗ്ഗുരുവെന്നും വിളിക്കുന്നകാര്യം ഓർത്തപ്പോഴാണ് ആ തിരുത്തൽ നടന്നത്.

ഗുഗ്ഗുരു ചിരിച്ചു. ആദ്യത്തെ ചിരി.

"മണിപ്പൂർ, ജയപ്പൂർ, ഉദയപ്പൂർ, ആനന്തപ്പൂർ തുടങ്ങിയ വിദേശരാജ്യങ്ങളിൽ ആൾപാർപ്പില്ലാത്ത എത്രയോ കൂറ്റൻ കെട്ടിടങ്ങളൊഴിഞ്ഞു കിടക്കുന്നു. ഉദയപ്പൂരിലും ജയപ്പൂരിലും കളിമുറ്റവും കുളിപ്പാൻ കുളവുമുള്ള കൊട്ടാരങ്ങളിലാണ് ഞാൻ താമസിച്ചത്."

"ഭാഗ്യം!"

മുകുന്ദൻ പറഞ്ഞു.

"പരമഭാഗ്യം."

കണ്ണൻകുട്ടിമേനോൻ ഭാഗ്യത്തിന്ന് 'പരമം' കൊണ്ടൊരു വീരാസനമിട്ടുകൊടുത്തു. പീറ്റർ ഇരുട്ടിലേക്കു തിരിഞ്ഞുനോക്കി.

അറബിക്കുതിരയുടെ പ്രേതം വരുന്നുണ്ടോ?

വർത്തമാനം പറഞ്ഞു മണിക്കൂറുകൾ നീങ്ങിയപ്പോൾ കുഞ്ചുണ്ണിയുടെ കിടക്ക വിരിച്ച് ഗുഗ്ഗുരുവിനെ കിടത്തീട്ട് കണ്ണൻകുട്ടിമേനോൻ ഉപചാരവാക്കുകൾ പറഞ്ഞു:

"ഇവിടെ ആഹാരത്തിനൊന്നും വഴിയില്ല. ഞങ്ങൾ ഹോട്ടലിൽനിന്നാണ് കഴിയ്ക്കുന്നത്."

"രാത്രി ഞാനൊന്നും കഴിയ്ക്കാറില്ല. ജൂബ്ബ മാത്രം കഴിയ്ക്കും."

ജൂബ്ബ കഴിയ്ക്കുമ്പോൾ ഗുഗ്ഗുരു പറഞ്ഞു:

"കഠിനമായ വായുക്ഷോഭമാണ്. മരുന്നെപ്പോഴും കൂടെ കൊണ്ടുനടക്കുന്നു."

പേഴ്സിൽനിന്ന് രണ്ടു ഗുളികകളെടുത്ത് വഴിക്കുവഴി വായിലേക്കെറിഞ്ഞ് ഗുഗ്ഗുരു മലർന്നു കിടന്നു.

മൗനം!

എല്ലാവരും നല്ല ഉറക്കമായപ്പോൾ ഗുഗ്ഗുരു വാണംപോലെ ഒരു ഏമ്പക്കം പുറത്തേക്കു വിട്ടു. പീറ്റർ ഞെട്ടിയുണർന്ന് തീപ്പെട്ടിയുരസി അറബിക്കുതിരയുടെ പ്രേതത്തെ അന്വേഷിച്ചു. ഒരു പാരമ്പര്യവൈദ്യന്റെ മകനായ ജയകൃഷ്ണ കണ്ണൻകുട്ടിമേനോന്റെ ചെവിട്ടിൽ പറഞ്ഞു.

'അർശോവായുവാണ്."

തുടർന്ന് ചികിത്സാക്രമം നിർദ്ദേശിച്ചു.

"ചുക്കും ഏലത്തരിയും കറാമ്പുവും സമമെടുത്തു പൊടിച്ച് ശീലപ്പൊടിയാക്കി കൂടക്കൂടെ കുറേശ്ശ സേവിച്ചാൽ മതി."

"മതി."

കണ്ണൻകുട്ടിമേനോൻ തിരിഞ്ഞു കിടന്നു. തെല്ലിടകഴിഞ്ഞപ്പോൾ ഗുഗ്ഗുരു ഒരു ഈർച്ചക്കമ്പനിയായി മാറി. ഉഗ്രമായ കൂർക്കം വലി.

രാവിലെ എല്ലാവരും ആപ്പീസിൽ പോവാനൊരുങ്ങിയപ്പോൾ ഗുഗ്ഗുരു ചാരുകസേരയിൽ അമർന്നിരുന്നു.

'ഇന്ന് മുഴുവനും എനിയ്ക്ക് വിശ്രമിക്കണം. അത്രയ്ക്കുണ്ട് യാത്രാക്ഷീണം. അപേക്ഷകരെ ഓരോരുത്തരെയായി നാളെ കാണാം. ഒരു പാർപ്പിടവും അന്വേഷിയ്ക്കാം.

അശ്വഹൃദയത്തിന്റെ താക്കോൽ ഗുഗ്ഗുരുവിനെ ഏല്പിച്ച് എല്ലാവരും സ്ഥലം വിട്ടു.

എല്ലാവരും സ്ഥലം വിട്ടപ്പോൾ വാതിലടച്ച് സാക്ഷയിട്ട് ഗുഗ്ഗുരു അശ്വഹൃദയത്തിന്റെ അന്തർഭാഗത്തൊരു സൂക്ഷ്മപരിശോധന ആരംഭിച്ചു.

ആറു കിടക്ക, ആറു പെട്ടി. അപ്പോൾ ആറുപേരുണ്ടെന്നു തീർച്ച. ആറാമനെവിടെ? അവൻ തിരിച്ചുവന്നാൽ എല്ലാം കുഴപ്പമായി. കംസന്റെ ശത്രു എട്ടാമനായിരുന്നു, ഇവിടെ ആറാമൻ. അവനെ നശിപ്പിയ്ക്കണം, ഇല്ലെങ്കിൽ തെണ്ടിപ്പോകും.

അപ്പോൾ പുതിയ ആശയം പൊട്ടിവിടർന്നു. എന്തുകൊണ്ട് തീവണ്ടിയിലെ സ്ലീപ്പർ കോച്ചുപോലെ ഇതൊന്ന് പുനസ്സംവിധാനം ചെയ്തെടുത്തുകൂടാ?

ഉറപ്പുള്ള മുള വേണം, കയറും. നല്ല 'പറപ്പുറം' കെട്ടിയുണ്ടാക്കണം. അപ്പോൾ കൂടുതൽ സൗകര്യമുണ്ടാവും. 'ബർത്തെ'ന്ന് പേരു കൊടുക്കണം. തറയിലുള്ള രണ്ടോ മൂന്നോ പേർക്ക് ബർത്തിലേക്കു പ്രമോഷൻ കൊടുക്കാം. അങ്ങനെയാവുമ്പോൾ രണ്ടുമൂന്നു കസേരകൾ കൂടി വാങ്ങിയിടാൻ കഴിയും.

പരിശോധന പുരോഗമിച്ചപ്പോൾ മറ്റൊരുകാര്യം കൂടി വ്യക്തമായി. രണ്ടുപേരുള്ള ഒരു കുടുംബത്തിന് വലിയ ബുദ്ധിമുട്ട് കൂടാതെ ജീവിയ്ക്കാനുള്ള സൗകര്യങ്ങളൊക്കെയുണ്ട്. ഒരു സ്റ്റൗ വാങ്ങിയാൽ കഷ്ടിച്ച് ഭക്ഷണം പാകം ചെയ്യാനും കഴിയും. വരട്ടെ, എല്ലാം ക്രമേണ മതി. തല്ക്കാലം ആറാമൻ വന്നു ചേരുമ്പോഴുള്ള പരിപാടിയ്ക്കാണ് രൂപം നൽകേണ്ടത്.

നല്ല ഉറപ്പുള്ള മുള വേണം. ചൂടിയും കയറും വേണം.

വാതിലിൽ തുരുതുരെ മുട്ടു കേൾക്കുന്നു!

സാക്ഷ നീക്കി വാതിൽപ്പൊളി തുറന്നപ്പോൾ കാറ്റിനോടൊപ്പം കുഞ്ചുണ്ണി അകത്തേയ്ക്കടിച്ചു കയറി.

ആറാമൻ?

ശത്രു!

രണ്ടു പേരും ഒന്നും മിണ്ടാതെ മുഖത്തോടു മുഖം നോക്കി നില്ക്കുന്നു. ആദ്യം കുഞ്ചുണ്ണിയുടെ ക്ഷമ തകർന്നു.

"ആരാണ്?"

"ആരാണ്?"

"നിങ്ങളാരാണെന്ന്?"

"നിങ്ങളാരാണെന്ന്?"

പ്രതിദ്ധ്വനിപോലെ. അമ്പട! കൊള്ളാമല്ലോ. ഇവൻ വദ്ധ്യനാണ് സംശയമില്ല. "ശാന്തിക്കാരൻ ഊരായ്മ ഭാവിയ്ക്കുകയോ?" അറിയാതെ ഒരാക്ഷേപത്തിന്റെ തലക്കെട്ടാണ് കുഞ്ചുണ്ണിയുടെ മനസ്സിൽ രൂപം കൊണ്ടത്. എതിർക്കക്ഷിയെ കുഞ്ചുണ്ണി ആമൂലാഗ്രം വിസ്തരിച്ചൊരു പരിശോധന നടത്തി.

കാതിലെ വെള്ളക്കല്ല് വെച്ച കമ്മൽ കണ്ടപ്പോൾ ശാരിയെ ഓർത്തു. കഴുത്തിലെ സ്വർണ്ണമാല കണ്ടപ്പോൾ നാടുവിടുന്ന ദിവസം ഏട്ടത്തിയോടടിച്ചെടുത്തു കൊണ്ടു പോന്ന കാശുമാലയുടെ കാര്യമോർത്തു. ആഭരാണാദികളിലൂടെ എതിർകക്ഷി ഒരു സമ്പന്നാണെന്ന വിശ്വാസമുദിച്ചപ്പോൾ കുഞ്ചുണ്ണി തണുത്തു.

"എനിയ്ക്കു മനസ്സിലായില്ല?"

"എനിയ്ക്കും മനസ്സിലായില്ല."

"ഞാനിവിടത്തെ താമസക്കാരനാണ്. പേര് കുഞ്ചുണ്ണി."

"ഞാനിവിടത്തെ അതിഥിയാണ്. പേര് ഗുരു ശങ്കരദാസ്സ്!"

അതിഥിയെ കുഞ്ചുണ്ണിയ്ക്കിഷ്ടമായി. വെളുത്തു തടിച്ച്, കാതിലും കഴുത്തിലും ആഭരണമണിഞ്ഞ്, നല്ല വസ്ത്രം ധരിച്ച്, കാണുന്നവർക്ക് സംശയം കൂടാതെ മനുഷ്യനാണെന്നംഗീകരിക്കാൻ ഒട്ടും പ്രയാസമില്ലാത്തൊരു വ്യക്തിയാണ് തന്റെ മുമ്പിൽ നിൽക്കുന്നത്. ആശ്വാസം.

മാസാരംഭത്തിൽ ശമ്പളം കിട്ടിയ തുകയിൽനിന്ന് മുക്കാലോഹരിയും ഭാര്യയ്ക്കയച്ച്, അരവയറും അന്തിപ്പട്ടിണിയുമായി കഴിയുന്ന കണ്ണൻകുട്ടിമേനോനും, സ്നേഹിച്ച പെണ്ണിനെ കെട്ടാൻ കഴിയാതെ, കെട്ടിയ പെണ്ണു മൂന്നു കൊല്ലം കൊണ്ട് സമ്മാനിച്ച നാലു കുട്ടികളുടെ അച്ഛനെന്ന നിലയിൽ അകാലനരയും വാർദ്ധക്യവും ബാധിച്ച് എപ്പോഴും കരയാനോങ്ങി നില്ക്കുന്ന മുഖവുമായി കഴിയുന്ന പീറ്ററും, അഞ്ചു പെങ്ങന്മാരെ കല്യാണം കഴിച്ചയക്കാനുണ്ടെന്നുള്ള ഭീകരസത്യം മുമ്പിൽ കണ്ട് ഞെട്ടി, പ്രമോഷനും ശമ്പളക്കൂടുതലിനുംവേണ്ടി, കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കയറി രാവിലേയും വൈകുന്നേരവും കൈവിരൽകൊണ്ട് ചുര മാന്തുന്ന കൃഷ്ണൻകുട്ടിയും, വൈദ്യശാല വെച്ച് പൊളിഞ്ഞ അച്ഛന്റെ ഭീമമായ കടത്തിലേക്ക് എല്ലാ മാസവും വലിയൊരു തുക പിഴയടച്ച് ഇരുപത്തിരണ്ടാമത്തെ വയസ്സിൽ കഷണ്ടി ബാധിച്ച ജയകൃഷ്ണനും, താനൊരു ക്ഷയരോഗിയാണെന്ന് വിശ്വസിച്ച്, ഭക്ഷണത്തിനു പകരം ഗുളികയും പൊടിയും ലേഹ്യവും ടോണിക്കും കഴിച്ച് ദിനംപ്രതി വിളർത്തും വിളറിയും വരുന്ന മുകുന്ദനും കുഞ്ചുണ്ണിയെ ഭയങ്കരമായി നിരാശപ്പെടുത്തിയിരിയ്ക്കുകയാണ്. കഷ്ടപ്പാടും ബുദ്ധിമുട്ടും പരാതിയും നിറഞ്ഞതാണ് ഈ പ്രപഞ്ചമെന്ന വിശ്വാസത്തിലേക്ക് കുഞ്ചുണ്ണിയെ പിടിച്ചിറക്കി നിർത്തിയിരിയ്ക്കുകയാണ്.

അശ്വഹൃദയത്തിലെ ഏതെങ്കിലുമൊരുത്തനെക്കണ്ടാൽ ഒരു നേരത്തെ ആഹാരം നഷ്ടപ്പെട്ട തളർച്ച അനുഭവപ്പെടും. എല്ലാവരേയും ഒരുമിച്ച് കണ്ടാൽ രണ്ടാഴ്ച നിരാഹാരവ്രതമെടുത്ത ക്ഷീണവും വയ്യായ്മയുമനുഭവപ്പെടും. ഓരോരുത്തനും ബുദ്ധിമുട്ടിന്റെ, കഷ്ടപ്പാടിന്റെ ഓരോ വിഷാദകാവ്യമാണ്. അതിനിടയിലേക്കാണ് ഒരു പ്രേമകാവ്യംപോലെ ഗുരുശങ്കരദാസ്സ് കടന്നുവന്നത്. കുഞ്ചുണ്ണി ആർത്തിയോടെ നോക്കി. മുട്ടായിക്കടക്കാരന്റെ മരത്തട്ടിൽ നെയ്യുലുവ എന്നപോലെ ഗുരു ചാരുകസേരയിൽ കിടക്കുന്നു. ആ നിറംപോലും നെയ്യുലുവയുടേതാണ്.

മറ്റൊരവസരത്തിൽ മറ്റൊരാളാണ് ആ ചാരുകസേരയിലിങ്ങനെ ഇരിയ്ക്കുന്നതെങ്കിൽ അവന്റെ വാരിയെല്ലോരോന്നും ഊരിയെടുത്തു കുഞ്ചുണ്ണി കോൽക്കളി കളിയ്ക്കുമായിരുന്നു! ഇരിയ്ക്കട്ടെ. സുഖമായിരിയ്ക്കട്ടെ. ചാരുകസേരകൾ തറവാടികൾക്കിരിയ്ക്കാനുള്ളതാണ്.

ഒന്നു കുളിയ്ക്കണം. ആകെ ചീഞ്ഞ് നാറിയിരിക്കുന്നു. ലോക്കപ്പ് മുറിയിലെ മണ്ണും ചളിയും പറ്റി ജൂബ്ബയും മുണ്ടും വൃത്തികെട്ടിരിക്കുന്നു.

ജൂബയഴിച്ച് വലിച്ചെറിയുമ്പോൾ മജിസ്ട്രേട്ടിനു നന്ദിപറഞ്ഞു. ദീർഘായുസ്സ നേർന്നു.

ആ രംഗം മനസ്സിൽനിന്നു മായുന്നില്ല.

പോലീസകമ്പടിയോടുകൂടി കോടതിയിലെത്തിയപ്പോൾ വിയർപ്പും തളർച്ചയും ദാഹവുമുണ്ടായിരുന്നു. അപമാനഭാരംകൊണ്ട്, താണുപോയ തല കറങ്ങുന്നുണ്ടായിരുന്നു. വിറയ്ക്കുന്ന കാൽമുട്ടുകൾ പ്രതിക്കൂട്ടിന്റെ അഴികളിൽ തട്ടി ശബ്ദമുണ്ടാക്കിയിരുന്നു. കോടതിമുറിയിലെ ജനക്കൂട്ടത്തെ തലയുയർത്തി നോക്കാൻ പേടിയായിരുന്നു.

അപ്പോൾ ഇടിമുഴക്കംപോലുള്ള ശബ്ദം. ആരോ ഒച്ചയനക്കിയതാണ്. മജിസ്ട്രേട്ടായിരിയ്ക്കുമോ?

പേരു ചോദിയ്ക്കുന്നു!

പ്രവൃത്തി ചോദിയ്ക്കുന്നു!

തലയുയർത്താതെ ഗദ്ഗദസ്വരത്തിൽ മറുപടി പറഞ്ഞു. സത്രത്തിൽ നടന്ന കാര്യം ഒറ്റ വീർപ്പിന്നു ആരും ചോദിക്കാതെതന്നെ വിവരിച്ചു.

കനത്ത നിശ്ശബ്ദത!

"ഇത്തവണ മാപ്പ് നല്കിയിരിക്കുന്നു!"

നീതിന്യായക്കോടതി, നിനക്കു അനന്തകോടി പുണ്യം! നിന്റെ ക്രോധാഗ്നിയിൽ കുഞ്ചുണ്ണി മൃതൻ.

നിന്റെ ദയാവായ്പിൽ കുഞ്ചുണ്ണി പരമ ഭാഗ്യവാൻ!

"മേലിൽ സൂക്ഷിയ്ക്കണം!" താക്കീതു വരുന്നു!

സൂക്ഷിയ്ക്കാം. സന്ധ്യകഴിഞ്ഞാൽ പുറത്തിറങ്ങില്ല. പട്ടാപ്പകലും സത്രത്തിന്നടുത്തുകൂടി പോവില്ല. തെരുവുസുന്ദരികളെ കണ്ടാൽ പ്രാണനും കയ്യിലെടുത്തു പിടിച്ച് മരണപ്പാച്ചിൽ പാഞ്ഞ് രക്ഷപ്പെടും.

"മാനമര്യാദയായി ജീവിയ്ക്കണം."

അതു വേണ്ടായിരുന്നു മജിസ്ട്രേട്ടങ്ങുന്നേ, ആ ഒരു വാചകം വേണ്ടായിരുന്നു! കേട്ടുനില്ക്കുന്ന ജനങ്ങൾ മുഴുവനും ബുദ്ധിയുള്ളവരാണെന്നു വിചാരിക്കരുത്.

നിരുപാധികം വിട്ടയച്ചെന്നു കേട്ടപ്പോൾ ഓട്ടമായിരുന്നു. ഗയിറ്റു കടക്കാനുള്ള ക്ഷമയില്ല. മതിൽചാടിക്കടന്നു. വിശാലമായ പ്രപഞ്ചത്തിൽ എവിടെ വേണമെങ്കിലും കയ്യുംവീശി നടക്കാനുള്ള സ്വതന്ത്ര്യം തിരിച്ചുകിട്ടിയിരിക്കുന്നു.

സ്വാതന്ത്ര്യം ഇത്ര മധുരമാണൊ, സുന്ദരമാണോ?

ആവേശം തണുത്തപ്പോൾ ഓട്ടം നിലച്ചു. നടത്തമായി. ഓരോ അടിയും അമർത്തിച്ചവുട്ടി. വാസുമുതലാളിയുടെ നെഞ്ച് കാൽക്കീഴിലുണ്ടെന്ന സങ്കല്പത്തോടെ.

തോർത്തും സോപ്പുപെട്ടിയുമെടുത്തു രണ്ടടി നടന്നപ്പോൾ പട്ടാപ്പകലാണെന്ന കാര്യം ഓർമ്മവന്നു. നിരത്തുവക്കിലെ ടാപ്പിന്നടുത്തുനിന്നു അപ്പോൾ കളിക്കാൻ സാദ്ധ്യമല്ല. ഇരുട്ടിന്റെ മറവു വേണം.

കാലും മുഖവും വൃത്തിയായി കഴുകി. കുറച്ചു തണുത്ത വെള്ളമൊഴിച്ചു തല തണുപ്പിച്ചു തിരിച്ചുപോന്നു.

ചാരുകസേരയിൽ നെയ്യലുവ മലർന്നുകിടക്കുന്നു!

ഉടുപ്പു മാറ്റിയപ്പോൾ ഒരു നവചൈതന്യം സിദ്ധിച്ചപോലെ തോന്നി. എങ്കിലും നല്ല ക്ഷീണമുണ്ട്. രണ്ടു കാളരാത്രികൾ ലോക്കപ്പിൽ കഴിച്ചതിന്റെ ക്ഷീണം. ഭാര മൊഴിഞ്ഞ മനസ്സുംവെച്ച് ഒരിടത്ത് നീണ്ടു നിവർന്നു കിടക്കാനാണ് തോന്നിയത്.

പക്ഷെ, വയ്യ!

ആത്മാവിൽ കയറിനിന്നു പൂവൻകൊഴിയെപ്പോലെ വാസുമുതലാളി പ്രാണ ഞരമ്പുകൾ കൊത്തിവലിക്കുകയാണ്. അവനെ വകവരുത്തീട്ട് വിശ്രമം. ഭക്ഷണ വും അതു കഴിഞ്ഞിട്ടു മതി. ഒന്നിനു പിറകെ മറ്റൊന്നായി ചാട്ടുളിപോലെ ആക്ഷേപം അണച്ചെടുത്തു പ്രയോഗിക്കണം. ഓരോന്നു കൊള്ളുമ്പോഴും ശത്രു നിലത്തു വീണു പിടയണം.

എഴുതാനുള്ള അദമ്യമായ പ്രചോദനം വരുന്നു!

ചാരുകസേരയിൽ നെയ്യലുവ മലർന്നുകിടക്കുന്നു.

'സിംഹഗർജ്ജന'ത്തിന്റെ ആപ്പീസിൽ ചെന്നിരിക്കാം. ആചാര്യനുമായി കൂടി യാലോചിക്കാം. എന്നിട്ടെഴുതാം. ഇനിയൊരു പ്രഭാതമുണ്ടെങ്കിൽ അപവാദത്തി ന്റെ കടുത്ത ഭീഷണിയുംകൊണ്ട് 'സിംഹഗർജ്ജനം' വാസുമുതലാളിയുടെ പടി കയ റി ചെല്ലണം.

യാത്രയ്ക്കൊരുങ്ങി വാതിൽപ്പടിയിലെത്തിയപ്പോൾ തിരിഞ്ഞുനിന്നു ലൗകികം പറഞ്ഞു:

"ഊണു കഴിക്കുന്നേ?"

"കഴിക്കണം."

ഗുരു നിവർന്നിരുന്നു.

"അടുത്തെങ്ങാനും നല്ല ഹോട്ടലുണ്ടോ?"

"വെജിറ്റേറിയനോ അതോ നോൺവെജിറ്റേറിയനോ?"

"വെജിറ്റേറിയൻ. ശവം തിന്നുന്ന ഏർപ്പാടില്ല. നെയ്യും പരിപ്പും തൈരും നിർ ബ്ബന്ധം. ഊണു കഴിഞ്ഞാൽ ഒരു ജിലേബിയും അത്രതന്നെ നിർബന്ധം."

വെറുതെയല്ല നെയ്യലുവപോലെ നിറവും കൊഴുപ്പും കിട്ടിയതു്.

ഹോട്ടൽ കാണിച്ചുകൊടുക്കാമെന്ന് കുഞ്ചുണ്ണി പറഞ്ഞു. വേണ്ട, പേരു പറ ഞ്ഞാൽ മതിയെന്നു ഗുരു നിർദ്ദേശിച്ചു. അല്പം കഴിഞ്ഞു സൗകര്യംപോലെ ചെന്നു കണ്ടോളാം.

പിന്നെ വാദപ്രതിവാദമുണ്ടായില്ല. കുഞ്ചുണ്ണി കീഴടങ്ങി. ഒന്നും പറയാതെ പുറ ത്തു കടന്നു. ഗുരുവീണ്ടും ചാരുകസേലയിലേക്കു മലർന്നു.

— 6 —

# ആറ്

വാസുമുതലാളി സോഫയിലിരുന്ന് സിഗരറ്റ വലിയ്ക്കുമ്പോൾ, പ്രഭാതം, ബംഗ്ലാവിന്റെ മുറ്റത്തു നിന്ന് ജാലകപ്പഴുതിലൂടെ അകത്തു നോക്കി ചിരിച്ചു. മുതലാളി കണ്ടഭാവം നടിച്ചില്ല, മുഖം കനപ്പിച്ചിരുന്നു.

ആകെ പരിഭ്രമമായിരുന്നു മുതലാളിയ്ക്ക്. സിഗററ്റ് കുറ്റികൾകൊണ്ട് "ആഷ്ട്രേ' നിറഞ്ഞിരിക്കുന്നു. അതു കണ്ടാൽ അനേക ദിവസങ്ങളായി അവിടെയിരുന്നു സിഗ രറ്റ വലിയ്ക്കുകയാണെന്നു തോന്നും.

രാത്രി ഒരു പോള കണ്ണടച്ചിട്ടില്ല. പണമുണ്ട്, ജനസ്വാധീനമുണ്ട്. പലകുറി നി യമത്തെ ചൊല്പടിയ്ക്കു നടത്തീട്ടുണ്ട്. എന്നിട്ടും അകാരണമായ പരിഭ്രമം കീഴടക്കാ നെത്തുന്നു.

അകാരണമാണോ പരിഭ്രമം? അല്ലെന്നു വെക്കുക, എന്നാൽത്തന്നെയെ ന്ത്? കാരണങ്ങളൊന്നും പുതുമയുള്ളതല്ല. പണ്ടും പല തവണ ഇങ്ങനെയൊക്കെ ഉണ്ടായിട്ടുണ്ട്.

കരിഞ്ചന്തയും, കള്ളക്കടത്തും, പൂഴ്ത്തിവെപ്പും കൊള്ളലാഭവുമൊക്കെ രസമുള്ള കാര്യങ്ങളാണ്. രസമുള്ള കാര്യങ്ങൾ പിന്നേയുമുണ്ട്. മഹാനഗരത്തിലെ മികച്ച ഹോട്ടലുകളിലും ക്ലബ്ബുകളിലും രാത്രിയുടെ ആദ്യയാമങ്ങൾ ചിട്ടപ്പടി ചിലവഴിയ്ക്കുക. വാരാന്ത്യത്തിൽ ഗുരുവായൂർക്ക് ഭജനത്തിനെന്നു പറഞ്ഞ് മലമ്പുഴയിലോ പീച്ചി യിലോ ഉള്ള സുഖവാസകേന്ദ്രങ്ങളിലെത്തി, ഒന്നോ രണ്ടോ ദിവസം ശാസ്ത്രീയമായി ജീവിക്കുക. അങ്ങിനെ പലതും ചെയ്തിട്ടുണ്ട്. എന്നു പരിഭ്രമം. ഭീരുത്വമാണോ. ഈ പരിഭ്രമത്തിനു കാരണം? അല്ല.

ജനങ്ങളറിയുന്ന വാസുമുതലാളി നൂറു ശതമാനം മാന്യനായിരിക്കണം. അധർ മ്മഭീരുവും രാജ്യസ്നേഹിയും ഈശ്വരവിശ്വാസിയുമായിരിക്കണം. അതിന്നുവേണ്ടി പല വഴിക്കും പണം വാരിക്കോരി ചിലവഴിച്ചു. ജനങ്ങൾ ഭയപ്പെടുകയും ബഹുമാനി

ക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. ചെറിയൊരു നോട്ടക്കുറവു മതി, എല്ലാം തകർന്നു പോവും. അതോർക്കുമ്പോഴാണ് പരിഭ്രമം.

കള്ളക്കടത്തിലേർപ്പെട്ട ലോറികൾ അതിർത്തിക്കപ്പുറത്താണ്. അവ ഭദ്രമായി തിരിച്ചെത്തുന്നതുവരെ പരിഭ്രമംതന്നെ. മനസ്സമാധാനത്തിന്റെ അടിപ്പലക തകർക്കാൻ മറ്റൊരു കാരണം കൂടിയുണ്ട്.

കുഞ്ഞുണ്ണി.

വേദനിപ്പിച്ചു വിട്ട വെമ്പാലയെപ്പോലെ കുഞ്ഞുണ്ണി പകവെച്ചു നടക്കുകയാണ്. തരം കിട്ടുമ്പോൾ കടിച്ചു വിഷമേല്പിക്കും.

കുഞ്ഞുണ്ണിയും ലോറിയും പല തവണ മനസ്സിൽ കൂടി കടന്നുപോയപ്പോൾ വാസുമുതലാളി എഴുന്നേറ്റ് ടെലഫോണിന്നടുത്തേക്ക് നടന്നു. റസീവറെടുത്ത് ചെവിടോടടുപ്പിച്ച് സംശയിച്ചു നിന്നു. പിന്നെ, സാവകാശം ഡയൽ ചെയ്യാനാരംഭിച്ചു.

"ഹലൊ."

കമ്പികളിലൂടെ ഒഴുകി വന്നു കാതിൽ വീഴുന്ന ശബ്ദതരംഗങ്ങൾക്കു വേണ്ടി കാത്തുനിന്നു. മറുപടി വന്നു. പശ്ചാത്തലത്തിൽ കാക്കകളും കുട്ടികളും ബഹളമുണ്ടാക്കുന്നു.

"ഗുഡ്മോണിങ്ങ് സാർ."

വാസുമുതലാളിയുടെ ശബ്ദത്തിൽ അഗാധമായ ആദരവും മുഖത്ത് പുച്ഛവും പ്രകടമായി.

"ഇന്നലെ വൈകിട്ട് കാണാൻ പറ്റിയില്ല സാർ."

മറുഭാഗത്ത് പ്രതീക്ഷിച്ച മട്ടിൽ പ്രതികരണം അനുഭവപ്പെട്ടില്ല. പ്രോത്സാഹജനകമല്ലാത്ത നിലപാട്. അങ്ങിനെ വിട്ടാൽ പറ്റില്ല. ഒന്ന് പ്രലോഭിപ്പിച്ചുകളയാമെന്ന് വാസുമുതലാളി തീരുമാനിച്ചു.

"സാർ, ആ സ്ഥലത്തിന്റെ കാര്യം ശരിയായിട്ടുണ്ട്."

മറുഭാഗത്ത് ഇളക്കം അനുഭവപ്പെടുന്നു. കാതിൽ വന്നു വീഴുന്ന വാക്കുകൾ മാധുര്യം കലർന്നതാവുന്നു. ഒരു പ്രസംഗം തന്നെ ആരംഭിക്കുന്നു. വാസുമുതലാളി ഒരു ചെറിയ പഴുതിലൂടെ കടന്നു കയറി സംസാരിക്കുന്നു.

"ഒന്നാന്തരം സ്ഥലമാണ് സാർ. എത്ര ഏക്കർ വേണം? അതിങ്ങു പറഞ്ഞാൽ മതി."

അടക്കിപ്പിടിച്ച സ്വരത്തിൽ മറുഭാഗത്തുനിന്നു ഏതാനും നിർദ്ദേശങ്ങൾ വരുന്നു. അതു മുഴമിയ്ക്കാൻ വാസുമുതലാളി ഇടകൊടുത്തില്ല.

"എങ്ങിനെ വേണമെങ്കിലും ശരിപ്പെടുത്താം സാർ. ഒരു ബുദ്ധിമുട്ടുമില്ല. ഭാര്യയുടെ പേരും വിലാസവും അവിടെ കുറിച്ചു വെച്ചാൽ മതി"...

ഭാര്യയുടെ മേൽവിലാസം കമ്പികളിലൂടെ ഒഴുകിവരുന്നു. വാസുമുതലാളി കുറിച്ചെടുക്കുന്നു.

"ഈ വിലാസത്തിൽ വസ്തു ഒഴിമുറി എഴുതി റജിസ്റ്ററാക്കി, ആധാരം ഞാനവിടെ എത്തിക്കാം."

നന്ദിപ്രകടനത്തിന്റെ സുന്ദരൻവാക്കുകൾ ഒഴുകിയെത്തി വാസുമുതലാളിയുടെ കാത് കുളുർപ്പിക്കുന്നു.

"അപ്പോൾ സാർ, അന്നു കൊടുത്തയച്ച അരി തീർന്നോ?"

മറുവശം പ്രാരാബ്ധത്തിന്റെ കെട്ടഴിക്കുന്നു. സമ്മതിച്ചില്ല.

"ഇന്നുതന്നെ ഒരു ചാക്കങ്ങട്ടയയ്ക്കാം സാർ...ശരി സാർ...ശരി."

റസീവർ വെച്ചപ്പോൾ ഹൃദയഭാരം പകുതിയായി ചുരുങ്ങിയതുപോലെ തോന്നി. കള്ളക്കടത്തിന്നു പോയ ലോറികൾക്ക് ഒന്നും പറ്റിട്ടില്ല. ഭയപ്പെടാനില്ല. ഏറ്റവും ഉയർന്ന സ്ഥാനത്താണ് പരീക്ഷണം നടത്തിയത്. പലപ്പോഴും അപകടത്തിന്റെ മുന്നറിയിപ്പു തന്നു രക്ഷിച്ച മനുഷ്യനാണ്. കനത്ത പ്രതിഫലം വാങ്ങീട്ടാണെന്നു സമ്മതിക്കുന്നു. സാരമില്ല.

മനസ്സമാധാനത്തോടെ തിരിഞ്ഞു നടന്നപ്പോൾ, കാര്യസ്ഥൻ പരമു പടികടന്നു വരുന്നു.

"എടാ ലോറി വന്നോ?"

"വന്നു."

"എപ്പ വന്നു?"

"പുലർച്ചെ നാലു മണിയ്ക്ക്."

"എന്നാൽ കഴുതേ, ആ വിവരം നേർത്തെ വന്ന് പറയാമായിരുന്നില്ലേ? മറ്റുള്ളവരുടെ വിഷമം നിങ്ങൾക്കാർക്കും മനസ്സിലാവില്ലെടാ. മാനേജരുണ്ടായിരുന്നില്ലേ അവിടെ?"

"ഉണ്ടായിരുന്നു."

"നിന്നെപ്പോലെ മറ്റൊരു കഴുത."

തോളിൽ ചുമന്നു കൊണ്ടുവന്ന കടലാസ്സുകെട്ട് മേശപ്പുറത്തിറക്കിവെച്ച് അല്പം മാറിനിന്ന് പരമു പതുക്കെ പറയാൻ തുടങ്ങി.

"ഒരപകടം പറ്റി."

"എന്തെടാ, ഏ?"

"ചെക്ക് പോസ്റ്റിൽ നിർത്താതെയാണ് ലോറികൾ കടന്നു പോന്നത്."

"നന്നായി."

"പിറകെ പോലീസ് ജീപ്പുണ്ടായിരുന്നു. പിടികൊടുക്കാതെ വേഗത്തിൽ പോരുമ്പോൾ ലോറിയ്ക്കു കുടുങ്ങി രണ്ടുപേർ മരിച്ചു."

"അതിലേറെ നന്നായി! ആരു പറഞ്ഞെടാ പാതിരയ്ക്കുവരോട് റോഡിലിറങ്ങി നടക്കാൻ? അതിരിയ്ക്കട്ടെ, ഈ കടലാസ്സുകെട്ട് മാനേജർ തന്നതാണോ?"

"അതെ."

പരമു അടുക്കളയിലേക്ക് പോയപ്പോൾ മുതലാളി കടലാസ്സുകെട്ടും തൂക്കിയെടുത്ത് കാർഷെഡ്ഡിൽ കടന്നു വാതിലടച്ചു.

കെട്ട് പൊട്ടിയ്ക്കുമ്പോൾ കൈ വിറയ്ക്കുന്നുണ്ടായിരുന്നു.

"സിംഹഗർജ്ജനം—പ്രഭാതപത്രം!"

ആദ്യത്തെ പേജിൽതന്നെ വെമ്പാലയുടെ വിഷം പരന്നു കിടക്കുന്നു. വായിച്ചുതീർന്നപ്പോൾ തളർന്നു പോയി. ഭയങ്കരം! ജനങ്ങളിതറിയാനിടവന്നെങ്കിൽ വാസുമുതലാളിയെന്ന ആ വലിയ സങ്കല്പം അങ്ങനെത്തന്നെ അടർന്നു വീഴും. തളർച്ച പറ്റിയതവിടെയല്ല. എഴുതിപ്പിടിപ്പിച്ചതെല്ലാം സത്യമായിരുന്നു!

ദുഷ്ടൻ!

ഓരോ പ്രതിയെടുത്ത് തീകൊളുത്തി. സിംഹഗർജ്ജനത്തിന്റെ ശവസംസ്കാരം അങ്ങിനെ ആരുമറിയാതെ നടക്കുകയാണ്. തീ കത്തിപ്പിടിച്ച്, അക്ഷരങ്ങളെ വിഴുങ്ങി മുന്നേറുമ്പോൾ ക്രൂരമായൊരു സംതൃപ്തി അനുഭവപ്പെട്ടു!

"എടാ. ഇത് വാസുമുതലാളിയാണ്. മനസ്സിലായോ?"

കത്തിപ്പടരുന്ന തീയിലേക്കു നോക്കിക്കൊണ്ട് വാസുമുതലാളി പറഞ്ഞു. കുഞ്ചുണ്ണിയതു കേട്ടെങ്കിൽ ഞെട്ടിത്തെറിച്ചുപോകുമായിരുന്നു. ആ രംഗം കണ്ടെങ്കിൽ ബോധംകെട്ട് വീഴുമായിരുന്നു.

വളരെ സമർത്ഥമായിട്ടാണ് ആ പരിപാടി സംവിധാനം ചെയ്തെടുത്തത്. സിംഹഗർജ്ജനത്തിന്റെ പത്രാധിപർ മികച്ച തന്ത്രശാലിയാണെങ്കിലും വലിയ പണക്കൊതിയനാണെന്ന് കേട്ടിട്ടുണ്ട്. ആ ദൗർബ്ബല്യത്തിൽനിന്ന് മുതലെടുക്കാൻ വാസുമുതലാളി തീരുമാനിച്ചു.

ആദ്യത്തെ ശ്രമം ഒന്നു പരിചയപ്പെടാനായിരുന്നു. പല വഴികളും നോക്കി, ഫലിച്ചില്ല. പിന്നെ പത്രമടിക്കുന്ന പ്രസ്സന്വേഷിച്ചു പിടിച്ചു. പ്രസ്സിന്റെ മനേജരുമായി അടുത്ത ബന്ധം പുലർത്തി. പല വഴിക്കും അയാളെ പ്രലോഭിപ്പിച്ചു. അങ്ങനെ പത്രാധിപരുമായി ഒരു കൂടിക്കാഴ്ച തരപ്പെടുത്തി.

വൃത്തികെട്ട മനുഷ്യൻ! കണ്ടപ്പോൾ തോന്നിയ അഭിപ്രായമാണ്. മുഖത്തു നോക്കി സംസാരിക്കില്ല. ചിരിക്കില്ല. ഇങ്ങനെയുണ്ടോ ഒരു മനുഷ്യൻ? ഒരു മെരുങ്ങാത്ത മൃഗത്തെപ്പോലെയാണ് പെരുമാറ്റം. സാരമില്ല. സൗന്ദര്യാരാധനക്കു വന്നതല്ലല്ലൊ. വാസുമുതലാളി വളരെ നയത്തിൽ അടുക്കാൻ ശ്രമിച്ചു.

"പേരു മനസ്സിലായില്ലല്ലൊ."

"പത്രാധിപരെന്നു മനസ്സിലായാൽ മതി."

ആദ്യത്തെ പരാജയം. വാസുമുതലാളി വിട്ടില്ല.

"എത്ര മക്കളുണ്ട് !"

"മക്കളില്ല."

"ഭാര്യ പ്രസവിച്ചിട്ടില്ലേ?"

“വിവാഹം കഴിച്ചിട്ടില്ല.”

വെറുതെയല്ല ഇത്ര പരുക്കനായത്. എന്തു കരടിയായാലും അടുക്കാതെ പറ്റില്ലല്ലൊ.

“പത്രാധിപരെ ഞാൻ കാണണമെന്നു പറഞ്ഞത് ഒരു പ്രത്യേക കാര്യത്തിനാണ്.”

“കണ്ടില്ലേ?”

തോക്കിൽനിന്നു ഉണ്ട പായുമ്പോലെയാണ് ഓരോ വാക്കും പുറത്തു ചാടുന്നത്. കലശലായ ശുണ്ഠിവന്നെങ്കിലും നല്ല നിയന്ത്രണത്തോടെ വാസുമുതലാളി പെരുമാറി.

ഒരു പൊള്ളച്ചിരി ചിരിച്ചുകൊണ്ട് പറഞ്ഞു. “കണ്ടാൽ മാത്രം പോര, എനിയ്ക്കു ചിലത് പറയാനുണ്ട്.”

“വേഗം പറയണം. എനിക്കു തിരക്കുണ്ട്.”

“പറയാം.”

വാസുമുതലാളി പത്രാധിപരുടെ മുഖത്തു സൂക്ഷിച്ചുനോക്കി. ആദ്യം കണ്ടതിൽനിന്ന് നേരിയൊരു വ്യത്യാസം വരുത്താൻപോലും തന്റെ പരിശ്രമത്തിന്ന് കഴിഞ്ഞിട്ടില്ലെന്നു മനസ്സിലായി. അവിടെ നിർവ്വികാരമെന്നൊരവസ്ഥ മാത്രം. കോപമോ, താപമോ, ജിജ്ഞാസയോ ഒന്നും നാമ്പെടുക്കാത്ത മണലരണ്യംപോലുള്ള ആ മുഖത്ത് ഒരിയ്ക്കൽ നോക്കിയാൽ മഹാമുനിമാർപോലും വിശ്വദ്വേഷികളായി മാറും.

“നമ്മളൊക്കെ ജോലിചെയ്യുന്നത് സുഖമായി ജീവിക്കാനാണ്.”

വാസുമുതലാളി അടവൊന്നു മാറ്റി.

“അല്ലേ?”

“ഉം.”

“ജോലിയുടെ തരംപോലെയാണ് പ്രതിഫലം. കച്ചവടക്കാരന് ലാഭമായിട്ടും ഉദ്യോഗസ്ഥന് ശമ്പളമായിട്ടും പ്രതിഫലം കിട്ടുന്നു. പത്രം അടിക്കുന്നതും വില്ക്കുന്നതും ഒരു കച്ചവടമല്ലേ?”

പത്രാധിപർ മിണ്ടിയില്ല. താനിതിലൊരു കക്ഷിയല്ലെന്ന നിലയിൽ അപാരതയിൽ കണ്ണു നട്ടു നിശ്ചലനായിരുന്നു. മറുപടിക്കു കാത്തുനിന്ന് കിട്ടാതായപ്പോൾ അതും വാസുമുതലാളിതന്നെ പറഞ്ഞു:

“അതെ, കച്ചവടമാണ്. അപ്പോൾ ഞാനും നിങ്ങളും ഒരേ തൊഴിലിലേർപ്പെട്ടവരാണെന്ന് സമ്മതിക്കേണ്ടിവരും. നമുക്കാവശ്യം ലാഭമാണ്.”

പത്രാധിപർ ആണെന്നും അല്ലെന്നും പറഞ്ഞില്ല.

“ലാഭം” വാസുമുതലാളി ഉറപ്പിച്ചു പറഞ്ഞു.

“നിങ്ങളുടെ കച്ചവടത്തിൽ വേണ്ടത്ര ലാഭം ഞാനുണ്ടാക്കിത്തരാം. സമ്മതമാണോ?”

ഉത്തരമില്ല.

"നിങ്ങളുടെ കച്ചവടത്തിൽ വേണ്ടത്ര ലാഭം ഞാനുണ്ടാക്കിത്തരാം. സമ്മത മാണോ?"

ഉത്തരമില്ല.

"നിങ്ങളെ ഞാൻ സഹായിക്കാം."

"വേണ്ട."

ആദ്യത്തെ ക്ഷീണം. രണ്ടാമത്തെ പരാജയം. എങ്കിലും വീഴാതെ പിടി ച്ചുനിന്നു.

"കുറ്റവും കുറവും എല്ലാ മനുഷ്യരിലും കാണും. അതൊക്കെ അച്ചടിച്ചു നാടാകെ പരസ്യംചെയ്തിട്ടു വേണോ ലാഭമെടുക്കാൻ. ഈ സമ്പ്രദായം ആർക്കും ഗുണം ചെ യ്യുന്നില്ല. നിങ്ങളിതുപേക്ഷിക്കണം."

"എന്തിന്ന്?"

"ഈ വ്യവസായം നിങ്ങൾക്കു ദോഷമേ ചെയ്യൂ. നാട്ടുനീളെ എന്തിനിങ്ങനെ ശത്രുക്കളെ സമ്പാദിയ്ക്കണം?"

പത്രാധിപർ എന്തോ പറയാനൊരുങ്ങി. പക്ഷേ, ശബ്ദം പുറത്തുവന്നില്ല. കീഴ ടങ്ങുകയാവുമെന്ന വിശ്വാസത്തിൽ വാസുമുതലാളി കുറഞ്ഞൊരു ഭീഷണിയെടുത്ത് പുറത്തിട്ടു:

"ഇത് ആയുസ്സിന്നും ആരോഗ്യത്തിന്നും നന്നല്ല."

പത്രാധിപർ തലയുയർത്തി ആദ്യമായി വാസുമുതലാളിയുടെ മുഖത്തു നോക്കി.

"ഭീഷണിയാണോ?" പത്രാധിപർ ചോദിച്ചു: "എങ്കിൽ പറയാനുണ്ട്. എന്റെ ആയുസ്സിനെച്ചൊല്ലി വിഷമിക്കണമെന്നില്ല. ഈ മഹാനഗരത്തിലെ ഭൂരിപക്ഷത്തി ന്റെ കയ്യിൽ അതെന്നും ഭദ്രമായിരിക്കും, മനസ്സിലായോ?"

വാസുമുതലാളി പരുങ്ങി, ആ പരുങ്ങൽ കണ്ടാൽ ഒന്നും മനസ്സിലായില്ലെന്നനു മാനിക്കാം. പത്രാധിപർ അങ്ങിനെ അനുമാനിച്ച് വിശദീകരണമാരംഭിച്ചു.

"എന്റെ പത്രത്തിൽ ഞാനാക്ഷേപിക്കുന്നത് ചുരുങ്ങിയ വ്യക്തികളെ മാത്രം. അതു വായിച്ചാസ്വദിക്കുന്നതോ? ബഹുഭൂരിപക്ഷം. അവരെന്നെ പ്രോത്സാഹിപ്പി ക്കുന്നു, സഹായിക്കുന്നു. എന്റെ ആയുസ്സും ആരോഗ്യവും അവരുടെ കയ്യിലാണ്. അപവാദം കേൾക്കാനും പ്രചരിപ്പിക്കാനും ആർക്കാണിഷ്ടമല്ലാത്തത്? നിങ്ങൾകി ഷ്ടമല്ലേ?"

വാസുമുതലാളി മിണ്ടിയില്ല. പത്രാധിപർ കുറച്ചുച്ചത്തിൽ ചോദിച്ചു.

"നിങ്ങൾ മറ്റുള്ളവർക്കപവാദം പറയാറില്ലേ?

വാസുമുതലാളിക്ക് നിഷേധിക്കണമെന്നുണ്ടായിരുന്നു. നാക്കു പൊങ്ങിയില്ല. പത്രാധിപർ വൃത്തികെട്ട മനുഷ്യനായാലും പറയുന്നത് സത്യമാണ്.

"സമൂഹത്തിന്റെ കാതലായ ഈ സ്വഭാവം ഞാൻ ചൂഷണം ചെയ്യുന്നു. അവന വനെപ്പറ്റിയല്ലാത്ത ഏതാക്ഷേപവും അപവാദവും എല്ലാവർക്കും ഇഷ്ടമാണ്. ആ

ഒരൊറ്റ കാരണംകൊണ്ട് ഞാൻ കൊല്ലപ്പെടുന്നില്ല. മനസ്സിലായോ? എന്റെ ആയുസ്സിനെച്ചൊല്ലി ഇനി വിഷമിക്കരുത്. നമസ്കാരം."

പത്രാധിപർ എഴുന്നേറ്റു. വാസുമുതലാളി കയ്യിൽ കേറിപ്പിടിച്ചപേക്ഷിച്ചു.

"ഇരിക്കണം. ദയവുചെയ്തിരിക്കണം. ഞാൻ അവിവേകം പറഞ്ഞെങ്കിൽ ക്ഷമിക്കണം. ഒരു വാക്കുകൂടി"

"ഉം? എന്താണ്?"

"എന്നെ സഹായിക്കണം."

"അങ്ങനെ നേർവഴിക്കു വരു! ലോകം നന്നാക്കാനുള്ള ശ്രമം അതിനർഹതപ്പെട്ടവർ നടത്തട്ടെ. നമുക്ക് നമ്മുടെ കാര്യം നോക്കാം. എന്താ വേണ്ടത്."

"ഇതുവരെ ഇങ്ങട്ട് ചോദിച്ചില്ലല്ലൊ. ഞാനെന്റെ പേരു പറയാം."

"വേണ്ട"

"പേരു, വാസു. വാസുമുതലാളിയെന്നും വിളിക്കും. എനിക്കീ മഹാനഗരത്തിൽ കുറച്ച് നിലയും വിലയുമൊക്കെയുണ്ട്."

"നല്ലത്."

"അതു നിലനിർത്താൻ എന്നെ സഹായിക്കണം."

"വ്യക്തമായി പറയൂ."

"പറയാം. എന്നെപ്പറ്റി അനേകമനേകം ആരോപണങ്ങൾ സിംഹഗർജ്ജനത്തിൽ വരാനിടയുണ്ട്."

"വരാൻ പാടില്ലെന്നാണോ പറയുന്നത്."

"അതെ, ഞാനെന്ത് പ്രതിഫലം വേണമെങ്കിലും തരാം."

"വന്നുപോയതിനെന്തുചെയ്യും?"

വാസുമുതലാളി ഞെട്ടി.

"ഇന്നത്തെ പത്രത്തിൽ നിങ്ങളെപ്പറ്റി അത്യുഗ്രനപവാദമുണ്ട്."

"അയ്യോ, എന്നെ ചതിക്കരുത്. പത്രാധിപരെന്നെ സഹായിച്ചില്ലെങ്കിൽ ഞാൻ നശിച്ചുപോകും."

"ഞാൻ വെറുതെ ആരേയും സഹായിക്കാറില്ല. പത്രം അടിക്കുന്നത് വിൽക്കാനാണ്."

"അതെ."

"എല്ലാം ഒന്നിച്ചു വാങ്ങിക്കൊള്ളൂ. ഞാൻ നിങ്ങൾക്കു വിൽക്കാം."

"സന്തോഷം."

"എന്റെ പത്രത്തിനു ഹോൾസെയിൽ പ്രൈസ് കൂടുതലാണ്. കാര്യം മനസ്സിലായോ?"

പത്രാധിപരെഴുന്നേറ്റു. ഒപ്പം വാസുമുതലാളിയും. വഴിയിൽവെച്ചു കരാറൊപ്പിട്ടു. വാസുമുതലാളിയെപ്പറ്റി അപവാദമുണ്ടാകുമ്പോൾ സിംഹഗർജ്ജനത്തിന്റെ കോപ്പികൾ മുഴുവനും പ്രതിഫലംവാങ്ങി ഏല്പിച്ചുകൊടുക്കാമെന്ന്.

പ്രതിഫലം വലിയൊരു സംഖ്യയായിരുന്നു. എന്നാലും വാസുമുതലാളിക്ക് സന്തോഷമായി…!

അവസാനത്തെ പ്രതികൂടി കത്തിച്ചു കളഞ്ഞപ്പോൾ വാസുമുതലാളി വെണ്ണീരിൽ ചവുട്ടി ഒരിക്കൽക്കൂടി പറഞ്ഞു.

“ഇതു വാസുമുതലാളിയാണെടാ.”

കാർഷെഡ്ഡിന്റെ വാതിൽ തുറന്നു പുറത്തുകടന്നപ്പോൾ ശംഖനാദമാണ് കേട്ടത്. ശുഭസൂചകം. വലിയൊരു വിജയത്തിന്റെ അനുഭവവുമായി പുറത്തു കടക്കുമ്പോൾ ശംഖനാദം കേൾക്കുന്നത് നല്ല നിമിത്തമായി വാസുമുതലാളി കണക്കാക്കി.

കാഷായവസ്ത്രവും പൊക്കണവും ചൂരൽവടിയും രുദ്രാക്ഷമാലയും ചന്ദനക്കുറിയുമായി മുറ്റത്തു നിൽക്കുന്ന ഗോസായിയോട് ഇഷ്ടംതോന്നി.

“വരൂ, വരൂ.”

അവനെ അകത്തേക്കു ക്ഷണിച്ചു. അവൻ പരുങ്ങിനിന്നപ്പോൾ വാസുമുതലാളി നിർബ്ബന്ധിച്ചു. പരമുവിനെ വിളിച്ചു കാലു കഴുകാൻ വെള്ളം കൊടുപ്പിച്ചു.

പുല്പായ വിരിച്ചു ഇരുത്തി. ഉണ്ടിട്ടു പോകാമെന്നു ക്ഷണിച്ചു.

വാതിൽ മറയുടെ പിന്നിൽ കുറഞ്ഞൊരമ്പരപ്പോടെ നിൽക്കുന്ന ഭാര്യയോട് മുതലാളി പറഞ്ഞു.

“മഹത്വം ഏതു വേഷത്തിന്നുള്ളിലാണെന്നാരു കണ്ടു?”

# — 7 —

# ഏഴ്

ഗുരു ശങ്കരദാസ്സ് വരുമ്പോൾ പിന്നിലൊരു കൂലിക്കാരനും കൂലിക്കാരന്റെ തലയിൽ ഒരു കയറ്റുകട്ടിലും ഉണ്ടായിരുന്നു.

ഇപ്പോൾ അശ്വഹൃദയത്തിന്റെ ഘടനയിൽ വലിയ മാറ്റം വന്നിരിക്കുന്നു. ഏക ചാരുകസേരയ്ക്കു പുറമെ, രണ്ടു വീട്ടിക്കസേരകൾ വന്നു. ഫർണ്ണിച്ചറിന്റെ ഒരു കൊച്ചു കുടുംബം! കയറ്റുകട്ടിൽ കൂടിയാവുമ്പോൾ കുടുംബത്തിന്റെ അംഗസംഖ്യ നാല്.

മുളകൊണ്ട് നല്ല ഉറപ്പിൽ, 'പറം' കെട്ടി 'ബർത്തെ'ന്ന് ഓമനപ്പേരു വിളിച്ചു. 'പറം' കെട്ടിയതോടെ കൃഷ്ണൻകുട്ടിക്കും പീറ്റർക്കും മുകുന്ദനും ജയകൃഷ്ണനും പ്രമോഷൻ കിട്ടി. രാത്രിയാവുമ്പോൾ, നടപടിക്രമം അവസാനിപ്പിച്ച ഗവർമ്മെണ്ട് ഫയലുകൾപോലെ ഷെൽഫുകളിലേക്കവരെ മാറ്റുന്നു. അപ്പർ ബർത്തിൽ കിടക്കുന്ന മുകുന്ദനും ജയകൃഷ്ണനും ഇപ്പോൾ തെങ്ങുകേറ്റം സാദ്ധ്യമാണെന്നു പറയുന്നു. ഗുരു പറയുന്നത് അക്ഷരാർത്ഥത്തിൽ അവർക്കു ഉൽഗതി വന്നു എന്നാണ്. തറയിൽ മൂന്നാൾ മാത്രം! കണ്ണൻകുട്ടിമേനോൻ, ഗുരു, കുഞ്ചുണ്ണി. എന്നും രാവിലെ പാൽക്കാരന്റെ സൈക്കിളിൽ കുപ്പി കലുങ്ങുന്നതു കേട്ട് അന്തേവാസികളുണരുന്നു. ആദ്യം എഴുന്നേൽക്കുന്നവൻ പാല് വാങ്ങുന്നു. സ്റ്റൗ കത്തിച്ച് ചായയുണ്ടാക്കുന്നു.

കഷ്ടിച്ച് മനുഷ്യരെപ്പോലെ ജീവിയ്ക്കാനുള്ള ശ്രമം!

എല്ലാം ഗുരുവിന്റെ മഹത്വം!

ഗുരുവും കൂലിക്കാരനും കൂടി കയറ്റുകട്ടിൽ വാതിലിലൂടെ ചരിച്ചു കടത്തുമ്പോൾ 'സിംഹഗർജ്ജന'ത്തിന്റെ പഴയ ലക്കങ്ങൾ പരിശോധിക്കുന്ന കുഞ്ചുണ്ണി തലയുയർത്തി നോക്കി.

ഗുരു ചിരിച്ചു. കുഞ്ചുണ്ണിയും!

അവർ പരസ്പരം ബഹുമാനിക്കുന്നു. കുഞ്ചുണ്ണിക്കു ഗുരുവിന്റെ ആടയാഭരണങ്ങളോടും ശരീര സംപുഷ്ടിയോടുമാണ് ബഹുമാനം. ഗുരുവിന് പത്രപ്രവർത്തകരോടെല്ലാം ബഹുമാനമാണ്. പ്രസിദ്ധീകരണത്തിലും പ്രചാരവേലയിലുമാണ് തന്റെ

വിജയം കുടികൊള്ളുന്നതെന്ന് ഗുരു നല്ലപോലെ മനസ്സിലാക്കുന്നു. അതുകൊണ്ട് എവിടെ ചെന്നാലും ഗുരു എന്തു ചെയ്തും പത്രപ്രവർത്തകരെ പാട്ടിൽ പിടിക്കും.

കുഞ്ചുണ്ണിയെ ബഹുമാനിച്ചാൽ മാത്രം പോര പേടിക്കുകയും വേണം. രാവും പകലും ഭേദമില്ലാതെ പെൺകുട്ടികളുമായിയിടപഴകുന്ന ഗുരു തരംകിട്ടുമ്പോഴൊക്കെ കുഞ്ചുണ്ണിയെ പ്രീണിപ്പിക്കാൻ ശ്രമിക്കും.

"ഈ കട്ടിൽ എഡിറ്റർക്കുവേണ്ടി വാങ്ങിയതാണ്."

കൂലിക്കാരനു കാശു കൊടുക്കുമ്പോൾ ഗുരു പറഞ്ഞു. കുഞ്ചുണ്ണിയെ എഡിറ്ററെന്ന് ഗുരു വിളിയ്ക്കുന്നു ബഹുമാനിയ്ക്കാനാവും.

"ഓ, എനിയ്ക്ക് കട്ടിലൊന്നും വേണ്ട. ഗുരുതന്നെ കിടക്കണം."

"പോരാ"

"മതി."

"എഡിറ്ററിതുപയോഗിക്കണം. തറയിൽ കിടന്നാൽ വാതം പിടിക്കും."

"എന്നെ വാതം പിടിയ്ക്കില്ല."

ഒട്ടൊരഹന്തയോടെ കുഞ്ചുണ്ണി പറഞ്ഞു. തുടർന്ന് കുറച്ചു മനസ്സിലും.

"വാതത്തിനെന്താ മരണഭയമില്ലേ"

"ഇത് എഡിറ്റർക്കുവേണ്ടി വാങ്ങിയതാണ്". ഗുരു നിർബ്ബന്ധിച്ചു: "എഡിറ്റർ തന്നെ ഉപയോഗിക്കണം."

"എങ്കിൽ വാക്കുകൊണ്ടു ഞാനിതു സ്വീകരിയ്ക്കുന്നു, തിരിച്ച് ഗുരുവിനുതന്നെ ദാനംചെയ്യുന്നു."

അതു കുഞ്ചുണ്ണിയുടെ അവസാന വാക്കായിരുന്നു ഗുരു കീഴടങ്ങി.

എളുപ്പത്തിൽ ആർക്കും കീഴടങ്ങുന്ന സ്വഭാവം ഗുരുവിനില്ല. പക്ഷേ, ജീവിക്കണമല്ലോ. കടന്നാക്രമണവും കീഴടങ്ങലുമൊക്കെ അനിവാര്യമാണതിന്. ആളെ നോക്കണം. തരം നോക്കണം. തഞ്ചം നോക്കണം. ഒരിടത്ത് ഈറ്റപ്പുലിയാവണം. മറ്റൊരിടത്ത് പട്ടിയും!

പെൺകുട്ടികളെ 'ധിത്ത തരികിട, ധിമൃത തരികിട' പഠിപ്പിക്കലാണ് ഗുരുവിന്റെ ജീവിതം.

അന്തകനാണ് മുമ്പിൽ.

പെൺകുലമഹാന്തകൻ!

കീഴടങ്ങുകയല്ലാതെന്തു ഗതി?

പട്ടിയെങ്കിൽ പട്ടി!

കീഴടങ്ങിയ ഗുരു ഒരിക്കൽക്കൂടി കുഞ്ചുണ്ണിയെ സോപ്പിടാൻ ശ്രമിച്ചു..."എന്നാൽ എഡിറ്റർ ഒരു കാര്യം ചെയ്യണം."

"എന്തു കാര്യം?"

"ഈ കട്ടിലിലിലൊന്നു വന്നു കിടക്കണം."

“സംഗതി?”

“ആദ്യമായി എഡിറ്റർ കിടക്കണം. എന്നുവെച്ചാൽ ചെറിയ തോതിലൊരു ദ്ഘാടനം. അല്ലാതെ ഞാനിതുപയോഗിക്കില്ല.”

തബലയുടെ മുഴക്കം! ചിലങ്കയുടെ കുലുക്കം! ആലക്തികദീപങ്ങളുടെ തിളക്കം!

ഉദ്ഘാടനമെന്നു പറഞ്ഞപ്പോൾ ഗുരുവിന്റെ മനസ്സിലൂടെ അനേകമനേകം രംഗങ്ങൾ കടന്നുപോയി.

ഗവർണ്ണർമാരും മന്ത്രിമാരും എം.പി.മാരും എം.എൽ.എ.മാരും പങ്കെടുത്ത രാജകീയമായ ഉദ്ഘാടനച്ചടങ്ങുകൾ പല സ്ഥലത്തും സംഘടിപ്പിച്ചു പരിചയമുള്ളവനാണ് ഗുരു. കേന്ദ്രത്തിലും സ്റ്റേറ്റ് തലസ്ഥാനങ്ങളിലും.

ഇപ്പോൾ ഇങ്ങിനേയും വേണ്ടിവന്നു. പാർപ്പിടക്ഷാമംകൊണ്ട് ഈ നരിമടയിലാണല്ലോ വന്നുപെട്ടത്.

ഗുരു പിന്നേയും പിന്നേയും കുഞ്ചുണ്ണിയെ പ്രലോഭിപ്പിച്ചു.

“വരണം, വരണം. ആ ചടങ്ങു നടക്കട്ടെ. എന്നിട്ടുവേണം എനിക്കൊന്നു നടു നിവർത്താൻ. വല്ലാത്ത ക്ഷീണമുണ്ട്. നടനകലാലയത്തിന്റെ ബാലേ റിഹേഴ്സലായിരുന്നു ഇതുവരെ.”

നിർബ്ബന്ധം മൂത്തപ്പോൾ കുഞ്ചുണ്ണി എഴുന്നേറ്റ് ഒരുദ്ഘാടകന്റെ ഗൗരവം തികച്ചും പുലർത്തിക്കൊണ്ടു കയറ്റുകട്ടിലിന്നടുത്തേക്കു നീങ്ങി.

ചടങ്ങാരംഭിച്ചു. ആദ്യം ഇരുന്നു. പിന്നെ അന്തസ്സോടെ മലർന്നു കിടന്നു. തിരിഞ്ഞും മറിഞ്ഞും കിടന്നു.

പരിപൂർണ്ണമായ കട്ടിലുദ്ഘാടനം.

ഉദ്ഘാടനച്ചടങ്ങവസാനിച്ചപ്പോൾ ഗുരു ഹസ്തതാഡനം മുഴക്കി. കുഞ്ചുണ്ണി കസേരയിൽ ചെന്നിരുന്നപ്പോൾ ഗുരു പറഞ്ഞു: “ഇനി ഞാനല്പം വിശ്രമിക്കട്ടെ.”

“ഊണു കഴിഞ്ഞോ?”

“കഴിഞ്ഞു. ഇന്നു ഗംഭീരൻ സദ്യയായിരുന്നു. ഒരു ശിഷ്യയുടെ പിറന്നാൾ.”

കയറ്റുകട്ടിലിൽ മലർന്നുകിടന്നു ഗുരു സദ്യവട്ടം വിവരിക്കാൻ തുടങ്ങി.

“കുറുക്കുകാളൻ പരമഗംഭീരൻ. അവിയൽ ശിങ്കാരസുന്ദരൻ. പാൽപായസം മുമ്പിൽ അലയടിച്ചു പരന്നപ്പോൾ അനന്തശായിയായ ഭഗവാനും ക്ഷീരാബ്ധിയും മനസ്സിൽ തെളിഞ്ഞുവന്നു. ഒരു ടാബ്ലോ പോലെ.”

പടിയ്ക്കൽ കാറു വന്നു നിൽക്കുന്ന ശബ്ദം. പിന്നാലെ കുട്ടമണിയുടെ മുഴക്കം. പെൺകുട്ടികളുടെ ആഹ്ലാദപ്രകടനമാണ്. ഗുരു കണ്ണടച്ചു പ്രാർത്ഥിച്ചു.

ആരായാലും ഈ നരിമടയിലേക്കു കടന്നുവരല്ലേ. പൊന്നുംകുടങ്ങളേ, ഇവിടെ കലാന്തകനിരിയ്ക്കുന്നു.

കണ്ണു തുറന്നപ്പോൾ, പൈജാമയും കുർത്തയും ധരിച്ച്, പതിനാറിനും പതിനെട്ടിനുമിടയിൽ പ്രായമുള്ള അര ഡസൻ പെൺകുട്ടികൾ വാതിൽപടിയിൽ തിങ്ങി നിറഞ്ഞു നിൽക്കുന്നു. ശിഷ്യകൾ!

ഗുരുവിന്റെ പ്രാണൻ ചൂടുള്ളൊരു വാതകമായ് പുറത്തു കടന്ന് അന്തരീക്ഷത്തിൽ ലയിച്ചു. കുഞ്ചുണ്ണിയുടെ നോട്ടം ചൂണ്ടൽ കൊളുത്തുപോലെ വാതിൽപടിയിൽ ചെന്നു തറച്ചു.

തല ബോബ് ചെയ്തവരുണ്ട്! രണ്ടായി പിന്നിയിട്ടവരുണ്ട്! കൊണ്ടകെട്ടിയവരുണ്ട്! നാനാ വർണ്ണം! നാനാ സ്വരം! നാനാ ഭാവം!

നാനാ..നാനാ...നാനാ...

കുഞ്ചുണ്ണിയുടെ കണ്ണ് ഫ്യൂസായി!

“നമസ്തെ!”

കമലാക്ഷികൾ കോറസ്സ് മുഴക്കി.

ഗുരു തൊണ്ണൂറാംപനി കഴിഞ്ഞവനെപ്പോലെ എഴുന്നേറ്റു വിറച്ചുവിറച്ചു നടക്കുന്നു.

സർവ്വാംഗം രോമമെടുത്തു പിടിച്ച കുഞ്ചുണ്ണി മുള്ളൻപന്നിയെപ്പോലെ ഇരിക്കുന്നു. നോക്കി നോക്കി കുഞ്ചുണ്ണിയുടെ ഇമവെട്ട് നഷ്ടപ്പെടുന്നു.

കമലാക്ഷികൾ ഗുരുവിനെ വളഞ്ഞു. നടനകലാലയത്തിന്റെ വാർഷികദിന പരിപാടികൾക്കു അവസാനരൂപം നൽകാൻ വന്നതാണ്. ഗുരുവുമായി വിസ്തരിച്ച ചർച്ചകൾ വേണം.

ഗുരു തിരിഞ്ഞു തിരിഞ്ഞു കുഞ്ചുണ്ണിയെനോക്കി ആ നോട്ടത്തിൽ അഭ്യർത്ഥനയുണ്ടായിരുന്നു. മാപ്പപേക്ഷയുണ്ടായിരുന്നു.

ഗുരുവിന്റെ മൂക്കിൽ ആപത്തിന്റെ ഗന്ധം!

കുഞ്ചുണ്ണിയുടെ മനസ്സിൽ ആക്ഷേപത്തിന്റെ പിറവി!

ഗതിമുട്ടിയ ഗുരു തന്റെ ശിഷ്യകളെ കുഞ്ചുണ്ണിക്കു പരിചയപ്പെടുത്തുന്നു.

“നമസ്തെ!...നമസ്തെ!...നമസ്തെ!

ഹാർമ്മോണിയത്തിന്റെ റീഡ്സിൽ തൊട്ടപോലെ പല ശ്രുതിയിലുള്ള അഭിവാദ്യം.

കുഞ്ചുണ്ണി നിശ്ചലൻ!

പരിപാടിയുടെ മറുവശം തുടങ്ങുന്നു. ശിഷ്യകൾക്ക് കുഞ്ചുണ്ണിയെ പരിചയപ്പെടുത്തൽ. “ഇത് കുഞ്ചുണ്ണി! സിംഹഗർജ്ജനത്തിന്റെ ഗസ്റ്റപ്പൊ. എന്റെ ആത്മസുഹൃത്ത്.”

സിംഹഗർജ്ജനത്തിന്റെ പേരു കേട്ടപ്പോൾ പെൺകുട്ടികളുടെ തലച്ചോറിൽ കൊടുങ്കാറ്റ് ആഞ്ഞടിക്കുന്നു. ഹൃദയത്തിൽ ഇടിവെട്ടും ദുന്ദുഭിവാദ്യവും മുഴങ്ങുന്നു. ശ്വാസഗതി നിലയ്ക്കുന്നു. ആലിലപോലെ വിറയ്ക്കുന്നു. കണ്ണിരുട്ടടയ്ക്കുന്നു.

കാലടികളിൽ കിടന്ന് ഭൂമി തെള്ളുന്നു.

പതനം!

ആറു പൈജാമക്കാരും വേരറ്റപോലെ, ബോധം കെട്ട് നിലംപതിക്കുന്നു!

ശബ്ദമില്ല, ചലനമില്ല.

അശ്വഹൃദയം ശ്മശാനം!

ഗുരുവിന്റെ നിരന്തരമായ ശീതോപചാരത്തിന് ശേഷം ശിഷ്യകൾക്കു ബോധാവസ്ഥ തിരിച്ചുകിട്ടുന്നു. പക്ഷെ, ആരും കണ്ണുതുറക്കാൻ കൂട്ടാക്കുന്നില്ല. ഗുരു ഓരോരുത്തരെയായി താങ്ങിപ്പിടിച്ച് കാറിലെത്തിച്ച് ടാപ്പിൽനിന്ന് വേണ്ടുവോളം വെള്ളമെടുത്തുകൊണ്ടുപോയി കൊടുത്ത് ദാഹം ശമിപ്പിച്ച് എല്ലാവരേയും ആശ്വസിപ്പിച്ച യാത്രയയ്ക്കുന്നു.

ഗുരു ഒരപരാധിയെപ്പോലെ കുഞ്ചുണ്ണിയുടെ മുമ്പിൽ നിൽക്കുന്നു!

അപ്പോൾ കുഞ്ചുണ്ണിയുടെ ഹൃദയം ഒരു യുദ്ധകാഹളം മുഴക്കുന്നു!

"ഞാൻ മരിച്ചിട്ടില്ല. മരിക്കുകയുമില്ല. ശാരീ, ജയിച്ച മുന്നേറുന്നു. ഒരു ദിവസം എന്റെ തിരിച്ചുവരവുണ്ടാവും. ബോധംകെട്ടുവീഴാൻ തയ്യാറെടുത്തുനിന്നോ."

ഗുരു ഒരു വിലാപഗാനം ആലപിച്ചു.

"എഡിറ്ററേ, ക്ഷമിക്കണം."

കുഞ്ചുണ്ണി കേൾക്കുന്നില്ല. തന്റെ പ്രേമാനുരാഗത്തെ പുറംകാലുകൊണ്ടു തട്ടിത്തെറിപ്പിച്ച ശാരിയെ വേട്ടയാടുന്ന തിരക്കിലായിരുന്നു. ഗുരു വിലാപഗാനത്തിന്റെ ശ്രുതി ഉച്ചസ്ഥായിക്കു പിടിച്ചു.

"പൊന്നെഡിറ്ററേ, മാപ്പാക്കണം."

"ഏ?"

ഒന്നും തിരിയാത്ത മട്ടിൽ കുഞ്ചുണ്ണി ചോദിച്ചു കഴിഞ്ഞതെല്ലാം ഒരു സ്വപ്നമായിരുന്നു.

പിന്നേയും ഗുരുവിന്റെ രാഗാലാപന.

"ദയവുചെയ്തു മാപ്പാക്കണം."

കുഞ്ചുണ്ണി സ്വപ്നത്തിൽ നിന്ന് തിരിച്ചുവരുന്ന ശരീരത്തിൽ പലവാറുഴിഞ്ഞ് രോമാഞ്ചമൊതുക്കുന്ന കൺപോളകൾ പിടിച്ചിളക്കി ഇമവെട്ടുണ്ടാക്കുന്നു. ഗുരു മറുപടി കാത്തുനിൽക്കുന്നു. മൗനത്തിന്റെ പതിനെട്ടാംപടിയിൽ കുഞ്ചുണ്ണി നിലയുറപ്പിക്കുന്നു. ഗുരു അസഹനീയമായ നിശ്ശബ്ദതക്കു വീണ്ടും മുറിവേൽപ്പിക്കുന്നു.

'എഡിറ്ററേ, ഇത്തവണ ക്ഷമിക്കണം. ഇനി അശ്വഹൃദയം തീണ്ടാൻ പെണ്ണായി പിറന്ന ഒരുത്തിയും ഇവിടെ വരില്ല."

"എന്ത്?"

കുഞ്ചുണ്ണി അട്ടഹസിക്കുംപോലെ ചോദിച്ചു.

"വരില്ല."

ഗുരു ഉറപ്പിച്ചു പറഞ്ഞു.

"വരണം."

കുഞ്ചുണ്ണി കൽപ്പിച്ചു.

"വരും. വേണമെങ്കിൽ കൂട്ടികൊണ്ടുവരും." ഗുരു അനുസരിച്ചു.

"ശരി"

ഗുരുവിന് മാപ്പുകൊടുത്ത് കുഞ്ചുണ്ണി സിംഹഗർജ്ജനത്തിന്റെ പഴയ ലക്കങ്ങളിലേക്കുതന്നെ കടന്നു. ഗുരു അവശനായി കയറ്റുകട്ടിലിൽ വീണു.

അടുത്തു കഴിഞ്ഞ ഏതാനും ലക്കങ്ങളിൽ ഒന്നാംപേജിൽ വാസുമുതലാളി വീണുകിടക്കുന്നു. വളരെ കണിശമായ പോസ്റ്റ് മോർട്ടമാണ് നടന്നത്!

നഗരത്തിലെ എണ്ണംപറഞ്ഞ വേശ്യകൾക്കൊപ്പം വാസുമുതലാളിയെ 'പേരേഡ്' ചെയ്യിച്ചിരിക്കുന്നു. കള്ളക്കടത്തും പൂഴ്ത്തിവെപ്പും കരിഞ്ചന്തയുമൊന്നും ആ പഹയനെ ക്ഷീണിപ്പിക്കുന്നില്ല. ഇന്ന് ആരേയും അത് ക്ഷീണിപ്പിക്കുന്നില്ല. സർവ്വാദരണീയമായ നല്ല കാര്യങ്ങളാണിതൊക്കെ. അതുകൊണ്ടാണല്ലൊ വ്യഭിചാരത്തിന്റെ ചളികൊണ്ട് തന്നെ അഭിഷേകം നടത്തിയത്.

അവന്റെ ഭാര്യയിതു കണ്ടില്ലേ? ആരും അവരോടിതു പറഞ്ഞില്ലേ?

പറയും, പറയാതിരിക്കില്ല.

അവന്റെ കുടുംബജീവിതമെങ്കിലും നരകമായിത്തീരട്ടെ.

"പിഴച്ചുപോയി. ഒരോ കോപ്പി അവരുടെ പേർക്കയച്ചുകൊടുക്കാൻ ഏർപ്പാടു ചെയ്യേണ്ടതായിരുന്നു."

"ഓ! ഭയങ്കരം!"

ലക്കങ്ങൾ മാറിമാറി നോക്കുമ്പോൾ കുഞ്ചുണ്ണി അറിയാതെ പറഞ്ഞു.

എന്നിട്ടും പഹയൻ ജീവിക്കുന്നു!

മഹാനഗരത്തിൽ ഭാഗ്യവാനായി വിലസുന്നു! അവന്റെ മേർസിഡസ് ബെൻസ്! ഫൂ!

എവിടെയോ പിശകു പറ്റീട്ടുണ്ട്. കുഞ്ചുണ്ണി ഗാഢമായാലോചിച്ചു. ഇതൊന്നും നഗരവാസികളറിഞ്ഞില്ലേ? അറിഞ്ഞെങ്കിൽ ഇതു മതിയോ പ്രതികരണം?

സംശയം വർദ്ധിക്കുന്നു!

നിശിതമായൊരന്വേഷണം നടത്തണം.

ഗസ്റ്റപ്പൊ മട്ടിലെഴുന്നേറ്റു. ഗസ്റ്റപ്പൊ മട്ടിൽ പടികടന്നു. ഗസ്റ്റപ്പോ മട്ടിൽ നടന്നു. പൊള്ളുന്ന വെയിലിൽ, ഉരുകിയൊലിക്കുന്ന ടാറിൽ അലക്ഷ്യമായി നടന്നു. നടക്കുമ്പോൾ ഒളികണ്ണിട്ടു ഇരുവശവും നോക്കി.

ഗസ്റ്റപ്പൊ!

ആദ്യത്തെ അന്വേഷണം ബസ്സ് സ്റ്റാൻഡിൽ.

കോളേജ് വിദ്യാർത്ഥികൾക്കു സിഗരറ്റും സിനിമാതാരങ്ങളുടെ നഗ്നചിത്രങ്ങളും ലൈംഗികാഭാസഗ്രന്ഥങ്ങളും വിൽക്കുന്ന പെട്ടിക്കടക്കാരൻ ഔസേപ്പിനെ സമീപിച്ചു.

ഒഴിഞ്ഞ ചോക്ലേറ്റു പെട്ടികളിൽ പുതുതായെത്തിയ ലൈംഗികാഭാസഗ്രന്ഥങ്ങൾ ഒളിപ്പിച്ചുവെക്കുന്ന തിരക്കിൽ ഔസേപ്പ് കുഞ്ചുണ്ണിയെ കണ്ടില്ല.

"ഔസേപ്പേ."

ഔസേപ്പ് ഞെട്ടിത്തിരിഞ്ഞുനോക്കി.

കുഞ്ചുണ്ണി!

ഓ! സാരമില്ല. പേടിക്കാനില്ല. ചിരിച്ചുകൊണ്ടു ഔസേപ്പ് ചോദിച്ചു.

"ചൂടുള്ള സാധനം വന്നിട്ടുണ്ട്, വേണോ?"

"വേണ്ട. ഇന്നത്തെ സിംഹഗർജ്ജനമില്ലേ?"

"ഇതു് നല്ല ചോദ്യം! സിംഹഗർജ്ജനം കണ്ടിട്ട് ദിവസങ്ങള് കഴിഞ്ഞില്ലേ."

സിംഹഗർജ്ജനം കണ്ടിട്ട് ദിവസങ്ങൾ കഴിഞ്ഞിരിക്കുന്നു. അപ്പോൾ എവിടെയോ കുഴപ്പമുണ്ട്. ഔസേപ്പിനോടു ചോദിച്ചു വിവരമറിഞ്ഞു. വളരെ ദിവസങ്ങളായി മഹാനഗരത്തിൽ സിംഹഗർജ്ജനം ഇറങ്ങിട്ടില്ല.

"ഇതെന്തുട്ട് പത്രപ്രവർത്തനം സാറേ. വായനക്കാർ ഔസേപ്പിനെ കൊല്ലുണ്."

മുഴുവനും കുഞ്ചുണ്ണി കേട്ടില്ല. യാത്രപറയാതെ നടന്നു. തനിക്കുള്ള കോപ്പി എന്നും രാവിലെ മുടങ്ങാതെ കിടുന്നു. മഹാനഗരത്തിലെവിടെയും കിട്ടുന്നില്ല.

വെളിച്ചപ്പാടിനെപ്പോലെ ചാടിച്ചാടി നടന്നു.

എവിടെയോ പിശകുണ്ട്. തന്നെ കളിപ്പിച്ച് ആരോ മുതലെടുക്കുന്നു. കണ്ടുപിടിക്കണം.

കാക്കയും പരുന്തും വട്ടമിട്ടു പറക്കുന്ന മത്സ്യമാർക്കറ്റ് കടന്നു. കുണ്ടും കുഴിയും നിറഞ്ഞ വൃത്തികെട്ട റോഡിലൂടെ നടന്നു പഴകിയ ചായപ്പീടികക്കടുത്തുള്ള ദുർഗന്ധം വമിക്കുന്ന കപ്പത്തൊട്ടി വലംവെച്ച്, മൈലാഞ്ചിക്കാട് താണ്ടി പടവുകൾ നഷ്ടപ്പെട്ട കോണിക്കടുത്ത് ചെന്നു നിന്നു. അവിടെയാണല്ലൊ സിംഹഗർജ്ജനം ആപ്പീസ്.

"പിശക് മറ്റെങ്ങുമല്ല, ഇവിടെയാണ് തീർച്ച."

കയറു പിടിച്ചാടി ഒറ്റക്കുതിപ്പു മുകളിലെത്തി. ചാരിയ വാതിൽ തള്ളിത്തുറന്നു. ചായപ്പീടികയിൽ നിന്നു നുഴഞ്ഞുകയറിയ നീലിച്ച പുക മുറിയിൽ തങ്ങി നിൽക്കുന്നതുകൊണ്ട് ഒന്നും വ്യക്തമല്ല. തുറന്നിട്ട വാതിലിലൂടെ അകത്തു കടന്ന കാറ്റ് പുകപടലത്തെ മാറ്റാൻ തുടങ്ങി.

പപ്പടവട ചുടുന്ന രൂക്ഷഗന്ധം ഉള്ളിലേക്കു ശക്തിയായി വലിച്ചെടുത്താസ്വദിച്ചുകൊണ്ട് പീഞ്ഞപ്പെട്ടിയുമുകളിൽ പത്രാധിപരിരിക്കുകയാണ്.

കാൽപ്പെരുമാറ്റം കേട്ട് പത്രാധിപരുടെ തടിച്ച കണ്ണടച്ചില്ലിനു പിറകിൽ വാത്തുമുട്ട വികസിച്ചു. കത്തിപ്പിടിയിൽ കൈവിരലുകളമർന്നു.

"ആരാണത്?"

സുമേരിയൻ താടിയെല്ല് ചലിച്ചു.

"ഞാനാണ്."

കുഞ്ചുണ്ണിയുടെ ശബ്ദം പരുഷമായിരുന്നു.

"ആര്? ശിഷ്യനോ?"

ഉത്തരമില്ല. പത്രാധിപരുടെ കെട്ടിച്ച പല്ലുകൾ പരസ്പരം കൂട്ടിയടിച്ചു ശബ്ദമുണ്ടാക്കി. എന്തെങ്കിലും ഉള്ളിൽത്തട്ടിയാലോചിയ്ക്കുമ്പോൾ പത്രാധിപർക്കങ്ങനെയൊരു പതിവുണ്ട്.

"ഇന്ന് സിംഹഗർജ്ജനം പുറത്തിറങ്ങിയോ?"

കുഞ്ചുണ്ണി അല്പം കനപ്പിച്ചുതന്നെ ചോദിച്ചു.

പത്രാധിപർ കത്തി ഒന്നുകൂടി മുറുക്കിപ്പിടിച്ചു.

"ഇന്നലെ പുറത്തിറങ്ങിയോ?" കുഞ്ചുണ്ണി തുടർന്നു.

"മിനിഞ്ഞാന്ന്?..."

ഉത്തരമില്ല.

"എത്ര ദിവസമായി പുറത്തിറങ്ങീട്ട്?"

ആ ചോദ്യം ഒരു ഗർജ്ജനമായിരുന്നു. പത്രാധിപർ ചോദിച്ചു.

"ചോദിച്ചതിന്നുത്തരം പറയൂ."

ക്ഷമയുടെ നെല്ലിപ്പടി കണ്ട കുഞ്ചുണ്ണി അട്ടഹസിക്കുകയായിരുന്നു.

"പറയില്ലേ?...ഇത്ര കാലവും എന്നെ വഞ്ചിക്കുകയായിരുന്നു ഇല്ലേ?...എന്നെ വിറ്റു കാശാക്കുക, സുഖിക്കുക, എന്റെ വിയർപ്പൂറ്റിക്കുടിക്കുക."

"വത്സാ"

അക്ഷോഭ്യമായ വിളി.

"ഛീ, മിണ്ടരുത്. വത്സൻ!"

പത്രാധിപർ കുലുങ്ങിയില്ല. പരമശാന്തനായിത്തന്നെ വർത്തിച്ചു.

"വത്സാ വലിയത് ചെറിയതിനെപ്പിടിച്ചു ശാപ്പിടുന്നു. പണ്ടൊക്കെ അതിന് മീൻമുറ എന്ന് പേരായിരുന്നു. ഇന്നതു മനുഷ്യന്റെ മുറയാണ്. ഞാനൊരു മനുഷ്യനാണ്, വത്സാ"

"നിങ്ങൾ മനുഷ്യനോ? എങ്കിൽ മൃഗമെന്താണ്? ദേവൻ!"

"കത്തി കണ്ടില്ലേ വത്സാ?"

"വാളും തോക്കും ബോമ്പും ഞാൻ കണ്ടിട്ടുണ്ട്. എനിയ്ക്കതൊക്കെ പുല്ലാണ്. പറയൂ. സിംഹഗർജ്ജനം പേടിച്ച് ഒരു കോപ്പി എനിക്കയച്ചുതന്നു. ബാക്കി മുഴുവനും വാസുമുതലാളിക്കു വിറ്റില്ലേ? ഗുരുശിഷ്യബന്ധം ഇതോടെ അവസാനിക്കുന്നു."

പത്രാധിപരെഴുന്നേറ്റുനിന്നു.

“നല്ലത്.”

കുഞ്ചുണ്ണി കരുതലോടെ നിന്നു.

“ഉം കടക്കു വെളിയിൽ.”

പത്രാധിപർ കല്പിച്ചു.

“ഇല്ലെങ്കിൽ?”

കുഞ്ചുണ്ണി ചോദിച്ചു. പത്രാധിപരുടെ കയ്യും കത്തിയും ഉയരുന്നു. ഒരു കുതിക്കു കുഞ്ചുണ്ണി പത്രാധിപരുടെ കയ്യിൽ കേറിപ്പിടിക്കുന്നു.

തകർത്ത പിടിവലി.

തട്ടിൻപുറം കുലുങ്ങി.

ചിതൽപ്പുറ്റുകളടർന്നു പപ്പടവട ചുട്ടുന്ന ചീനച്ചട്ടിയിൽ വീണു. വേട്ടാളൻകൂടടർന്നു ചായകുടിക്കുന്നവരുടെ ഗ്ലാസിൽ വീണു.

ആകെ ബഹളം.

കുഞ്ചുണ്ണി പത്രാധിപരെ കീഴടക്കി കത്തി പിടിച്ചെടുത്തു. കലശലായ കിതപ്പ് ഗണ്യമാക്കാതെ പറഞ്ഞു:

“ഇല്ല. എന്റെ കൈകൊണ്ട് നിന്നെ ഞാൻ കൊല്ലില്ല, നീചൻ.”

തിരിഞ്ഞു നടന്ന കുഞ്ചുണ്ണി കോണിയുടെ അടുത്തെത്തി. അറ്റത്തു മണികെട്ടിയാട്ടുന്ന കയർ അറുത്ത് ചുരുട്ടി മടക്കി പത്രാധിപരുടെ മുഖത്തെറിഞ്ഞുകൊടുത്തു.

“ഉം! തൂങ്ങിമരിച്ചോ, അതാണിതിലും ഭേദം.”

ചുരുണ്ടു മടങ്ങിക്കിടക്കുന്ന കയർ നോക്കി പത്രാധിപർ നെടുവീർപ്പിട്ടു.

— 8 —

# എട്ട്

മനുഷ്യമഹത്വമാണ് വിഷയം. വാസുമുതലാളി ചോദിച്ചു:

"വേഷം കണ്ടാലറിയുമോ? ഭാഷ കേട്ടാൽ മനസ്സിലാകുമോ?"

ശ്രോതാക്കൾ മിഴിച്ചിരുന്നു. റമ്മി ടേബിളിൽ പൊട്ടിക്കാത്ത പുതിയ ശീട്ടുപെട്ടികൾ മോചനത്തിന്നു വേണ്ടി കാത്തിരുന്നു. വൈൻഗ്ലാസ്സുകൾ പൂർണ്ണഗർഭിണികളായി തപസ്സിരുന്നു. ഒന്നും വാസുമുതലാളി ശ്രദ്ധിച്ചില്ല. അദ്ദേഹം വഴിക്കുവഴി ചോദ്യങ്ങളുതിർക്കുകയാണ്.

"പെരുമാറ്റം കണ്ടാൽ, ഭക്ഷണരീതി കണ്ടാൽ തിരിച്ചറിയാൻ പറ്റുമോ?"

കള്ളക്കടത്തിലും പൂഴ്ത്തിവെപ്പിലും കരിഞ്ചന്തയിലും വാസുമുതലാളിയോട് സമശീർഷതപാലിച്ചു പോരുന്ന വ്യാപാരികളാണ് ശ്രോതാക്കൾ. അവർ ആ കുഴഞ്ഞ പ്രശ്നത്തിന്നുമുമ്പിൽ മനസ്സുചത്ത് ചടഞ്ഞിരുന്നു.

ലക്ഷ്യം 'റമ്മി' യാണ്. പകലത്തെ പരുക്കും ക്ഷീണവും മദ്യത്തിലൊലുമ്പിയെടുക്കാനാണ് ക്ലബ്ബിൽ വന്നത്. റമ്മിക്ക് 'കോറം' തികഞ്ഞിട്ടുണ്ട്. നുരച്ചുപൊങ്ങുന്ന വൈൻഗ്ലാസ്സും ശീട്ടുപെട്ടിയും മേശപ്പുറത്ത് തയ്യാറുണ്ട്. പക്ഷെ, പ്രയോജനമെന്ത്? മനുഷ്യമഹത്വമെന്ന കീറാമുട്ടിയാണ് വാസുമുതലാളിയെടുത്തു മുമ്പിലിട്ടത്.

"ഒന്നുകൊണ്ടും മനസ്സിലാവില്ല."

വാസുമുതലാളിതന്നെ ഉത്തരം പറയുന്നു. "ഉടുപ്പിലോ, നടപ്പിലോ, വാക്കിലോ, പ്രവൃത്തിയിലോ അതു കാണില്ല. മനുഷ്യമഹത്വം കണ്ടെത്താൻ അതൊന്നും പ്രയോജനപ്പെടില്ല. ദിവസവും എത്രയെത്ര കാഷായവസ്ത്രക്കാർ ശംഖുംവിളിച്ച് നമ്മുടെ പടി കയറിവരുന്നുണ്ട്. വാസ്തവത്തിൽ അവരൊക്കെ പിച്ചക്കാരാണോ? വയറ്റുപിഴപ്പിനു നടക്കുന്നവരാണോ? അതോ നമ്മളെ പരീക്ഷിക്കാൻ വരുന്ന മഹാന്മാരോ? എങ്ങിനെ മനസ്സിലാക്കും? അന്വേഷിക്കണം. അല്ലാതെ ഒന്നും കണ്ടെത്തില്ല."

പലതും അന്വേഷിച്ച് കണ്ടെത്തിയവരാണ് ശ്രോതാക്കൾ. അരിയും നെല്ലും പൊന്നും പണവുമെല്ലാം അവരന്വേഷിച്ചു. കണ്ടെത്തുകയും ചെയ്തു. അന്വേഷിക്കാത്ത കുറ്റമില്ല. എന്നിട്ടും വാസുമുതലാളി പറയുന്നു അന്വേഷിക്കാൻ. എന്ത്? അതാണ് മനസ്സിലാവാത്തത്. നാട്ടുനീളെ അലഞ്ഞുതിരിയുന്ന കാഷായവസ്ത്രക്കാരിൽ എന്തന്വേഷിക്കാനാണ്? അതു നടപ്പുള്ള കാര്യമാണോ? അഥവാ അന്വേഷിച്ചാൽതന്നെ എന്താണ് കണ്ടെത്താൻ പോകുന്നത്? അവരുടെ കീറമാറാപ്പിലെന്ത് കാണും? അവരുടെ കൂട്ടത്തിൽ സ്വർണ്ണം ഒളിച്ചുകടത്തുന്നവരുണ്ടാകുമെന്നാണോ സൂചന?

എല്ലാവരും വാസുമുതലാളിയെ നോക്കി. സ്വബോധത്തോടുകൂടിത്തന്നെയാണോ പറയുന്നത്? അതോ, ക്ലബ്ബിൽ വരുന്നതിനുമുമ്പ് കാര്യമായി വല്ലതും അകത്താക്കീട്ടുണ്ടോ?

അവർ പലതും ആലോചിച്ചു. അന്തംകിട്ടാതെ വലയുമ്പോൾ ക്ലബ്ബിന്റെ തട്ടിൻപുറം പൊളിയുമാറൊരട്ടഹാസം കേട്ടു.

"ഹല്ലോ."

എല്ലാവരും തിരിഞ്ഞുനോക്കി.

വക്കച്ചൻ.

അഭിവാദ്യത്തിനുവേണ്ടി ഉയർത്തിപ്പിടിച്ച കയ്യിൽ ഒരു സിഗരറ്റ് കിടന്നു പുകയുന്നുണ്ട്. പിറകിൽ മറ്റൊരാളും ഉണ്ട്.

വക്കച്ചൻ തലയുയർത്തിപ്പിടിച്ചു. വെളുക്കെ ചിരിച്ചു. ഒരു കൈകൊണ്ട് മീശ ചുരുട്ടിക്കൊണ്ട് മുമ്പോട്ട് നടന്നു. ഒഴിഞ്ഞുകിടക്കുന്ന ഒരു കസേരയിൽ ചെന്നിരുന്നു. മറ്റൊന്നിൽ ഒരുമിച്ചുള്ള ആളെയുമിരുത്തി.

മേശപ്പുറത്തുള്ള ആഷ്ട്രേയിൽ സിഗരറ്റ് കുത്തിയെടുത്തുകൊണ്ട് വക്കച്ചൻ പറഞ്ഞു:

"മാന്യരെ വക്കച്ചൻ തിരിച്ചുവന്നിരിക്കുന്നു."

ആ പ്രഖ്യാപനം ഒരു ചെറിയ ഞെട്ടലോടെ ക്ലബ്ബംഗങ്ങൾ കേട്ടു. അതൊരു രൂക്ഷമായ തിരിച്ചു വരവായിരുന്നു.

നിരവധി മാസങ്ങൾക്കുമുമ്പ് ക്ലബ്ബിൽനിന്നു വാക്കൗട്ട് നടത്തിയ വക്കച്ചൻ ഒരിയ്ക്കലും തിരിച്ചുവരുമെന്ന് ആരും പ്രതീക്ഷിച്ചതല്ല...

റമ്മി ടേബിളിൽവെച്ച് വലിയൊരു വാക്കേറ്റവും തല്ലും നടന്നു. തുടക്കമിങ്ങിനെയാണ്. മൂന്നാമത്തെ ലാർജ് ഒറ്റവലിക്ക് അകത്താക്കി അന്ന് വക്കച്ചനൊരു വെല്ലുവിളി നടത്തി.

"തന്തയ്ക്ക് പിറന്നവനാണെങ്കിൽ പറ, ആരാണ് വക്കച്ചനെ തടയുന്നത്! ദൈവം തമ്പുരാന്റെ സൃഷ്ടിയായ 'മാക്രി'യെ പിടിക്കാൻ പാടില്ലെന്നു ഏവനാണ് കല്പിച്ചത്. കേൾക്കട്ടെ. ഏണിത്തല പഞ്ചായത്തതിർത്തിക്കുള്ളിൽവെച്ചുതന്നെ വക്കച്ചൻ 'മാക്രി' പിടിപ്പിക്കും. ഉം. കണ്ടോ."

വഴക്കിന്റെ ആരംഭം മാക്രി പിടുത്തത്തിൽനിന്നാണ് തുടങ്ങിയത്. ഏണിത്തല പഞ്ചായത്തതിർത്തിയിലുള്ള ഒരു കുന്നിൻപുറത്താണ് വക്കച്ചന്റെ റബ്ബർ തോട്ടം. ഏതാണ്ടതിനടുത്തു പുഴവക്കിൽ വാസുമുതലാളിക്കൊരു തെങ്ങിൻത്തോപ്പുണ്ട്.

ഒരു മഴക്കാലസന്ധ്യയ്ക്ക് കുന്നിൻപുറത്തുള്ള ബങ്കളാവിലിരുന്ന് വക്കച്ചൻ മനോരാജ്യം വിചാരിക്കുകയായിരുന്നു. രസമുള്ള മനോരാജ്യം. രണ്ടും മൂന്നും കൊല്ലം വളർച്ചയെത്തിയ റബ്ബർതൈകളാണ് കുന്നിൻപുറത്തുള്ളത്. അതു ശാസ്ത്രീയമായ നിലയിൽ വളർത്തിക്കൊണ്ടുവരാൻ കഴിഞ്ഞാൽ എട്ടുപത്തു കൊല്ലത്തിനകം ഒരു ലക്ഷപ്രഭുവാകാൻ സാദ്ധ്യതയുണ്ട്. ചുറ്റും വിശാലമായ കൃഷിസ്ഥലം ഒഴിഞ്ഞു കിടക്കുകയാണ്. എല്ലാം വാങ്ങണം. കവുങ്ങും തെങ്ങും വെക്കണം. ഏലകൃഷിക്കും കൊള്ളാം.

അപ്പോൾ ഒരു മാക്രി കരഞ്ഞു. മനോരാജ്യത്തിന്നു മുറിവേറ്റു. തുടർന്നു പല മാക്രികൾ കരഞ്ഞു. നിമിഷംകൊണ്ട് അനേകായിരം മാക്രികൾ സമൂഹക്കരച്ചിൽ നടത്തി. ആ ഭീകരശബ്ദംകൊണ്ട് പൊറുതിമുട്ടിയ വക്കച്ചൻ വാതിലടച്ച് അകത്തു ചെന്നു കിടന്നു.

രക്ഷയില്ല. അവിടേയും മാക്രിയുടെ ശബ്ദം. കട്ടിലിന്നടിയിലും കിടക്കയ്ക്കുള്ളിലുമെല്ലാം 'മാക്രി' നിറഞ്ഞു നില്ക്കുമ്പോലെ തോന്നി. ചെവിട്ടിൽ വിരല് തിരുകി കിടന്നു. അപ്പോൾ ചെവിട്ടിനകത്തും തലയോട്ടിലും മാക്രികൾ ചുരമാന്തി നടക്കുമ്പോലെ തോന്നി.

സ്വൈരമില്ല. എഴുന്നേറ്റ് അക്ഷമനായി അങ്ങോട്ടുമിങ്ങോട്ടും നടന്നു. നടക്കുമ്പോൾ പുതിയൊരാലോചന രൂപംകൊണ്ടു.

ഈ മാക്രിയെന്നവൻ വ്യാപാരച്ചരക്കാണ്. അവൻ വിദേശനാണ്യം നേടിത്തരുന്നു.

ഓ, സുന്ദരം!

വക്കച്ചന്റെ മുഖം പ്രസന്നമാകുന്നു.

കരയട്ടെ. അവ പ്രപഞ്ചം മുഴുവൻ തകർത്തുകൊണ്ട് കരയട്ടെ.

എടാ മാക്രീ, താരാട്ട് പാടേണമോ? പാടിത്തരാം.

ഒച്ചയിൽകൂടി മാക്രികളുടെ വലുപ്പവും തരവും വക്കച്ചൻ അളന്നു തിട്ടപ്പേടുത്താൻ തുടങ്ങി.

ഓരോന്ന് ഓരോ അൾസേഷ്യൻ പട്ടിയോളമുണ്ടാവും. ഉണ്ടാവട്ടെ, ആനയോളംതന്നെ വലുപ്പമുണ്ടാവട്ടെ, വലുപ്പമാണ് വേണ്ടത്. കാലുകൾ കണ്ടിച്ചെടുത്താൽ കിലോക്കണക്കിൽ തൂങ്ങണം.

കരയട്ടെ, സുന്ദരമായി കരയട്ടെ! മാക്രിയുടെ കരച്ചിൽ വക്കച്ചന് പ്രേമഗാനം പോലെ ആസ്വദനീയമാവുന്നു!

ബിസിനസ്സ് തുടങ്ങണം. റബ്ബർ പാല് ചുരത്തുന്നതുവരെ മാക്രികളെ പിടിച്ചു കളയാം.

പിറ്റേന്ന് കാലത്ത് വക്കച്ചന്റെ കാർ മഹാനഗരത്തിലെത്തി. ഏതാനും തെരുവു പിള്ളരെ തിരഞ്ഞു പിടിച്ചു സംഘടിപ്പിച്ചു നിർത്തി വക്കച്ചൻ ചോദിച്ചു.

“എടാ പിള്ളാരേ, ‘മാക്രി’യെ അറിയാമോ?”

പിള്ളർ ഉത്തരം പറയാതെ മിഴിച്ചു. ‘പോക്രി’ ‘മിമിക്രി’ എന്നൊക്കെ കേട്ടിട്ടുണ്ട്. ഇവനാരെടാ ഈ മാക്രി? അതെന്തു വസ്തു.

വക്കച്ചൻ വിശദീകരിച്ചു.

“പാടത്തും തോട്ടുവക്കിലുമൊക്കെ ഒണ്ടാവില്ലേ?”

പാടത്തും തോട്ടുവക്കിലുമുണ്ടാകുന്ന പലതും പിള്ളർ ആലോചിച്ചു കണ്ടുപിടിക്കാൻ നോക്കി. വക്കച്ചന് ശുണ്ഠി വന്നു.

“ഇതെന്തോന്ന് ഭാഷയെടാ നിങ്ങളേത്? മാക്രി അറിയാമ്മേലാന്നു വെച്ചാൽ?”

കയ്യും കാലും കുത്തി വക്കച്ചൻ തറയിലിരുന്നു ചാടി. പിള്ളർക്ക് അൽപാല്പം പിടികിട്ടിത്തുടങ്ങി. അപ്പോൾ നാശം! പിള്ളാർക്ക് അറിയാവുന്ന പേരു ഓർമ്മയിലെത്തുകയും ചെയ്തു.

“എടാ, തവള?”

വക്കച്ചൻ കിതച്ചുകൊണ്ട് പറഞ്ഞു. പിള്ളർക്ക് സന്തോഷമായി. വേലയുടെ സ്വഭാവവും വിവരിച്ചു കേട്ടപ്പോൾ ഉത്സാഹമായി.

പിറ്റേന്നു സന്ധ്യക്ക് വലയും കുന്തവും ചാക്കും പെട്രോമാക്സുമായി ഒരു ഘോഷയാത്ര വക്കച്ചന്റെ ബംഗ്ലാവിൽനിന്നു പുറപ്പെട്ട് ഏണിത്തലപ്പഞ്ചായത്തിലെ പാടങ്ങളിലേക്ക് ഇറങ്ങിച്ചെന്നു. പുതുവെള്ളത്തിൽ പുളച്ച് സംഗീതം പൊഴിക്കുന്ന മാക്രികൾക്ക് ആസന്നമായ വിപത്ത് കണ്ടറിയാനുള്ള ബുദ്ധി ഉണ്ടായില്ല.

സംഗീതജ്ഞരായ മാക്രികൾ ചാക്കിട്ടു പിടിക്കപ്പെട്ടു. ഏണിത്തലപ്പഞ്ചായത്തിലെ നിശ്ശബ്ദസുന്ദര രാത്രികൾ കലുഷിതങ്ങളായി. മാക്രിപിടുത്തം ഒരു മഹാസംഭവമായി മുമ്പോട്ടു നീങ്ങി.

മുട്ടുകുത്തിയും നെഞ്ചിട്ടുമിഴയുന്ന കുട്ടികളെ അമ്മമാർ കോലായിൽ കിടത്തിയുറക്കാൻ ഭയപ്പെട്ടു. കുനിഞ്ഞുകൂടി നടക്കുന്ന മുത്തികളെയും അകത്തിട്ടുപൂട്ടി. കാരണം, മാക്രിപിടുത്തക്കാർ കുട്ടികളേയും മുത്തികളെയും ഒഴിവാക്കില്ല എന്നൊരു കിംവദന്തി പരന്നു.

കാലം പിന്നേയും നീങ്ങി. കഥകൾ നിറഞ്ഞ രാവുകൾ ഓരോന്നായി ഏണിത്തലപ്പഞ്ചായത്തിൽ കൊഴിഞ്ഞുവീണു. ഒടുവിൽ ഒരു ദിവസം മാക്രി നായാട്ട് വാസുമുതലാളിയുടെ തെങ്ങിൻത്തോപ്പിലുമെത്തി.

അവിടെ സംഘട്ടനത്തിന്റെ വിത്തു വീണു. തെങ്ങിൻതോപ്പിന്റെ കാവൽക്കാരൻ നായാട്ടുകാരെ വിലക്കി. അവർ തമ്മിൽ അസഭ്യംകൊണ്ട് പാനോപചാര പ്രസംഗം നടത്തി. വിവരം കേട്ടറിഞ്ഞുവന്ന വക്കച്ചന്റെ കയ്യും കാവല്ക്കാരന്റെ പിരടിയും തമ്മിൽ അഭിമുഖസംഭാഷണം നടത്തി.

വിവരമറിഞ്ഞ് വാസുമുതലാളി ക്ഷോഭിച്ചു. ക്ഷോഭിച്ച വാസുമുതലാളി പ്രതികാരനടപടികൾ ആസൂത്രണം ചെയ്തു. സൂത്രത്തിൽ ഏണിത്തലപ്പഞ്ചായത്തിന്റെ പ്രസിഡണ്ടിനെ വാസുമുതലാളി സ്വാധീനിച്ചു. പഞ്ചായത്തു മാക്രി നായാട്ട് നിരോധിച്ചു. പഞ്ചായത്തതിർത്തിക്കുള്ളിൽ ചെണ്ടമുട്ടി വിളംബരം ചെയ്തു.

“ആറ്റുവക്കിലോ, തോട്ടുവക്കിലോ, കുളത്തിലോ, കുളക്കരയിലോ, പാടത്തോ, തൊടിയിലോ വെച്ച് ഇന്നു മുതൽ മാക്രിയെന്നുകൂടി പേരുള്ള തവളയെ, കെണിവെച്ചോ, എറിഞ്ഞു കാലൊടിച്ചോ, ചാക്കിട്ടോ, വല വീശിയോ പിടിക്കുന്നത് ഈ ഉത്തരവുമൂലം ഏണിത്തലപ്പഞ്ചായത്ത് കഠിനമായി നിരോധിക്കുന്നു.”

വഴക്ക്!

ബഹളം.

പൊതുയോഗം, പ്രതിഷേധറാലി, സവർണ്ണാവർണ്ണ യുദ്ധം, മതങ്ങൾ മുഴുവനും അപകടത്തിൽ.

എല്ലാ വഴക്കുകളുടേയും മാക്രിപ്പോരിന്റെയും പെട്ടിവെച്ചുകളി ക്ലബ്ബിൽ നടന്നു.

വാസുമുതലാളിയോട് പകരം ചോദിക്കാൻ വന്ന വക്കച്ചൻ മൂന്നമത്തെ ലാർജ്ജ് ഒറ്റ വലിക്ക് അകത്താക്കി ഗർജ്ജിച്ചു.

“പറെടാ, തന്തയ്ക്ക് പിറന്നവനെങ്കിൽ പറ”

വാക്കേറ്റം കയ്യാങ്കളിയിൽ കലാശിച്ചു. വക്കച്ചൻ പ്രതിഷേധിച്ച് ഇറങ്ങിനടന്നു. പിറ്റേന്നു വാസുമുതലാളിയെ പ്രതിചേർത്തു ക്രിമിനൽ കേസ്സ് കൊടുത്തു. വാസുമുതലാളി ഒരു മാനനഷ്ടക്കേസ്സ് അങ്ങോട്ടും കൊടുത്തു. രണ്ടു കേസ്സും ഉഗ്രമായി നടന്നപ്പോൾ വക്കച്ചൻ ഹൈക്കോടതിയിലുമെത്തി.

മാക്രികൾ ഒരു പഞ്ചായത്തിന്റേയോ, സ്റ്റേറ്റിന്റേയോ, രാഷ്ട്രത്തിന്റേയോ പൊതുസ്വത്തല്ല. ദൈവം തമ്പുരാന്റെ സൃഷ്ടി. ഏതു മനുഷ്യനും അതിനെ എപ്പോൾ എവിടെവെച്ചു കണ്ടാലും കല്ലെറിഞ്ഞുകൊല്ലാനും ചാക്കിട്ടുപിടിക്കാനും അവകാശമുണ്ട്. ഈ അവകാശം തടയുന്നത് മനുഷ്യാവകാശലംഘനമാണ്. ഏണിത്തലപ്പഞ്ചായത്തിനെ മനുഷ്യാവകാശലംഘനത്തിൽനിന്നു തടയണം. വക്കച്ചന്റെ റിട്ടിൽ വിവരിച്ച കാര്യങ്ങളിത്രയുമാണ്.

എല്ലാ കേസ്സുകളും തോറ്റപ്പോൾ ഏണിത്തലപ്പഞ്ചായത്തിലും അതിനെ തുടർന്നു ലോകത്തിലും ശാന്തിയുണ്ടായി.

ഇത്രയെല്ലാമായിട്ട് വക്കച്ചൻ തിരിച്ചുവരുമെന്ന് ക്ലബ്ബിലാരും വിചാരിച്ചതല്ല.

വക്കച്ചന്റെ അഭിവാദ്യത്തിന്നും പ്രഖ്യാപനത്തിന്നും പ്രതികരണമൊന്നും ഉണ്ടായില്ല. വാസുമുതലാളിയുടെ ടേബിളിലെ വൈൻ ഗ്ലാസ്സുകളൊഴിഞ്ഞു. മറ്റ ടേബിളുകളിലുള്ളവർ നിമിഷനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം കളി തുടങ്ങി.

"എന്നെ ക്ലബ്ബിനു ആവശ്യമില്ലെങ്കിലും എനിക്കു ക്ലബ്ബാവശ്യമുണ്ട്. ഞാനിനി എന്നും വരും. ഓ! ഒരു കാര്യം മറന്നു. എന്റെ സ്നേഹിതനെ ഞാൻ നിങ്ങൾക്കു പരിചയപ്പെടുത്തിയില്ല. ഇദ്ദേഹം മി. കുഞ്ഞുണ്ണി. സിംഹഗർജ്ജനത്തിന്റെ ഗസ്റ്റപ്പോ."

വാസുമുതലാളി ഞെട്ടി. ശ്രോതാക്കളിൽ പലരും ഞെട്ടി. കുഞ്ഞുണ്ണിയെന്നൊരു വില്ലന്റെ ധീരസാഹസചരിത്രങ്ങൾ പലരും പലപ്പോഴും പറഞ്ഞുകേട്ടിട്ടുണ്ട്. കഥാപുരുഷനെ പച്ചയോടെ കാണാൻ കഴിഞ്ഞിട്ടില്ല. കൗതുകത്തോടെ, അറപ്പോടെ, വെറുപ്പോടെ പലരും കുഞ്ഞുണ്ണിയെ നോക്കി. കുഞ്ഞുണ്ണി ഉത്സാഹത്തോടെ ഉന്മേഷത്തോടെ പലരേയും വിസ്തരിച്ചു മനസ്സിലാക്കി.

വക്കച്ചൻ ആരേയും ശ്രദ്ധിച്ചില്ല. ശ്രദ്ധിക്കാതെതന്നെ അവിടെ കൂടിയിരിക്കുന്നവരുടെ വിഷമം വക്കച്ചന് മനസ്സിലാക്കാൻ കഴിയുമായിരുന്നു. അവരിൽ ഭൂരിപക്ഷത്തിന്റെ ശത്രു കുഞ്ഞുണ്ണിയെന്ന വരായുധവുമേന്തി തിരിച്ചുവന്നിരിക്കുന്നു.

"എടാ, ഇനിയങ്ങോട്ട് മാക്രി പിടുത്തമല്ല; മനുഷ്യനെ പിടുത്തമാണ്. കാണിച്ചുതരാമെടാ ഇരുമ്പു ചട്ടിയിലിട്ട് ഓരോന്നിനേയും ഈ വക്കച്ചൻ വറുക്കും."

വക്കച്ചന്റെ പ്രതികാരത്തിൽ ജ്വലിക്കുന്ന മനസ്സ് മന്ത്രിക്കുകയായിരുന്നു.

"ഇതു വക്കച്ചനാണ്. കുഞ്ഞുണ്ണിയും! മനസ്സിലായോ?"

ശത്രുക്കൾ നിലംപരിശാവുന്ന മനോഹരദൃശ്യം ഉള്ളിൽ കണ്ടുകൊണ്ട് വക്കച്ചൻ തുടർന്നു.

"ഒരു സന്തോഷവാർത്ത നിങ്ങളെ അറിയിക്കാനുണ്ട്. അടുത്ത ഞായറാഴ്ച മഹാനഗരത്തിലൊരു പുതിയ സായാഹ്നപത്രം പിറവിയെടുക്കും. ഗവർണ്ണരോ മുഖ്യമന്ത്രിയോ അതുൽഘാടനം ചെയ്യും. ഞാനതിന്റെ ഉടമയാണ്. കുഞ്ഞുണ്ണി പത്രാധിപരും. ഉദ്ഘാടനചടങ്ങിൽ പങ്കെടുക്കാൻ നിങ്ങളെല്ലാവരേയും ഞാൻ പ്രത്യേകം പ്രത്യേകം ക്ഷണിക്കുന്നു. ക്ഷണപത്രം പിറകെ വരും."

വാസുമുതലാളി ഒളികണ്ണിട്ട് കുഞ്ഞുണ്ണിയെ നോക്കുകയായിരുന്നു. കാറിൽ പോകുമ്പോൾ ആൾക്കൂട്ടത്തിലെവിടെയോ ആരോ ഒരിക്കൽ ചൂണ്ടിക്കൊടുത്തിട്ടുണ്ട്. അതൊരു പാർശ്വവീക്ഷണം മാത്രമായിരുന്നു. തന്റെ മുഖ്യശത്രുവിനെ മുഖത്തോടുമുഖം കാണാനുള്ള സൗകര്യം സിദ്ധിച്ചപ്പോൾ, ലജ്ജാശീലയായ കന്യകയെപ്പോലെ വാസുമുതലാളി തലതാഴ്ത്തിക്കളഞ്ഞു.

പുതിയ പത്രം പുതിയ കൂട്ടുകെട്ട്!

വാസുമുതലാളി അതുതന്നെ ആലോചിച്ചുകൊണ്ടിരുന്നു. ശത്രുവിന്റെ ശത്രുവായി വക്കച്ചൻ സന്ധിചെയ്തിരിക്കുന്നു. നിസ്സാരസംഭവമല്ല.

കണ്ഠമാലയും കുരുപ്പും! കോളറയും, കുഷ്ഠവും!!

മഹാനഗരമേ, നിനക്കു മോചനമില്ല. നിന്റെ നിർഭാഗ്യത്തിനതിരില്ല.

“കാണാം നമുക്കിനി എന്നും കാണാം!”

വക്കച്ചനെഴുന്നേറ്റ് യാത്രപറഞ്ഞ് നെഞ്ചുന്തിച്ചുകൊണ്ട് പുറത്തേക്ക് നടന്നു. ഒട്ടും കുറയാത്ത ഭാവത്തിൽ നിഴലുപോലെ കുഞ്ചുണ്ണിയും.

ആ വേഴ്ച ഒരു യാദൃച്ഛികസംഭവമായിരുന്നു.

സിംഹഗർജ്ജനം പത്രാധിപരുമായി വഴക്കുണ്ടാക്കി പുറത്തിറങ്ങിയ കുഞ്ചുണ്ണി ഒരു ലക്ഷ്യവുമില്ലാതെ നഗരത്തിലലഞ്ഞു. പത്രാധിപരുടെ കത്തി കയ്യിൽ തന്നെ ഉണ്ടായിരുന്നു.

തെരുവുകൾ പലതും പിന്നിട്ട്, തിരക്കേറിയ വ്യാപാരകേന്ദ്രങ്ങൾ പിന്നിട്ട് കുഞ്ചുണ്ണി നടന്നു. ജീവിതം പിന്നേയും ഒരു വഴിത്തിരിവിൽ വന്നു മുട്ടിത്തിരിയുകയാണ്. ഭാവി വളരെ വളരെ അനിശ്ചിതം.

നടന്നു നടന്നു കുഞ്ചുണ്ണി പഴയ ബോധിവൃക്ഷത്തണലിലെത്തുന്നു. എന്നും അവിടെവച്ചാണ് ഭാവിയിലേക്കുള്ള മാർഗ്ഗം തെളിഞ്ഞത്.

അവിടമിപ്പോൾ പക്ഷിശാസ്ത്രക്കാരുടേയും കൈനോട്ടക്കാരുടേയും ഒരു കോളനിയാണ്. മതിലുകളിൽ നാനാതരത്തിലുള്ള പരസ്യങ്ങൾ തൂങ്ങുന്നു. തനിക്കിതൊന്നുമുണ്ടായിരുന്നില്ല. വെറും നാവ്. ഇന്ന് എല്ലാറ്റിനും പരസ്യം വേണം.

ഓരോ പക്ഷിശാസ്ത്രക്കാരന്റെ മുമ്പിലും ചെന്നു നിന്നു. ഓരോ കൈനോട്ടക്കാരന്റെ മുമ്പിലും ചെന്നു നിന്നു.

“കൈനോക്കി ലക്ഷണം പറയണോ?”

ഒന്നും മിണ്ടാതെ നടന്നു. നിരത്ത് മുറിച്ചുനടക്കാൻ തുടങ്ങുമ്പോൾ ഒരു കാറ് വന്നു നില്ക്കുന്നു.

“മി. കുഞ്ചുണ്ണി”

തന്റെ പേരു വിളിയ്ക്കുന്നു. കുഞ്ചുണ്ണി അടുത്തു ചെന്നുനോക്കി. പരിചയമില്ല. പക്ഷെ വാതിൽ തുറന്നു കയറാൻ പറയുന്നു. കയറി.

ഹോട്ടൽ ഗുഡ് ബ്രീസിലാണ് കാറു ചെന്നു നിന്നത്.

മഹാനഗരത്തിലെ ഏറ്റവും വലിയ ഹോട്ടലുകളിലൊന്ന്. കടൽക്കാറ്റ് മറവും തടവുമില്ലാതെ അവിടെ ഒഴുകിവന്നു ചേരുന്നു.

ഒരു ടേബിളിനിരുവശത്തും അഭിമുഖമായിരുന്ന് പലതും കുടിച്ചുകൊണ്ട്, ഭക്ഷിച്ചുകൊണ്ട് പരിചയപ്പെട്ടു, സന്ധിചെയ്തു.

രണ്ടാളുടെ ലക്ഷ്യവും ഒന്നായിരുന്നു. വാസുമുതലാളിയുടെ സംഹാരം!

വേഗത്തിൽ അടുത്തു!...

വക്കച്ചനും കുഞ്ചുണ്ണിയും യാത്രപറഞ്ഞിറങ്ങിയപ്പോൾ വാസുമുതലാളി കസേരയിലേക്ക് ചാരി! ക്ഷീണിച്ചുള്ള ചാരലായിരുന്നു. പിന്നെ മനുഷ്യമഹത്വത്തെപ്പറ്റി മിണ്ടിയില്ല. റമ്മികളി നടന്നില്ല.

വൈൻഗ്ലാസ്സുകൾ നിറയുകയും ഒഴിയുകയും മാത്രം ചെയ്തു, രാത്രി വളരെ വൈകുന്നവരെ.

— 9 —

# ഒമ്പത്

ശരൽക്കാലസന്ധ്യ ആകാശത്തിൽ ചന്ദനത്തിരി കൊളുത്തി നിൽക്കുമ്പോൾ, അറബിക്കടൽ അലമാലകളൊതുക്കി ചെവിടോർത്തു കിടക്കുമ്പോൾ മഹാനഗരത്തിലെ ജൂബിലി മെമ്മോറിയൽ ഹാളിൽ കരഘോഷം മുഴങ്ങി.

വക്കച്ചൻ സന്ദേശങ്ങൾ വായിക്കുകയാണ്.

“സോഷ്യലിസത്തിലേക്കുള്ള മഹത്തായ പ്രയാണത്തിൽ നമ്മുടെ രാഷ്ട്രത്തിന്ന് ഉത്തേജനവും പ്രചോദനവും നൽകാൻ ‘തീപ്പന്ത’ത്തിന്ന് പരമാവധി കഴിവുണ്ടാവട്ടെ.”

തീപ്പന്തം!

കുഞ്ചുണ്ണിയുടെ പത്രാധിപത്യത്തിൽ, വക്കച്ചന്റെ ഉടമസ്ഥതയിൽ പ്രസിദ്ധീകരണമാരംഭിച്ച സായാഹനപ്പത്രം! അതിന്റെ പ്രസിദ്ധീകരണോൽഘാടനമാണ് നടക്കുന്നത്.

ഗുരു ശങ്കരദാസിന്റെ രണ്ടു ശിഷ്യകളുടെ പ്രാർത്ഥനാഗാനത്തോടുകൂടിയാണ് പരിപാടികളാരംഭിച്ചത്.

അദ്ധ്യക്ഷപീഠമലങ്കരിച്ച വയോവൃദ്ധനായ നഗര പിതാവ് വൃത്താന്തപത്ര പ്രവർത്തനത്തെപ്പറ്റിയും അഭിപ്രായ സ്വാതന്ത്ര്യത്തെപ്പറ്റിയും അതിദീർഘമായി പ്രതിപാദിച്ച് ആമുഖഭാഷണമവസാനിപ്പിച്ചപ്പോൾ സന്ദേശങ്ങളുടെ പെരുംഭാണ്ഡവുമായി വക്കച്ചൻ മുമ്പോട്ടു വന്നു.

നാട്ടിന്റെ നാനാഭാഗത്തുനിന്നും സന്ദേശങ്ങളെത്തിയിരുന്നു. ഭരണസാരത്ഥ്യം വഹിക്കുന്നവർ, സമുദായത്തിന്റെ മുകൾത്തട്ടിലിരിക്കുന്നവർ, അഭിഭാഷകർ, ഭിഷഗ്വരർ, വ്യവസായപ്രമുഖർ എന്നിങ്ങനെ പലരും സന്ദേശമയച്ചിരുന്നു. വക്കച്ചനതു മുഴുവനും വായിച്ചുതീർന്നപ്പോൾ, ‘തീപ്പന്ത’ത്തിന്റെ ഒരു പ്രതി ആദരവോടെ നഗരപിതാവിന് നൽകിക്കൊണ്ട് കുഞ്ചുണ്ണി പ്രസിദ്ധീകരണോൽഘാടനം നിർവ്വഹിച്ചു.

കണ്ണൻകുട്ടിമേനോന്റെ നേതൃത്വത്തിൽ അശ്വഹൃദയത്തിലെ അന്തേവാസികൾ വായ്ക്കുരവയിട്ടുകൊണ്ട് ആ മംഗളകർമ്മത്തിന്നു മിഴിവിയറ്റി.

തുടർന്ന് മഹാനഗരത്തിലെ പ്രമുഖ വ്യക്തികൾ പലരുമടങ്ങുന്ന സദസ്സിൽ തീപ്പന്തത്തിന്റെ ഒന്നാം ലക്കം സൗജന്യമായി വിതരണം ചെയ്തു.

"മഹാജനങ്ങളേ,"

കുഞ്ചുണ്ണി മൈക്രോഫോണിന്റെ കഴുത്തിൽ കേറി പിടിച്ചുകൊണ്ട് കൂവി.

"മാലിന്യങ്ങളെ തുത്തുവാരുകയാണ് ഞങ്ങളുടെ ലക്ഷ്യം. പണവും പ്രതാപവും അധികാരവുമുള്ളവർക്ക് ഇവിടെ എന്തും ചെയ്യാമെന്നൊരു നിലയുണ്ട്. അത് ഞങ്ങളനുവദിയ്ക്കില്ല. ഈ മഹാനഗരത്തിൽ കരിഞ്ചന്തയും പൂഴ്ത്തിവെപ്പും നടമാടുന്നു. പണക്കാർ കൂടുതൽ പണക്കാരായി തടിയ്ക്കുകയും പാവപ്പെട്ടവർ കൂടുതൽ പാവപ്പെട്ടവരായി മെലിയുകയും ചെയ്യുന്നു. ഞങ്ങളവരുടെ അക്രമങ്ങളൊക്കെ വെളിച്ചത്തു കൊണ്ടുവരും. സ്ത്രീത്വം വില്പനച്ചരക്കാവുന്നേടത്ത് 'തീപ്പന്തം' കാട്ടുതീയാവും. അനീതിയെ, അക്രമത്തെ, ധിക്കാരത്തെ, അസാന്മാർഗ്ഗികതയെ ഞങ്ങൾ ചുട്ടുകരിയ്ക്കും. അതിനുവേണ്ടിയാണ് ഈ തീപ്പന്തമിന്നിവിടെ കൊളുത്തിയത്. ഈ പന്തം എന്നെന്നും ജ്വലിച്ചുകൊണ്ടിരിക്കും. ഇതിന്റെ ചൂടിൽ മര്യാദക്കാർ ചിറകുകളുണക്കും. അക്രമികളും ധിക്കാരികളും കരിഞ്ഞ് വെണ്ണീറാവും. ജയ് ഹിന്ദ്!"

"ജയ് ഹിന്ദ്!"

സദസ്സ് മുഴുവനും ഏറ്റുപറഞ്ഞു...

അപ്പോൾ വാസുമുതലാളിയുടെ ബങ്കളാവിൽനിന്ന് മൂന്നു തവണ ശംഖനാദത്തിലൂടെ പ്രണവം മുഴങ്ങി.

ബങ്കളാവിന്റെ രണ്ടാമത്തെ നിലയിൽ വിശാലമായ ഹാളിൽ, ദന്തനിർമ്മിതമായ രാധാകൃഷ്ണപ്രതിമയുടെ മുമ്പിൽ, പരമാനന്ദയോഗി കണ്ണടച്ച് ധ്യാനനിമഗ്നനായി പത്മാസനത്തിലിരിക്കുന്നു. യോഗിയ്ക്കും പ്രതിയോഗിയ്ക്കുമിടയിൽ വലിയൊരു പൂക്കുമ്പാരമുണ്ട്. വാഴയിലയിൽ ശർക്കരയും അവിലും മലരും കദളിപ്പഴവും കരിമ്പും മുന്തിരിങ്ങയുമുണ്ട്. വെള്ളിത്തളികയിൽ പഞ്ചാമൃതമുണ്ട്.

വാസുമുതലാളിയും ഭാര്യയും ക്ഷണിയ്ക്കപ്പെട്ട ചെറിയൊരു സദസ്സും തറയിൽ ശ്വാസമടക്കിപ്പിടിച്ചിരിയ്ക്കുന്നു. അരിക്കച്ചവടക്കാരനായ അനന്തഭട്ടും ഭാര്യയും മക്കളും, നേഴ്സിങ്ങ് ഹോം ഉടമയും ഔഷധവ്യാപാരിയുമായ സുവർണ്ണപ്രഭുവും കുടുംബവും, വസ്ത്രവ്യാപാരിയായ കൃഷ്ണദാസ് നാരായണദാസ് ഭീംജിയും രണ്ടു പെൺമക്കളും ഭർത്താക്കന്മാരും അവരുടെ കുട്ടികളുമാണ് ക്ഷണിയ്ക്കപ്പെട്ട ചെറുസദസ്സ്! ഉടുമുണ്ടിനു മേലെ രണ്ടാംമുണ്ട് ചുറ്റി, മേലാസകലം ഭസ്മം പൂശി, ചെവിക്കുറ്റിയിലും തലമുടികൾക്കിടയിലും ചെത്തിപ്പൂ തിരുകി കയ്യിലൊരു ശംഖുംപിടിച്ച് പരമു ചലനരഹിതനായി യോഗിയുടെ പിന്നിൽ നിൽക്കുന്നു.

അഷ്ടഗന്ധത്തിന്റെയും കർപ്പൂരത്തിന്റെയും ചന്ദനത്തിരിയുടെയും പരിമളം ജാലകപ്പഴുതിലൂടെ, വാതില്പഴുതിലൂടെ ഊർന്നിറങ്ങി, ബാൽക്കണിയും കടന്ന് മുറ്റ

ത്തെത്തി. പൂന്തോട്ടത്തിലൂടെ, നടവഴിയിലൂടെയൊഴുകി നിരത്തിലേക്കു പരക്കാൻ തുടങ്ങി.

പരമാനന്ദയോഗിയോടൊപ്പം എല്ലാവരും കണ്ണടച്ച് ആത്മാവിലേക്ക് നോക്കുകയായിരുന്നു. അവിടെയാണല്ലോ പരാൽപരതത്വമൊളിച്ചിരിയ്ക്കുന്നത്. ആ ദൈവിക മുഹൂർത്തത്തെ പൊതിഞ്ഞു നിൽക്കുന്ന നിശ്ശബ്ദതയുടെ പരിശുദ്ധി ശ്വാസോച്ഛ്വാസംകൊണ്ടു പോലും മുറിപ്പെടുത്താൻ ആരും ധൈര്യപ്പെട്ടില്ല.

പൂജാമണിയുടെ ശബ്ദം കേട്ട് പരമു കണ്ണുതുറന്നു. തുടർന്ന് വാസുമുതലാളിയും ഒപ്പം മറ്റുള്ളവരും കണ്ണു തുറന്നു.

പരമാനന്ദയോഗി പൂജാമണി കുലുക്കിക്കൊണ്ട് രാധാകൃഷ്ണവിഗ്രഹത്തിൽ പുഷ്പാർച്ചന നടത്തുകയാണ്. യോഗീശ്വരന്റെ കണ്ണുകൾ പഴക്കട്ടയ്ക്കുപോലെ ചുവന്നിരിക്കുന്നു. കുണ്ഡലിനീ ശക്തിയെ വിളിച്ചുണർത്തി ഈശ്വരസാക്ഷാല്ക്കാര പിയൂഷം നുകർന്നു മത്തുപിടിയ്ക്കുമ്പോൾ യോഗീന്ദ്രന്മാരുടെ കണ്ണുകൾ ചുവക്കുമെന്നു കേട്ടിട്ടുണ്ട്. വാസുമുതലാളിയും ശിഷ്യം ഭക്തജനങ്ങളും യോഗീശ്വരന്റെ കണ്ണുകളിലേക്കുറ്റുനോക്കി പാരവശ്യംകൊണ്ടു.

നിമിഷങ്ങൾക്കകം രാധാകൃഷ്ണപ്രതിമ പൂക്കുമ്പാരത്തിൽ മൂടി. ഭസ്മത്തട്ടിൽ കർപ്പൂരക്കട്ടകളെരിഞ്ഞു. മണമുള്ള കറുത്ത പുക അന്തരീക്ഷത്തിൽ പൊതിഞ്ഞു. വെള്ളിത്തളികയിൽനിന്ന് പഞ്ചാമൃതം കോരിയെടുത്ത് രാധയുടെയും കൃഷ്ണന്റെയും ചുണ്ടുകൾക്കടുപ്പിച്ച് യോഗീവര്യൻ കണ്ണുകൾകൊണ്ട് കെഞ്ചി.

"കഴിയ്ക്കൂ, എന്റെ കൃഷ്ണനല്ലേ? കൃഷ്ണന്റെ രാധയല്ലേ? ഈ നിവേദ്യം കഴിയ്ക്കൂ."

യോഗിവര്യന്റെ കണ്ണുകൾ ജലാർദ്രങ്ങളാവുന്നു. ക്രമേണ നിറഞ്ഞൊഴുകുന്നു. കവിളിലൂടെ കുത്തിയൊലിച്ചു മാറിടം നനച്ച കണ്ണുനീർ യോഗിവര്യന്റെ നഗ്നത മറച്ച മഞ്ഞപ്പട്ടിൽ വീണു വിലയം പ്രാപിക്കുന്നു.

വാസുമുതലാളിയ്ക്കു സഹിച്ചില്ല. തേങ്ങിപ്പോയി. ക്ഷണിയ്ക്കപ്പെട്ട ചെറുസദസ്സ് കണ്ണീരൊപ്പി. കൃഷ്ണദാസ് നാരായണദാസ് ഭീംജി ഗദ്ഗദംകൊണ്ടപ്പോൾ ജൂബ്ബകൊണ്ടാവരണമിട്ട കുടവയർ ഫുട്ബോൾ പോലെ ഇളകി.

പരമാനന്ദയോഗി രാധാകൃഷ്ണന്റെ പ്രതിമയ്ക്കു മുമ്പിൽ സാഷ്ടാംഗം നമസ്കരിച്ച് കമിഴ്ന്നടിച്ചു കിടന്നു. അതു കണ്ടു പരമു മൂന്നുരു ശംഖനാദം മുഴക്കി. എല്ലാവരും സാഷ്ടാംഗം പ്രണമിച്ച് തറയിൽ പറ്റിക്കിടന്നു. കൂട്ടത്തിൽ തടി കൂടിയ ഭീംജിയ്ക്കും അനന്തഭട്ടിനും ഭാര്യയ്ക്കും അപ്പോൾ കലശലായ ശ്വാസംമുട്ടലനുഭവപ്പെട്ടു.

യോഗിവര്യൻ നിവർന്നിരിയ്ക്കുന്ന ശബ്ദം കേട്ട് മറ്റുള്ളവരും നിവർന്നിരുന്നു. പത്മാസനത്തിലിരുന്ന യോഗിവര്യൻ അപാരതയിൽ നോട്ടമുറപ്പിച്ചു ചിരിച്ചു. പ്രേമാമൃതം വഴിഞ്ഞൊഴുകുന്ന ചിരി. പക്ഷെ, ശബ്ദമില്ല, പ്രകാശം മാത്രം.

നിശ്ശബ്ദമായി ചിരിയ്ക്കുന്ന യോഗിയുടെ കയ്യിൽ വാസുമുതലാളി പഞ്ചാമൃതം വാരിയൊഴിച്ചു കൊടുത്തു. ഭീംജിയുടെ പേരക്കിടാങ്ങൾ അതു നോക്കി കുടിനീരിറ

ക്കി. യാതൊരു ഭാവഭേദവും കൂടാതെ യോഗിവര്യൻ, തന്റെ കയ്യിലുള്ള പഞ്ചാമൃതം ആദ്യം പ്രതിമയെ ഊട്ടുകയും പിന്നെ ഉച്ഛിഷ്ടം താൻ കഴിയ്ക്കുകയും ചെയ്തു.

പഞ്ചാമൃതം കഴിച്ചപ്പോൾ കയ്യും മുഖവും ശുചിയാക്കാൻ പരമു തീർത്ഥകിണ്ടിയിൽനിന്നു ജലമൊഴിച്ചുകൊടുത്തു. കൈ വായ് മുഖം ശുചിവരുത്തിയ യോഗിവര്യൻ മുന്നറിയിപ്പുകൂടാതെ കണ്ണടച്ചു സമാധിയിൽ ലയിക്കുന്നു.

അവിലും മലരും പഴവും പഞ്ചാമൃതവും പരമുവാണ് ക്ഷണിക്കപ്പെട്ട സദസ്സിൽ വിതരണം ചെയ്തത്. യോഗിയുടെ സമാധിക്കു വിഘ്നം വരുമെന്ന് പേടിച്ച് വിഭവങ്ങളെല്ലാം അതിഥികൾ ശബ്ദമില്ലാതെ വിഴുങ്ങേണ്ടിവന്നു. കുട്ടികൾ വാരിവലിച്ചു ചവയ്ക്കുമ്പോൾ അമ്മമാർ അവരുടെ വായ പൊത്തിപ്പിടിച്ചു. പിന്നെ പതുക്കെപ്പതുക്കെ ഓരോരുത്തരായി കോണിപ്പടവുകളിറങ്ങി താഴത്തെ നിലയിലെത്തി.

ഗെയ്റ്റിൽവെച്ചു യാത്ര പറയുമ്പോൾ വാസുമുതലാളി മനുഷ്യമഹത്വത്തെക്കുറിച്ച് അതിഥികളോട്ട് സൂചിപ്പിച്ചു.

“മഹത്വം ഏതു വേഷത്തിലാണൊളിഞ്ഞുനില്ക്കുന്നതെന്ന് കണ്ടുപിടിക്കാൻ വിഷമം.”

“പരമാനന്ദയോഗി ബളറെ ബലിയ ഒരു അൽബുദം തന്നെ.”

ആനന്ദഭട്ട് പറഞ്ഞു.

“നമ്മൾ രോമാഞ്ചപുളകതന്നെ ആയി. ഹറേ കൃസ്ണ, ഗോബിന്ത, സൗറേ, മുറാറേ”

“സേട്ട്ജിക്ക് കേൾക്കണോ?”

വാസുമുതലാളി ചോദിച്ചു.

“ബേണം”

ഭീംജിക്ക് ഉത്സാഹം കൂടി. പേരക്കിടാങ്ങൾ കുരങ്ങന്മാരെപ്പോലെ വാസുമുതലാളിയുടെ തോട്ടത്തിൽ പ്രവേശിച്ചത് ആരും ശ്രദ്ധിച്ചില്ല.

“എന്റെ ഭാഗ്യമെന്നു പറയട്ടെ.”

വാസുമുതലാളി തുടർന്നു.

“ഒരു ദിവസം രാവിലെ, കണ്ടാൽ മഹാപ്രാകൃതനായിട്ട് ഒരാൾ പടി കടന്നുവരുന്നു. ഭിക്ഷക്കാർ വല്ലവരുമാവുമെന്നുവെച്ചു ഞാനൊരഞ്ചു പൈസയെടുത്തു എറിഞ്ഞു കൊടുത്തു. കണ്ടതായി ഭാവിച്ചില്ല. മിണ്ടാതെ മുറ്റത്തു നില്ക്കുന്നു. എനിക്കല്പം ശുണ്ഠിയാണു വന്നത്. ആരെടാ ഇവൻ കാശു വേണ്ടാത്തൊരു ഭിക്ഷക്കാരൻ? നല്ല കണക്കിൽ ശകാരിക്കണമെന്നു വെച്ച് ഞാൻ മുറ്റത്തിറങ്ങിച്ചെന്നു.”

ക്ഷണിക്കപ്പെട്ട സദസ്സ് ശ്രദ്ധാപൂർവ്വം വാസുമുതലാളിയുടെ കഥ കേൾക്കുകയാണ്. ഭീംജിയുടെ പേരക്കിടാങ്ങൾ തോട്ടത്തിലെ സപ്പോട്ടമരത്തിലും പേരമരത്തിലും കയറിക്കൂടിയിരിക്കയാണ്. വാസുമുതലാളി അതു കണ്ടെങ്കിലും ഒന്നും പറയാൻ വയ്യാത്തതുകൊണ്ട് ക്ഷമാശീലത്തോടെ നിന്നു കഥ തുടർന്നു:

“അടുത്തു ചെന്നു നോക്കിയപ്പോൾ കാൽക്കൽ വീണു നമസ്കരിക്കാനാണ് തോന്നിയത്. കണ്ടാൽ വെറും പ്രാകൃതൻ. പക്ഷേ, ആ കണ്ണുണ്ടല്ലോ അത് കിടന്നു കത്തുകയായിരുന്നു. മുഖത്തൊരു പ്രത്യേക തേജസ്സു കളിയാടിയിരുന്നു. ഞാനത് ഒറ്റനോട്ടത്തിൽ കണ്ടറിഞ്ഞു. ഈശ്വരാധീനം! പലതും ഞാൻ ചോദിച്ചു. ഉത്തരമില്ല. അകത്തു കയറിയിരിക്കാൻ അപേക്ഷിച്ചു. അനക്കമില്ല. നിർബ്ബന്ധം മൂത്തപ്പോൾ മുറ്റത്തെ പൂഴിയിൽ കൈവിരലുകൊണ്ടെഴുതിക്കാണിച്ചു.

“പന്ത്രണ്ടു കൊല്ലമായി മൗനവ്രതമാണ്.”

അത്ഭുതം!

“ആഹാരംപോലും എടുത്തു കഴിക്കില്ല. കയ്യിൽ വെച്ചുകൊടുക്കണം. ദാഹിച്ച വെള്ളം ചോദിക്കില്ല. അറിഞ്ഞു കൊണ്ടുചെന്നു കൊടുക്കണം. അവധൂതന്റെ സർവ്വലക്ഷണങ്ങളും ഒത്തിരിക്കുന്നു.”

ആനന്തപ്രഭുവും സ്വർണ്ണഭട്ടും ഭാര്യമാരും ഭീംജിയും പെൺമക്കളും ഭർത്താക്കന്മാരും അന്തംവിട്ട് മിഴിച്ചുനിന്നു. വാസുമുതലാളി യോഗിവര്യന്റെ അത്ഭുതസിദ്ധികൾ അനാവരണംചെയ്തുകൊണ്ടു തുടർന്നു.

“വളരെ നിർബ്ബന്ധിച്ചപ്പോൾ കുറച്ചു ദിവസം ഇവിടെ താമസിക്കാമെന്നു സമ്മതിച്ചു. അന്നുമുതലിന്നോളംഈ വീട് അത്ഭുതങ്ങൾകൊണ്ട് വീർപ്പുമുട്ടുകയാണ്.”

“അൽബുദം എന്തെന്നു തന്നെ പറ. നമ്മൾ കേൾക്കട്ടെ.”

സ്വർണ്ണപ്രഭു തിരക്കു കൂട്ടി.

“ആദ്യത്തെ അത്ഭുതം സുഗന്ധമായിരുന്നു.”

“അത് പിന്നെ എന്ത്? നമ്മൾക്കു പിടികിട്ടിയില്ല.”

ആനന്തഭട്ട് ഒരു വിശദീകരണമാവശ്യപ്പെട്ടു. വാസുമുതലാളി സന്തോഷത്തോടെ വിശദീകരണം തുടങ്ങി.

“പുത്തനായി വിടർന്ന താമരപ്പൂവിന്റെ മണം.”

“എന്നുവെച്ചാൽ?”

സേട്ട്ജിക്കും പിടി കിട്ടിയില്ല.

“യോഗിവര്യൻ ഇവിടെ വന്ന ദിവസം സന്ധ്യയ്ക്കു എങ്ങുനിന്നെന്നില്ലാത്ത താമരപ്പൂവിന്റെ മണം കാറ്റിലൂടെ ഒഴുകിവന്നു. ഇന്നും അതിവിടെ തങ്ങിനില്ക്കുന്നു. ഇപ്പോഴും അന്തരീക്ഷത്തിലാ മണമുണ്ട്.”

വാസുമുതലാളി മൂക്കിന്റെ തുള വലുതാക്കി മണം പിടിച്ചു നിന്നു. സ്വർണ്ണപ്രഭുവും, ഭീംജിയും, ആനന്തഭട്ടും അതുതന്നെ ചെയ്തു. പെണ്ണുങ്ങളും. എല്ലാവരും മൂക്കിന്റെ തുളയും വലുതായി. അപ്പോൾ വാസുമുതലാളി ചോദിച്ചു.

“മണക്കുന്നില്ലേ?”

“ഉണ്ട് ഉണ്ട്. താമരപ്പൂമണം തന്നെ.”

ആനന്തഭട്ട്.

“നല്ല മണം.”

സേട്ട്ജി.

“ഇതു പിന്നെ നല്ല താമരപ്പൂ സുഗന്ധം തന്നെ.”

സ്വർണ്ണപ്രഭ.

“ഈ മണം എപ്പോഴും ഇവിടുത്തെ അന്തരീക്ഷത്തിലുണ്ട്.”

വാസുമുതലാളി തന്റെ അഭിപ്രായം ഒന്നുകൂടി ഉറപ്പിച്ചു.

“അദ്ദേഹം കുളിക്കില്ല, പല്ലുതേക്കില്ല, കാലും മുഖവും കഴുകില്ല, തികച്ചും അവധൂതനായി ജീവിക്കുന്നു. എന്നിട്ടും പുത്തനായി വിടർന്ന താമരപ്പൂവിന്റെ മണം. ഇത് ഈശ്വര സാക്ഷാല്ക്കാരത്തിന്റെ ലക്ഷണമല്ലാതെ മറ്റെന്താണ്?”

“ഹറേ കൃസ്ണ ഗോബിന്ദ സൗറേ, മുറാറേ.”

ആനന്ദഭട്ട് കണ്ണടച്ച് പ്രാർത്ഥിച്ചു.

എല്ലാവരും യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ സേട്ട്ജിയുടെ പേരക്കിടാങ്ങൾ വാസുമുതലാളിയുടെ തോട്ടത്തിൽനിന്ന് ധാരാളം സപ്പോട്ടയും പേരക്കയും പറിച്ച് ട്രൗസറിന്റെ പോക്കറ്റിൽ കുത്തിനിറച്ചതു് ആരും കണ്ടില്ല.

ഗെയിറ്റടച്ചുപൂട്ടി മടങ്ങുമ്പോൾ വാസുമുതലാളിയുടെ മുഖം കലശലായ അസ്വാസ്ഥ്യംകൊണ്ട് കരുവാളിച്ചിരുന്നു. നടയിൽനിന്നു തന്നെ മുതലാളി ഉച്ചത്തിൽ വിളിച്ചു.

“എടാ പരമു”

പരമു വിളികേട്ടുകൊണ്ടോടിയെത്തി.

“എടാ ഏതെങ്കിലും കടയിൽ ചെന്നു ‘തീപ്പന്ത’ത്തിന്റെ ഒരു കോപ്പി വാങ്ങിക്കൊണ്ടു വാ.”

സാധനമെന്തെന്നു മനസ്സിലാവാത്ത പരമു മുമ്പിൽ നിന്നു പരുങ്ങുന്നതു കണ്ടപ്പോൾ അല്പം കനപ്പിച്ചുകൊണ്ടു പറഞ്ഞു.

“ഇന്ന് പുതിയൊരു പത്രം പുറത്തിറങ്ങീട്ടുണ്ട് അതിന്റെ പേരാണ് തീപ്പന്തം. കടയിലെവിടെയെങ്കിലും കിട്ടും. ഇല്ലെങ്കിൽ ബസ്സ്സ്റ്റാണ്ടിൽ ചെല്ലു. അവിടെ തീർച്ചയായും കിട്ടും. വേഗം വരണം. ഇതാ താക്കോൽ. ഗയിറ്റ് പൂട്ടി പൊയ്ക്കോളൂ.”

അകത്തു കടക്കുമ്പോഴും സോഫയിൽ ചെന്നിരിക്കുമ്പോഴും പല്ലു കടിച്ചുകൊണ്ട് വാസുമുതലാളി പിറുപിറുത്തു.

“തീപ്പന്തം! തീപ്പന്തം!”

പരമു നിരത്തിൽ കയറിയപ്പോൾ വക്കച്ചന്റെ കാർ ഇരമ്പിത്തകർത്തു കടന്നുപോയി.

അശ്വഹൃദയത്തിന്റെ മുമ്പിൽ കുഞ്ചുണ്ണി കാറിൽ നിന്നിറങ്ങുമ്പോൾ സമയം പത്തുമണി. മാലയും ബൊക്കെയും മാറോടടക്കിപ്പിടിച്ച് വാതിൽപ്പടിയിൽ ചെന്നു നിന്നപ്പോൾ അകത്തു പത്രപാരായണത്തിന്റെ തിരക്കാണ്. കണ്ണൻകുട്ടിമേ

നോൻ ചാരുകസേരയിലിരുന്ന് മറ്റുള്ളവർക്കുവേണ്ടി തീപ്പന്തം ഉച്ചത്തിൽ പാരായണം ചെയ്യുന്നു.

"തീപ്പന്തം. പുസ്തകം ഒന്ന്, ലക്കം ഒന്ന്."

ആദ്യം മുതല്ക്കാണ് പാരായണം.

"ആത്മഹത്യയോ കൊലപാതകമോ?"

എല്ലാവർക്കും താല്പര്യമായി. ഗുരു ശങ്കരദാസും പീറ്ററും മുകുന്ദനും കയറ്റുകട്ടിലിൽ ഇരുന്നുകൊണ്ടും ജയകൃഷ്ണനും കൃഷ്ണൻകുട്ടിയും 'പറ'ത്തിന്മേൽ കിടന്നുകൊണ്ടും ശ്രദ്ധിക്കുകയാണ്. കണ്ണൻകുട്ടിമേനോൻ ഉച്ചത്തിൽ വായന തുടരുന്നു.

"സ്ഥലത്തെ പ്രമുഖവ്യാപാരിയും ലക്ഷപ്രഭുവും അരഡസൻ കാറുകൾക്കുടമയുമായ വാസുമുതലാളിയുടെ ബംഗ്ലാവിലെ വേലക്കാരി മാതുക്കുട്ടിയെ ഇരുട്ടിന്റെ മറവിൽവെച്ച് ഞെക്കിക്കൊന്നു. ശവം അജ്ഞാതമായ ഏതോ സ്ഥലത്തു മറവു ചെയ്ത വാർത്ത ആദ്യമായി പൊതുജനദൃഷ്ടിയിൽ കൊണ്ടുവരാൻ കഴിഞ്ഞതിൽ ഞങ്ങൾക്കഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്. പണമുണ്ടെങ്കിൽ നിയമത്തെ കയ്യിലെടുക്കാം. കൊല നടത്താം. എന്തും ചെയ്യാം. എന്നിട്ട് സത്യസന്ധത ഭാവിച്ച് ഞെളിയാം."

ഇവിടെ നിയമപാലകന്മാർ പണച്ചാക്കുകളുടെ അടിമകളാണോ? ഞങ്ങൾക്കതറിയണം. അറിഞ്ഞേ കഴിയൂ.

"ഇത് നല്ല കൊലപാതകം തന്നെയാണല്ലൊ."

ഇടയിൽ കടന്നു പീറ്റർ അഭിപ്രായം പറഞ്ഞു.

"അവനത് കിട്ടണം. ആ വാസുമുതലാളിക്ക്. അവന്റെ കാറും പത്രാസ്സും!"

"കിട്ടും."

കുഞ്ചുണ്ണിയുടെ കനത്ത ശബ്ദം.

"ഇനിയും കിട്ടും. ദിവസമെന്നോണം കിട്ടും."

കുഞ്ചുണ്ണിയെ കണ്ട് എല്ലാവരും എഴുന്നേറ്റാദരിച്ചു. കണ്ണൻകുട്ടിമേനോൻ പൂമാലയും ബൊക്കയും ആദരവോടെ ഏറ്റുവാങ്ങി കയറ്റുകട്ടിലിൽ വെച്ചു.

"എഡിറ്ററേ."

ഗുരുദാസ് വിളിച്ചു.

"ഇരിയ്ക്കണം, ആ ചാരുകസേരയിൽതന്നെ ഇരിക്കണം."

കുഞ്ചുണ്ണി ചാരുകസേരയിലിരുന്ന് ജുബ്ബയുടെ അറ്റംകൊണ്ട് നെറ്റിയിലെ വിയർപ്പ് തുടയ്ക്കുമ്പോൾ ഗുരുശങ്കരദാസ് അടിവെച്ചടിവെച്ച് മുമ്പോട്ടുവന്ന് പറഞ്ഞു.

"തളർന്നുപോയെഡിറ്ററേ, സത്യത്തിൽ തളർന്നുപോയി. ഇത്രത്തോളം ഞാൻ വിചാരിച്ചില്ല".

"എത്രത്തോളം?"

കുഞ്ചുണ്ണി നിസ്സാരഭാവത്തിൽ ചോദിച്ചു.

“ഉദ്ഘാടനയോഗത്തിൽ ആരൊക്കെയാണിന്ന് സംബന്ധിച്ചത്.”

ഗുരു ശങ്കരദാസ്സിന്റെ മുഖത്ത് വെള്ളം കൂട്ടാത്ത അത്ഭുതരസം തളംകെട്ടിനിന്നു.

“ആനയ്ക്ക് ആനയുടെ വലിപ്പം അറിയില്ലെഡിറ്ററേ.”

“ശരിയാണ് പറഞ്ഞത്.”

കണ്ണൻകുട്ടിമേനോൻ ഗുരുശങ്കരദാസ്സിന്റെ അഭിപ്രായത്തോട് യോജിച്ചു. കുഞ്ചുണ്ണിയുടെ വലുപ്പം അന്ന് സായാഹ്നത്തിലാണെല്ലാവരും പൂർണ്ണമായി മനസ്സിലാക്കിയത്.

“വീവിങ്ങ് ഫാക്ടറിയുടെ പ്രൊപ്രൈറ്റർ മുൻവരിയിൽ തന്നെ ഉണ്ടായിരുന്നു.”

മുകുന്ദൻ അല്പം അഭിമാനത്തോടെ പറഞ്ഞു.

“ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടും ഡി.എസ്സ്.പി.യും എന്റെ രണ്ടുവശത്തായിട്ടാണിരുന്നത്.”

അതു പറയുമ്പോൾ പീറ്റർക്കും അഭിമാനമുണ്ടായിരുന്നു.

“വാസുമുതലാളിയെ ക്ഷണിച്ചിട്ടുണ്ടായിരുന്നില്ലേ?”

“അവനെ ക്ഷണിക്കുകയോ?”

കുഞ്ചുണ്ണിയുടെ മുഖത്ത് ഈർഷ്യയും പുച്ഛവും നിഴലിച്ചു.

“ഒരാഴ്ചയ്ക്കകം അവനെ ഞാൻ നീതിന്യായകോടതിയുടെ മുമ്പിലേക്ക് ക്ഷണിക്കും. ക്ഷണപത്രം ഇന്നത്തെ ‘തീപ്പന്ത’ത്തിലുണ്ട്. അതൊരു മൈനർ ഡോസ്സാണ്. നാളെ മുതൽ ഡോസ്സ് വർദ്ധിപ്പിച്ചോളാം. എന്റെ കയ്യിൽ ഒരു പത്രമുള്ള കാര്യം ഇനിയും പലരേയുമെനിക്കറിയിക്കാനുണ്ട്.”

“ജഗദീശ്വരയ്യരെ ക്ഷണിച്ചിരുന്നില്ലേ?” കൃഷ്ണൻകുട്ടി ചോദിച്ചു.

“നമ്മുടെ ഹൗസ്സോണറല്ലെ? ഞാനാണ് കത്തു കൊടുത്തത്.”

ജയകൃഷ്ണൻ പറഞ്ഞു.

“എന്നിട്ടയാൾ വന്നില്ലെന്നോ?”

“ഞാനത് പ്രത്യേകം നോട്ടുചെയ്തിട്ടുണ്ട്. വരാത്തവരുടെ മുഴുവൻ പേരും എന്റെ ഡയറിയിലുണ്ട്. പതുക്കെ പക വീട്ടിക്കോളാം.”

കുഞ്ചുണ്ണി ഉറച്ച തീരുമാനമെടുത്തു.

“മേഴ്സിഡസ്സ് ബെൻസും ഇംപാലയുമൊക്കേ ഈ പടിയ്ക്കൽ കാവൽ കിടക്കുന്നത് ഞാൻ കാണിച്ചുതരാം. നിങ്ങളൊക്കെ ഈ കുഞ്ചുണ്ണിയുടെ ആയുസ്സിനുവേണ്ടി പ്രാർത്ഥിയ്ക്കു.”

വെളിച്ചമണച്ച് എല്ലാവരും ഉറങ്ങാൻ കിടന്നപ്പോൾ കുഞ്ചുണ്ണിയുടെ ആയുസ്സിനുവേണ്ടി പീറ്റർ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. കാരണം, അവൻ ഇംപാല തുടങ്ങി എല്ലാത്തരം കാറുകളുടെയും ശത്രുവായിരുന്നു.

— 10 —

# പത്ത്

കറങ്ങുന്ന പങ്കയ്ക്കു കീഴിൽ, ഒന്നാന്തരം വിരിയിട്ടൊരുക്കിയ മേശയ്ക്കു പിറകിൽ രസികനൊരു സ്റ്റീൽ ചെയറിൽ കുഞ്ചുണ്ണിയിരിയ്ക്കുന്നു.

ആളാകെ മാറിയിട്ടുണ്ട്. മുഖത്ത് അസാധാരണമായ ഗൗരവം. മീശയ്ക്കു കൂടുതൽ മുഴപ്പ്. മേത്തരം തുണികൊണ്ട് തൈപ്പിച്ച ജൂബ്ബ അലക്കിത്തേച്ചെടുത്തപാടാണ്. ഒരു ചുളിപോലും വീണിട്ടില്ല. മുഖത്തും കഴുത്തിലും അവിടവിടെ പൗഡർ ഒട്ടിപ്പിടിച്ചു നില്പുണ്ട്. വിലകൂടിയ തൈലം പുരട്ടിയാണ് തലമുടി ഒതുക്കിവെച്ചത്. ചുണ്ടത്തു സിഗരറ്റ് പുകയുന്നു. കയ്യിൽ കത്രികയുമുണ്ട്.

രാവിലത്തെ തപാലുരുപ്പടികൾ പരിശോധിക്കുകയാണ് കുഞ്ചുണ്ണി. കവറുകളോരോന്നും അറ്റം കത്രിച്ച് ഉള്ളടക്കം വലിച്ചെടുത്ത് വായിക്കുന്നു. നാനാതരം ആക്ഷേപങ്ങളും അപവാദങ്ങളുമാണ് മുമ്പിൽ ഒഴുകി വന്നുവീണത്. ഇടയ്ക്കു ഭീഷണിക്കത്തുകളുമുണ്ടാവും.

സാരമില്ല.

പല തവണ മുമ്പും അങ്ങിനെയുണ്ടായിട്ടുണ്ട്. വാക്കുകളിലൊതുങ്ങാതെ കൈക്രിയയോളമെത്തുന്ന ഭീഷണികളെ നേരിട്ടിട്ടുണ്ട്. വെറും പൂമെത്ത മാത്രമായിട്ടൊരു ജീവിതമില്ല.

വായിച്ചുകഴിഞ്ഞാൽ തള്ളേണ്ടവ ചവറ്റുകൊട്ടയിലേക്കെറിയുന്നു. മറ്റുള്ളവ ഫയലിലേക്കു മാറ്റി വെക്കുന്നു. ഇടയ്ക്കിടെ വർണ്ണപ്പൊലിമയാർന്ന തുവാലയെടുത്ത് നെറ്റിയിലും കവിളിലുമുള്ള വിയർപ്പ് ഒപ്പിയെടുക്കുന്നു.

'തീപ്പന്ത'ത്തിന്ന് വെച്ചടി വെച്ചടി കേറ്റമാണ്. ദിവസമെന്നോണം കോപ്പികൾ വർദ്ധിപ്പിക്കുന്നു. എന്നിട്ടും ആവശ്യക്കാരെ തൃപ്തിപ്പെടുത്താൻ കഴിയുന്നില്ല. നഗരവാസികളിൽ ബഹുഭൂരിപക്ഷത്തിനിഷ്ടമാണ് തീപ്പന്തം. അവർ ആഹ്ലാദത്തോടെ വയിച്ചു രസിക്കുന്നു. അല്പം ചില കോണുകളിൽ ധാർമ്മികരോഷത്തിന്റെ

മുറുമുറുപ്പ് പൊങ്ങി വന്നെങ്കിലും ഭൂരിപക്ഷത്തിന്റെ ആഹ്ലാദപ്രകടനത്തിലതു് മുങ്ങി പോയി. അതു കണ്ട് കുഞ്ചുണ്ണിയ്ക്കു ലഹരി പിടിച്ചു. ലഹരിയിലൂടെ അല്പം അഹന്തയു മുണ്ടായി.

എന്നും രാവിലെ സന്ദർശകരെക്കൊണ്ടുള്ള തിരക്കാണ് കുഞ്ചുണ്ണിയ്ക്ക്. അവർ പറ്റം പറ്റമായി വരുന്നു. അധികവും പാർട്ടി പ്രവർത്തകരാണ്. കുഞ്ചുണ്ണിയ്ക്ക് സ്വന്ത മായൊരു പാർട്ടിയോ രാഷ്ട്രീയാഭിപ്രായമോ ഇല്ലാത്തതുകൊണ്ട് എല്ലാ പാർട്ടിക ളിലുമുള്ളവരും 'തീപ്പന്ത'ത്തിന്റെ സഹായമഭ്യർത്ഥിച്ചുകൊണ്ടുവരുന്നു.

മഹാനഗരം പണ്ടെന്നോ മനുഷ്യനെ മറന്നുപോയിരിക്കുന്നു. നഗരവാസികൾ ഒന്നടങ്കം പല പാർട്ടികളിലായി അംഗത്വം വരിച്ചപ്പോൾ മനുഷ്യരുടെ പ്രശ്നം ഇല്ലാ തായി. മനുഷ്യസ്നേഹം, മനുഷ്യദുഃഖം, മനുഷ്യഹിതമെന്നൊക്കെ പറയുന്നതിനുപ കരം, പാർട്ടി സ്നേഹം, പാർട്ടി ദുഃഖം, പാർട്ടി ഹിതമെന്ന് പറയാൻ തുടങ്ങിയിരി ക്കുന്നു. അതുകൊണ്ട് മനുഷ്യരുടെ കാര്യം പറഞ്ഞുകൊണ്ട് കുഞ്ചുണ്ണിയെ ആരും സമീപിക്കുന്നില്ല. എല്ലാവർക്കും പാർട്ടിയുടെ കാര്യമാണ്. അതുമാത്രമാണ് പറ യാനുള്ളതു്.

പാർട്ടികൾ തമ്മിൽ മത്സരവും കാലു വാരലും എപ്പോഴും നടക്കുന്നു. ഒരു പാർ ട്ടി നശിച്ചാൽ മറ്റൊരു പാർട്ടിക്ക് വളമാവുന്നു. വളത്തിനുവേണ്ടി പാർട്ടികൾ ഓടി നടക്കുന്നു.

പാർട്ടികളെ നശിപ്പിക്കാനുള്ള എളുപ്പവഴി നേതാക്കന്മാർക്കു അപവാദം പറ യലാണ്. അവരെ തൊലിയുരിച്ചു കാണിക്കലാണ്. അവരുടെ സദാചാരബോ ധത്തെ ചോദ്യം ചെയ്യലാണ്, സത്യസന്ധതയെ വിലയിരുത്തലാണ്. അതിനു വേണ്ടി വിവിധ പാർട്ടികളിലെ പ്രവർത്തകർ കുഞ്ചുണ്ണിയെ സമീപിക്കുന്നു. എന്നിട്ട് എല്ലാവരും പറയുന്നു.

"ഞങ്ങൾ ബഹുജനഹിതത്തിന്നും ക്ഷേമത്തിന്നും വേണ്ടിയാണ് നിലകൊ ള്ളുന്നതു്."

"ശരിയാണ്."

കുഞ്ചുണ്ണിയ്ക്കെതിരില്ല.

"സത്യത്തിന്റെ പന്ഥാവിൽനിന്ന് ഞങ്ങൾ എള്ളിട ചലിക്കില്ല."

"ഇല്ല."

"നീതിയും ധർമ്മവും എന്നും ഞങ്ങളുടെ കൂടെയുണ്ടാവും."

"ഉണ്ടാവും."

"മറ്റുള്ളവരാരും അങ്ങിനെയല്ല."

"അല്ല."

"അവർ പൊതുജനങ്ങളെ വഞ്ചിക്കുകയാണ്."

"ആണ്."

“അവരുടെ നേതാക്കന്മാർ ജനങ്ങളെ വഴിതെറ്റിക്കുന്നു.”

“തെറ്റിയ്ക്കുന്നു.”

“പ്രസംഗവേദിയിൽ കയറി വാചകമടിയ്ക്കുന്നു. യാതൊരു തത്വദീക്ഷയുമില്ലാതെ പ്രവർത്തിയ്ക്കുന്നു.”

“പ്രവർത്തിയ്ക്കുന്നു.”

“ഇങ്ങനെ പോയാൽ നാടു നശിയ്ക്കും.”

“തകരും”

“അവയെ തുറന്നടിച്ചാക്ഷേപിക്കണം. ആക്ഷേപിച്ചു നശിപ്പിയ്ക്കണം. ജനവഞ്ചന തുറന്നുകാട്ടണം.”

“കാട്ടണം.”

എല്ലാ പാർട്ടിക്കാർ പറയുന്നതും കുഞ്ചുണ്ണി സമ്മതിക്കും. എല്ലാവരുടെ അഭിപ്രായത്തോടും കുഞ്ചുണ്ണി യോജിക്കും. പക്ഷെ, അപകടസൂചന നൽകാൻ മറക്കില്ല.

“എന്റെ ജീവൻ അപകടത്തിലാവും.”

“ഞങ്ങളുണ്ട്.”

“എന്റെ പത്രം ഒരു പാർട്ടിയിലുള്ളവരോ ഒരു പ്രത്യേക വിഭാഗത്തിൽ പെട്ടവരോ വായിച്ചാൽ പോരാ.”

“പോരാ,”

“നിങ്ങളുടെ നിർദ്ദേശം സ്വീകരിച്ചാൽ എന്റെ പത്രം നശിയ്ക്കും, ഞാനും നശിയ്ക്കും.”

“ഞങ്ങളുടെ പാർട്ടി നിലനില്ക്കുന്ന കാലത്തോളം അങ്ങിനെ വരില്ല. ഞങ്ങൾ ബഹുജനപ്പാർട്ടിയാണ്. നിങ്ങളുടെ കൂടെ എപ്പോഴും ഞങ്ങളുണ്ടാവും.”

പറഞ്ഞുപറഞ്ഞ് എല്ലാവരെക്കൊണ്ടും കുഞ്ചുണ്ണി പ്രതിജ്ഞയെടുപ്പിക്കും. ഒരു വേശ്യയെപ്പോലെ എല്ലാവരോടും ചേർന്നിനില്ക്കും, എല്ലാവരോടും ചിരിയ്ക്കും. എല്ലാവരേയും സ്നേഹിക്കുന്നതായി ഭാവിയ്ക്കും. എന്നിട്ട് ആനുകൂല്യങ്ങൾ മുഴുവൻ നേടിയെടുക്കും.

അങ്ങിനെ തീപ്പന്തത്തിന്റെ യുദ്ധഭൂമിയിൽ പല പാർട്ടികളുടെ നേതാക്കന്മാരും തേരറ്റ്, കുതിരയറ്റ്, കഴുത്തറ്റ് നിലം പൊത്തി. ആരും പിന്നെ തല പൊക്കില്ല. കാരണം, കളവ്, വഞ്ചന, മദ്യപാനം, വ്യഭിചാരം തുടങ്ങിയ മൂർച്ചയേറിയ ആയുധങ്ങളാണ് കുഞ്ചുണ്ണി തൊടുത്തുവിട്ടത്.

ഒരു പാർട്ടിയുടെ നേതാവ് വീഴുമ്പോൾ മറുപാർട്ടികളിലുള്ളവർ കൈകൊട്ടിചിരിച്ചഹങ്കരിക്കും. ഒന്നായി ചേർന്നു കുഞ്ചുണ്ണിയെ അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. അതുകൊണ്ട് കുഞ്ചുണ്ണിയ്ക്കു എന്തും ആരേപ്പറ്റിയും പേടികൂടാതെ പറയാമെന്നായി.

പാർട്ടിക്കാരുടെ സന്ദർശനത്തിരക്ക് കഴിഞ്ഞാൽ ടൈറ്റ് പാന്റും ടെറിളിൻ സ്ലാക്കും, തലയിൽ കുരുവിക്കൂടുമുള്ള സുന്ദരക്കുട്ടന്മാർ കുഞ്ചുണ്ണിയെത്തേടിയെത്തുകയായി. എല്ലാം പ്രേമനൈരാശ്യം ബാധിച്ചവരാണ്. അവർക്കു പ്രേമത്തെ തിരിഞ്ഞു ചവുട്ടി പക വീട്ടണം. കുഞ്ചുണ്ണിയ്ക്കപ്രിയമില്ല.

പേരു കൊടുക്കുന്നു! വിലാസം കൊടുക്കുന്നു. നിറവും വലുപ്പവും കൊടുക്കുന്നു. അച്ഛനമ്മമാരെപ്പറ്റിയുള്ള വിവരങ്ങൾ കൊടുക്കുന്നു; പിറകെ അപവാദത്തിന്റെ ഒരു പൊതിയും. എല്ലാം കഴിഞ്ഞാൽ കുഞ്ചുണ്ണി ആലോചനാമഗ്നനായി തെല്ലിട മൗനം കൊള്ളുന്നു. പിന്നെ സംഭാഷണമാണ്.

“പറഞ്ഞതെല്ലാം സത്യമല്ലേ?”

“അതെ, പരമസത്യം.”

“എനിയ്ക്കൊരു നിർബ്ബന്ധമുണ്ട്. ഒരു കടുകുമണിയോളം അസത്യം എന്റെ പത്രത്തിൽ അടിച്ചുവരാൻ പാടില്ല.”

“തീർച്ചയായും.”

“കടലാസ്സിന്നു തീപ്പിടിച്ച വിലയാണ്. ഇത് വെറുതെ കിട്ടുന്നതല്ല.”

“അല്ല.”

“തീപ്പിടിച്ച വില കൊടുത്തു വാങ്ങുന്ന കടലാസ്സ് അസത്യം പ്രചരിപ്പിയ്ക്കാൻ ഉപയോഗിച്ചുകൂടെന്ന് തീരുമാനിച്ചിരിയ്ക്കുകയാണ് ഞാൻ.”

“നല്ലത്.”

“മഷിയ്ക്കും വിലയുണ്ട്.”

“ഉണ്ട്.”

“കമ്പോസിറ്റർക്കു ശമ്പളം കൊടുക്കണം.”

“വേണം.”

“പത്രം വിൽക്കുന്ന പിള്ളർക്കു പ്രതിഫലം കൊടുക്കണം.”

“കൊടുക്കണം.”

“പത്രത്തിന്റെ വില വളരെ തുച്ഛമാണ്.”

“അല്പമൊന്നു കൂട്ടിക്കൂടെ?”

“നല്ല കാര്യം! ഈ വിലതന്നെ തരാൻ വായനക്കാർ വിഷമിയ്ക്കുന്നു.”

“അന്യായം.”

“അല്ല, ന്യായം. കാശുണ്ടെങ്കിൽ എന്തു വിലതന്നും അവരെന്റെ പത്രം വാങ്ങുമെന്നെനിയ്ക്കുറപ്പുണ്ട്. അവരുടെ കയ്യിൽ കാശില്ല. തീപ്പന്തം മുടങ്ങാതെ വായിക്കുന്നവർ പാവങ്ങളാണെന്നറിയാമല്ലോ.”

“അറിയാം.”

“പരസ്യംകൊണ്ടാണ് പിന്നെ നഷ്ടം നികത്തേണ്ടത്. ഇവിടെ പരസ്യം തരേണ്ടതാരാണ്? പൂഴ്ത്തി വെപ്പുകാരും കരിഞ്ചന്തക്കാരും പിടിച്ചുപറിക്കാരുമായ മുതലാളിമാർ. അവർ തീപ്പന്തത്തെ സഹായിയ്ക്കുമെന്ന് തോന്നുന്നുണ്ടോ?”

“ഇല്ല.”

“അവരുടെ നമ്പർ വൺ ശത്രുവാണ് തീപ്പന്തം. നമ്പർ ടൂ ഞാനും. എന്നെ കൂലികൊടുത്ത് കൊല്ലിയ്ക്കാനവർ തരം പാർത്തു നില്ക്കുന്നു.”

“അതു ഞങ്ങൾക്കറിയാം.”

“തല പണയംവെച്ചാണ് പത്രം നടത്തുന്നത്. അതും നഷ്ടം സഹിച്ച്. എന്തിനുവേണ്ടി? നാട്ടുകാരുടെ നന്മയ്ക്കുവേണ്ടി.”

“നിങ്ങളുടെ ഒരു രോമത്തിനുപോലും കേടുവരില്ല. ബഹുഭൂരിപക്ഷം നിങ്ങളുടെ ഭാഗത്തുണ്ട്.”

‘അക്കൂട്ടത്തിൽ നിങ്ങളും പെടില്ലേ?”

“പെടും.”

“എങ്കിൽ എനിയ്ക്ക് വീരപ്രതിജ്ഞയല്ല വേണ്ടത്.”

“എന്താ വേണ്ടതെന്ന് പറയൂ.”

കുഞ്ചുണ്ണി പറയുന്നു. സുന്ദരക്കുട്ടന്മാരുടെ പേഴ്സ് വായ തുറക്കുന്നു. കുഞ്ചുണ്ണിയുടെ ജുബ്ബ പാതാളംപോലെ അഗാധമായ പോക്കറ്റു കൊണ്ടനുഗ്രഹീതമാണ്. പേഴ്സ് ഛർദ്ദിച്ചത് പോക്കറ്റ് വിഴുങ്ങുന്നു.

എല്ലാം ഭദ്രം.

കുഞ്ചുണ്ണിയുടെ ഓരോ പ്രഭാതവും അങ്ങിനെ വർണ്ണപ്പൊലിമയുള്ളതാവുന്നു. നല്ല ജുബ്ബയും വിലകൂടിയ പൗഡറും, സുഗന്ധതൈലവും കുഞ്ചുണ്ണിയ്ക്ക് മനോഹാരിത നേടിക്കൊടുക്കുന്നു!

തപ്പാലുരുപ്പടികൾ നോക്കിത്തീരുമ്പോൾ ഓഫീസ് ബോയ് ഒരു കപ്പ് ചായ മേശപ്പുറത്തെത്തിയ്ക്കുന്നു. എന്നുമുള്ള പതിവാണത്.

ചായ അല്പാല്പം രുചിച്ചുകൊണ്ട്, സിഗററ്റ് അമർത്തിവലിച്ച് പുക വിട്ടുകൊണ്ട് കുഞ്ചുണ്ണി കസേരയിൽ ചാരിയിരിക്കുന്നു.

അപ്പോൾ മേശപ്പുറത്ത് അട്ടിയ്ക്കുവെച്ച പ്രഭാതപത്രങ്ങൾ ശ്രദ്ധയിൽ പെടുന്നു. സന്ദർശകരുടെ തിരക്കു വർദ്ധിക്കുന്നതിനുമുമ്പ് പത്രങ്ങളെല്ലാം ഒരിമിച്ചു നോക്കിക്കളയാമെന്നുവെച്ചു.

ഒരെണ്ണമെടുത്ത് നിവർത്തിയപ്പോൾ ഒന്നാം പേജിൽതനെ ഒരു വലിയ ഫോട്ടോ പ്രത്യക്ഷപ്പെടുന്നു. കുഞ്ചുണ്ണി അതിനടിയിലെ പേരു വായിച്ചു.

“പരമാനന്ദയോഗിവര്യൻ.”

എന്ത്? പേരുവായിച്ചപ്പോൾ അല്പമൊരമ്പരപ്പുണ്ടായി. ആരായിരിക്കാമിത്? കുഞ്ചുണ്ണി ആലോചിച്ചു. വാസുമുതലാളിയുടെ വീട്ടിൽ ഒരു സിദ്ധൻ വന്നുചേർന്ന കഥ പറഞ്ഞുകേട്ടിട്ടുണ്ട്.

തുടർന്ന് വാർത്ത വരുന്നു.

“പന്ത്രണ്ട് കൊല്ലം ഭക്ഷണമില്ലാതെ ഒരക്ഷരം സംസാരിക്കാതെ അവധൂത നായിട്ട് തെണ്ടുന്ന മഹാസിദ്ധൻ!”

പന്ത്രണ്ടുകൊല്ലം നീണ്ടുനിന്ന നിരാഹാരവ്രതം. മൗനവ്രതം!

ഓ! ഇത് വാസുമുതലാളിയുടെ വീട്ടിൽ വന്ന സിദ്ധനായിരിയ്ക്കില്ല. കുഞ്ചുണ്ണി ആശ്വാസപൂർവ്വം വായന തുടർന്നു.

“മഹാനഗരത്തെ അനുഗ്രഹിക്കാനെത്തിയ ഓ യോഗിവര്യൻ എന്നും വൈകീട്ട് ഭക്തജനങ്ങൾക്ക് ദർശനം നല്കുന്നു. ഭജനയിൽ പങ്കെടുക്കാനും യോഗിവര്യന്റെ അനുഗ്രഹാശിസ്സുകൾ നേടാനും ആഗ്രഹിക്കുന്നവർ, ദാനശീലനും പരമഭക്തനുമായ വാസുമുതലാളിയുടെ ബംഗ്ലാവിനു മുമ്പിലെത്തിയാൽ മതി. എന്നും രാത്രി എട്ടിനും എട്ടരയ്ക്കുമിടയിൽ യോഗിവര്യൻ ബംഗ്ലാവിന്റെ ബാൽക്കണിയിൽ പ്രത്യക്ഷപ്പെട്ട് ഭക്തജനങ്ങൾക്ക് ദർശനം നല്കുന്നു.”

“ഥൂ.”

കുഞ്ചുണ്ണി കാറിത്തുപ്പി. പത്രം ചുരുട്ടി മടക്കി ചവറ്റുകൊട്ടയിലെറിഞ്ഞു.

“ദാനശീലൻ.”

കുഞ്ചുണ്ണി പല്ലു കടിച്ച് പിറുപിറുത്തു.

“പരമഭക്തൻ.”

എന്തൊരു കൊലച്ചതി! ജനങ്ങളുടെ സ്നേഹാദരങ്ങൾ തട്ടിയെടുക്കാൻ ആ ദുഷ്ടൻ കണ്ടുപിടിച്ചൊരു മാർഗ്ഗം. ഇതനുവദിക്കരുത്.

കുഞ്ചുണ്ണി അക്ഷമനായെഴുന്നേറ്റ് മുറിയിലങ്ങോട്ടുമിങ്ങോട്ടും നടന്നു. വല്ലാത്ത അസ്വാസ്ഥ്യം. ആകെ വിയർക്കുന്നു. എല്ലാ പരിപാടികളും അപ്പാടെ തകർന്നുപോയി. നടക്കുന്നതിനിടയിൽ മറ്റു പത്രങ്ങളും നിവർത്തിനോക്കി. എല്ലാറ്റിലും യോഗിവര്യന്റെ പടം. വാസുമുതലാളിയുടെ അപദാനങ്ങൾ!

പ്രതീക്ഷിക്കാത്ത വഴിക്കാണ് കാര്യങ്ങൾ നീങ്ങിയത്. സമർത്ഥമായി ഇതിനെ നേരിടണം.

വക്കച്ചൻ വാതിൽ തള്ളിത്തുറന്ന് അകത്തുകടന്ന് രണ്ടുപേരും അല്പനേരം മിണ്ടാതെ മിഴിച്ചു നോക്കി നിന്നു. വക്കച്ചന്റെ മുഖത്തും അമ്പരപ്പിന്റെ അടയാളമുണ്ട്.

“പത്രത്തിന് മുടക്കിയ പണം വെള്ളത്തിലായി.”

വക്കച്ചനാണാദ്യം സംസാരിച്ചത്. കുഞ്ചുണ്ണി ഒന്നും മനസ്സിലാവാത്ത പോലെ നിന്നു. വക്കച്ചന്റെ സ്വരം അല്പം പരുക്കനായിരുന്നു.

“വലിയ മഠത്തരം പറ്റി. ഇനി പറഞ്ഞിട്ട് കാര്യമില്ല. ”

“അതെന്താ മുതലാളീ.”

കുഞ്ചുണ്ണി ചോദിച്ചു.

“എന്താണെന്നോ?”

വക്കച്ചന്റെ സ്വരം കൂടുതൽ കർക്കശമായിരുന്നു.

“നിങ്ങൾക്കറിയില്ലേ? ഇല്ലെങ്കിൽ പറഞ്ഞുതരാം. ഞാൻ പത്രം തുടങ്ങിയത് ആദായത്തിനു വേണ്ടിയല്ല. ആദായത്തിനാണെങ്കിൽ എനിയ്ക്കെന്റെ ‘മാക്രി’ ബിസിനസ്സ് മാത്രം മതി. പത്രം തുടങ്ങുമ്പോൾ നിങ്ങളെന്താണെന്നോട് പറഞ്ഞത്?”

“എന്താ പറഞ്ഞത്?”

“ഒരാഴ്ചകൊണ്ട് വാസുമുതലാളിയെ കീഴടക്കാമെന്ന് പറഞ്ഞില്ലേ? എന്നിട്ടാഴ്ചകളെത്ര കഴിഞ്ഞു?”

“ഒന്നാംപേജ് മുതലാളി വായിക്കാറില്ലേ?”

“ഞാൻ രണ്ടാംപേജും വായിക്കാറില്ല. ഞാനെന്തിനിതൊക്കെ വായിക്കണം? ജനങ്ങളല്ലെ വായിക്കേണ്ടത്? അവർ വായിച്ചിട്ടെന്തായി?”

കുഞ്ചുണ്ണി മിണ്ടിയില്ല. കുഞ്ചുണ്ണി മിണ്ടാത്തതുകൊണ്ട് വക്കച്ചന്റെ ശുണ്ഠി ഇരട്ടിച്ചു.

“ഒന്നാംപേജിന്റെ മഹത്വം പറയുന്നു. ഒന്നാം പേജിലെഴുതിയെഴുതി വാസുമുതലാളിയ്ക്ക് മാന്യത കിട്ടി. അത്രതന്നെ. നിങ്ങളുടെ എഴുത്തിന്റെ മിടുക്ക്.”

“മുതലാളി അങ്ങിനെ എന്നെ കുറ്റപ്പെടുത്തരുത്.”

കുഞ്ചുണ്ണിയുടെ ശബ്ദത്തിൽ വേദനയുണ്ടായിരുന്നു.

“എല്ലാവരും സമ്മതിച്ച കാര്യമാണത്. എന്റെ എഴുത്തിന്ന് ഇന്നോളമാരും കുറ്റം പറഞ്ഞിട്ടില്ല.”

“ഇന്നത്തെ പത്രങ്ങളൊക്കെ നോക്കിയോ നിങ്ങൾ.”

“നോക്കി.”

“എന്തു തോന്നുന്നു?”

“എവിടെയോ പിശകുണ്ട്.”

“അതും പറഞ്ഞിരുന്നോളൂ. നഗരം ആകെ ഇളകിമറിഞ്ഞിരിക്കുന്നു. വാസുമുതലാളി പരമഭക്തനും ദാനശീലനുമായിരിയ്ക്കുന്നു.”

“ഇല്ല, ജനങ്ങളെ അങ്ങിനെ വിഡ്ഢിയാക്കാൻ കഴിയില്ല.”

“നിങ്ങൾക്ക് ജനങ്ങളെ അറിയില്ല ഹേ, അവരെ എങ്ങിനെയും എളുപ്പത്തിൽ വിഡ്ഢിയാക്കാൻ കഴിയും. ഇല്ലെങ്കിൽ നിങ്ങളിന്ന് ഈ സ്ഥാനത്തിലിരിയ്ക്കുമോ? അതുപോട്ടെ ഇനിയെന്താണാലോചിക്കുന്നത്.”

“വാസുമുതലാളിയുടെ വീട്ടിൽ വന്നത് സിദ്ധനല്ലെന്ന് ഞാൻ തെളിയിക്കും.”

“തീർച്ച.”

“തീർച്ച.”

“എന്നാലേ രക്ഷയുള്ളൂ. ഇല്ലെങ്കിൽ ഈ തീപ്പന്തം ഞാനുതിക്കെടുത്തും.”

വക്കച്ചൻ അമർത്തിച്ചവിട്ടി പുറത്തേയ്ക്ക് പോയപ്പോൾ കുഞ്ചുണ്ണി കസേരയിൽ തളർന്നു വീണു.

— 11 —

# പതിനൊന്ന്

കൃഷ്ണദാസ് നാരായണദാസ്സ് ഭീംജിയുടെ രണ്ടു പെൺമക്കളിൽ മൂത്തതിനു സ്വ യംവരത്തിന്റെ പിറ്റേന്നാൾ ഒരു തലവേദന തുടങ്ങി. വളരെ പഴക്കമുള്ള സംഭവം. രണ്ടു പ്രസവിച്ച് മൂന്നാമതു ഗർഭം ധരിച്ച് മൂന്നു മാസം കഴിഞ്ഞിട്ടും ആ തലവേദന ഉഗ്രതയോടെ തുടർന്നു.

രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും വമ്പൻ ബിരുദങ്ങളൊരുപാടു വാരിക്കൂട്ടിയ ഉഗ്രകേസരികളായ ഡോക്ടർമാർ പലരും പരിശ്രമിച്ചു; ഒറ്റയായും കൂട്ടായും.

രക്തം പരിശോധിച്ചു. നട്ടെല്ല് തുരന്നു സുഷുമ്നയ്ക്കുള്ളിൽനിന്നു മജ്ജ വലിച്ചെടുത്തു പരിശോധിച്ചു. തലയോടിന്റെ എക്സ്റെയെടുത്തു തിരിച്ചും മറിച്ചും പലവട്ടം നോക്കി. കണ്ണിലും മൂക്കിലും ചെവിട്ടിലും തൊണ്ടയിലും പല പല സ്പെഷലിസ്റ്റുകൾ പന്തം കൊളുത്തി പരതിനോക്കി.

നിഷ്ഫലം.

പല്ലുതേപ്പ്, കുളി, ഭക്ഷണം, നിദ്ര, ഗർഭധാരണം, പ്രസവമെന്നിവ മുറയ്ക്കു നടന്നു. പക്ഷേ ശേട്ടുപുത്രിയ്ക്കു തലവേദന കുറഞ്ഞില്ല. അങ്ങിനെ സ്പെഷലിസ്റ്റുകളും അവരുടെ വൈദഗ്ദ്ധ്യവും ശേട്ടുവിന്റെ പണവും തോറ്റ് രോഗം ജയിച്ചു വിളയാടുമ്പോഴാണ് പരമാനന്ദയോഗിയുടെ ആഗമനം.

ശേട്ടുപുത്രി ഒന്നേ നമസ്കരിച്ചുള്ളു.

യോഗിവര്യൻ ഒന്നു മുഴുവനും കടാക്ഷിച്ചില്ല.

തലവേദന അപ്രത്യക്ഷം. അതു ശരീരത്തിന്റെ അതിർത്തി കടന്നു, മഹാനഗരത്തിന്റെ പ്രാന്തപ്രദേശവും കടന്നു പ്രാണനുംകൊണ്ടോടി.

അപാരം!

ആനന്ദഭട്ടിന്റെ മകനു വയസ്സ് മൂന്നായിട്ടും മിണ്ടാട്ടമില്ല. വിശക്കുമ്പോൾ കരയും, വയറു നിറയുമ്പോൾ ചിരിയ്ക്കും. അത്രമാത്രം.

ലോകത്തെമ്പാടുമുള്ള പ്രശ്നക്കാർ കവിടിനിരത്തി നവഗ്രഹങ്ങളെ പ്രതിക്കൂട്ടിൽ കയറ്റി നിർത്തി വിചാരണചെയ്തു.

മന്ത്രവാദികളായ മന്ത്രവാദികളൊക്കെ തിരിയുഴിഞ്ഞു, ഗുരുസി കുറുക്കി, തർപ്പണം നടത്തി. ഹോമകുണ്ഡങ്ങൾ പലതും എരിഞ്ഞടങ്ങി. അനേകമനേകം സ്വർണ്ണത്തകിടുകളിലും ചെമ്പുതകിടുകളിലും മന്ത്രാക്ഷരങ്ങൾ നിരന്നു.

എന്നിട്ടും മിണ്ടാട്ടമില്ല. അമ്മ മാറത്തടിച്ചു. അച്ഛൻ കരഞ്ഞു. ചെക്കന്റെ നാവനങ്ങിയില്ല.

എന്നിട്ടോ? പരമാനന്ദയോഗിവര്യൻ അവനെയൊന്നു കടാക്ഷിച്ചു. അവനോടൊന്നു ചിരിച്ചു.

അടുത്തനിമിഷം ചെക്കൻ മണ്ണുട്ടപോലെ അലറി.

“അച്ചോ.”

പിന്നെ ചെക്കൻ രാഷ്ട്രീയനേതാക്കന്മാരെപ്പോലും വെല്ലുവിളിച്ചുകൊണ്ട് പ്രസംഗിച്ചു.

ഉപക്രമവും, ഉപസംഹാരവും, സംഹാരവും.

അത്ഭുതം!

ആനന്ദഭട്ട് ആയിരത്തൊന്നുറുപ്പികയുടെ ഒരു കിഴിവെച്ചു യോഗിവര്യന്റെ കാല്ക്കൽ കുമ്പിട്ടു. പണക്കിഴിയുടെ കാറ്റേറ്റപ്പോൾ അസഹ്യമായ വേദനകൊണ്ടെന്നപോലെ യോഗിവര്യൻ പുളഞ്ഞു. കണ്ടുനിന്നവർ അന്തംവിട്ടു. വാസുമുതലാളിയുടെ ദൃഷ്ടികൾ ഭ്രൂമദ്ധ്യത്തിൽ തറച്ചുനിന്നു.

ഭീംജിയും പണക്കിഴി സമർപ്പിച്ചു.

യോഗിവര്യൻ ഭയപ്പെട്ടപോലെ കണ്ണുകൾ പൂട്ടി മുദ്രവെച്ചു. ദ്രക്ഷാക്ഷികൾ ഉച്ചത്തിൽ നാമസങ്കീർത്തനം മുഴക്കി.

മഹാനഗരത്തിലെ വീടുകളിൽനിന്നു വീടുകളിലേയ്ക്കും, തെരുവുകളിൽനിന്നു തെരുവുകളിലേയ്ക്കും യോഗിവര്യന്റെ അത്ഭുതസിദ്ധികളുടെ കഥ ഒഴുകിച്ചേർന്നു. എങ്ങോട്ടടിക്കുന്ന കാറ്റിലായാലും അതുണ്ട്. ചിലപ്പോൾ അതു മാത്രമേയുള്ളൂ.

സന്താനദുഃഖമനുഭവിയ്ക്കുന്നവർക്ക് തുരുതുരെ സന്താനങ്ങൾ പിറക്കുന്നു.

(കുടുംബാസൂത്രണക്കാരെ ജാഗ്രത!)

പാമരൻ പണ്ഡിതനാവുന്നു.

മൂകൻ വാചാലനാവുന്നു!

ക്ഷയരോഗി ഗുസ്തിക്കാരനെ വെല്ലുവിളിയ്ക്കുന്നു!

കാചം കാഞ്ചനമാവുന്നു.

നിസ്വൻ കോടീശ്വരനാവുന്നു!

(സെൻട്രൽ എക്സൈസുകാരെ, കസ്റ്റംസ്കാരെ, ഇൻകംടാക്സുകാരെ തീവ്ര ജാഗ്രത!)

കാലൻകോഴി പൈങ്കിളിക്കുഞ്ഞായി പാട്ടുപാടുന്നു.

ഗർദ്ദഭം ചലച്ചിത്രഗായകനായുയരുന്നു!!

യോഗിവര്യന്റെ അത്ഭുതസിദ്ധികളുടെ പട്ടിക വളരെ നീണ്ടതാണ്. അതുകേട്ടു രാവും പകലും വാസുമുതലാളിയുടെ ബംഗ്ലാവന്വേഷിച്ച് നഗരവാസികൾ തീർത്ഥയാത്ര പുറപ്പെട്ടു. ബംഗ്ലാവിന്റെ മുമ്പിലുള്ള റോഡ് ജനനിബിഡമായി.

ഹര, ഹരോ ഹര!

ഭക്തജനങ്ങളെ നിയന്ത്രിക്കാൻ വാസുമുതലാളി എപ്പോഴും ഗെയിറ്റടച്ചു പൂട്ടിയിട്ടു. പുറമതിലിൽ കുപ്പിച്ചില്ലുകൾ പാവി. അതു കണ്ട് ഭക്തജനങ്ങൾ ക്ഷോഭിച്ചിളകി ബഹളം കൂട്ടി. ബഹളം യോഗിവര്യന്റെ ഏകാഗ്രധ്യാനത്തിന്നു ഭംഗമുണ്ടാക്കുന്ന വിവരം വാസുമുതലാളി ഫോണിലൂടെ പോലീസ്സുദ്യോഗസ്ഥന്മാരെയറിയിച്ചു.

മുതലാളിയുടെ പടിക്കൽ പോലീസ്സു കാവൽ!

ഭൗതികശക്തിയും ആത്മീയശക്തിയും മുഖത്തോടു മുഖം നോക്കി നിന്നു.

കണ്ണീർവാതക ഷെൽ പൊട്ടിയ്ക്കണോ? ലാത്തിച്ചാർജ്ജ് തുടങ്ങണോ?

ആത്മീയശക്തി ഭക്തിപാരവശ്യത്തോടെ ഗെയിറ്റുവിട്ടു പത്തടി പുറകോട്ടു മാറിനിന്നു.

സായാഹ്നസന്ധ്യകളെ, മഹാനഗരത്തിന്റെ പാപപങ്കം കഴുകിക്കളയാനെത്തുന്ന നിങ്ങൾക്ക് വന്ദനം, സ്വാഗതം!

കാക്കകൾ പറന്നു ചേക്കേറാൻ പോവുമ്പോൾ നമ്രശിരസ്കരായ ഭക്തമുതലാളിമാരേയും വഹിച്ച് പല വലുപ്പത്തിലും നിറത്തിലുമുള്ള കാറുകൾ എന്നും വാസുമുതലാളിയുടെ ബംഗ്ലാവിലേയ്ക്കൊഴുകി വന്നു. ഉദ്യോഗസ്ഥപ്രമുഖർ, രാഷ്ട്രീയ നേതാക്കന്മാർ, തൊഴിലുടമകൾ, വ്യാപാരിശിങ്കങ്ങൾ, സാഹിത്യകോടാലികൾ, കലാലോകസാമ്രാട്ടുകൾ, അവരുടെയൊക്കെ ഭാര്യമാർ! കുഞ്ഞുങ്ങൾ!

കാറിൽ വരുന്നവരെ ബഹുമാനാദരങ്ങളോടെ പോലീസ്സുകാർ അകത്തു കടത്തിവിട്ടു.

നടവഴിയും മുറ്റവും കാറുകളാൽ നിറയുമ്പോൾ പിന്നാലെ വരുന്നവർ റോഡിൽ പാർക്കു ചെയ്യും. അവയിലെ ഉള്ളടക്കങ്ങൾ മണ്ണും പൊടിയും ചവുട്ടി സാവകാശം ഗെയിറ്റു കടക്കും. ഭക്തജനങ്ങളെക്കൊണ്ടു ബംഗ്ലാവിന്റെ രണ്ടാമത്തെ നിലയിലെ ഹാൾ നിറയുമ്പോൾ പ്രവേശനം പിന്നെ കലശലായി നിയന്ത്രിക്കും. ആരേയും കടത്തിവിടില്ല. ഏതു വലിയവൻ വന്നാലും തിരിച്ചു പോവണം.

ഭക്തജനങ്ങൾ ഉച്ചനീചത്വം പരിഗണിയ്ക്കാതെ എല്ലാവരും തറയിൽ ചമ്രംപടിഞ്ഞിരിക്കും. എല്ലാം കഴിഞ്ഞ് പരമുവിന്റെ ശംഖനാദമുയരും. ശംഖനാദം കേട്ടു ഭക്തജങ്ങൾ ആത്മവിസ്മൃതിപൂണ്ടു കണ്ണടയ്ക്കും. ആദ്യത്തെ ശംഖനാദം ഹാളിന്റെ പിറകിലെ മുറിയിൽനിന്നാണ്. അവിടമാണ് യോഗിവര്യന്റെ ആശ്രമം. ഹിമാലയത്തിലെ തണുപ്പനുഭവപ്പെടാൻ ആശ്രമം എയർകണ്ടീഷൻ ചെയ്തുവച്ചിരിക്കുന്നു.

ശംഖനാദത്തിനുശേഷം പരമു പതുക്കെപ്പതുക്കെ നടന്നു ഹാളിൽ പ്രവേശിയ്ക്കും. അതു ഭക്തജനങ്ങൾ കാണില്ല. അവർ കണ്ണടച്ച് പരമാനന്ദാമൃതം നുകരുകയാവും. പിന്നെ പൂജാമണിയുടെ ശബ്ദം കേട്ട് കണ്ണു തുറക്കുന്നു. അപ്പോൾ യോഗിവര്യൻ രാധാകൃഷ്ണപ്രതിമയിൽ അർച്ചന നടത്തുകയാവും.

അർച്ചന, മണിനാദം, സാഷ്ടാംഗപ്രണാമം, പഞ്ചാമൃതദാനം.

ചടങ്ങുകൾ എന്നും ക്രമംതെറ്റാതെ തുടർന്നു.

എല്ലാം കഴിഞ്ഞ്, റോഡിൽ തടിച്ചുകൂടിയവർക്ക് യോഗിവര്യൻ ദർശനം നല്കും.

ആദ്യം പരമു ബാൽക്കണിയിൽ പ്രത്യക്ഷപ്പെടും. ബാൽക്കണിയിലെ നീലവെളിച്ചംപരത്തുന്ന നിയോൺ ദീപത്തിന്നു ചുവട്ടിൽ വടിപോലെ നിന്നു സർവ്വാണിക്കു വേണ്ടി പരമു ശംഖനാദം മുഴക്കും. അതുകേട്ടു സർവ്വാണിയുടെ കഴുത്തുകൾ നീളം വെയ്ക്കും. കണ്ണുകൾ വികസിക്കും.

മൂന്നാമത്തെ ശംഖനാദത്തിന്റെ അലകൾ തെന്നിത്തെന്നി ചക്രവാളത്തിലേയ്ക്കു നീങ്ങി വിലയം പ്രാപിക്കുമ്പോൾ യോഗിവര്യൻ പ്രത്യക്ഷപ്പെടും. റോഡിൽ ഭക്തജനങ്ങൾ തലയ്ക്കു മുകളിൽ കൂപ്പുകയ്യുയർത്തി കാലുകൾ പൊക്കി നില്ക്കും. യോഗിവര്യൻ ആകാശത്തിലേക്ക് പുഷ്പദളങ്ങൾ വാരിയെറിയും. മന്ദസ്മിതം പൊഴിയ്ക്കും. എന്നിട്ട് വേഗത്തിൽ തിരിച്ചുപോവും.

ചടങ്ങിന്റെ അവസാനം നിരത്തു ശൂന്യം! രണ്ടാംനിലയിലെ വലിയ ഹാൾ ശൂന്യം.

അങ്ങിനെ ആത്മീയ കാര്യങ്ങൾക്കു പ്രാധാന്യമുള്ള ദിവസങ്ങളോരോന്നും മഹാനഗരത്തിലെരിഞ്ഞടങ്ങുമ്പോൾ കുഞ്ചുണ്ണിയുടെ മുമ്പിൽ അനേകമനേകം ചോദ്യചിഹ്നങ്ങൾ എടുത്തെറിയുന്നു. അതൊക്കെ വലിയ അണക്കെട്ടുകളായി കുഞ്ചുണ്ണിയുടെ ശ്വാസനാളത്തിൽ കൊളുത്തിപ്പിടിച്ച് വീർപ്പുമുട്ടലുണ്ടാക്കുന്നു.

വീർപ്പുമുട്ടലിൽനിന്നു രക്ഷപ്പെടാനുള്ള ആദ്യത്തെ ശ്രമം 'തീപ്പന്ത'ത്തിന്റെ ഒന്നാംപേജിന്റെ ഘടനയിൽ മാറ്റംവരുത്തുകയായിരുന്നു.

വലിയ മാറ്റം വരുത്തി.

ആദ്യം യുക്തിവാദം ഒരു കൈ നോക്കാമെന്നു വെച്ചു. ഈശ്വരനെ വെല്ലുവിളിച്ചു.

ഈശ്വരൻ മിണ്ടിയില്ല. കുഞ്ചുണ്ണിയ്ക്കതാവശ്യവുമില്ലായിരുന്നു. അന്ധവിശ്വാസത്തിന്റെ നേർക്കടുത്തു. അന്ധവിശ്വാസം കണ്ട ഭാവം നടിച്ചില്ല.

പോട്ടെ പുല്ല്!

ഒടുവിൽ പരമാനന്ദയോഗിവര്യനെ പിടികൂടി. യോഗിവര്യനതു കണ്ടില്ലെങ്കിലും അറിഞ്ഞില്ലെങ്കിലും ഭക്തജനങ്ങൾ കണ്ടു. അറിഞ്ഞു.

നഗരവാസികൾ മുഴുവനും കണ്ടു.

ബഹുജനം ചേരി തിരിഞ്ഞു.

കുഞ്ചുണ്ണിപ്പാർട്ടിയും യോഗീശ്വരപ്പാർട്ടിയുമായവർ മാറിനിന്നു. വീറോടെ വാദിച്ചു.

കുഞ്ചുണ്ണി വിട്ടില്ല. വിടുന്ന സ്വഭാവക്കാരനല്ല കുഞ്ചുണ്ണി. വാസുമുതലാളിയുടെ വീട്ടിൽ ഭക്തജനങ്ങളുടെ എണ്ണം വർദ്ധിക്കുമ്പോൾ തീപ്പന്തത്തിന്റെ ഒന്നാംപേജിൽ യോഗിവര്യനെക്കുറിച്ചുള്ള ആക്ഷേപം പെരുകി.

യോഗിവര്യന്റെ അത്ഭുതസിദ്ധിയ്ക്ക് കൺകെട്ടെന്ന് കുഞ്ചുണ്ണി പേരിട്ടു.

പല തെരുവുകളിൽവെച്ചും അന്ന് കുഞ്ചുണ്ണിപ്പാർട്ടിയോട് യോഗീശ്വരപ്പാർട്ടി ഏറ്റുമുട്ടി.

കുഞ്ചുണ്ണി ഒരടി മുന്നോട്ടുനീങ്ങി.

യോഗീശ്വരന്റെ അമാനുഷശക്തിയ്ക്ക് മഹേന്ദ്രജാലമെന്നു പേരിട്ടു.

ഒരു വശത്ത് ഭക്തിപാരവശ്യം! മറുവശത്ത് യുക്തിവാദം! എതിർപ്പും ആക്ഷേപവും.

നേരിട്ടുള്ള സമരം!

ആനന്തഭട്ടിന്റെ മകൻ സംസാരിച്ചപ്പോൾ കുഞ്ചുണ്ണിപ്പാർട്ടിയിൽനിന്ന് ഒരു പറ്റം ആളുകൾ കൂറുമാറി.

ശേട്ടുപുത്രിയുടെ തലവേദന മാറിയപ്പോൾ പത്രമുടമയായ വക്കച്ചന്റെ മനസ്സ് ആശങ്കയുടെ തുലാസ്സിൽ കിടന്നാടി. അവിടെ ആസ്തികത്വത്തിന്റെ അണപൊട്ടി ജലപ്രളയമുണ്ടായി.

"എന്തോന്നിനി കുന്തമിങ്ങനെ നടത്തി രൂപ തൊലയ്ക്കണം?"

കുന്തമെന്ന് പറഞ്ഞത് 'തീപ്പന്തം'. വക്കച്ചൻ അല്പം ക്ഷോഭിച്ചാണു ചോദിച്ചത്.

"ദൈവദോഷം അച്ചടിച്ചു വിട്ടാൽ കുടുംബദോഷമാ ഫലം."

"സന്ന്യാസിയ്ക്കു കുടുംബമില്ല."

കുഞ്ചുണ്ണി തിരിച്ചടിച്ചു.

"അങ്ങേര്ടെകാര്യം വിട്. അതല്ലാ പറഞ്ഞത്. തന്റേയും എന്റേയും കാര്യമാ. നമ്മുടെ പത്രത്തിലങ്ങനെ മതവിരോധമൊന്നും പ്രചരിപ്പിയ്ക്കാനൊക്കത്തില്ല."

അതൊരു താക്കീതായിരുന്നു.

കുഞ്ചുണ്ണിയ്ക്കരിശം പിടിച്ചു. അനങ്ങാൻ നിവൃത്തിയില്ല. ആപ്പീസ്സ് വക്കച്ചന്റെ കെട്ടിടത്തിലാണ്. മേശയും കസേരയും വക്കച്ചന്റേതാണ്. പത്രത്തിന്റെ പ്രിന്ററും പബ്ലിഷറും വക്കച്ചനാണ്. അനങ്ങിയാൽ ആപ്പീസ്സ് പൂട്ടും. ആപ്പീസ് പൂട്ടിയാലും വേണ്ടില്ലെന്ന് വെച്ച് കുഞ്ചുണ്ണി വാദിച്ചു. ഈശ്വരനെതിരെ, മതങ്ങൾക്കെതിരെ, അന്ധവിശ്വാസങ്ങൾക്കെതിരെ.

"താനൊരെമ്പോക്കിയാണെടൊ."

വക്കച്ചൻ തീർത്തു പറഞ്ഞു.

“തന്നെ കൂട്ടിനു പിടിച്ച് പത്രം തുടങ്ങിയതേ പിശക്. തനിയ്ക്കറിയാമ്മേലാ. ഞാനൊരു സത്യവിശ്വാസിയായ കത്തോലിക്കനാ. മതത്തിനെതിരെ, ദൈവത്തിനെതിരെ ഇനി വല്ലതുമെഴുതിപ്പിടിപ്പിച്ചാൽ അന്നു പത്രത്തിന്റെ പ്രസിദ്ധീകരണം മുടക്കും.”

കുഞ്ചുണ്ണിയെ ദഹിപ്പിക്കുമാറ് തിരിഞ്ഞുനോക്കി തിരിഞ്ഞുനോക്കിയാണ് വക്കച്ചൻ കാറിനടുത്തേക്കു നടന്നത്.

“ഇനി വരുമ്പോഴല്ലേ, സാരമില്ല.”

കുഞ്ചുണ്ണി ആശ്വസിച്ചു.

വക്കച്ചൻ എസ്റ്റേറ്റിലായപ്പോൾ കുഞ്ചുണ്ണി പിന്നേയും യോഗിവര്യനെ പിടികൂടി. പലതും എഴുതിവിട്ടു.

എഴുതിയെഴുതി എത്തേണ്ടതിലുമപ്പുറമെത്തി.

വേഷംമാറി വന്ന സി.ഐ.ഡി.യാണ് യോഗിവര്യനെന്നെഴുതിപ്പിടിപ്പിച്ച ദിവസം മഹാനഗരത്തിന്റെ പല കോണുകളിൽവെച്ചും ക്ഷുഭിതരായ ഭക്തജനങ്ങൾ ‘തീപ്പന്ത’ത്തിന്റെ പ്രതികൾ പരസ്യമായി കത്തിച്ചു.

കുഞ്ചുണ്ണി കുലുങ്ങിയില്ല. കുലുങ്ങുന്ന സ്വഭാവക്കാരനല്ല കുഞ്ചുണ്ണി.

യോഗിവര്യൻ പോലീസ്സിനെ കബളിപ്പിച്ച് നടക്കുന്ന ക്രിമിനൽപുള്ളിയാണെന്ന് തെളിവുകൾ ഹാജരാക്കി സമർത്ഥിച്ചു.

അത് വായിച്ചരിശം പിടിച്ച ഭക്തജനങ്ങൾ കുഞ്ചുണ്ണിയുടെ ആപ്പീസ്സിന് കല്ലു കൊണ്ടഭിഷേകം നടത്തി.

ജനലിന്റെ കണ്ണാടിച്ചില്ലുകളും ഓടുകളും തകർത്തു. അകത്തു വന്നു വീണ മുട്ടൻ കല്ലുകളിൽനിന്നു ശരീരവും പ്രാണനും രക്ഷിച്ചെടുക്കാൻ കുഞ്ചുണ്ണി രാത്രിയാവുന്നതു വരെ ഒരലമാറയ്ക്കു പിന്നിൽ ഒളിച്ചുകൂടേണ്ടിവന്നു.

രാത്രി നല്ലപോലെ ഇരുട്ടിയപ്പോൾ ജൂബ്ബയഴിച്ചു തലയിൽ കെട്ടി, വേഷപ്പകർച്ച വരുത്തി, നിശ്ശബ്ദമായി ആപ്പീസ്സു പൂട്ടി, വെളിച്ചംകുറഞ്ഞ തെരുവീഥികളിലൂടെ അരിച്ചരിച്ചു കുഞ്ചുണ്ണി അശ്വഹൃദയത്തിലേയ്ക്കു നീങ്ങി.

അശ്വഹൃദയം ശബ്ദായമാനമായിരുന്നു. തകർപ്പൻ വാദപ്രതിവാദത്തിന്റെ ബഹളം. കുഞ്ചുണ്ണി ഇരുട്ടിൽ നിന്നു ശ്രദ്ധിച്ചു.

“ഏതു രോഗവും മാറും.”

ഗുരുവിന്റെ ശബ്ദമാണ്.

“മരുന്നില്ല, മന്ത്രമില്ല, തട്ടിപ്പോ വെട്ടിപ്പോ ഇല്ല. ഒരു നോട്ടം, ഒരു ചിരി, കഴിഞ്ഞു.”

“ഓ! തട്ടിപ്പാവും ന്നേ.”

പീറ്റർ അലസമായി പറഞ്ഞു. അതു കേട്ടു ഗുരുവിന് ശുണ്ഠിവന്നു.

"അനാവശ്യം പറയരുത്. അതും നമുക്കറിയാത്ത കാര്യത്തെക്കുറിച്ച്, തന്റെ മതത്തിലെ ഒരു പുണ്യാളനാണെങ്കിൽ താനിങ്ങനെ പറയ്യോ?"

"ശരിയാണ്."

ആത്മീയകാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായ കണ്ണൻകുട്ടി മേനോൻ ഗുരുവിന്റെ ഭാഗം ചേർന്നു. ഗുരുവിനുത്സാഹമായി.

"അല്ല പിന്നെ, എത്ര എളുപ്പം കഴിഞ്ഞു തട്ടിപ്പെന്നു പറയാൻ. ഞാൻ നേരിൽ കണ്ടവനാ."

"എന്താ കണ്ടത്?"

ജിജ്ഞാസുവായ മുകുന്ദൻ ചോദിച്ചു. രോഗം മാറ്റാൻ ഒരു നോട്ടമോ ചിരിയോ മതിയെങ്കിൽ എത്ര എളുപ്പം. എന്താദായം! ആസവാരിഷ്ടങ്ങൾക്കു ചിലവാക്കുന്ന കാശു പലിശയ്ക്കു കൊടുക്കാം. ഇല്ലെങ്കിൽ സേവിങ്ങ്സ് ബാങ്കിലിടാം. മുകുന്ദന്റെ വിചാരമതാണ്.

"എന്താ കണ്ടതെന്നോ?"

ഗുരുവിന്നുത്സാഹം കൂടി. വിവരണമാരംഭിച്ചു.

"നമ്മളീ പത്രങ്ങളൊന്നും വായിക്കാത്തതാണ് കുഴപ്പം. യോഗീശ്വരന്റെ അപദാനങ്ങൾ ദിവസവും പത്രങ്ങളിൽ വരുന്നു. ഇന്നു ഡപ്യൂട്ടി കലക്ടരുടെ വീട്ടിൽനിന്നു പത്രം വായിച്ചപ്പോഴാണ് സകലതും പിടികിട്ടുന്നത്."

"എന്തൊക്കെയാ കേൾക്കട്ടെ." '

കണ്ണൻകുട്ടി മേനോൻ കയറ്റുകട്ടിലിൽ ചെന്നിരുന്നു. ഗുരുവിനെ തൊട്ടുരുമ്മിക്കൊണ്ട്.

"പത്രത്തിൽ നൂറിലൊരംശം വരുന്നില്ല. ഡപ്യൂട്ടി കലക്ടരദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു കേട്ടപ്പോൾ ഞാനന്തംവിട്ടുപോയി."

പിന്നെ അത്ഭുതകഥകളുടെ പ്രക്ഷേപണമാണ്. പ്രക്ഷേപണം കഴിഞ്ഞ്, യോഗിവര്യന്റെ ദർശനമാഹാത്മ്യം കൈവന്ന കഥ ഗുരു ആവേശത്തോടെ വിവരിച്ചു.

"ഇന്ന് സന്ധ്യയ്ക്കെനിയ്ക്കതിനുള്ള ഭാഗ്യമുണ്ടായി. മഹാപുരുഷൻ! മുഖത്ത് നേരിട്ട് നോക്കാൻ വയ്യ. എന്തൊരു തേജസ്സ്! കണ്ണുകൾ നക്ഷത്രങ്ങളെപ്പോലെ ജ്വലിക്കുന്നു."

"ശരിയായിരിക്കാം." പീറ്റർ പറഞ്ഞു.

"എന്നിട്ടും ശങ്ക. എടോ, താനേതായാലും നസ്രാണിയല്ലേ. നസ്രാണിയെ വിശ്വസിപ്പിയ്ക്കണമെന്ന് ഞങ്ങൾക്കു നിർബ്ബന്ധമില്ല."

ഞങ്ങളെന്നു ഗുരു മനഃപ്പൂർവ്വം പറഞ്ഞതാണ്. അശ്വഹൃദയത്തിലെ എല്ലാ ഹിന്ദുക്കളേയും പ്രതിനിധീകരിച്ചുകൊണ്ട് ഇതു ഹിന്ദുക്കളുടെ മാത്രം പ്രശ്നമാണ്. നസ്രാണിക്ക് വിമർശിക്കാനോ പരിഹസിക്കാനോ അവകാശമില്ല.

“മറിച്ചുള്ള അഭിപ്രായവുമുണ്ട്.” പീറ്റർ വിട്ടില്ല.

“എവിടെ?”

“പത്രത്തിൽ”

“ഏതു പത്രത്തിൽ.”

“തീപ്പന്തത്തിൽ.”

“ഹൊ! എനിയ്ക്കു കേൾക്കണ്ട. അതൊരു പത്രമാണോ?”

കുഞ്ചുണ്ണി ഇരുട്ടിൽനിന്ന് പല്ലു ഞെരിച്ചു. ഗുരു ആവേശത്തോടെ തുടർന്നു.

“എല്ലാം ഈ കണ്ണുകൊണ്ട് വിസ്തരിച്ച് കണ്ടു മനസ്സിലാക്കിയാണ് ഞാനിപ്പോൾ വരുന്നത്.”

“കേൾക്കട്ടെ, കേൾക്കട്ടെ.”

കണ്ണൻകുട്ടിമേനോന് ധൃതിയായി.

“വാസുമുതലാളിയുടെ ബംഗ്ലാവിന്റെ രണ്ടാമത്തെ നിലയിൽവെച്ചാണ് കണ്ടത്. ആരൊക്കെയാണ് യോഗീശ്വരനെ സാഷ്ടാംഗം നമസ്കരിച്ച് അവിടത്തെ കാൽപൊടിയെടുത്ത് മൂർദ്ധാവിൽ ചൂടുന്നത്! കലക്ടരും, ഡി.എസ്സ്.പി.യും നേതാക്കന്മാരും, വ്യാപാരികളും! ശിവ! ശിവ!

“ശിവ! ശിവ!”

കണ്ണൻകുട്ടിമേനോൻ ഏറ്റു ജപിച്ചു.

“ബങ്ക്ളാവിന്റെ ചുറ്റിലും നിരത്തിലും ആയിരക്കണക്കിനല്ലേ ആളുകൾ തമ്പടിച്ചു നില്ക്കുന്നത്. യോഗീശ്വരനെ ഒരു നോക്കു കാണാൻ. എന്നിട്ട് തീപ്പന്തത്തിന്റെ കാര്യം പറയുന്നു! അതൊരു പത്രമാണോ?”

“മിണ്ടരുത്.”

കുഞ്ചുണ്ണി അലറിക്കൊണ്ടു ചാടിവീണു.

“എഡിറ്ററേ.”

പെട്ടെന്നുണ്ടായ ഞെട്ടലോടെ ബദ്ധപ്പെട്ടെഴുന്നേറ്റു ഗുരു ഗദ്ഗദ സ്വരത്തിൽ വിളിച്ചു. കുഞ്ചുണ്ണി ശ്രദ്ധിച്ചില്ല.

“നിങ്ങളെല്ലാവരും എനിയ്ക്കെതിരാണ്.”

കുഞ്ചുണ്ണി തുടർന്നലറി.

“പക്ഷെ, ഒരു കാര്യമുണ്ട്. ആരെതിരായാലും കുഞ്ചുണ്ണി തോൽക്കില്ല. തോല്ക്കാൻ പിറന്നവനല്ല കുഞ്ചുണ്ണി.”

“ക്ഷമിയ്ക്കണം എഡിറ്ററേ.”

ഗുരുവിന്റെ ശബ്ദം നേർത്തുനേർത്തു വന്നു.

“ഒരുദിവസം നിങ്ങളെല്ലാവരും എന്റെ കാല് വന്നു പിടിയ്ക്കും.”

കുഞ്ചുണ്ണി വീരവാദം മുഴക്കി.

“ഇല്ലെങ്കിൽ ഞാൻ പിടിപ്പിയ്ക്കും. ഓർത്തോളൂ!”

“എഡിറ്ററേ, ഇത്തവണ മാപ്പ്.”

അത് ഗുരുവിന്റെ അവസാന വാക്കായിരുന്നു. കുഞ്ചുണ്ണി സോപ്പും തോർത്തു മെടുത്ത് ടാപ്പിനടുത്തേയ്ക്ക് പോകുമ്പോൾ ഇത്രയുംകൂടി പറഞ്ഞു.

“കുഞ്ചുണ്ണി തോല്ക്കാൻ പിറന്നവനല്ല.”

അശ്വഹൃദയം ശോകമൂകം.

— 12 —

# പന്ത്രണ്ട്

വെള്ളിമേഘങ്ങൾ ചിതറിക്കിടക്കുന്ന ശരൽക്കാലാകാശത്തിന്നു കീഴിൽ മഹാനഗരം പടകലികൊണ്ടു നിന്നു.

പ്രഭാതത്തിലടിച്ചു വരുന്ന കാറ്റിൽ മാമ്പൂമണമുണ്ടായിരുന്നു. സുഖകരമായ തണുപ്പും, പാലപ്പൂവിന്റെ മാദകഗന്ധവും, ലളിത വികാരത്തിന്റെ പൂമ്പൊടിപുരണ്ട നറുനിലാവും രാത്രിയ്ക്കലങ്കാരമിയറ്റിയിരുന്നു.

ഒന്നും നഗരവാസികളറിഞ്ഞില്ല.

അവർ പകിരി തിരിഞ്ഞ് കച്ച മുറുക്കുകയായിരുന്നു. ഉറുമിപലിശ തൊഴുതെടുക്കുകയായിരുന്നു. ഓരോരുത്തരും ആരോമച്ചേവകരായി മാറുകയായിരുന്നു.

സംഗതി ഭൗതികവും ആദ്ധ്യാത്മികവും തന്നെ.

ഭൗതിക വാദത്തിന്റെ ചേരിയിൽ അഭിമന്യുവിനെപ്പോലെ കുഞ്ചുണ്ണി അടിപതറാതെ നിന്നു പൊരുതി. ആദ്ധ്യാത്മികവാദത്തിന്റെ ചേരിയിൽ നഗരവാസികൾ ഭൂരിപക്ഷം തപ്പടിച്ചുനിന്നു പോർവിളി മുഴക്കി.

വലിയ വലിയ വാദകോലാഹലങ്ങളും ചെറിയചെറിയ സംഘട്ടനങ്ങളും തുടർന്നുകൊണ്ടേയിരുന്നു. ബസ്സിലും തീവണ്ടിയിലും മുറുക്കാൻ കടയിലും റസ്റ്റോറണ്ടിലും ആശുപത്രിയിലും അമ്പലനടയ്ക്കലും രണ്ടു ചേരി.

"ഈശ്വരൻ ഏതു ചേരിയിൽ?"

കുഞ്ചുണ്ണി റോക്കറ്റുപോലൊരു ചോദ്യം തൊടുത്തുവിട്ടു. ഭക്തജനങ്ങളുടെ തലയ്ക്കുമുകളിലത് മൂളിക്കൊണ്ടു പറന്നു.

"ഈശ്വരൻ ഏതു ചേരിയിൽ?"

ഭക്തജനങ്ങൾ പരസ്പരം മിഴിച്ചു നോക്കി. തകൃതിയായി കൂടിയാലോചിച്ചു. ഒടുവിൽ ഏകകണ്ഠമായി പ്രഖ്യാപിച്ചു.

"ഈശരൻ ഭക്തജനങ്ങളുടെ ചേരിയിൽ."

കുഞ്ചുണ്ണി വിട്ടുകൊടുത്തില്ല. വിട്ടുകൊടുക്കുന്ന സ്വഭാവം കുഞ്ചുണ്ണിയ്ക്കില്ല. ഉടനെ രണ്ടാമത്തെ റോക്കറ്റ് തൊടുത്തുവിട്ടു.

“ഭക്തജനങ്ങൾ ആരുടെ ചേരിയിൽ?”

കുഴഞ്ഞ പ്രശ്നം. മിഴിച്ച നോക്കലും കൂടിയാലോചനയുമുണ്ടായി. പക്ഷേ, പ്രഖ്യാപനമുണ്ടായില്ല. ഭക്തജനങ്ങളുടെ ചേരിയിൽ കനത്ത നിശ്ശബ്ദത. രണ്ടാം നമ്പർ റോക്കറ്റ് പലതവണ ഭക്തജനങ്ങളുടെ തലയ്ക്കുമുകളിൽ മൂളിപ്പറന്ന്, മുൻകൂട്ടി നിശ്ചയിച്ച സ്ഥലത്തു തിരിച്ചുവന്നപ്പോൾ കുഞ്ചുണ്ണിയുടെ ഉറച്ച പ്രഖ്യാപനമുണ്ടായി.

“ഭക്തജനങ്ങൾ കരിഞ്ചന്തക്കാരന്റെ ചേരിയിൽ”

മഹാനഗരത്തിൽ ഭൂകമ്പം!

ഭക്തജനങ്ങളെ അപമാനിച്ചിരിക്കുന്നു. അവരുടെ സത്യസന്ധത ചോദ്യംചെയ്യപ്പെട്ടിരിക്കുന്നു. മാപ്പില്ലാത്ത കുറ്റം.

തനിയ്ക്കു ചുറ്റും അലയടിച്ചുയരുന്ന പ്രതിഷേധ കോലാഹലങ്ങളൊന്നും ശ്രദ്ധിക്കാത്ത മട്ടിൽ കുഞ്ചുണ്ണി നടന്നു. ഭയമുണ്ടായിരുന്നു. അന്നോളം ആരുമങ്ങിനെ തുറന്നു പറഞ്ഞിട്ടില്ല. അതിനുള്ള ധൈര്യം ആർക്കുമുണ്ടായിരുന്നില്ല.

ഭക്തജനങ്ങളുടെ നേതാക്കന്മാർ മുമ്പോട്ടു വന്നു കുഞ്ചുണ്ണിയെ വെല്ലുവിളിച്ചു.

“ആരോപണം തെളിയിക്കാമോ?”

“ഓഹോ, തെളിയിക്കാം.”

“എങ്ങിനെ തെളിയിക്കാം?”

“എങ്ങിനെ വേണമെങ്കിലും തെളിയിക്കാം.”

“പൊതുയോഗം വിളിച്ചുകൂട്ടി, തെളിവുകളോരോന്നും നിരത്തി ജനങ്ങളെ വിശ്വസിപ്പിയ്ക്കണം.”

“സമ്മതം.”

“പരാജയപ്പെട്ടാൽ പരസ്യമായി ജനങ്ങളോടു മാപ്പു പറയണം.”

“റെഡി.”

“നിരീശ്വരവാദമുപേക്ഷിയ്ക്കണം.”

“‘ഉപേക്ഷിയ്ക്കാം.”

“യുക്തിവാദമുപേക്ഷിയ്ക്കണം.”

“തയ്യാർ.”

“യോഗീശ്വരന്റെ കാൽക്കൽ നമസ്കരിച്ച്, ആ മഹാപുരുഷന്റെ ശിഷ്യത്വം സ്വീകരിക്കണം.”

“സ്വീകരിക്കാം, പക്ഷേ…”

“ഞാൻ വാസുമുതലാളിയുടെ വീട്ടിൽ കേറില്ല.”

“കേറണമെന്നു നിർബ്ബന്ധമില്ല.”

“വാസുമുതലാളിയുടെ വീട്ടിൽ കേറാതെ യോഗീശ്വരന്റെ കാലിൽ നമസ്കരിക്കാൻ പറ്റില്ലല്ലൊ.”

“അത് നിർബ്ബന്ധം! യോഗീശ്വരന്റെ കാലിൽ നമസ്കരിക്കാതെ പറ്റില്ല.”

“എങ്കിൽ യോഗീശ്വരൻ ബങ്ക്ളാവിന്റെ പടിയ്ക്കൽ വന്ന് കാല് പുറത്തേയ്ക്ക നീട്ടട്ടെ, ഞാൻ നമസ്കരിച്ചോളാം, ശിഷ്യത്വം സ്വികരിച്ചോളാം.”

നേതാക്കന്മാർ സമ്മതിച്ചു.

കരാറൊപ്പിട്ട് തിരിച്ചുപോയി പൊതുയോഗം വിളിച്ചുകൂട്ടി.

പ്രസംഗമണ്ഡപത്തിൽ കയറി നിന്നപ്പോൾ ഒരു കാര്യം കുഞ്ചുണ്ണിക്കു മനസ്സിലായി. തന്റെ അനുയായികളോ സഹായികളോ കണ്ണെത്തുന്ന ദൂരത്തെങ്ങുമില്ല. ഭക്തജങ്ങൾ മാത്രം! തല ചുറ്റി!

എന്നിട്ടും തന്റേടം വിടാതെ കുഞ്ചുണ്ണി കൂവി.

“പ്രിയമുള്ള നാട്ടുകാരേ,”

മുൻവരിയിൽനിന്ന് ഒരു ഭക്തനെഴുന്നേറ്റ് പ്രതിഷേധിച്ചു.

“ആ സംബോധന പിൻവലിയ്ക്കണം.”

ആദ്യത്തെ കത്തിയമ്പ് വന്നു മുതുകിൽ തറച്ചപ്പോൾ കുഞ്ചുണ്ണി സ്വല്പമൊന്നു വിളറി. വിനീതമായി ചോദിച്ചു.

“പിന്നെന്തു വിളിയ്ക്കണം, എങ്ങനെ വിളിയ്ക്കണം?”

“ഭക്തജനവും നാട്ടുകാരല്ലേ?”

കുഞ്ചുണ്ണി കൂടുതൽ വിനീതനായി.

“നാട്ടുകാരെല്ലാം ഭക്തജനങ്ങളായിക്കൊള്ളണമെന്നില്ല.”

സദസ്സിന്റെ മദ്ധ്യത്തിൽ നിന്നാണുത്തരം വന്നത്.

“യുക്തിവാദികളും നാസ്തികന്മാരും നാട്ടുകാരാണ്. അവരോടൊപ്പം ഞങ്ങളെ സംബോധന ചെയ്യരുത്. ഞങ്ങൾക്കതിഷ്ടമല്ല, ആ സംബോധന പിൻവലിക്കണം.”

“എങ്കിലും...” കുഞ്ചുണ്ണി ആ സംബോധനയുടെ വാലിൽ പിടിച്ചു തൂങ്ങി നിൽക്കാൻ ചെറിയൊരു ശ്രമം നടത്തി.

“ഒരെങ്കിലുമില്ല. പിൻവലിയ്ക്കണം, പിൻവലിയ്ക്കണം, പിൻവലിയ്ക്കണം.”

മൂന്നുതവണ ആവശ്യപ്പെട്ടു. അത് അന്ത്യശാസനമാണെന്ന് മനസ്സിലാക്കിയ കുഞ്ചുണ്ണി അടവൊന്നു മാറ്റി.

“നിങ്ങളെന്റെ നാട്ടുകാരല്ലേ?”

സ്നേഹവായ്പോടെ ചോദിച്ചു.

“അല്ലാ, അല്ലാ, ഒരിക്കലുമല്ലാ.”

സദസ്സിന്റെ പല ഭാഗത്തുനിന്നും കവണക്കല്ലുപോലെ മറുപടി വന്നു.

“നിങ്ങളുടെ നാട്ടുകാരനെന്നു പറയാൻ ഞങ്ങൾക്കു ലജ്ജയുണ്ട്. ആ സംബോധന പിൻവലിയ്ക്കണം. പിൻവലിച്ചേ തീരൂ.”

സദസ്സ് ഒന്നായി ക്ഷോഭിച്ചെഴുന്നേറ്റു നിന്നു.

“സദസ്സ് നിശ്ശബ്ദമായിരിയ്ക്കണം.”

നേതാക്കന്മാരിൽ ഒരാളിടപെട്ടു് നിയന്ത്രണം പാലിക്കാനപേക്ഷിച്ചു.

“അയാൾ പറയട്ടെ, അയാളുടെ വാദമെന്തെന്ന് നമുക്കു കേൾക്കാം.”

സദസ്സ് നിശ്ശബ്ദമായപ്പോൾ കുഞ്ചുണ്ണി ഒരിക്കൽക്കൂടി സ്ഫുടമായും സംഗീതാത്മകമായും വിളിച്ചു.

“പ്രിയമുള്ള നാട്ടുകാരെ,”

ആ ധിക്കാരം സദസ്സ് പല്ലുകടിച്ചു സഹിച്ചു.

“ഞാനും നിങ്ങളും ഈശ്വരനെ കണ്ടിട്ടില്ല. കാണാൻ നമുക്കു കലശലായ ആഗ്രഹമുണ്ട്. അതു ഞാൻ സമ്മതിക്കുന്നു. ആത്മാർത്ഥമായി നിങ്ങളതിന്നു ശ്രമിക്കുന്നവരാണെന്നെനിക്കറിയാം. നിങ്ങൾക്കു ഞാൻ വിജയം നേരുന്നു.

പ്രിയപ്പെട്ട നാട്ടുകാരേ, ഈശ്വരനെ കണ്ടില്ലെങ്കിലും ഈശ്വരന്റെ ജോലിയെന്തെന്ന് നമുക്കറിയാം. ദുഷ്ടനിഗ്രഹവും ശിഷ്ടപരിപാലനവുമാണ് ലോകാരംഭം മുതൽ ഇന്നുവരെ ഈശ്വരന്റെ ജോലി.

ഓ! എത്രയെത്ര ദുഷ്ടന്മാരെ ഈശ്വരൻ നിഗ്രഹിച്ചു. എത്രയെത്ര അസുരന്മാരെ ശിക്ഷിച്ചു. അതിനെന്തൊക്കെ വേഷമെടുക്കേണ്ടിവന്നു.

ആമയായിട്ടില്ലേ? മത്സ്യമായിട്ടില്ലേ? പന്നിയായിട്ടില്ലേ? നരസിംഹമായിട്ടില്ലേ? നിങ്ങളെന്താ മിണ്ടാത്തത്? എതിരുണ്ടെങ്കിൽ പറയണം.”

സദസ്സ് മിണ്ടിയില്ല. ദശാവതാരകഥ വിവരിക്കാൻ തുടങ്ങുമ്പോൾ എതിരുണ്ടെന്നെങ്ങിനെപറയും.

“ഹിരണ്യനെ നിങ്ങൾ കേട്ടിട്ടില്ലേ? ഓ! ഭയങ്കരൻ! പരമദുഷ്ടൻ. മഹാപാപി! അവനെ ഭഗവാൻ നിഗ്രഹിച്ചപ്പോൾ ജനങ്ങൾ ആഹ്ലാദംകൊണ്ട് മതിമറന്നു!

ഹിരണ്യൻ ചെയ്ത കുറ്റമെന്തായിരുന്നു? നമ്മളാരെങ്കിലും അന്വേഷിച്ചിട്ടുണ്ടോ? ഇല്ല. നമുക്കതിറിഞ്ഞിട്ടു പ്രയോജനമില്ല. ഒന്ന് നമുക്കൂഹിയ്ക്കാൻ കഴിയും. ഇന്നു നമ്മുടെ ഇടയിലെ ദുഷ്ടന്മാരുടെ പ്രവൃത്തിയുമായി തട്ടിച്ചുനോക്കുമ്പോൾ ഹിരണ്യന്റേത് താരത്മ്യേന നിസ്സാരമായിരിയ്ക്കണം. ഹിരണ്യനേക്കാൾ ഭയങ്കരന്മാരായ മനുഷ്യർ ഇന്ന് നമ്മുടെ ഇടയിലില്ലേ? ഇല്ലെന്ന് പറയാനാവുമോ?”

ആവുമെങ്കിൽ പറയട്ടെ എന്ന മട്ടിൽ കുഞ്ചുണ്ണി തെല്ലിട മിണ്ടാതെ നിന്നു. മേശപ്പുറത്തടച്ചുവെച്ച വെള്ളമെടുത്ത് രണ്ടു കവിൾ അകത്താക്കി. ജുബ്ബയുടെ അറ്റംകൊണ്ട് മുഖം തുടച്ച് തന്റെ മുമ്പിലിരിയ്ക്കുന്നവരെ അമർത്തിയൊന്നു നോക്കി.

തുടക്കത്തിലുള്ള ആവേശം ആറിത്തണുത്ത് സദസ്സൊന്ന് പാകപ്പെട്ടിട്ടുണ്ട്. വകവരുത്തിക്കളയാമെന്ന അഹങ്കാരത്തോടെ കുഞ്ചുണ്ണി തുടർന്നു.

“നിങ്ങൾ ഭക്തജനങ്ങളായതുകൊണ്ട് ഭഗവാൻ ചരിത്രം വേണ്ടുവോളം മനസ്സിലാക്കീട്ടുണ്ടാവുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് അതൊന്നും എടുത്തുപറയാൻ ഞാനിവിടെ ഉദ്ദേശിക്കുന്നില്ല. നമുക്കു ഹിരണ്യന്റെ കാര്യം തന്നെയെടുക്കാം.

ഹിരണ്യൻ ചെയ്ത കുറ്റമെന്തായിരുന്നു? ജനങ്ങൾ വിശന്നു പൊരിയുമ്പോൾ അരിയും നെല്ലും പൂഴ്ത്തിവെച്ചിട്ടുണ്ടായിരുന്നോ? തീപ്പിടിച്ച വിലയ്ക്കു അതൊക്കെ വില്പന നടത്തി പണം വാരിക്കൂട്ടിയിരുന്നോ? ഭക്ഷ്യവസ്തുക്കളിൽ മായംചേർത്തിരുന്നോ? മുലപ്പാലില്ലാത്ത പിഞ്ചോമനകൾക്കു ചുണ്ടുനനയ്ക്കാനുപയോഗിക്കുന്ന ‘ബേബിഫുഡ്’ കരിഞ്ചന്തയിൽ പൂഴ്ത്തിവെച്ച് കൃത്രിമക്ഷാമം സൃഷ്ടിച്ചിരുന്നോ?

ഇല്ല. എന്റെ പരിമിതമായ പുരാണപരിചയം വെച്ച് ഞാൻ തീർത്തു പറയുന്നു. ഇല്ല.

ഇന്നോ? ഇന്നു നമ്മുടെ ഇടയിലുള്ള അസുരന്മാർ എന്താണ് ചെയ്യുന്നത്? ഹിരണ്യനെക്കാൾ നൂറുമടങ്ങ് പാപംചെയ്യുന്ന ദുഷ്ടന്മാരല്ലേ അവർ? അവരുടെ കൊടുംചതികൊണ്ട് നമ്മളനുഭവിക്കുന്ന ദുരിതത്തിന്ന് വല കയ്യും കണക്കുമുണ്ടോ?”

ഇവിടെയെത്തിയപ്പോൾ കുഞ്ചുണ്ണിയുടെ നാക്കിൽ വൃത്തമില്ലാക്കവിതവന്നു നൃത്തം ചെയ്യാൻ തുടങ്ങി. എത്രയൊക്കെ പണിപ്പെട്ടിട്ടും നിയന്ത്രിച്ചിട്ടും അവനെ തടയാനൊത്തില്ല.

“കടയിൽ,
ചായപ്പൊടിയിൽ-
ഈർച്ചപ്പൊടിചേർക്കും പടി നമ്മൾ
കലക്കിക്കുടി,
വയറുകടി!
പൂഴിത്തരി!
പഞ്ചാരയിലൊത്തിരി, വയറിൽ പൂത്തിരി-
കത്തീ!
കത്തിക്കാളീ, മാളീ, വിവശതയാളീ
രോഗം!
നമ്മുടെ രോഗം, നാടിൻ ദുര്യോഗം,
ദുഷ്ടന്ന് ഭോഗം.”

കവിതയ്ക്കു ശേഷം വിജയഭാവത്തിൽ തലയുയർത്തിപ്പിടിച്ച് കുഞ്ചുണ്ണി നിന്നു. ജൂബ്ബയുടെ പോക്കറ്റിൽ കൈ തിരുകിക്കയറ്റി, വയറും നെഞ്ചും മുന്നോട്ടു തള്ളി ഉദ്ധതഭാവത്തിൽ സദസ്സിനെ നോക്കി.

സദസ്സ് മൃതപ്രായം!

ഒരു ഡോസ്സുകൂടി കൊടുത്താൽ എല്ലാം അവസാനിക്കുമെന്നു തീരുമാനിച്ച് ശബ്ദം കനപ്പിച്ചു.

“നമ്മെ നിത്യരോഗികളും പട്ടിണിക്കാരുമാക്കുന്ന ഇന്നാട്ടിൽ ഒരു പിടി അസുരന്മാർ ലക്ഷപ്രഭുക്കളാകുന്നു. അവർക്ക് തേരും കുതിരയും കാലാളുമുണ്ട്. ഏതു സാമ്രാജ്യം എപ്പോൾ വേണമെങ്കിലും അവർക്ക് വെട്ടിപ്പിടിയ്ക്കാം. പിറന്ന വീണ നാട് അവർക്കൊരു പ്രശ്നമല്ല. സഹജീവികളുടെ വേദനയിൽ അവരാനന്ദംകൊള്ളുന്നു. പാപപുണ്യങ്ങളെപ്പറ്റി അവർക്കു ചിന്തയില്ല. പണം പണം. അവർക്ക് ഈശ്വരൻ പോലും പണത്തിന്നു താഴെയാണ്!

പ്രിയമുള്ള നാട്ടുകാരെ, ആരായിരുന്നു വാസു മുതലാളി? ഇന്നയാളുടെ നിലയെന്താണ്? ഇക്കാണുന്നതത്രയും നേരായ മാർഗ്ഗത്തിലൂടെ സമ്പാദിച്ചു കൂട്ടിയതാണെന്ന് നിങ്ങൾക്കഭിപ്രായമുണ്ടോ? വാസു മുതലാളി പൂഴ്ത്തിവെപ്പുകാരനല്ലെന്ന് പറയാനൊക്കുമോ? കരിഞ്ചന്തക്കാരനല്ലെന്ന് പറയാനൊക്കുമോ? എന്താ മിണ്ടാത്തത്? നിങ്ങൾക്കങ്ങിനെ പറയാൻ കഴിയില്ലെന്നെനിക്കുറപ്പുണ്ട്.

ഹിരണ്യനേക്കാൾ ദുഷ്ടനായ വാസുമുതലാളിയുടെ വീട്ടിൽ ഈശ്വരവിശ്വാസികൾ കാലുകുത്താനറയ്ക്കും. ഒരു സിദ്ധന്റെ പേരിൽ നിങ്ങളെല്ലാവരും അവിടെ പോകുന്നു. ഇത് ഭക്തിയാണോ? ഇതുകൊണ്ട് മുക്തി നേടാമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?”

സദസ്സിൽ മുറുമുറുപ്പ്. കുഞ്ചുണ്ണി ശ്രദ്ധിച്ചില്ല.

“ഭക്തജനങ്ങൾ കരിഞ്ചന്തക്കാരന്റെ ചേരിയിലെന്ന് ഞാനിപ്പോഴും പറയുന്നു. ഇനിയും പറയും. അതിലെന്താണ് തെറ്റ്? ഇന്നുവരെ തെളിവില്ലാത്ത കാര്യങ്ങളൊന്നും ഞാൻ പറഞ്ഞിട്ടില്ല.”

സദസ്സിൽ മുറുമുറുപ്പ് വർദ്ധിക്കുന്നു. ഭക്തജനങ്ങളുടെ കണ്ണ് ചുവക്കുന്നു.

“സിദ്ധനും അവധൂതനുമൊന്നും വാസുമുതലാളിയുടെ വീട്ടിൽ കയറില്ല. ആ പടിയ്ക്കലൂടെ വഴി പോവില്ല, ആ പടി കടക്കാൻ ചെകുത്താനും കുറഞ്ഞൊന്നാലോചിക്കും.”

സദസ്സിന്റെ പ്രതികരണം സൂക്ഷിച്ചു ശ്രദ്ധിക്കുന്ന നേതാക്കന്മാർക്ക് ആസന്നമായൊരു പൊട്ടിത്തെറിയുടെ വിങ്ങലനുഭവപ്പെടുന്നു. കുഞ്ചുണ്ണി രണ്ടും കല്പിച്ച് അവസാനത്തെ തല്ലിന് തയ്യാറെടുക്കുന്നു.

“അതുകൊണ്ട്, എന്റെ നാട്ടുകാരെ, ഞാനുറപ്പിച്ചു പറയുന്നു പരമാനന്ദ യോഗീശ്വരൻ സിദ്ധനോ അവധൂതനോ അല്ല. വെറും കപടയോഗി. കരിഞ്ചന്തയ്ക്കുരുനില്ക്കുന്ന കള്ളസ്സന്യാസി.”

ഹരഹരോ ഹര!

ക്ഷുഭിതരായ ഭക്തജനങ്ങൾ പ്രസംഗമണ്ഡപത്തിലേക്കു തള്ളിക്കയറി. കുഞ്ചുണ്ണി പിൻപുറത്തെ വാതിലിലൂടെ പുറത്തു ചാടി ഓടി. ഓട്ടത്തിൽ ഇന്നോളം കുഞ്ചുണ്ണിയെ ആരും ജയിച്ചിട്ടില്ല.

അങ്ങിനെ സംഭവങ്ങൾക്ക് പിരിമുറുക്കം കൂടിക്കൊണ്ടു വരുമ്പോൾ ഒരു വാർത്താ ജലപ്രവാഹം വാസുമുതലാളിയുടെ ബങ്ക്ളാവിൽനിന്ന് ഉഴറിപ്പാഞ്ഞു വന്ന്

നഗരവാസികളെ മുക്കിക്കളഞ്ഞു. മുന്നറിയിപ്പു കൂടാതെ റിസർവോയർ തുറന്നുവിട്ടപോലെ.

നഗരവാസികൾക്കു വീർപ്പുമുട്ടി, കയത്തിൽ കാലുറക്കാതെയായി!

എല്ലാ പത്രങ്ങളും ആ വാർത്ത മുഖ്യസ്ഥാനത്തിൽ പകർത്തി.

"യോഗീശ്വരൻ സംസാരിയ്ക്കുന്നു!"

"പന്ത്രണ്ടു വർഷത്തെ നീണ്ട മൗനവ്രതം പരമാനന്ദയോഗീശ്വരൻ സമാപിയ്ക്കുന്നു."

വാർത്ത പുറത്തു വിട്ടപ്പോൾ, വരാനിരിക്കുന്ന ക്രമാതീതമായ ജനത്തിരക്കു വാസുമുതലാളി കണക്കിലെടുത്തു. കൂടുതൽ ജനങ്ങളെ ഭജനയിൽ പങ്കെടുപ്പിക്കാനുള്ള സൗകര്യമുണ്ടാക്കലായിരുന്നു പിന്നത്തെ ജോലി. ബങ്ക്ളാവിന്റെ മുകളിലത്തെ നിലയിൽനിന്ന് ഭജന മുറ്റത്തേക്കു മാറ്റാൻ തീരുമാനിച്ചു. അതിന്നുവേണ്ടി മുറ്റത്ത് വലിയ പന്തലിട്ടു വിതാനിച്ചു. നടവഴിയിലും തൊടിയിലും ആളുകൾക്കിരിക്കാനുള്ള സൗകര്യമുണ്ടാക്കി. നിരത്തിന്റെ മറുവശത്തുള്ള പുറമ്പോക്കു സ്ഥലം കാടു ചെത്തി തെളിയിച്ചപ്പോൾ കാറുകൾ പാർക്കുചെയ്യാൻ വേണ്ടത്ര സ്ഥലം കിട്ടി.

ഒരു മഹോത്സവത്തിനെന്നപോലെ വിപുലമായ ഒരുക്കങ്ങൾ മുഴുവനും നടന്നു കഴിഞ്ഞപ്പോൾ ഒരിയ്ക്കൽകൂടി റിസർവോയർ തുറന്നുവിട്ടു.

"യോഗീശ്വരൻ രോഗികളെ അനുഗ്രഹിക്കാമെന്ന് സദയം സമ്മതിച്ചിരിയ്ക്കുന്നു."

എങ്ങും ആഹ്ലാദപ്രകടനം! മഹാഭാഗ്യങ്ങൾ വഴിക്കുവഴി നഗരവാസികളെ അനുഗ്രഹിയ്ക്കാനെത്തുന്നു!

പക്ഷെ, മറ്റൊരു പിശക് മറുഭാഗത്ത് തലയുയർത്താൻ തുടങ്ങി. യോഗീശ്വരൻ രോഗികളെ പരിശോധിച്ച് ചികിത്സ നിർദ്ദേശിക്കാൻ തീരുമാനിച്ച വിവരമറിഞ്ഞപ്പോൾ നഗരവാസികൾക്ക് മുഴുവനും ഒന്നല്ലെങ്കിൽ മറ്റൊരു രോഗമുണ്ട്. തലവേദന, നെഞ്ചുവേദന, കാസശ്വാസം, ഞരമ്പു തളർച്ച, വാതക്കടച്ചിൽ, വയറുവേദന.

എല്ലാവർക്കുമുണ്ട് രോഗം! എല്ലാവർക്കും യോഗീശ്വരനെ സമീപിയ്ക്കണം.

അഡ്വാൻസ് ബുക്കിങ്ങിന്ന് ജനങ്ങൾ വാസുമുതലാളിയെ സമീപിച്ചു.

പാണ്ടികശാലയിലും ബങ്ക്ളാവിലും നീണ്ട 'ക്യൂ' പ്രത്യക്ഷപ്പെട്ടു. വാസുമുതലാളിയുടെ സൗകര്യവും കാത്തു നില്ക്കുന്നവരിൽ ലക്ഷപ്രഭുവും എരപ്പാളിയുമുണ്ടായിരുന്നു! മേലുദ്യോഗസ്ഥനും കീഴുദ്യോഗസ്ഥനുമുണ്ടായിരുന്നു!

വാസുമുതലാളി ഒട്ടും അസഹിഷ്ണുത കാണിയ്ക്കാതെ ശാന്തമായി. ആത്മീയ തേജസ്സ് മുഖത്തു പ്രദർശിപ്പിച്ചുകൊണ്ട് എല്ലാവർക്കും ഒരേ മറുപടി നല്കി.

"എല്ലാം അവിടുത്തെ കാരുണ്യം! അനുഗ്രഹം! എനിക്കൊന്നും മുൻകൂട്ടി പറയാനോ നിശ്ചയിക്കാനോ വയ്യ! തൃപ്പാദങ്ങൾ അപ്പപ്പോൾ തോന്നുന്നത് ചെയ്യുന്നു.

ഞാൻ എളിയൊരു ദൃക്സാക്ഷി മാത്രം. വന്നോളൂ, കാൽക്കൽ നമസ്കരിച്ചോളൂ, അനുഗ്രഹം വാങ്ങിക്കോളൂ. ഇതിൽ കവിഞ്ഞൊന്നും എനിക്കു പറയാനില്ല."

മൗനവ്രത സമാപനത്തിനുള്ള ദിവസം പ്രഖ്യാപിച്ചു. മഹാലയാമാവാസി നാളിൽ! അന്നാണല്ലോ നവരാത്രിയുടെ തുടക്കം.

മഹാനഗരത്തിലെ പണ്ഡിതന്മാർ ചേർന്ന് അന്നൊരു മതമഹാസമ്മേളനം ചേരുമെന്നും സമ്മേളനത്തിൽ യോഗിവര്യന്റെ സാന്നിദ്ധ്യമുണ്ടാവുമെന്നും പ്രഖ്യാപനമുണ്ടായി!

"പ്രമാദം"

തുടർന്നു മറ്റൊരു പ്രഖ്യാപനം വരുന്നു.

നാട്ടുവൈദ്യസമ്മേളനം!

മതസമ്മേളനത്തെത്തുടർന്ന് അവിടെവെച്ചു തന്നെ നാട്ടുവൈദ്യസമ്മേളനം നടക്കുന്നു. സമ്മേളനം ഒരു വിളക്കു കൊളുത്തിക്കൊണ്ട് യോഗീശ്വരൻ ഉദ്ഘാടനം ചെയ്യുന്നു.

നാട്ടുമരുന്നുകളെക്കുറിച്ചും നാട്ടുചികിത്സാ സമ്പ്രദായത്തെക്കുറിച്ചും സമ്മേളനത്തിൽ വിപുലമാർന്ന ചർച്ച നടക്കും. ഉടനീളം യോഗീശ്വരൻ തന്റെ സാന്നിദ്ധ്യം കൊണ്ട് സമ്മേളനത്തെ അനുഗ്രഹിക്കും! മഹാപ്രമാദം.

എങ്ങും ഉത്സാഹം എങ്ങും തിരക്ക്!

നവരാത്രി കാലത്തിന്റെ മൂടൽമഞ്ഞിനൊപ്പം ആദ്ധ്യാത്മിക തേജസ്സും മഹാനഗരത്തെ പൊതിഞ്ഞു നിന്നു.

എല്ലാ വീടുകളിലും ചന്ദനത്തിരിയെരിഞ്ഞു.

കർപ്പൂരം കത്തി.

കർപ്പൂരത്തിന്റെയും ചന്ദനത്തിരിയുടെയും ഗന്ധത്തിൽ മാനുമണം മുങ്ങിപ്പോയി.

— 13 —

# പതിമൂന്ന്

പന്തലിലും നടവഴിയിലും തൊടിയിലും പുരുഷാരം ശ്വാസമടക്കിപ്പിടിച്ച് കാത്തിരുന്നു. നിരത്തിൽ ജനസമുദ്രം. പുറമ്പോക്കിൽ കാറുകൾ നിറഞ്ഞുകവിഞ്ഞു.

മൗനവ്രതമവസാനിപ്പിച്ച യോഗീശ്വരന്റെ ശബ്ദം കേൾക്കാൻ എല്ലാവർക്കും അക്ഷമയായിരുന്നു.

നാലുപാടും വിദ്യുച്ഛക്തി വിളക്കുകൾ പ്രകാശം ചൊരിഞ്ഞപ്പോൾ അമാവാസി രാവിന്റെ കൂരിരുട്ട് പേടിച്ച പിൻവാങ്ങി, ജ്ഞാനോദയത്തിൽ വിവേകശൂന്യതപോലെ. പക്ഷേ, വാസുമുതലാളിയുടെ മനസ്സിൽമാത്രം ഇരുട്ട് തങ്ങിനിന്നു.

ഒരു ചെറിയ ശബ്ദം കേട്ടാൽ, ചലനം കണ്ടാൽ മുതലാളി ഞെട്ടും. ആസന്നമായ ഏതോ വിപത്തിനെച്ചൊല്ലി മുതലാളിയുടെ ഹൃദയം പിടഞ്ഞു. മുഖത്ത് തികഞ്ഞ അസ്വസ്ഥത നിഴലാടി.

അപാരഭക്തിയുടെ ലക്ഷണമായേ ജനങ്ങളതിനെ കണക്കാക്കിയുള്ളൂ. ഭാഗ്യം!

സത്യം ജനങ്ങളറിഞ്ഞില്ലെങ്കിൽ എന്തൊക്കെ സംഭവിക്കാം! പലതും!...

തലേന്ന് രാത്രി ഭജന തുടങ്ങിയപ്പോൾ വാസുമുതലാളി ആരുമറിയാതെ പുറത്തുകടന്നു. ചിലപ്പോഴങ്ങിനെ പതിവുണ്ട്. പിൻപുറത്തെ ഗെയിറ്റിൽ കാറുണ്ടാവും. നേരെ ഗോഡൗണിലേക്കു പോകും. അങ്ങിനെ പുറപ്പെട്ടതാണ്. കള്ളക്കടത്തിന്ന് ലോറിയും കൊണ്ടുപോകുന്നവർക്ക് നിർദ്ദേശങ്ങൾ കൊടുത്ത് വേഗം മടങ്ങാമെന്നാണ് വിചാരിച്ചത്.

ഗോഡൗണിലെത്തിയപ്പോൾ വർക്കിച്ചേട്ടനും ഹാജിയും കാത്തുനില്പുണ്ട്. രണ്ട് വലിയ വ്യാപാരികൾ. കണ്ടപ്പോൾ തന്നെ ഹാജി പറഞ്ഞു.

“ങ്ങക്കിപ്പം ബെച്ചടി ബെച്ചടി കേറ്റാണ് മൊതലാളീ. പടച്ചോൻ ബിജാരിച്ചാലും ങ്ങളോടിപ്പം ആവതില്ല.”

വാസുമുതലാളി ഉത്തരം പറഞ്ഞില്ല. ഒന്ന് വെളുക്കെ ചിരിച്ചു. ഹാജി അടങ്ങാൻ ഭാവമില്ലായിരുന്നു. “ആപ്പീസറന്മാരൊക്കെ ങ്ങളെ കൈബസാണ്. കൊലക്കുറ്റം ചെയ്താലും ങ്ങളോടിന്നൊരുത്തൻ ചോയിക്കൂലാ, ബല്ലാത്ത നിസ്സീബ്.”

മുതലാളി പിന്നേയും ചിരിച്ചു. ഉദ്യോഗസ്ഥന്മാരുടെ തണലിൽ തനിക്കു എന്തും ചെയ്യാമെന്നാണ് ഹാജിയുടെ സൂചന. അത് പരമാർത്ഥമാണ്. എല്ലാവരും തനിയ്ക്കധീനമാണെന്ന് ഉറക്കെ വിളിച്ചുപറയാൻ തോന്നി. പക്ഷേ, പറഞ്ഞത് മറ്റൊന്നാണ്.

“ഹാജിക്കെന്താ വേണ്ടത്?”

“ഞമ്മക്ക് മേണ്ടതോ? പെരുത്തൊക്കെ മേണം മൊതലാളീ. അതു പിന്നെ പറയാം, ആദ്യം മേണ്ടത് ങ്ങളെ കൃഫ.”

നഗരത്തിലെ വ്യാപാരികൾ ഓരോരുത്തരും വാസുമുതലാളിയുടെ കൃപയ്ക്കു കുമ്പിളുംകാട്ടി നടക്കുകയായിരുന്നു. മനസ്സമാധാനത്തോടെ നിർബ്ബാധം കള്ളക്കച്ചവടം നടത്താൻ വാസുമുതലാളിയുടെ സഹായം വേണമെന്ന നിലയിലാണ് കാര്യത്തിന്റെ കിടപ്പ്. വലിയ പ്രതിഫലം കൊടുത്തും ആ സഹായം നേടിയെടുക്കാൻ ദിവസമെന്നോണം പലരും വരുന്നു. വർക്കിച്ചേട്ടനും സഹായം ആവശ്യമുണ്ട്.

യോഗീശ്വരന്റെ മഹത്വം!

ഹാജിയും വർക്കിച്ചേട്ടനുമായി ബിസിനസ്സ്. സംസാരിച്ചുറപ്പിച്ച് തന്റെ ജോലിക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി വാസുമുതലാളി ബങ്ക്ളാവിലെത്തുമ്പോൾ ഭജന അവസാനഘട്ടത്തിലേക്കു നീങ്ങുകയായിരുന്നു.

പിറ്റേന്നു പുലരുന്നത് ഒരു പുണ്യദിനമാണ് യോഗിവര്യന്റെ മൗനവ്രതം സമാപിക്കുന്നു. സമാപനച്ചടങ്ങിനെപ്പറ്റി ഭക്തജനങ്ങൾക്കു പലതും ചോദിയ്ക്കാനുണ്ടാവും. അതിനൊക്കെ മറുപടി കൊടുക്കണം.

ഭജന തീർന്നു പിരിഞ്ഞുപോകാൻ തുടങ്ങുന്നവരുടെ നടുവിലേക്കു വാസുമുതലാളി ചെന്നു. ചോദ്യങ്ങൾക്കു തൃപ്തികരമായ മറുപടി നൽകി. ഗെയിറ്റുവരെ നടന്നു എല്ലാവരേയും യാത്രയാക്കി.

അവസാനത്തെ ഭക്തൻ യാത്ര പറഞ്ഞു പിരിഞ്ഞപ്പോൾ വിളക്കുകൾ ഓരോന്നായണയാൻ തുടങ്ങി. ഗെയിറ്റ് പൂട്ടി ഇരുണ്ട നടവഴിയിലൂടെ മുതലാളി പൂമുഖത്തെത്തി. അകത്തു കാലെടുത്തു വെച്ചപ്പോൾ ഭാര്യയുടെ അസുഖകരമായ ശബ്ദമാണ് കേട്ടത്. അതുവരെ ഭജനഗാനത്തിന്റെ അലകൾ ഒഴുകി നടന്ന അന്തരീക്ഷത്തിൽ പരിഭവത്തിന്റെ കുത്തുവാക്കുകൾ ചീറിപ്പാഞ്ഞു.

“എന്നെക്കൊണ്ടിതു വയ്യ.”

“എന്തു വയ്യെന്ന്?”

മുതലാളിയ്ക്കു ശുണ്ഠിവന്നു.

“ഓ! ഇങ്ങിനെയുണ്ടോ ഒരു ദുരിതം!”

“ഇതൊക്കെ നിന്റെയും എന്റെയും ദുരിതം നീക്കാനല്ലേ? മറ്റെന്തിനാണ്?”

“അതതെ, ദുരിതം തീർക്കുന്നു! ഇതെന്തൊരു ശല്യം! കണ്ട പെണ്ണുങ്ങളൊക്കെ വലിഞ്ഞുകേറി വരും. അകത്തൊക്കെ മേഞ്ഞു നടക്കും. ഇവരെയൊക്കെ സ്വീകരിക്കാനും ആദരിക്കാനും എന്നെക്കൊണ്ടുവയ്യ.”

മുതലാളി കനപ്പിച്ചു പറഞ്ഞു.

“പിന്നെ നീയെന്തിനാ ഇവിടെ? ഞാൻ ക്ഷണിച്ചുവരുത്തുന്നതുവരെ സ്വീകരിക്കാനും ആദരിക്കാനുമല്ലേ?”

“എന്നെക്കൊണ്ടു വയ്യെന്നു പറഞ്ഞില്ലേ? ഇങ്ങിനെയാണെങ്കിൽ ആളെ വേറെ നോക്കേണ്ടിവരും.”

“വേണ്ടിവന്നാൽ അങ്ങിനെയും ചെയ്യും.”

അതൊരു താക്കീതായിരുന്നു.

“മനസ്സിലായോ?”

മറുപടിക്കു കാത്തുനിൽക്കാതെ, കോണിപ്പടവുകൾ ചവുട്ടിത്തകർത്തു മുതലാളി മുകളിലേക്കു പോയി.

മുറിയിൽ കടന്നു ലൈറ്റിട്ട് കൂറ്റൻ കണക്കുപുസ്തകങ്ങൾ തുറന്നുവെച്ച് ജോലിയാരംഭിച്ചു. ഒന്നിനും നേരം കിട്ടാറില്ല. പല ദിവസങ്ങളായി സ്വകാര്യക്കണക്കുകൾ എഴുതാനോ കൂട്ടാനോ കഴിഞ്ഞിട്ടില്ല. വീട്ടിലായാലും വ്യാപാരസ്ഥലത്തായാലും ജനങ്ങളോട് മറുപടി പറയാനേ നേരമുള്ളു. ടെലിഫോണിന്റെ റിസീവർ താഴെ വെക്കാനിടയില്ല.

കണ്ണും മനസ്സും കണക്കിലൂടെ നീങ്ങുമ്പോൾ കാൽപ്പെരുമാറ്റം കേട്ടു.

“ആരത്?”

ഉത്തരമില്ല.

“ആരെന്നല്ലേ ചോദിച്ചത്?”

എന്നിട്ടും ഉത്തരമില്ല. ശുണ്ഠിയോടെ തിരിഞ്ഞു നോക്കി.

യോഗിവര്യൻ!

താടിയും തലമുടിയും പോയതുകൊണ്ട് മുഖത്തെ വികാരം എളുപ്പത്തിൽ പെറുക്കിയെടുക്കാം. യോഗിവര്യന്റെ കണ്ണുകളിൽ ഏതോ അപേക്ഷ വന്നു മുട്ടിത്തിരിയുന്നു.

“എന്താ വേണ്ടത്?”

“ഇത് വേണ്ടായിരുന്നു മുതലാളീ.”

യോഗിവര്യൻ അടക്കിപ്പിടിച്ച് സംസാരിച്ചു.

“ഈ കൊടുംചതി എന്നോടു വേണ്ടായിരുന്നു.”

ആപത്ത്! എന്തൊക്കെയാണ് പറഞ്ഞുകൂട്ടുന്നത്? മുതലാളിയുടെ ശുണ്ഠിയ്ക്കു വേലിയേറ്റമുണ്ടായി.

“എന്താ വേണ്ടതെന്ന് പറയൂ. ”

“ഈ ചതി എന്നോട്ട് വേണ്ടായിരുന്നു!”

ഒരേ പല്ലവി!

“ചതിയോ?”

കസേര പിറകോട്ടു തള്ളിമാറ്റി മുതലാളി എഴുന്നേറ്റു.

യോഗിവര്യൻ അറിയാതെ ഞെട്ടി.

“എന്ത് ചതിയെപ്പറ്റിയാണ് താനീ പറയുന്നത്? ഞാൻ തന്നെ ചതിച്ചെന്നോ? കഴിഞ്ഞതൊക്കെ കണക്കിലെടുത്തുകൊണ്ടുതന്നെയാണോ ഈ പറയുന്നത്?”

യോഗിവര്യന്റെ അടുത്തു ചെന്ന് ശബ്ദമൊതുക്കി പല്ലു ഞെരിച്ചുകൊണ്ട് മുതലാളി ചോദിച്ചു:

“ആണോ? പട്ടിണി കിടന്ന് നാടുതെണ്ടുന്ന തന്നെ ആദരിച്ചിവിടെ പാർപ്പിച്ചതാണോ ചതി? പാലും പഴവും മതിയാവോളം തന്ന് തന്നെ പോറ്റിയതാണോ ചതി? കിടക്കാൻ പട്ടുകിടക്ക തന്നതാണോ ചതി? ആണോന്ന്?”

യോഗിവര്യൻ മിണ്ടിയില്ല. മുതലാളി ചോദ്യം ആവർത്തിച്ചു.

“എന്താ മിണ്ടാത്തത്? തന്നെ കാണാനും കാല്ക്കൽ നമസ്കരിക്കാനും ഇവിടെ വരുന്ന ജനങ്ങൾ ആരൊക്കെയാണെന്ന് മനസ്സിലാക്കീട്ടുണ്ടോ? കണ്ടമാനം പണം സമ്പാദിച്ചിട്ടും ഈ നിലയിലൊക്കെയെത്തിയിട്ടും ഇന്നുവരെ ഒരുത്തനെന്റെ കാൽക്കൽ കുമ്പിട്ടിട്ടില്ല. അതിനുള്ള ഭാഗ്യമെനിയ്ക്കുണ്ടായിട്ടില്ല. അത് തനിയ്ക്കു വേണ്ടുവോളം നേടിത്തന്നതാണോ ചതി?”

“എനിയ്ക്കാ ഭാഗ്യം വേണ്ട മുതലാളീ.”

“അട്ടയ്ക്കു പൊട്ടക്കുളം. പണ്ടുള്ളവർ പറഞ്ഞത് ശരിയാണ്. ഒരു നാടു മുഴുവൻ കൊടുത്താലും കാല്ക്കൽ കുമ്പിടാനൊരുത്തനെ കിട്ടില്ല. തന്റെ കാലു കഴുകി വെള്ളം കൊടുത്താൽ അത് കുടിയ്ക്കാനും ഇന്നിവിടെ ആളുകളുണ്ട്. കാണണോ തനിയ്ക്ക്? നാളെ മുതൽ ഇക്കണ്ട എല്ലാ വമ്പന്മാരെക്കൊണ്ടും തന്റെ കാലു കഴികിയ വെള്ളം ഞാൻ കുടിപ്പിയ്ക്കും.”

“വേണ്ട മുതലാളീ.”

യോഗിവര്യൻ ദയനീയമായപേക്ഷിച്ചു.

“തനിയ്ക്കു പിന്നെന്താ വേണ്ടത്?”

മുതലാളിയുടെ ക്ഷമ നശിയ്ക്കുകയായിരുന്നു.

“എനിയ്ക്കു പോണം.”

“എങ്ങട്ട്? പഴയപോലെ ഊരുതെണ്ടാൻ പോണമെന്നാണോ പറയുന്നത്? മണ്ണേലെഴുത്ത് മാന്താൻ കഴിയില്ല. ഒന്നാന്തരമൊരു ബങ്ക്ളാവിൽ അല്ലലുമലട്ടലുമില്ലാതെ കഴിയുന്നു. പരിചരിയ്ക്കാനാളുണ്ട്. ആഗ്രഹിച്ചതെന്തും മുമ്പിലെത്തും. കാലിന്നടിയിലെ ഒരു നുള്ളു പൊടിയ്ക്കുവേണ്ടി ലക്ഷപ്രഭുക്കളും ഉദ്യോഗസ്ഥപ്രമുഖരും കാ

ത്തുകെട്ടി നിൽക്കുന്നു. ഇതിലപ്പുറം തനിയ്ക്കെന്താണ് വേണ്ടത്. ഇതുപോലൊരു സുഖവും പദവിയും തനിയ്ക്കെവിടെ ചെന്നാൻ കിട്ടും?"

"എനിയ്ക്കൊരു ഭാര്യേം മൂന്നാല് കുട്ട്യോളുണ്ട് മുതലാളീ."

"ആഹാ? ഭാര്യേം കുട്ട്യോളുണ്ടോ? അവരുള്ളപ്പം കാഷായം ധരിയ്ക്കാൻ നിന്നോടാരു പറഞ്ഞു?"

"വയറ്റുപിഴപ്പിന് ചെയ്തതാണ് മുതലാളീ."

"വയറ്റുപ്പിഴപ്പിന് ജോലി വല്ലതും ചെയ്യായിരുന്നില്ലേ?"

"പലതും അന്വേഷിച്ചു. ഒന്നും കിട്ടിയില്ല."

"എന്നാൽ കക്കാനോ പിടിച്ചുപറിക്കാനോ പോകാമായിരുന്നില്ലേ?"

"എല്ലാവർക്കും അതിനു ധൈര്യമുണ്ടാവോ മുതലാളീ."

മുതലാളി അറിയാതൊന്നു ഞെട്ടി. ഒന്നും അറിഞ്ഞുകൊണ്ടങ്ങിനെ പറഞ്ഞതാവില്ലെന്ന് ഉടനെ സമാധാനിച്ചു.

"വയറ്റുപ്പിഴപ്പിന് സന്ന്യാസം സ്വീകരിയ്ക്കാൻ തന്നോടാരു പറഞ്ഞു? നിനക്കു കളിയ്ക്കാനുള്ളതാണോ സന്ന്യാസം?"

യോഗിവര്യൻ ആ ചോദ്യത്തിന്നു മുമ്പിൽ അല്പമൊന്നു വിരണ്ടു. അതു കണ്ടു മുതലാളി ഒരടികൂടി മുമ്പോട്ടുവെച്ചു.

"ആരു പറഞ്ഞു നിന്നോട് സന്ന്യാസം ദുഷിപ്പിയ്ക്കാൻ?"

"ഞാനൊന്നും ദുഷിപ്പിച്ചിട്ടില്ല മുതലാളീ. കാഷായം ധരിച്ച് കൈ നീട്ടി. കിട്ടിയതിൽനിന്ന് ആഹാരത്തിന്റെ വക കഴിച്ച് മിച്ചമുള്ളത് കുട്ടികൾക്കയച്ചു കൊടുത്തു. അവർക്കും സുഖം എനിയ്ക്കും സുഖം. ഞാനാ ജോലിയ്ക്കു തന്നെ പോയ്ക്കൊള്ളാം."

"പോയ്ക്കോളൂ. പക്ഷേ, ഒരു കാര്യം. തനിയ്ക്കങ്ങിനെ എളുപ്പത്തിൽ പോകാനൊന്നും പറ്റില്ല. ഞാൻ വിട്ടയച്ചാലും ജനങ്ങൾ നിന്നെ ഒഴിവാക്കില്ല. അവർ ഓടിച്ചിട്ടു പിടിയ്ക്കും. ഏതെങ്കിലുമൊരിടത്ത് കുടിവെയ്ക്കും. മതിയാവോളം പാലും പഴവും തരും. കല്ലൽ നമസ്കരിയ്ക്കും. പൂജിയ്ക്കും.

യോഗിവര്യൻ നെടുവീർപ്പിട്ടു. പരാജയത്തിന്റെ നെടുവീർപ്പ്!

"തനിയ്ക്ക് ജനങ്ങളെ മനസ്സിലായിട്ടില്ല. അവരുടെ സ്നേഹവും വെറുപ്പും ആരാധനയും എല്ലാം അപകടകരമാണ്. അതുകൊണ്ട് മിണ്ടാതെ ഇവിടെ ഒരിടത്തിരുന്നോളൂ. സുഖമാണ്."

"മുതലാളീ."

അതൊരു നിലവിളിയായിരുന്നു.

"ഒന്നും പേടിയ്ക്കാനില്ല. ഉദ്യോഗസ്ഥന്മാരും പ്രഭുക്കന്മാരും വന്ന് കാലിൽ വീഴുമ്പോൾ മൂർദ്ധാവിൽ തൊട്ടനുഗ്രഹിച്ചാൽ മതി. അറിഞ്ഞും അറിയാതേയും ചെയ്ത പാപത്തിൽനിന്നു മോചനം കിട്ടാൻ അവർക്കതു ധാരാളമാണ്. പിന്നെ വല്ല വിഷമവും തോന്നിയാൽ ഉടനെ സമാധിയിൽ ലയിച്ചോളൂ."

“മുതലാളീ...അതല്ല കാര്യം.”

“എന്താണ്?”

“നാളെ...”

“നാളെ?”

“സമ്മേളനവും...”

“ഓ! പേടിക്കേണ്ട. ‘സ്വസ്തി’ പറഞ്ഞുകൊണ്ട് മൗനവ്രതം സമാപിച്ചാൽ മതി. അതു പറയാനറിയില്ലേ?”

“അറിയാം.”

“അതു പറഞ്ഞു സമാധിയായിക്കോളൂ.”

“എന്റെ കുട്ട്യോളുടെ കാര്യം?”

“അതൊക്കെ ഞാനേറ്റു. ഈ തിരക്കൊന്നു കഴിയട്ടെ.”

“എന്നെ ചതിയ്ക്കരുത് മുതലാളീ.”

മുതലാളിയ്ക്കു വീണ്ടും ശുണ്ഠി വന്നു. ഉഗ്രസ്വരത്തിൽ വേലക്കാരനെ വിളിച്ചു.

“എടാ, പരമൂ.”

പരമു ഓടിയെത്തി.

“ഉം! പിടിച്ചകത്തു കൊണ്ടുപോയി പൂട്ടിയിടൂ. ഒരു ജോലി ചെയ്യാൻ സമ്മതിക്കില്ല, നാശം!”

അങ്ങിനെ ആ കുഴപ്പത്തിൽനിന്നു സാവകാശം തലയൂരി മുതലാളി വീണ്ടും കണക്കുപുസ്തകത്തിന്നടുത്തെത്തി...

നേരം പുലർന്നപ്പോൾ ഭക്തജനപ്രവാഹമായി. മഹാ പണ്ഡിതന്മാരും വാഗ്മികളും വൈദ്യകലാനിധികളും വരവായി. പെൺകുട്ടികൾ താലപ്പൊലിയുമായി യോഗീശ്വരനെ സ്വീകരിച്ച് പന്തലിലേയ്ക്കാനയിച്ചു.

“സ്വസ്തി!”

യോഗീശ്വരൻ പതുക്കെ സംസാരിച്ചു.

മൗനവ്രതത്തിന്റെ അവസാനം!

പണ്ഡിതന്മാർക്കും വാഗ്മികൾക്കും എല്ലാം രോമാഞ്ചമുണ്ടായി. ആ രോമാഞ്ചം മായുന്നതിന്നു മുൻപ് യോഗിവര്യൻ സമാധിയിൽ ലയിച്ചു!

വൈദ്യസമ്മേളനത്തിലും യോഗിവര്യൻ അതുതന്നെ പറഞ്ഞു.

“സ്വസ്തി”

ഔഷധ വീര്യത്തേയും ചികിത്സാ ക്രമത്തേയുംപറ്റി നെടുനെടുങ്കൻ പ്രസംഗങ്ങൾ നടക്കുമ്പോൾ യോഗീശ്വരൻ സമാധിയിലായിരുന്നു.

സമ്മേളനച്ചടങ്ങവസാനിച്ചപ്പോൾ അഗതികൾക്കന്നദാനമുണ്ടായി. അനന്തഭട്ടും സുവർണ്ണപ്രഭുവും ഭീംജിയും അതിന്റെ ചിലവു പങ്കിട്ടെടുത്തു.

സന്ധ്യയ്ക്ക് ഗുരു ശങ്കരദാസിന്റെ ശിഷ്യകൾ ഒരു വഴിവാടെന്ന നിലയിൽ നൃത്ത പരിപാടികൾ നടത്തി അഷ്ടപതിയാട്ടം നടക്കുമ്പോൾ യോഗിവര്യൻ പലതവണ കണ്ണു തുറക്കുകയും മധുരമായി പുഞ്ചിരിയ്ക്കുകയും ചെയ്തു.

“നിങ്ങളുടെ പുണ്യമാണ് മക്കളെ.”

ഗുരു ശിഷ്യകളോടു പറഞ്ഞു.

“നിങ്ങൾക്ക് യോഗീശ്വരന്റെ അനുഗ്രഹം കിട്ടി.”

ഗുരുവിനുത്സാഹമായി. ശിഷ്യകൾക്കു സന്തോഷമായി.

നൃത്തപരിപാടി കഴിഞ്ഞപ്പോൾ ഗുരു വിശ്രമിക്കാൻ പോയി. ഭക്തജനങ്ങൾ എങ്ങും പോയില്ല. അവർ കാത്തിരുന്നു.

മണി ഏഴു കഴിഞ്ഞു എട്ടായി യോഗിവര്യൻ തിരിച്ചു വന്നില്ല. മുതലാളി പരിഭ്രമിച്ചു. എന്തും സംഭവിക്കും. തലേന്നു രാത്രി നടന്നതെല്ലാം പല തവണ മുതലാളിയുടെ മനസ്സിലൂടെ കടന്നുപോയി.

എന്തും സംഭവിക്കാം. യോഗിവര്യൻ വരാതിരിക്കാം. ഭക്തജനങ്ങളോട് സംഗതികൾ തുറന്നു പറയാം. ഓടിപ്പോവാം. അങ്ങിനെ വല്ലതും സംഭവിച്ചെങ്കിൽ തടിതപ്പാനുള്ള ഉപായം ആലോചിച്ചു കണ്ടുപിടിക്കാൻ മുതലാളി ശ്രമിച്ചു.

അവധൂതനല്ലേ? പലതും പറയും പലതും ചെയ്യും. ഉന്മാദലക്ഷണങ്ങൾ കാണിയ്ക്കും. ഭക്തജനങ്ങളെ പരീക്ഷിക്കും. ആലോചന അത്രത്തോളമെത്തിയപ്പോൾ ചുട്ടുപൊള്ളുന്ന ഹൃദയത്തിൽ ആശ്വാസത്തിന്റെ തണുപ്പു കാറ്റടിച്ചു.

ഗെയിറ്റിൽ ബഹളം, പത്രപ്രതിനിധികൾ വന്നതാണ്. സമാധനപരിപാലനക്കാരുമായി ബഹളം. വാസുമുതലാളി ഇടപെട്ടു. പത്രപ്രതിനിധികൾക്കും അവരോടൊപ്പം വന്ന നിരൂപകന്മാർക്കും കവികൾക്കും മുൻപന്തിയിൽ സ്ഥനമുണ്ടാക്കിക്കൊടുക്കാൻ വളരെ പണിപെട്ടു. വനിതാസംഘത്തിലെ നൂറ്റൊന്നംഗങ്ങൾ ഭജനഗാനം പാടാൻ തെയ്യാറെടുത്തിരിക്കുന്നതിന്റെ മുമ്പിൽ അവർക്കൊരു സ്ഥാനം നൽകി. മുതലാളി ആശ്വാസപൂർവ്വം പിൻതിരിഞ്ഞു പുരുഷാരത്തെയൊന്നു നോക്കി. കോക്കനട്ട് നഴ്സറിയിൽ വിത്തുതേങ്ങ പാവിയതുപോലെ ആയിരമായിരം തലകൾ ആലക്തിക ദീപത്തിൽ കുളിച്ചു നിശ്ചലമായി നിലകൊള്ളുന്നു. നിരൂപകന്മാർ എല്ലാമൊന്നു വ്യക്തമായി വിലയിരുത്തിക്കളയാമെന്ന ഹുങ്കോടെ ഇരിക്കുന്നു. ഭാവനാസമ്പന്നരായ കവികൾ മനസ്സിൽ ഈരടികൾ സൃഷ്ടിച്ചു രസിക്കുന്നു.

അകലത്തു മെതിയടിയുടെ ശബ്ദം. തുടർന്നു ശംഖനാദം. വിത്തുത്തേങ്ങ കളിളകി.

മഞ്ഞപ്പട്ടുടുത്തു, പച്ചസ്സാൽവ പുതച്ച്, നെറ്റിയിലും മൂർദ്ധാവിലും ഭസ്മരേഖകൾ വരച്ച് അപാരതയിൽ നോട്ടമുറപ്പിച്ചു യോഗിവര്യൻ മന്ദം മന്ദം നടന്നടുക്കുന്നു. പിറകിൽ പരമുവും!

ഭക്തജനങ്ങളുടെ കൂപ്പുകൈ തലയ്ക്കു മുകളിലുയർന്നു. വിത്തുതേങ്ങയ്ക്കു മുള പൊട്ടുന്നു.

നിശ്ശബ്ദത!

ശംഖനാദം!

പുഷ്പാർച്ചന!

പൂജാമണിയുടെ കിലുക്കം! പ്രസാദവിതരണം, വനിതാസംഘത്തിന്റെ ഭജനഗാനം.

ഉദയപ്പൂർ, ജയപ്പൂർ, ബീജാപ്പൂർ തുടങ്ങിയ സ്ഥലങ്ങളിൽ വാസംചെയ്തു പരിചയം നേടിയെടുത്ത ഗുരുശങ്കരദാസിന്റെ മേൽനോട്ടത്തിൽ ചിട്ടപ്പെടുത്തിയ ഭജനഗാനത്തിന്റെ രീതി തികച്ചും ഔത്തരാഹമായിരുന്നു.

ഹരിഹരിഹരിഹരി ജേ,ജേ,ജേ.
ഹരിഹരിഹരിഹരി ജേ,ജേ,ജേ.
ഹരി ഹരി ജേ ജേ
ജേ ജേ ഹരി ഹരി

വലിയ ജാലറകൾ തമ്മിലടിച്ചുണ്ടാക്കുന്ന മുഴക്കത്തിന്റെ അകമ്പടിയോടുകൂടി നൂറ്റൊന്നു കളകണ്ഠത്തിലൂടെ ആ ഗാനം പുറത്തേക്കു തിളച്ചു മറിഞ്ഞപ്പോൾ ഭക്തജനങ്ങൾക്കു ലഹരി കയറി. വിത്തുതേങ്ങകൾ വെള്ളത്തിലിട്ടപോലെ അങ്ങോട്ടുമിങ്ങോട്ടുമിളകാൻ തുടങ്ങി.

ഗാനത്തിന്റെ ടെമ്പോ മുറുകുകയാണ്.

ഹരി ഹരി ഹരി ഹരി ജേ ജേ ജേ ജേ
ഹരി ഹരി ഹരി ഹരി ജേ ജേ ജേ ജേ
ജേ ജേ ഹരി ഹരി
ഹരി ഹരി ജേ ജേ

ആദ്യം നിരൂപകരെഴുന്നേറ്റു ഒറ്റക്കാലിൽ നൃത്തം തുടങ്ങി. ജാലറയുടെ താളത്തിനൊപ്പിച്ച്. അതുകണ്ടു കവികളും പത്രപ്രവർത്തകരുമെഴുന്നേറ്റു ഇളകിയാടി. ഉദ്യോഗസ്ഥ പ്രമുഖരും ലക്ഷപ്രഭുക്കളുമെഴുന്നേറ്റു.

ഒറ്റക്കാലിൽ നൃത്തം.

ജനങ്ങളെ നിയന്ത്രിക്കാൻ നിന്ന പോലീസ്സുകാർ ലാത്തിയും കക്ഷത്തിറുക്കി നൃത്തസംഘത്തിൽ ചേർന്നു. നിരത്തിലുള്ളവരും വെറുതേ നിന്നില്ല. ലഹരി, എങ്ങും ലഹരി.

കൂട്ടനൃത്തം!

ഹരി ഹരി ജേ ജേ
ജേ ജേ ഹരി ഹരി

ഗാനത്തിന്റെ ടെമ്പോ മുറുകുന്നു. ക്ഷീണിച്ച സദസ്സ് കാല് മാറ്റി നൃത്തം തുടരുന്നു. ഗുരു ഒറ്റപ്പെട്ടൊരിടത്തു നിന്നു. ശാസ്ത്രീയ നൃത്തം തകർക്കുന്നു. സമാധിസ്ഥനായ യോഗിവര്യന്റെ ഹൃദയം തബലവായിക്കുന്നു!

— 14 —

# പതിനാല്

പൂജാമലരിന്നും ചന്ദനത്തിരിയ്ക്കും കർപ്പൂരത്തിനും സാമ്പ്രാണിയ്ക്കും വില കൂടിയപ്പോൾ കുഞ്ചുണ്ണിയെന്ന പത്രപ്രവർത്തകന് കണ്ടമാനം വിലയിടിഞ്ഞു.

വൈപരീത്യം! പൊതുജനസേവയ്ക്കുവേണ്ടി ജീവിതമുഴിഞ്ഞിട്ട, ബുദ്ധിയും വിവേകവുമുള്ള ഒരു പൂജാമലരിന്റെ അനുഭവം.

നന്ദികെട്ട പൊതുജനങ്ങളെയാണ് പഴിക്കേണ്ടതു്. അവരാണ് കുഞ്ചുണ്ണിയെ ചതിച്ചതു്. അവരെ വിശ്വസിച്ച രംഗത്തിറങ്ങി. അവർക്കുവേണ്ടി ജീവിച്ചു. അവർക്കുവേണ്ടി അദ്ധ്വാനിച്ചു. പ്രാണൻ പണയംവെച്ചു പോലും നല്ല നല്ല അപവാദങ്ങൾ തേടിപ്പിടിച്ച് അവർക്ക് ഭക്ഷിയ്ക്കാൻ കൊടുത്തു. നിസ്സാരമായ പ്രതിഫലത്തിന് അതെല്ലാം വാങ്ങി സ്വാദോടെ അവർ ഭക്ഷിച്ചു. ഒടുവിൽ ഒരു പരീക്ഷണഘട്ടം വന്നപ്പോൾ കുഞ്ചുണ്ണിയെ അവർ കൈവെടിയുകയും ചെയ്തു.

അവരെയാണ് പഴിക്കേണ്ടതു്. അവരെയാണ് ശപിയ്ക്കേണ്ടതു്. നന്ദികെട്ട പൊതുജനം!

പത്രക്കെട്ടുകൾ പൊട്ടിയ്ക്കാതെ തിരിച്ചുവന്നപ്പോൾ കുഞ്ചുണ്ണി ഹൃദയംനൊന്തു കരഞ്ഞുപോയി.

ഇത്രയും പാടുപെട്ട് 'തീപ്പന്തം' കൊളുത്തിപ്പിടിച്ചതു് നിങ്ങൾക്കുവേണ്ടിയോ പൊതുജനങ്ങളേ?

പത്രം വിൽക്കുന്ന പിള്ളർ പണിമുടക്കി ആപീസ്സിന്നു മുമ്പിൽ പ്രകടനം നടത്തിയപ്പോൾ ഉഗ്രമായ ശുണ്ഠി വന്നു. പ്രപഞ്ചത്തിന്നു തീക്കൊളുത്തണമെന്നുവരെ തോന്നി. ഉണ്ടചോറിന്നു കൂറില്ലാത്ത പിള്ളർ വാസുമുതലാളിയുടെ പക്ഷത്താണ്. യോഗിവര്യന്റെ പക്ഷത്താണ്.

പിള്ളർ കൂവിയാർക്കുന്നു. ചെന്നു പിരടിയ്ക്കീരണ്ടു പൊട്ടിച്ചുകൊടുത്താലോ എന്നു കുഞ്ചുണ്ണിയ്ക്കു തോന്നി.

വയ്യ.

പൊതുജനം പത്രം വിൽക്കുന്ന പിള്ളരുടെ ഭാഗത്താണ്. പ്രകടനം കാണാൻ അവരടിഞ്ഞുകൂടീട്ടുണ്ട്.

പിള്ളർ ചെവിടടപ്പിയ്ക്കുമാറ് കൂവി.

പൊതുജനം അവരെ പ്രോത്സാഹിപ്പിച്ചു.

നന്ദികെട്ട വക!

കുഞ്ചുണ്ണിയുടെ കണ്ണ് വീണ്ടും നനഞ്ഞു. എലിവാണംപോലെ നെടുവീർപ്പുകൾ വഴിയ്ക്കുവഴി പുറത്തുചാടി.

വെല്ലുവിളിയ്ക്കു ശക്തി കൂടുന്നു!

"ഇറങ്ങി വാടാ, കുഞ്ചുണ്ണീ."

പിള്ളരല്ല, പൊതുജനമാണ്. പിള്ളർക്കങ്ങനെ വെല്ലുവിളിയ്ക്കാൻ മാത്രം ഉശിരില്ല.

"ആണാണെങ്കിൽ വാടാ, ആക്ഷേപം കുഞ്ചുണ്ണി."

പുതിയ സ്ഥാനപ്പേരു നൽകിയിരിയ്ക്കുന്നു!

"ആക്ഷേപം കുഞ്ചുണ്ണി!"

കവിളിലൂടെ കണ്ണീരൊഴുകിവീണ ജുബ്ബ നനഞ്ഞപ്പോൾ പല്ലു കടിച്ചുകൊണ്ട് കുഞ്ചുണ്ണി ഒരാത്മഗതം പറഞ്ഞു:

"എനിയ്ക്കിതു കിട്ടണം. തീർച്ചയായും കിട്ടണം. ഈ നന്ദിയില്ലാത്ത കഴുതകൾക്ക് ആസ്വദിയ്ക്കാൻവേണ്ടി എന്തൊക്കെ വിഭവങ്ങൾ ഞാനൊരുക്കിക്കൊടുത്തു. എത്ര പെൺകുട്ടികളുടെ അച്ഛന്മാരെ ഞാൻ കണ്ണീരു കുടിപ്പിച്ചു! എത്ര വിവാഹങ്ങൾ ഞാൻ മുടക്കി! എത്രയെത്ര രാഷ്ട്രീയനേതാക്കന്മാരെ ഞാൻ നിലംപരിശാക്കി. എത്ര വിവാഹമോചനം, എത്ര ആത്മഹത്യ! ഇതൊക്കെ ചൂടോടെ വാങ്ങി ഭക്ഷിച്ച് രസിച്ചുകഴിഞ്ഞവർ ഇന്നെന്നെ ബിരുദം നൽകി അപമാനിയ്ക്കുന്നു! ആക്ഷേപം കുഞ്ചുണ്ണി! ഈ ആക്ഷേപങ്ങളൊക്കെ ക്ലേശിച്ചു പ്രസിദ്ധീകരിച്ചത് എനിയ്ക്കു മാത്രം വേണ്ടിയായിരുന്നോ? കഷ്ടം! ഇന്നവർ പിള്ളരോടൊപ്പം ചേർന്നു എന്നെ വെല്ലുവിളിയ്ക്കുന്നു! കണ്ണുനീരു കുടിപ്പിയ്ക്കുന്നു. അവരെ രസിപ്പിച്ചതിന്നും ചിരിപ്പിച്ചതിനുമുള്ള പ്രതിഫലം! എനിയ്ക്കിതു കിട്ടണം, തീർച്ചയായും കിട്ടണം!"

അശ്വഹൃദയത്തിലും അൺപോപ്പുലറാണ് കുഞ്ചുണ്ണി! ഗുരുവിന്നു ഭയമില്ല. വിനയാന്വിതനായി 'എഡിറ്ററേ' എന്നു വിളിയ്ക്കാറില്ല. ശുദ്ധാത്മാവായ കണ്ണൻകുട്ടിമേനോൻ പലപ്പോഴും ശുണ്ഠിയെടുക്കുന്നു. ദുർബ്ബലനായ മുകുന്ദൻ പുല്ലിന്നു കൂട്ടാക്കുന്നില്ല. എല്ലാവരും കുഞ്ചുണിയ്ക്കെതിരാണ്. പീറ്ററും തള്ളിപ്പറയുന്നു!

എല്ലാം ദൈവത്തിന്റെ പേരിൽ!

പത്രക്കെട്ടുകൾ പൊട്ടിയ്ക്കാതെ തിരിച്ചുവന്നതും, പത്രം വിൽക്കുന്ന പിള്ളർ പ്രകടനം നടത്തിയതും പൊതുജനം പിള്ളരെ സഹായിച്ചതും പീറ്റർ തള്ളിപ്പറഞ്ഞതും എല്ലാം ദൈവത്തിന്റെ പേരിൽ!

പീറ്റർ! അവനെങ്കിലും തന്റെ ഭാഗത്തുണ്ടാവുമെന്ന് കുഞ്ചുണ്ണി ഉറപ്പിച്ചതാണ്.

"ഹിന്ദുദൈവങ്ങളുടെ പേരിലും സന്ന്യാസിമാരുടെ പേരിലും നിനക്കു മമതയുണ്ടാവാനെന്താണ് കാരണം പീറ്ററേ? നീ നസ്രാണിയല്ലേ? നിനക്കെങ്ങിനെ ഇക്കാര്യത്തിൽ ശുണ്ഠി വരും?"

കുഞ്ചുണ്ണിയ്ക്കു മനസ്സിലായില്ല. പീറ്റർ ശത്രുപാളയത്തിൽ സ്ഥലം പിടിച്ചുകണ്ടപ്പോൾ കുഞ്ചുണ്ണി അന്തംവിട്ടുപോയി. എല്ലാ മതവും ഒന്നാണെന്ന് പറഞ്ഞവന്ന് സ്തുതി! അവന്റെ നാമം എപ്പോഴും വാഴ്ത്തപ്പെടട്ടെ!

ഇല്ലെങ്കിൽ പീറ്റർക്കതിലെന്തു കാര്യം. കണ്ണൻ കുട്ടിമേനോനും ഗുരുവും പറയുന്നതുകേട്ട് ശുണ്ഠിയെടുക്കുന്നതെന്തിന്ന്? യോഗിവര്യൻ അവന്റെ ആരാണ്? ഹിന്ദുസന്ന്യാസിയും അവനുമായുള്ള ബന്ധമെന്ത്?

എല്ലാ മതവും ഒന്ന്.

എല്ലാ മതത്തിലെ തത്ത്വവും ഒന്ന്.

അതെ, അതു തന്നെ!

ആ അടിസ്ഥാനത്തിൽ തന്നെയാവണം ക്ഷോഭിച്ചിളകിയ വക്കച്ചൻ ആപ്പീസ്സിൽ ചാടിക്കയറി വന്നു ബഹളം കൂട്ടിയത്.

പുറത്ത് പത്രം വില്ക്കുന്ന പിള്ളരും പൊതുജനവും ചേർന്ന് പ്രകടനം നടത്തുന്നതിന്നിടയിൽ അതൊന്നും ശ്രദ്ധിയ്ക്കാതെ വക്കച്ചൻ ആപ്പീസിൽ കടന്നു. തന്റെ ഉടമസ്ഥതയിലുള്ള പത്രമാണ്. അതിന്നെതിരായിട്ടാണ് പ്രകടനം. അവരോടൊരു വാക്കു പറയാനൊ അവരെ തിരിച്ചയയ്ക്കാനൊ ശ്രമിയ്ക്കാതെ ആപ്പീസ്സിൽ കയറി വന്നു വക്കച്ചൻ വെളിച്ചപ്പെട്ടു തുള്ളി.

"ചുമ്മാതെ അതുമിതും പറഞ്ഞതുകൊണ്ട് കാര്യമില്ല. പത്രം നിർത്തണം. ഇന്ന്, ഇപ്പോൾ നിർത്തണം."

കുഞ്ചുണ്ണി മിണ്ടിയില്ല. ക്ഷോഭം അല്പമൊന്ന് തണുത്തിട്ട് എല്ലാം വിവരിച്ചു പറയാമെന്നു തീർച്ചപ്പെടുത്തി. ക്ഷോഭം തണുക്കാനുള്ള മട്ടല്ല.

"സത്യകൃസ്ത്യാനി ദൈവദോഷം പ്രചരിപ്പിയ്ക്കാൻ കൂട്ടുനിൽക്കില്ല. മനസ്സിലായോ?"

കുഞ്ചുണ്ണിയ്ക്ക്, പറയുന്നതിന്നു മുമ്പുതന്നെ മനസ്സിലായിരുന്നു. പീറ്റർക്കുള്ള രോഗമാണ് വക്കച്ചനും കണ്ണൻകുട്ടിമേനോനും ഗുരുവിന്നും മുകുന്ദനുമെല്ലാം ഒരേ രോഗമാണ്. ഹിന്ദുവും കൃസ്ത്യാനിയും കൈകോർത്തു പിടിച്ച് കുഞ്ചുണ്ണിയെ എതിർക്കുന്നു.

വക്കച്ചനുമായി മൂന്നാമത്തെ സംഘട്ടനമാണ് കുഞ്ചുണ്ണി നേരിടുന്നത്. യോഗിവര്യന്റെ പ്രത്യക്ഷത്തോടെ ആദ്യത്തെ സംഘട്ടനം നടന്നു. തുടർന്നു പിന്നേയും സംഘട്ടനമുണ്ടായി. ഇത് മൂന്നാമത്തെ സംഘട്ടനമാണ്; ഒരു പക്ഷെ അവസാനത്തേയും! മൂന്നാമത്തേതിനു വീഴുമെന്നാണ് പ്രമാണം. വീണു.

വക്കച്ചൻ ക്ഷോഭിച്ചു സംസാരിയ്ക്കുന്നതിനിടയിൽ ജാലകങ്ങളോരോന്നായി അടച്ചുകൊണ്ടിരുന്നു. ആപ്പീസുമുറിയിൽ ഇരുട്ടുകയറി. കുഞ്ചുണ്ണിയുടെ ഹൃദയത്തിലും.

അലമാറയും മേശകളും പൂട്ടി.

പൂട്ടുമെന്ന ഭീഷണി സത്യമാവുന്നു!

മേശപ്പുറത്ത്, പ്രസ്സിലേയ്ക്കയക്കാൻ തിരുത്തിശ്ശരിപ്പെടുത്തി വെച്ച മാറ്റർ ഒന്നായിച്ചുരുട്ടിക്കൂട്ടിയെടുത്ത് വക്കച്ചൻ തീക്കൊളുത്തി.

വാസുമുതലാളിയെ സംബന്ധിയ്ക്കുന്ന മൂന്നു കുരുത്തനാക്ഷേപം, യോഗിവര്യനെ പരിഹസിച്ചു തൊലിയുരിയ്ക്കുന്ന ഒരു വൃത്തമില്ലാക്കവിത, മൂന്നു കോളേജു കുമാരികളുടെ നടപടിദോഷം, ഒരു വാദ്ധ്യാരമ്മയുടെ പ്രണയനാടകം, രണ്ടു ഭർത്തൃമതികളുടെ കാമുകസങ്കല്പം എല്ലാം ഞൊടിയിടകൊണ്ട് ചാമ്പലായി.

അവിടവിടെ തീപ്പൊരികൾ മിന്നുന്ന ചാമ്പലിലേയ്ക്കു നോക്കി നെടുവീർപ്പിട്ടുകൊണ്ട് കുഞ്ചുണ്ണി തന്നത്താൻ പറഞ്ഞു.

"സമൂഹത്തിനു നന്നാവാൻ വിധിയില്ല. ഇവിടെ സദാചാരം പുലരില്ല."

"ഉം! എഴുന്നേൽക്കു, മേശ പൂട്ടട്ടെ."

പത്രാധിപരുടെ മേശ പൂട്ടാനുള്ള ഒരുക്കമാണ് വക്കച്ചൻ.

വഴങ്ങിക്കൊടുക്കണോ, വഴക്കുണ്ടാക്കണോ?

കേട്ടഭാവം നടിയ്ക്കാതെ തലയും താഴ്ത്തിയിരുന്നു.

"എടേയ്, താൻ മര്യാദയ്ക്കു വഴങ്ങാൻ ഭാവമുണ്ടോ? അതല്ല പോക്രിത്തത്തിനോ? രണ്ടിനും വക്കച്ചനൊരുക്കമാ."

എന്തു ചെയ്യണം? കുഞ്ചുണ്ണി ആലോചിച്ചു. ആലോചിച്ചൊരു തീരുമാനമെടുക്കുന്നതിനു മുൻപ് വക്കച്ചന്റെ ഭീഷണി വന്നു.

"കഴുത്തേപ്പിടിച്ച് വെളിയിൽ തള്ളണമോ തന്നെ?"

ചെറുത്തുനിൽക്കാനറിഞ്ഞുകൂടാഞ്ഞിട്ടല്ല. അതിനുള്ള കഴിവ് നഷ്ടപ്പെട്ടിരിയ്ക്കുന്നു. പ്രപഞ്ചം മുഴുവൻ തനിയ്ക്കെതിരാണ്.

യുക്തിവാദികളേ, നിരീശ്വരന്മാരെ, നിങ്ങളും കുഞ്ചുണ്ണിയെ കൈവെടിഞ്ഞോ? കുഞ്ചുണ്ണിയുടെ ഹൃദയം സംഗീതനൈഷധത്തിലെ ഒരു ശോകഗാനം മൂളി.

> "കാട്ടിൻ നടുവിലെന്നെ
> കാട്ടുജന്തുക്കൾക്കയ്യോ..."

വക്കച്ചൻ 'കഴുത്തേൽപ്പിടിയ്ക്കാൻ' വരുന്നതിന്നു മുമ്പേ കുഞ്ചുണ്ണി എഴുന്നേറ്റ്, വേദനയും പരാജയബോധവും കുടഞ്ഞുതെറിപ്പിച്ച് അല്പം തന്റേടത്തോടെ നോക്കി.

"മി. വക്കച്ചൻ."

മുതലാളിയെന്ന ബഹുമതി മനഃപ്പൂർവ്വം ഒഴിവാക്കിക്കൊണ്ട് കുഞ്ചുണ്ണി സംസാരിച്ചു.

"നിങ്ങൾ ചെയ്യുന്നതെന്തെന്ന് നിങ്ങളറിയുന്നില്ല."

"താൻ പോടോ."

"മഹത്തായൊരു സ്ഥാപനം മുളയിൽത്തന്നെ നുള്ളി നശിപ്പിക്കുകയാണ് നിങ്ങൾ."

"ചുമ്മാതിരി. നിന്നു വാചകമടിയ്ക്കുന്നു! എടോ താനിങ്ങനെ ദൈവദോഷം പ്രചരിപ്പിച്ചാൽ കാര്യം പെശകാണെന്നു തന്നോടെത്ര തവണ പറഞ്ഞു. കാര്യം പറഞ്ഞാൽ തനിയ്ക്കു കേൾക്കാമ്മേലാ. ഉം പുറത്തിറങ്ങി നിന്നേരേ. വാതിലടച്ചു പൂട്ടട്ടേ."

മൂന്നാമത്തെ തവണ വീഴുമെന്നു പറഞ്ഞ പ്രമാണം അക്ഷരംപ്രതി ശരി. വാദിച്ചിട്ടു കാര്യമില്ല. സമരം മതത്തിന്റെ പേരിലാവുമ്പോൾ ന്യായം പറയുന്നതു കേൾക്കാൻ ആരും ഒരുങ്ങില്ല. പറഞ്ഞവന്റെ കഴുത്തു കണ്ടിയ്ക്കാൻ എല്ലാവരും കത്തിയെടുക്കും!

പുറത്തു കടക്കണമെന്നു പറഞ്ഞതാണ് കുഴപ്പം. നന്ദികെട്ട പൊതുജനം പിള്ളരോടൊത്ത് സംഘം ചേർന്ന് പുറത്തു നിൽക്കുന്നു. അവർക്ക് കുഞ്ചുണ്ണിയുടെ രക്തം വേണം. സത്യവാന്റെ രക്തം. അവരുടെ നടുവിലേയ്ക്കിറങ്ങിപ്പോവാനാണ് പറയുന്നത്.

"മി. വക്കച്ചൻ, ഇതിലും ഭേദം നിങ്ങളെന്നെ കൊല്ലുകയാണ്."

"എന്റെ കൈകൊണ്ടു കൊല്ലാതെ കഴിയ്ക്കണമെന്നുണ്ട്. അതാണ് മര്യാദയ്ക്കു വെളിയിലോട്ടു പോകാൻ പറഞ്ഞത്. ചുമ്മാ അതുമിതും പറഞ്ഞ് നേരം കളയാതെ ഇറങ്ങിയാട്ടെ."

"പൊതുജനം ക്ഷോഭിച്ചിരിയ്ക്കുന്നു."

"കൊള്ളാം."

"ക്ഷോഭിയ്ക്കുമ്പോൾ പൊതുജനം വിവേകം കൈ വെടിയും. വിവേകം കൈവെടിഞ്ഞ പൊതുജനം അക്രമത്തിന്നു മുതിർന്നതായി ചരിത്രത്തിൽ എമ്പാടും തെളിവുകളുണ്ട്."

"എടോ ഏമ്പോക്കീ."

വക്കച്ചൻ പത്രാധിപരുടെ കസേരയിൽ കേറിയിരുന്നു മീശമുറുക്കിക്കൊണ്ട് പറഞ്ഞു.

"തന്റെ ചരിത്രവും പ്രസംഗവും കൊണ്ടുപോയി ചുട്ട്."

"പൊതുജനം ക്ഷോഭിയ്ക്കുക, വിവേകം കൈവെടിയുക, അക്രമത്തിന്നു മുതിരുക ഇതു മൂന്നുംകൂടി ഒത്തുചേർന്ന സമയത്ത് പുറത്ത് കടക്കുന്നത് ആപത്തിനെ ക്ഷണിച്ചുവരുത്തലാണ്."

“ഇതെന്തോന്ന് പറച്ചിൽ, ദൈവനിന്ദയ്ക്ക് പോകുമ്പം തന്റെ ബുദ്ധി എവിടാരു ന്നെടോ, കണ്ട അവന്റേം ഇവന്റേം അപവാദം പറയുമ്പോലല്ല ദൈവനിന്ദ. മനസ്സി ലായോ?”

“മനസ്സിലായി. നല്ലപോലെ മനസ്സിലായി.” ഗതിമുട്ടിയ കുഞ്ചുണ്ണി അവസാന മായി പിടിച്ചുനില്ക്കാനൊരു പുൽക്കൊടി തേടി.

“വാതിൽ ഞാൻ പൂട്ടിക്കോളാം.”

“വേണ്ടാന്നേ.”

പിരടിയ്ക്കടിച്ചപോലെ മറുപടി. അതു സാരമാക്കാതെ കുഞ്ചുണ്ണി തുടർന്നു.

“വൈകീട്ട് താക്കോൽ ഞാനങ്ങെത്തിയ്ക്കാം.”

“താൻ മര്യാദയ്ക്ക് വെളിയിൽ കടക്കുന്നോ, അതോ പുറത്തുള്ളവന്മാരെ അക ത്തോട്ടു വിളിയ്ക്കണോ?”

ജീവിതത്തിലൊരിയ്ക്കലും ആരോടും ഇത്രയധികം കെഞ്ചീട്ടില്ല. ആത്മാഭിമാനം മുഴുവനും ചോർന്നു കളഞ്ഞു. ഇനിയൊട്ടും വയ്യ. വിധിയ്ക്ക് കീഴടങ്ങാൻ കുഞ്ചുണ്ണി തീരുമാനിച്ചു. തികഞ്ഞ ധീരതയോടെ.

തലയുയർത്തി നെഞ്ചുല്പം മുമ്പോട്ടു തള്ളി ഉറച്ച അടിവെപ്പോടെ യാത്ര പുറപ്പെ ട്ട കുഞ്ചുണ്ണി വക്കച്ചനെ തിരിഞ്ഞുനോക്കി.

“ഗുഡ് ബൈ.”

കനത്ത സ്വരത്തിലായിരുന്നു വിടവാങ്ങൽ. വാതിൽപ്പടിയിൽ ചെന്നു നിന്ന പ്പോൾ നന്ദികെട്ട പൊതുജനം കൂവി.

സാരമില്ല. നൈമിഷിക വികാരമാവാം.

പിള്ളർ ആർത്തുവിളിച്ചു.

ഓ! നിസ്സാരം!

ഒരു നേതാവിനെപ്പോലെ ജുബ്ബയുടെ പോക്കറ്റിൽ കൈ തിരുകി മന്ദഹസിച്ചു കൊണ്ട് മുമ്പോട്ടുനീങ്ങി.

റോക്കറ്റുപോലെ ഒരു പഴയ ചെരിപ്പ് നെറ്റിയ്ക്കു വന്നിടിച്ചു കണ്ണിലും മുഖത്തും ചെമ്മണ്ണു വിതറി കാല്ക്കൽ വീണു.

ഉള്ളിൽ കലുക്കമുണ്ടായെങ്കിലും പുറത്തു കാട്ടിയില്ല.

സ്റ്റെപ്പുകൾ ഓരോന്നായിറങ്ങുമ്പോൾ കെട്ട തക്കാളിയും കോഴിമുട്ടയും ആകാ ശത്തിലൂടെ ഒഴുകിവന്നു സർവ്വാംഗം ചുംബിയ്ക്കാൻ തുടങ്ങി. സാരമാക്കാതെ നടന്നു. നിരത്തിലെത്തിയപ്പോൾ പ്രകടനക്കാർ വളഞ്ഞു ആരോ തലയ്ക്കു കിഴുക്കി.

പരിഭ്രമിച്ചില്ല. പരിഭ്രമിച്ചാൽ പ്രാണൻ അപകടത്തിലാവുമെന്ന് കുഞ്ചുണ്ണിയ്ക്ക റിയാം. പതറാതെ നടന്നു.

പ്രകടനക്കാർ ഒരുമിച്ചു നടക്കുന്നു! കൂട്ടത്തിലൊരാളെന്നെ നിലയിൽ ചിരിച്ചു കൊണ്ട് വേഗം വേഗം നടന്നു.

പ്രകടനക്കാരും വേഗം വേഗം നടക്കുന്നു.

ഗതിയില്ല, പെട്ടുപോയതുതന്നെ. എങ്കിലും മനസ്സാന്നിദ്ധ്യം കൈവിടാതെ, ചേർന്ന് നടക്കുന്നവരോടു കുശലം പറഞ്ഞു. അകന്നു നടക്കുന്നവർക്ക് സലാം കൊടുത്തു.

നന്ദികെട്ടവരാണെങ്കിലും തൽക്കാലത്തെ രക്ഷയ്ക്കു പൊതുജനത്തെ പാട്ടിലാക്കിയേ പറ്റൂ.

കൂവൽ കുറഞ്ഞു കുറഞ്ഞു വരുന്നു!

ഭാഗ്യം!

രക്ഷപ്പെട്ടു!

അപ്പോഴാണ്, ആ വിചാരം മനസ്സിൽ ആശ്വാസത്തിന്റെ തണുപ്പുകോരിയിടുമ്പോഴാണ്, ആകസ്മികമായി ആ അത്യാഹിതം സംഭവിച്ചത്.

ചെരിപ്പുമാല! കഴുത്തിലൊരു ചെരിപ്പുമാല വീണു!

തകർച്ച! എല്ലാറ്റിന്റേയും തകർച്ച. അന്നോളം നേടിവെച്ച മുഴുവനും പൊടിമണ്ണിൽ കിടന്നിഴഞ്ഞു. തല കുനിഞ്ഞു, ശരീരം മുമ്പോട്ടു വളഞ്ഞ് തികഞ്ഞ ഒരു പരാജിതനെപ്പോലെ നടന്നു.

ലക്ഷ്യമുണ്ടായിരുന്നില്ല. ബോധാവസ്ഥ മുക്കാലും നശിച്ചിരുന്നു! പ്രകടനക്കാർ തള്ളിക്കൊണ്ടു പോകുന്നു. യാത്ര നിയന്ത്രിക്കുന്നതവരാണ്.

പൊട്ടിച്ചിരിയും അട്ടഹാസവും കേൾക്കുന്നു.

ശ്രവണശക്തി നശിച്ചെങ്കിൽ!

ഏതൊക്കെ തെരുവിലൂടെ ഏതൊക്കെ വ്യാപാരശാലകളുടെ മുമ്പിലൂടെ, യാത്ര ചെയ്തെന്നറിഞ്ഞുകൂടാ. നീണ്ട യാത്രയായിരുന്നു. ആരൊക്കെ കണ്ടെന്നുമറിഞ്ഞുകൂടാ.

ആ നീണ്ട യാത്ര അശ്വഹൃദയത്തിന്റെ പടിയ്ക്കലവസാനിച്ചു. ജിവിതവും അവിടെ അവസാനിച്ചെന്നു കുഞ്ചുണ്ണിയ്ക്കു തോന്നി.

കിടക്ക വിരിച്ച് നീണ്ടുനിവർന്നു കിടന്നപ്പോൾ ഇനിയൊരിയ്ക്കലും ആ കിടപ്പിൽ നിന്ന് എഴുന്നേൽക്കാനിടവരരുതേയെന്ന് പ്രാർത്ഥിച്ചു.

മനസ്സ് കുറഞ്ഞൊന്നു സ്വസ്ഥമായപ്പോൾ പൊതുജനത്തെ തള്ളിപ്പറഞ്ഞത് അബദ്ധമായെന്നു തോന്നി. കാരണം, തന്നെ അപമാനിച്ചതിൽ പൊതുജനങ്ങൾക്കു പങ്കുണ്ടാവാൻ വഴിയില്ല. വാസുമുതലാളിയുടെ കൂലിപ്പട്ടാളമാവും പ്രകടനം നടത്തിയത് അല്ലാതെ വരില്ല. തീർച്ച.

വാസുമുതലാളി ഗുണ്ടകളെ വിലയ്ക്കു വാങ്ങുന്നു. തെരുവുപിള്ളരെ വിലയ്ക്കു വാങ്ങുന്നു. ഭക്തജനങ്ങളെ വിലയ്ക്കു വാങ്ങുന്നു!

ഇല്ല, പരാജയപ്പെട്ടുകൂടാ!

തേരും കുതിരയും വില്ലും ആവനാഴിയും നഷ്ടപ്പെട്ടു പൊടിമണ്ണിൽ വീണുകിടക്കുന്ന കുഞ്ചുണ്ണി ചാടിയെഴുന്നേറ്റ് ഗദയുമെടുത്ത് പോർക്കളത്തിലേയ്ക്കു കുതിച്ചു.

മെഗഫോണായിരുന്നു ഗദ.

ഘോഷയാത്രകളിലുപയോഗിയ്ക്കാൻ കരുതിവെച്ചത്. അതുമെടുത്ത് വാസുമുതലാളിയുടെ ബംഗ്ലാവിന്നു നേർക്കു കുതിച്ചു. അവിടമാണ് പോർക്കളം!

രാവും പകലും ഉച്ചഭാഷിണിയിലൂടെ ഭജനഗാനം മുഴങ്ങുന്ന ബംഗ്ലാവിന്നു പുറത്ത് നിരത്തിലും പുറമ്പോക്കിലും ഭക്തജനങ്ങൾ തടിച്ചുകൂടി നില്പാണ്.

കുഞ്ചുണ്ണിയുടെ മെഗഫോൺ ശബ്ദിച്ചു.

"വഴി പിഴച്ച സന്തതികളേ, ഇതു ഭക്തിയല്ല, ഭ്രാന്താണ്. നാശത്തിലേയ്ക്കു വലിച്ചിഴയ്ക്കുന്ന ഭ്രാന്ത്."

ഭജനഗാനത്തോടിടകലർന്ന് കുഞ്ചുണ്ണിയുടെ മെഗഫോൺ വിളി ഉച്ചത്തിലുച്ചത്തിൽ മുഴങ്ങിയപ്പോൾ ഭക്തജനങ്ങൾക്കിടയിൽ ഇളക്കമുണ്ടായി.

## — 15 —

# പതിനഞ്ച്

നഗരവാസികളെച്ചൊല്ലി ദൈവം ലജ്ജിച്ചു.

ഒരു നിമിഷം മാത്രം.

പിന്നെ ദൈവത്തിനമ്പരപ്പുണ്ടായി.

സ്തുതിഗീതങ്ങളും സാഷ്ടാംഗപ്രണാമങ്ങളും വഴിവാടും നിവേദ്യവുമൊക്കെ യോഗിവര്യന്! ദൈവത്തിനൊന്നുമില്ല.

എല്ലാവരും ദൈവത്തെ മറന്നു.

ദൈവം അമ്പരന്നതിൽ തെറ്റു പറയാമോ? വിവരമില്ലാത്ത പാമരന്മാരാണി തൊക്കെ ചെയ്യുന്നതെങ്കിൽ ദൈവം അമ്പരക്കുമായിരുന്നില്ല.

ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരും, പണ്ഡിതന്മാരും കവികളും കാഥികന്മാരുമൊക്കെ അന്ധമായ ഈ പ്രകടനത്തിൽ ഭാഗഭാക്കുകളായിരുന്നു.

മഹാനഗരത്തിലെ തെരുവുകൾ തോറും വാർഡുകൾ തോറും പരമാനന്ദ ഭജന സംഘങ്ങളുണ്ടായി. പരമാനന്ദ ശിഷ്യരുണ്ടായി. അവർക്കടയാളം മുണ്ഡനം ചെയ്ത ശിരസ്സും നെറ്റിയിൽ വിഭൂതിയും.

വക്കീലന്മാരുടെ ചേമ്പറിലും കോളേജ് സ്റ്റാഫ് റൂമുകളിലും ക്ലാസ്സുകളിലും വ്യവസായശാലകളിലും വ്യാപാര കേന്ദ്രങ്ങളിലും തെരുവീഥികളിലും അവിടവിടെ മൊട്ടത്തല പ്രത്യക്ഷപ്പെട്ടു.

“ആനന്ദം.”

“പരമാനന്ദം.”

യോഗീശ്വരശിഷ്യന്മാർ തമ്മിൽ കാണുമ്പോൾ പുതിയ രീതിയിൽ അഭിവാദ്യം കൈമാറി.

അവർക്ക് ആനന്ദവും പരമാനന്ദവും സിദ്ധിച്ചു.

യോഗിവര്യന്റെ കൃപാകടാക്ഷം!

ഇതെല്ലാം കണ്ടും കേട്ടും ദൈവം വീണ്ടും വീണ്ടുമമ്പരന്നു.

പരമാനന്ദയോഗിവര്യൻ രോഗികളെ അനുഗ്രഹിക്കാൻ തുടങ്ങിയപ്പോൾ ഡോക്ടർമാരുടെ കൺസൾട്ടിങ്ങ് റൂമിൽ ശബ്ദവും ചലനവും നിലച്ചു. വിസിറ്റേർസ് റൂമുകൾ ചത്തുമലച്ചുകിടന്നു. 'ഫീസ്സ് ഇരുപത്തിയഞ്ച് രൂപ'യെന്നെഴുതിവെച്ച ബോർഡ് മേശയ്ക്കുള്ളിൽ പോയൊളിച്ചു. രക്തസമ്മർദ്ദമളക്കുന്ന യന്ത്രം മേശമേലുറങ്ങിക്കിടക്കുന്നത് കണ്ട് ഡോക്ടർമാർ നെടുവീർപ്പിട്ടു. നേഴ്സിങ്ങ് ഹോമുകൾ ബോർഡിങ്ങ് ഹോമുകളാക്കി മാറ്റാനുള്ള തിരക്കുപിടിച്ച പരിപാടികളാരംഭിച്ചു. 'അലോപ്പതി ആയുർവ്വേദ യൂനാനി ഹോമിയോ' മരുന്നുകൾ വിൽക്കുന്ന കടകളിൽ ഈച്ചപോലും പറന്നുവീണില്ല. അലമാറകൾ മുഴുവൻ പൂട്ടിക്കിടന്നു.

എല്ലാ രോഗികളും വാസുമുതലാളിയുടെ ബംഗ്ലാവിൽ. എല്ലാറ്റിനുമവിടെ ചികിത്സയുണ്ട്. സനാതനികളുടെ ഭാഷയിൽ 'അനുഗ്രഹ'മെന്നാണ് പറയേണ്ടത്. മരുന്നു വേണ്ട, പത്ഥ്യം വേണ്ട, പണവും വേണ്ട.

ജന്മജന്മാന്തരങ്ങളിലൂടെ ഒഴുകിവന്നുറുക്കുട്ടുന്ന ചെറുതും വലുതുമായ പാപങ്ങൾ വാതമായും പിത്തമായും കഫമായും മനുഷ്യശരീരത്തെ പീഡിപ്പിയ്ക്കുന്നു. ത്രിദോഷങ്ങൾ പല പല കഥകളി വേഷങ്ങളണിഞ്ഞ് മനുഷ്യ ശരീരമാകുന്ന വേദിയിൽ ആടിത്തകർക്കുന്നു. അതാണ് രോഗം. രോഗത്തിന്റെ അടിസ്ഥാനകാരണം പാപമാണ്. പാപത്തെ ജയിക്കാനുള്ള മരുന്ന് ഇന്നോളം ഒരു ശാസ്ത്രജ്ഞനും കണ്ടുപിടിച്ചിട്ടില്ല. ഒരു ലാബറട്ടറിയിലും നിർമ്മിച്ചിട്ടില്ല.

"പാപം, മഹാപാപം!"

രോഗികളെ കാണുമ്പോൾ, അവരുടെ ശബ്ദം കേൾക്കുമ്പോൾ, പരമാനന്ദയോഗി വര്യൻ പല്ലുകടിച്ചുകൊണ്ട് പിറുപിറുക്കും. അപ്പോൾ ആ മുഖം ഭീകരഭാവം കൈക്കൊള്ളും. യോഗിവര്യന്റെ അമർഷം നിറഞ്ഞ ശബ്ദം കേട്ട് മനുഷ്യ ശരീരത്തിൽനിന്ന് പാപം കയറുപൊട്ടിച്ചോടാൻ തുടങ്ങും. നഗരവാസികളുടെ മഹാഭാഗ്യമെന്നല്ലാതെന്തു പറയട്ടെ.

നവരാത്രി കാലത്തെ ഇളംതണുപ്പാർന്ന ഓരോ പ്രഭാതവും യോഗിവര്യന്റെ അത്ഭുതസിദ്ധികളെ സംബന്ധിക്കുന്ന ചൂടുള്ള ഓരോ കഥയുമായി മഹാനഗരത്തിൽ പ്രത്യക്ഷപ്പെട്ടു.

കഥകൾ പെരുകിയപ്പോൾ മഹാനഗരത്തിനുതുൾക്കൊള്ളാൻ വയ്യാതായി. അതിർത്തികൾ തകർത്തുകൊണ്ടത് അയൽനാട്ടിലേക്കു കടന്നു.

സഹ്യനിൽ വിടവുകളുണ്ടാക്കിയും കരിമ്പനക്കാറ്റിൽ അലകളുണ്ടാക്കിയും അതു പരന്നു.

അയ്യങ്കാർമാരും റെഡ്ഡിമാരുമറിഞ്ഞു.

പിള്ളമാരും നാടാരുമാരുമറിഞ്ഞു.

ഭട്ടുമാരും പ്രഭുമാരുമറിഞ്ഞു.

അറിഞ്ഞറിഞ്ഞെല്ലാരുമറിഞ്ഞപ്പോൾ പതിവുപോലെ അല്പം വൈകീട്ടാണെങ്കിലും സിനിമാ താരങ്ങളുമറിഞ്ഞു. സിനിമാ താരങ്ങളറിഞ്ഞപ്പോൾ നിർമ്മാതാക്കളും സംവിധായകരുമറിഞ്ഞു. അവരറിഞ്ഞപ്പോൾ ഗാനരചയിതാക്കളും സംഗീതജ്ഞരുമറിഞ്ഞു.

സംഗതിയ്ക്ക അന്തസ്സും സൗകര്യവും വർദ്ധിച്ചു. ടാറിട്ട റോഡുകളിലൂടെ പുത്തൻ കാറുകളൊഴുകി. പുത്തൻ കാറുകളൊഴുകിയ റോഡുകൾ വാസുമുതലാളിയുടെ പടിക്കലോളം നീണ്ടുകിടന്നു.

എല്ലാ റോഡുകളും യോഗീശ്വരസന്നിധിയിലേയ്ക്ക്. കഥയറിഞ്ഞ് ഭക്തിവിവശനായൊരു ഉഗ്രതാരം തന്റെ ഇല്യൂഷൻ വിമാനം പൊക്കി ആകാശത്തിലേയ്ക്കുയർന്നു.

കീഴെ കാറുകളൊഴുകി!

മേലെ ഇല്യൂഷൻ പറന്നു!

എല്ലാ വഴികളും യോഗീശ്വരസന്നിധിയിലേയ്ക്ക്!

ശരല്ക്കാലമേഘങ്ങളിലൂളിയിട്ട്, പൊന്നിളംവെയിലിൽ മുങ്ങിക്കുളിച്ച് നിമിഷാർദ്ധംകൊണ്ട് ഇല്യൂഷൻ മഹാനഗരത്തിന്റെ തലയ്ക്കു മുകളിലെത്തി, ഇര തേടുന്ന പരുന്തിനെപ്പോലെ അവൻ ഉഗ്രതാരത്തോടൊപ്പം ആകാശത്തിൽ പല വട്ടം കറങ്ങി. കറങ്ങിക്കറങ്ങി പരവശപ്പെട്ടപ്പോൾ സത്യം കണ്ടെത്തി.

മഹാനഗരത്തിൽ വിമാനത്താവളമില്ല.

ഉഗ്രതാരത്തിനു അരിശം വന്നു. ഭക്തിയും അരിശവും ഹൃദയത്തിൽവെച്ച് ഗുസ്തി നടത്തി. ഭക്തി മലർന്നടിച്ചു ഗോദയിൽ വീണപ്പോൾ ഉഗ്രതാരം അരിശത്തോടെ മടങ്ങിപ്പറന്നു. അരിശത്തോടെ പറന്നതുകൊണ്ട് ഭൂമി തൊടാൻ നിമിഷാർദ്ധവും വേണ്ടിവന്നില്ല.

ഭൂമി തൊട്ടപാടെ താരം വീണ്ടടയുന്നു. ഇടംവലം തിരിയാതെ രോഷാകുലനായ വില്ലനെപ്പോലെ കാർഷെഡ്ഡിലേക്കു കടക്കുന്നു. അവിടെ സുഖനിദ്ര കൊള്ളുന്ന 'കാഡിലാക്കി'നെ തൊട്ടു വിളിച്ചുണർത്തുന്നു. കാറുകളുടെ കൂട്ടത്തിൽ നളമഹാരാജാവാണ് 'കാഡിലാക്' മഹാരാജാവ് മുരശൊലിയിട്ട് പുറപ്പെടുന്നു.

പുറപ്പെട്ടപ്പോൾ ഉഗ്രതാരത്തിന്റെ മനസ്സിൽ നിന്ന് അമർഷം പിൻവാങ്ങി അവിടെ ഭക്തി വീണ്ടും സിംഹാസനമുറപ്പിച്ചു.

മുൻപേ പോയ നിർമ്മാതാവും സംവിധായകനും ഗനരചയിതാവും സംഹീതജ്ഞനും ഓരോന്നായി പിൻതള്ളപ്പെടുന്നു; നളമഹാരാജാവ് അന്തസ്സോടെ മുന്നേറുന്നു.

വാസുമുതലാളിയുടെ വീട്ടിൽ അഖണ്ഡ ഭജന യജ്ഞം പൊടിപൊടിയ്ക്കുന്നു. എല്ലാ ഉച്ചഭാഷിണികളിലും വനിതാസംഘത്തിലെ ഗായികമാർ കൂട്ടുകൂട്ടിയിരിയ്ക്കയാണ്.

ബംഗ്ലാവിലും മുറ്റത്തും തൊടിയിലും മതിലിനപ്പുറത്തുള്ള റോഡിലും ജനപ്രളയം.

ഭക്തജനങ്ങൾ വിശപ്പറിയുന്നില്ല. വെയിലിന്റെ ചൂടറിയുന്നില്ല. ഭൗതികമായ സുഖദുഃഖങ്ങളിലവർക്കു ശ്രദ്ധയില്ല. ഒരേ മനസ്സ്, ഒരേ വിചാരം.

അപ്പോൾ ജനസമൂഹത്തിന്റെനിന്നാരോ ഉഗ്രതാരത്തിന്റെ പേരുച്ചരിയ്ക്കുന്നു. വേർക്കടല വിൽക്കുന്നു. വേർക്കടല വിൽക്കാൻ വന്നതായിരുന്നു. യോഗിവരനെപ്പറ്റി അവനൊന്നുമറിഞ്ഞുകൂടാ. എന്താണ് ഭക്തയെന്നും നിശ്ചയമില്ല നാലാൾ കൂടന്നേടുത്ത് കടലവിൽക്കലാണവന്റെ ജോലി. അങ്ങിനെ വിറ്റു വിറ്റു നടക്കുമ്പോൾ ജനസഞ്ചയത്തിലൂടെ 'കാഡിലാക്കു തളച്ചുകയറിവരുന്നതവൻ കാണുന്നു.

"കൊള്ളാവുന്നവൻ."

ചെറുക്കൻ രസിച്ചുകൊണ്ട് നോക്കി. കൊക്കുംചിറകുമൊക്കെ ചന്തമുള്ളതുതന്നെ. വാതിൽപുറക്കാഴ്ചകൾ നോക്കി നോക്കി, ചെറുക്കൻ അകത്തും നോക്കി.

അതാ കിടക്കുന്നു ഉഗ്രതാരം!

പല കാലമായി, വാൾപ്പയറ്റിലൂടെ മല്ലയുദ്ധത്തിലൂടെ ചെറുക്കന്റെ മനസ്സ് പിടിച്ചടക്കുകയും ചെറുക്കനെക്കൊണ്ട് ആരാധിപ്പിയ്ക്കുകയും ചെയ്ത ഉഗ്രതാരമാണ് മുമ്പിൽ. കൈ നീട്ടിയാൽ തൊടാം.

ആവേശം കൊണ്ടു മതിമറന്ന ചെറുക്കൻ ഉഗ്രതാത്തിന്റെ പേരുവിളിച്ചു കൂവി.

ഉഗ്രതാരത്തിന്റെ പേരുകേട്ട് പുരുഷാരം ഞെട്ടി. പ്രേമം കൊണ്ട് ശ്വാസംമുട്ടിയ പുരുഷാരം കാഡി വളഞ്ഞു. താരത്തിന്റെ കയ്യിൽ വാളില്ല. റിവോൾവറില്ല.

സ്ഥിതി കഷ്ടം!

പരമോഗ്രന്മാരായ എതിരാളികളെ കോറസ്സായും സോളോ ആയും കൊന്നൊടുക്കി വെള്ളിത്തിരയിൽ കൊടി നാട്ടിയ ഉഗ്രതാരം നിസ്സഹായൻ.

പൊതുജനം സ്നേഹിയ്ക്കാനടുക്കുന്നു.

പട്ടുജൂബ്ബയിൽ ചുളി വീഴുന്നു.

കാഡിലാക്കിന്റെ പെയിന്റിളകുന്നു.

കഴുത്തിലെ കാഞ്ചനമാല പൊട്ടിച്ചിതറുന്നു.

ആരാധകരുടെ സ്നേഹപ്രകടനം മർദ്ദനസ്വഭാവം കൈക്കൊള്ളുന്നു!

പോലീസ്സ്!

ഉഗ്രതാരത്തിന്റെ ആരോഗ്യവും പ്രാണനും ആരാധകരുടെ കയ്യിൽനിന്ന് പോലീസ്സ് രക്ഷിച്ചെടുക്കുന്നു. കാഡിലാക് വാസുമുതലാളിയുടെ ഗേറ്റ് കടക്കുന്നു. പിൻതുടർന്ന് ബംഗ്ലാവിൽ കടക്കാനൊരുങ്ങിയ ആരാധകരെ മൈൽഡായൊരു ലാത്തിച്ചാർജ്ജുകൊണ്ട് സമാധാനിപ്പിക്കേണ്ടി വരുന്നു.

കാഡിലാക്ക് പന്തലിന്നടുത്ത് ചെന്നു നില്ക്കുന്നു.

ഉഗ്രതാരം പട്ടുജൂബ്ബയിലെ ചുളിവുകൾ ഉഴിഞ്ഞു മാറ്റി, തലമുടി കൈകൊണ്ടൊതുക്കി മെയ്യഴകിനു പറ്റിയ ഉലച്ചിൽ നേരെയാക്കി കാഡിലാക്കിന്റെ വാതിൽ തുറന്ന് പുറത്തു കടക്കുന്നു.

ഭക്തജനം വിരണ്ടു.

അഖണ്ഡ ഭജന യജ്ഞത്തിൽ സ്തംഭനം. ഭജനക്കാരികളായ പെണ്ണുങ്ങൾക്ക് ബോധക്ഷയം.

പരിപൂർണ്ണ നിശ്ശബ്ദത.

ഉഗ്രതാരം മന്ദംമന്ദം അടിവെച്ച് മുന്നോട്ടു നീങ്ങിയപ്പോൾ ആദരവോടെ ജനം വഴിയുണ്ടാക്കി യോഗിശ്വര സന്നിധിയിലെത്തിയ ഉഗ്രതാരം ഒരു വലിയ പണക്കിഴി തൃപ്പാദങ്ങളിൽ വെച്ച് വടിപോലെ നിലത്തു വീണ് സാഷ്ടാംഗം പ്രണമിച്ചു.

പ്രണാമം അഭിനയം പോലെതന്നെ ഉഗ്രമായിരുന്നു പ്രണമിച്ചു കിടക്കുന്ന താരം മനസ്സിൽ പ്രാർത്ഥിച്ചു.

“ഉടയോനെ, നീതന്നെ രക്ഷ. കണ്ട അവനോടുമിവനോടും അഭിനയത്തിന്റെ പേരിൽ തട്ടിയെടുത്തു പെട്ടിയിലാക്കിയ ഇരുപത്തിയഞ്ചുലക്ഷം മുതലിറക്കി ഒരു പടം പിടുത്തത്തിൽ ഏർപ്പെട്ടിരിക്കുകയാണ് തിരുവുള്ളമുണ്ടായിട്ട് അതൊരു ബോക്സോഫീസ്സ് പടമാക്കിത്തരണം ഇല്ലെങ്കിൽ, പൊന്നുടയോനെ, തെണ്ടിയതുതന്നെ.”

“സ്വസ്തി.” യോഗിശ്വരൻ ആശീർവ്വദിച്ചു.

പ്രണാമം കഴിഞ്ഞെഴുന്നേറ്റു നിന്നപ്പോൾ വായു മണ്ഡലത്തിൽ സുഗന്ധം അടിച്ചുയരുന്നു; വില കൂടിയ അത്തറിന്റെയും ഫേസ് പൗഡറിന്റെയും സുഗന്ധം. ചന്ദനത്തിരിയുടെ മണം വാലൊതുക്കി പിൻമാറിനിന്നു. സാമ്പ്രാണിയുടെ ഗന്ധം നാണിച്ച് തലകുനിച്ചു.

അപ്പോൾ നിരത്തിലും ഗേറ്റിലും ബഹളം സംവിധായകരും നിർമ്മാതാക്കളും ഗാനരചയിതാക്കളും സംഗീതജ്ഞരും വരുന്നു. അവരോടൊപ്പം ആരാധകരും അകത്തു കയറാൻ ശ്രമിയ്ക്കുന്നു. പോലീസ് മൈൽഡായൊരു ലാത്തിച്ചാർജ്ജുകൊണ്ട് വീണ്ടും ആരാധകരെ തൃപ്തിപ്പെടുത്തുന്നു.

തിരക്കും ബഹളവും കണ്ട് യോഗീശ്വരന്ന് സമാധിയിൽ ലയിച്ചാൽ വേണ്ടില്ലെന്നായി. പക്ഷേ, എത്ര ശ്രമിച്ചിട്ടും കൺപോളകൾ അടയുന്നില്ല. സിനിമാ താരങ്ങളാണു വരുന്നത്.

സാഷ്ടാംഗപ്രണാമത്തിന്റെ തിരക്കു തുടങ്ങി. വില കൂടിയ ഫോറിൻ ടർളിനും ടെറീക്കോട്ടനും തട്ടി, ബംഗ്ലാവിന്റെ മുറ്റത്തെ പൂഴിത്തരികൾക്ക് പുളകമുണ്ടായി.

അമ്പരന്നു നിൽക്കുന്ന വാസുമുതലാളി സ്വയം പരിചയപ്പെടുത്താൻ മുമ്പോട്ട് ചെന്നു.

“നിങ്ങൾ മഹാ ഭാഗ്യവാനാണ്.” നിർമ്മാതാവ് പറഞ്ഞു.

“അതെ!” സംവിധായകൻ അനുകൂലിച്ചു.

“ഭാഗ്യവാനെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ഈ യുഗപുരുഷനെ ഇത്രയും ഇടുങ്ങിയൊരു സ്ഥലത്ത് പാർപ്പിച്ച് ശ്വാസം മുട്ടിയ്ക്കുന്നത് ശരിയല്ല.”

വാസുമുതലാളി അന്ധാളിച്ചു. മഹാനഗരത്തിലെ ഏറ്റവും വലിയ ബംഗ്ലാവുകളിലൊന്നാണ് വാസുമുതലാളിയുടേത്. അതിനെയാണ് 'ഇടുങ്ങിയ' തെന്നു വിശേഷിപ്പിച്ചത്. അന്ധാളിച്ചതിൽ തെറ്റുണ്ടോ?

"യുഗപുരുഷന്മാർ പൊതുസ്വത്താണ്. അവരെ സ്വകാര്യസ്വത്താക്കാൻ ശ്രമിയ്ക്കരുത്."

സംവിധായകൻ തുടർന്ന് പറയുന്നു. വാസുമുതലാളിയുടെ അന്ധാളിപ്പിരട്ടിയ്ക്കുന്നു.

"ഇപ്പോൾതന്നെ യോഗിവര്യന്റെ പ്രശസ്തി ഭാരതവർഷത്തിലെത്താൻ ഇനി താമസമില്ല. ഈ മഹാത്മാവ് ഒരു വ്യക്തിയുടേയോ സമുദായത്തിന്റെയോ. നഗരത്തിന്റേയോ സ്വകാര്യസ്വത്തല്ല."

"അല്ല."

നിർമ്മാതാവ് സംവിധായകന്റെ അഭിപ്രായത്തോട് യോജിച്ചു. അന്ധാളിച്ചു നിൽക്കുന്ന വാസുമുതലാളി നെടുവീർപ്പിട്ടു.

"ഇതൊരു കൊലച്ചതിയുടെ ആരംഭമാണല്ലോ." വാസുമുതലാളി ആലോചിച്ചു.

"യോഗിവര്യനെ തട്ടിയെടുക്കാനുള്ള പുറപ്പാടാണെങ്കിൽ മഹാനഗരം മാത്രമല്ലാ ഒരു സ്റ്റേറ്റ് മുഴുവൻ എന്റെ ഭാഗത്തുണ്ടാവും. അതു വേണ്ട, അത്ര വലിയ മോഹം വേണ്ട."

"നിങ്ങൾക്കറിയാമോ?"

മിണ്ടാതെ നില്ക്കുന്ന വാസുമുതലാളിയോട് സംവിധായകൻ ചോദിച്ചു. ഭക്തജനങ്ങൾ ചെവി കൂർപ്പിച്ചു നിന്നു. യോഗിവര്യന്റെ കണ്ണുകളിൽ ഭീതി നിഴലിച്ചു.

"ഈ മഹാപുരുഷന്റെ പ്രശസ്തി വിദേശങ്ങളിലെത്തിയാൽ എന്താണുണ്ടാവുകയെന്ന് നിങ്ങളാലോചിച്ചിട്ടുണ്ടോ? നിരന്തരമായ പ്രവാഹം! ആ പ്രവാഹം താങ്ങാനുള്ള കരുത്ത് ഈ നഗരത്തിനുണ്ടോ?"

"ഇവിടെ ഒരു വിമാനത്താവളം പോലുമില്ല."

ഉഗ്രതാരം മടുപ്പോടെ സംവിധായകനോട് പറഞ്ഞു.

"അതെ, ഒരു വിമാനത്താവളം പോലുമില്ലാത്ത ഈ നഗരത്തിൽ ഇത്രയും വലിയൊരു യുഗപുരുഷനെ തടഞ്ഞുവെക്കുന്നത് ശരിയല്ല."

"അദ്ദേഹത്തെ ആരും തടഞ്ഞുവെച്ചിട്ടില്ല."

വാസുമുതലാളി ശക്തി സംഭരിച്ച് പറഞ്ഞു.

"അദ്ദേഹം ഈ നഗരത്തേയും നഗരവാസികളേയും അനുഗ്രഹിക്കാൻ ദയ വിചാരിച്ച് ഞങ്ങൾക്കതു നിഷേധിക്കാൻ പറ്റുമോ?"

"നിഷേധിക്കണമെന്നല്ല പറഞ്ഞത്."

നിർമ്മാതാവ് വാസുമുതലാളിയുടെ തോളിൽ കയ്യിട്ടു.

“അദ്ദേഹത്തെ ഉൾക്കൊള്ളാനുള്ള വലുപ്പവും അന്തസ്സും ഈ നഗരത്തിനുണ്ടാക്കണം. ഇവിടെ അടുത്ത ഭാവിയിലെങ്ങാനും വിമാനത്താവളം ഉണ്ടാവാനുള്ള സാദ്ധ്യതയുണ്ടോ?”

“ഇല്ല.”

വാസുമുതലാളി അപകർഷബോധം കൊണ്ടിടറിയ ശബ്ദത്തിൽ പറഞ്ഞു.

“ശരി, വ്യസനിയ്ക്കേണ്ട, വിമാനത്താവളം എന്റെ വക.”

ഭക്തജനങ്ങളുടെ മുഖത്തു മുഴുവൻ സന്തോഷം “ഒരു സ്വകാര്യവ്യക്തിയുടെ വീട്ടിൽ ഈ മഹാപുരുഷനെ പാർപ്പിക്കുന്നത് ശരിയല്ല.”

സംവിധായകൻ പറഞ്ഞു. നയകോവിദനായ വാസുമുതലാളി, ഈർഷ്യയുടെ ലക്ഷണം മുഖത്തു പ്രവേശിപ്പിക്കാതെ കഴിയ്ക്കാൻ വളരെ പാടുപെട്ടു. സംവിധായകൻ തുടർന്നു.

“എട്ടോ പത്തോ ഏക്കർ സ്ഥലം വിലക്കെടുക്കണം. അവിടെയൊരാശ്രമം പണിയണം. അതാണ് വേണ്ടത്. സ്ഥലം തരാനാളുണ്ടെങ്കിൽ എന്ത് വില നല്കാനും തയ്യാറുണ്ട്.”

ഭക്തജനങ്ങളുടെ മുഖത്ത് സന്തോഷത്തോടൊപ്പം സംതൃപ്തിയും നൃത്തം വെച്ചു.

താൻ അറിയാതെ കീഴടങ്ങുന്നുണ്ടോ എന്ന് വാസു മുതലാളിയ്ക്കു സംശയമായി. ഇനി വയ്യ.

വാസുമുതലാളി ഉറപ്പിച്ചു പറഞ്ഞു.

“ഇപ്പറഞ്ഞതൊക്കെ ഞങ്ങളുടെയും അഭിപ്രായമാണ്. യോഗീശ്വരന് ആശ്രമം വേണമെന്ന് നഗരവാസികൾ മുഴുവനും ആഗ്രഹിക്കുന്നു. ഇവിടത്തെ വ്യാപാരി സംഘടന അതിലേക്കു പത്തോ നൂറോ ഏക്കർ സ്ഥലം വിലയ്ക്കെടുത്തു തരാനൊരുക്കമുണ്ട്. ലക്ഷക്കണക്കിന് രൂപ ചിലവാക്കി വലിയ വലിയ കെട്ടിടങ്ങൾ ഉണ്ടാക്കിത്തരാമെന്ന് പലരും വാഗ്ദാനം ചെയ്തിട്ടുണ്ട്. പക്ഷേ, കാര്യത്തിന്റെ കിടപ്പവിടെയല്ലല്ലോ. യോഗീശ്വരൻ തികച്ചും അവധൂതനാണ്. ഇന്നിവിടെ. നാളെ വനാന്തരത്തിൽ മറ്റന്നാൾ ഹിമാലയത്തലത്തിൽ! അദ്ദേഹത്തിന്റെ ഇംഗതമറിയാതെ വല്ലതിനും പുറപ്പെടുന്നത് വങ്കത്തമല്ലേ?”

ചോദ്യത്തിനു മുമ്പിൽ സംവിധായകൻ നിശ്ശബ്ദം. നിർമ്മതാവ് നിശ്ശബ്ദം. ഉഗ്രതാരവും നിശ്ശബ്ദം.

അനിശ്ചിതത്വമവസാനിപ്പിയ്ക്കാനെന്നപോലെ ഗാനരചയിതാവ് മുമ്പോട്ടു വന്നു. അല്പം മുമ്പ് യോഗീശ്വരനെ പ്രണമിച്ചെഴുന്നേറ്റ ഗാനരചയിതാവ് ഒരു ലളിതഗാനം രചിച്ചു. യോഗീശ്വരന്റെ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ട്. ഉടനടി അതു സംഗീത സംവിധായകന്റെ കയ്യിലെത്തി. സംവിധാനകർമ്മം നടന്നു. സംഗീതജ്ഞരത് മൂളി സ്വാധീനിച്ചു. ഇതെല്ലാം ഞൊടിയിടകൊണ്ടാണ് നടന്നത്.

“ഒരു ചെറിയ ഭജനഗാനം പാടണമെന്നുണ്ട്.” ഗാനരചയിതാവ് പറഞ്ഞു.

എല്ലാവർക്കും അപ്പറഞ്ഞതിഷ്ടമായി. ഗാനരചയിതാവും സംഗീതസംവിധായകനും സംഗീതജ്ഞരും വഴിക്കുവഴി പരമാനന്ദയോഗിവര്യന്റെ പാദപാംസുകളെടുത്തു ശിരസ്സിലണിഞ്ഞു്, ആശീർവ്വാദം വാങ്ങി മൈക്രോഫോണിന്ന് മുമ്പിലിരുന്നു. പതുക്കെ ഭജനഗാനമുയർന്നു.

"ശരൽക്കാലകന്യകളേ
അനുരാഗകുല്യകളെ.
നിങ്ങൾ വരൂ, നിങ്ങൾ വരൂ
നിത്യസൗഭഗസന്ധ്യകളെ..."

ഓ...ഓ...ഓ...
ആനന്ദഗംഗയിതാ, പര-
മാനന്ദയോഗിയിതാ പാപകർമ്മശതങ്ങളേ
പായൂ...പായൂ...
ഓ...ഓ...ഓ...ശരൽക്കാല...

ഗാനം ഉച്ചഭാഷണിയിലൂടെ തിളച്ചു മറിഞ്ഞപ്പോൾ നിരത്തിലെ പുരുഷാരത്തിന് ആവേശമുണ്ടായി. വനിതാസംഘത്തിലെ ഗായികമാരിൽ ചിലർക്ക് അപമൃത്യു സംഭവിച്ചു.

മതിലിടിയുന്നു, ഗയിറ്റ് തകരുന്നു, പോലീസുകാർ തടിതപ്പുന്നു!!

അകവും പുറവുമില്ല.

ഭക്തജനങ്ങൾ ഒന്ന്.

എല്ലാവരും സിനിമതരങ്ങളെ വളഞ്ഞാരാധിക്കാൻ തുടങ്ങിയപ്പോൾ യോഗീശ്വരൻ കണ്ണടച്ച് സമാധിയിൽ ലയിച്ചു.

— 16 —

# പതിനാറ്

“വെള്ളം വേണോ?”

അബോധാവസ്ഥയിൽ കിടക്കുന്ന നിർമ്മാതാവിന്റെ നെറ്റി തടവിക്കൊണ്ട് ഗുരു ശങ്കരദാസ്സ് ചോദിച്ചു. അങ്ങിനെ ചോദിക്കുമ്പോൾ ഗുരുവിന്റെ മുഖത്തു കരുണരസമുണ്ടായിരുന്നു, കയ്യിൽ ഓറഞ്ച് നീരും.

ചോദ്യം കേട്ടുകൊണ്ട് വന്ന നേഴ്സ് ഗുരുവിനെ ശാസിച്ചു.

“പ്ലീസ്, ഡോൺട് ഡിസ്റ്റേർബ്, ലറ്റ് ഹിം ടേയ്ക്ക് കംപ്ലീറ്റ് റസ്റ്റ്.”

നേഴ്സിന്റെ ശബ്ദം കേട്ട് ഗുരുവിന്റെ മുഖത്ത് ശൃംഗാരരസം കതിരിട്ടു. എപ്പോൾ എവിടെവെച്ച് സ്ത്രീശബ്ദം കേട്ടാലും ശൃംഗാരം ഓടിവന്ന് ഗുരുവിന്റെ മുഖത്ത് നിലയുറപ്പിയ്ക്കും.

“ഇത് റസ്റ്റാണോ?”

ഗുരു ചിരിച്ചുകൊണ്ടു ചോദിച്ചു.

വിവരമില്ലാത്തവനോടെന്തു പറയാനെന്ന മട്ടിൽ കഴുത്ത് വെട്ടിച്ച് മുഖം തിരിച്ചു നേഴ്സ് ധൃതിയിൽ നടന്നുപോയി. ഗുരു കണ്ണിറുക്കി. പുരികക്കൊടി വളച്ച് നേഴ്സിന്റെ നടത്തം ഉറ്റുനോക്കി.

നിർമ്മാതാവ് ഉറക്കമരുന്നിന്റെ വീര്യംകൊണ്ടു മയങ്ങിക്കിടക്കുകയായിരുന്നു. പരുക്ക് നട്ടെല്ലിന്നായിരുന്നു. അതിന്റെ വേദനയിൽനിന്ന് പൊറുതി കിട്ടാനാണ് ഉറക്കമരുന്ന് കൊടുത്തത്.

“വെള്ളം വേണോ?”

നേഴ്സ് പോയപ്പോൾ ഗുരു ചോദ്യമാവർത്തിച്ചു. നിർമ്മാതാവ് നിർഗ്ഗുണബ്രഹ്മം പോലെ ചലനവും വികാരവുമറ്റുകിടന്നു.

ജനത്തിന്റെ സ്നേഹപ്രകടനം ഉഗ്രമായിരുന്നു. ബംഗ്ലാവിന്റെ മതിലുതകർത്തു അകത്തുകടന്ന ജനത്തിൽ കുറവായതുകൊണ്ട് പോലീസ് തികച്ചും നിർവീര്യമാ

യി നിന്നു. പോലിസിന്റെ നിർവീര്യാവസ്ഥ കണ്ടപ്പോൾ ജനത്തിനുത്സാഹം കൂടി. അവർ സിനിമാതാരങ്ങളെ വീതിച്ചെടുത്ത് സ്നേഹിച്ചു. വളരെനേരം സ്നേഹിച്ചു. അത്യാഹിതത്തിന്റെ വിവരം കേട്ട് ഒരു വാൻ നിറയെ പോലീസ് കുതിച്ചെത്തി ലഘുവായ വീര്യപ്രകടത്താൽ ആരാധന നടത്തുന്നവരെ സ്നേഹിച്ചു.

ജനത്തിന്റെ സ്നേഹപ്രകടനവുമായി തട്ടിച്ചു നോക്കുമ്പോൾ പോലിസ്സിന്റെ വീര്യപ്രകടനം നിസ്സാരം എങ്കിലും വാസു മുതലാളിയുടെ തൊടിയും പരിസരവും ക്ഷണനേരംകൊണ്ട് വിജനമായി. വിജനമായ ബംഗ്ലാവിന്റെ പടിക്കൽ താമസിയാതെ ആംബുലൻസെത്തി.

സിനിമാതാരങ്ങൾ ആശുപത്രിയിലേക്ക്!

ഉഗ്രതാരത്തിന്റെ മൂക്കിനാണ് സ്നേഹപ്രകടനമേറ്റത്. മുഖകാന്തിയ്ക്കു വൈകല്യം സംഭവിച്ചാലുള്ള കഥയോർത്തു ഉഗ്രതാരം പൊട്ടിക്കരഞ്ഞു.

ഗാനരചയിതാവിന്റെ വലത്തുകൈക്കു പ്ലാസ്റ്ററിടേണ്ടിവന്നു. എക്സ്റേ എടുത്തപ്പോൾ കൈമുട്ടിന് രണ്ടംഗുലം കീഴെ ഫ്രാക്ചറുണ്ടെന്ന് കണ്ടുപിടിച്ചു. കാര്യം മനസ്സിലാക്കിയ രചയിതാവ് താനെഴുതിയ അനേകമനേകം ശോകഗാനങ്ങളിൽനിന്ന് നല്ല നല്ല ഈരടികൾ തിരഞ്ഞെടുത്തുരുവിട്ടു ഗദ്ഗദം പൊഴിച്ചു.

സംഗീത സംവിധായകന്റെ ശരീരത്തിൽ ഒരീച്ചയ്ക്കുപോലും പറന്നു വീഴാൻ വയ്യ. ഭയങ്കര വേദന, ജനം ആ മനുഷ്യനെ സർവ്വാംഗം സ്നേഹിച്ചുകളഞ്ഞു. സ്പെഷൽ വാർഡിലെ ഒരു ബെഡിൽ കിടന്ന് സംഗീതസംവിധായകൻ മുഖാരി രാഗമാലപിച്ചു.

ഉഗ്രതാരം ആശുപത്രിയിലെത്തിയ വിവരമറിഞ്ഞ് രോഗികൾ ഇളകിവശായി, ഇഴഞ്ഞും നൊണ്ടിനൊണ്ടിയും ശുശ്രൂഷകരുടെ തോളിൽ പിടിച്ചും അവർ സ്പെഷൽ വാർഡിലേക്കു നീങ്ങി. മേട്രനും സൂപ്രണ്ടും ഓടിയെത്തി രോഗികളെ തടഞ്ഞു, ക്ഷുഭിതരായ രോഗികൾ പിൻമടങ്ങാൻ കൂട്ടാക്കാതെ ഉറച്ചുനിന്നു മുദ്രവാക്യം മുഴക്കി. അതുകേട്ടു ആശുപത്രിജീവനക്കാരും മുദ്രാവാക്യമിട്ടു.

എങ്ങും അരക്ഷിതാവസ്ഥ!

പോലീസിനെ വിളിയ്ക്കുമെന്ന് സുപ്രണ്ടു ഭീഷണിപ്പെടുത്തി.

"പുല്ലാണ്, പുല്ലാണ്..."

രോഗികൾ സമരകാഹളമൂതി .

"പുല്ലാണ്, പുല്ലാണ്..."

ആശുപത്രി ജീവനക്കാർ പല്ലവിയും അനുപല്ലവിയും മുഴക്കി.

പ്രതിഷേധ കോലാഹത്തിൽ ആശുപത്രിയു പരിസരവും കുലുങ്ങിത്തെറിച്ചപ്പോൾ ഉറക്കമരുന്നിന്റെ പിടിയിൽ നിന്ന് നിർമ്മാതാവിന് മോചനം കിട്ടി.

"വെള്ളം വേണോ?"

ഗുരു ചോദിച്ചു. നിർമ്മാതാവ് ചുണ്ടു വിടർത്തി. ഓറഞ്ചുനീർ ഔൺസ് ഗ്ലാസ്സിലൂടെ അല്പാല്പം ഒഴിച്ചുകൊടുത്ത് ചുണ്ടും മീശയും തുടപ്പിയ്ക്കുന്നതിനിടയിൽ ഗുരു ചോദിച്ചു.

"എന്നെ മനസ്സിലായോ?"

നിർമ്മാതാവിന്റെ മുഖത്ത് വികാരമൊന്നുമുണ്ടായില്ല.

"ഞാനാണ് ഗുരു ശങ്കരദാസ്സ്"

നിർമ്മാതാവ് മിണ്ടാതെ മിഴിച്ചുനോക്കി കിടന്നു. ഗുരു എഴുന്നേറ്റ് നടുവളച്ച് നെഞ്ച് മുമ്പിലോട്ടു തള്ളി കൈകൂപ്പി കട്ടിലിന്ന് ചേർന്നു നിന്ന്.

"അനന്തപ്പൂർ, ജബൽപൂർ, മണിപ്പൂർ..."

നിർമ്മാതാവിന്റെ കണ്ണിൽ പരിഭ്രാന്തി. ഗുരുവിനുത്സാഹം.

"...തുടങ്ങിയ വിദേശരാജ്യങ്ങളിൽ കുടിയേറിപ്പാർത്ത്, വിവിധ ഭാഷക്കാരെ നൃത്തവിദ്യ പഠിപ്പിച്ചവനാണ് ഞാൻ."

നട്ടെല്ലിന്റെ ചതവിൽനിന്നു അരിച്ചുകയറുന്ന അസഹ്യമായ വേദനയുടെ ലക്ഷണം നിർമ്മാതാവിന്റെ മുഖത്തു പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഗുരു ഗൗനിച്ചില്ല.

"സിനിമയിൽ നൃത്തരംഗങ്ങൾ സംവിധാനം ചെയ്യാൻ എന്നെപ്പോലെ മറ്റാർക്കും കഴിയില്ല."

"ആവൂ!"

നിർമ്മാതാവ് വേദനകൊണ്ട് ഞരങ്ങി. ഗുരു വിവരണം തുടർന്നു.

"ഒരവസരം കിട്ടിയാൽ ഞാനതു തെളിയിക്കും ഇന്നോളമെനിയ്ക്കവസരം കിട്ടീട്ടില്ല. കഴിവുള്ളവന് അവസരം നിഷേധിയ്ക്കുന്ന പതിവാണെവിടെയും. അപ്സരനൃത്തവും അർദ്ധനഗ്നനൃത്തവും എന്റെ മാസ്റ്റർ പീസാണ്."

"ഈശ്വരാ, വലയ്ക്കല്ലേ."

നിർമ്മാതാവിന്റെ ഞരക്കം രോദനമായി. അതു കേൾക്കാത്ത മട്ടിൽ ഗുരു ആത്മകഥയും കൊണ്ട് മുന്നേറി.

"എനിയ്ക്ക് ലോകത്തെമ്പാടും ശിഷ്യന്മാരുണ്ട്. ശിഷ്യന്മാർക്ക് ശിഷ്യന്മാരുണ്ട്. അവരെന്നെ 'ഗുഗ്ഗുരോ' എന്ന് വിളിയ്ക്കുന്നു."

"അമ്മേ, സഹിയ്ക്കാൻ വയ്യേ!"

മുഴുത്ത രോദനത്തോടുകൂടി നിർമ്മാതാവ് കണ്ണടച്ച്.

"കരുണചെയ്യാനെന്ത് താമസം കൃഷ്ണാ"

കണ്ണടച്ചു കിടക്കുന്ന നിർമ്മാതാവിനെ നോക്കി ഗുരുവിന്റെ ആത്മാവ് പാടി. അങ്ങനെ പാടാൻ കാരണമുണ്ട്. ഏതെങ്കിലുമൊരു സിനിമാനിർമ്മാതാവിന്റെ കാരുണ്യത്തിനുവേണ്ടി ഗുരു കാത്തിരിയ്ക്കാൻ തുടങ്ങിട്ടു വർഷങ്ങളായി. തന്റെ ശിഷ്യരും ശിഷ്യരുടെ ശിഷ്യരും സിനിമയിൽ കയറി പേരും പണവും വാരിക്കൂട്ടി. തനിയ്ക്കതു കഴിഞ്ഞില്ല. മിടുക്കും മേന്മയുമില്ലാഞ്ഞട്ടാണോ? ബുദ്ധിയുള്ളവരതു പറയില്ല. തന്റെ

കഴിവിൽ ആർക്കും ഇന്നോളമൊരു സംശയമുണ്ടായിട്ടില്ല. പിന്നെ ഈ പരാജയം എന്തുകൊണ്ട്? അവസരം വരാഞ്ഞിട്ട്. ഇപ്പോൾ അവസരം വന്നിരിയ്ക്കുന്നു! സുവർണ്ണാവസരം! ഒട്ടും പാഴാക്കിക്കൂടാ.

"വെള്ളം വേണോ?" ഗുരു ചോദിച്ചു. ഉത്തരമില്ല. കൺപീലികൾപോലും ഇളക്കുന്നില്ല.

ഉറങ്ങട്ടെ, മതിയാവോളം ഉറങ്ങട്ടെ. ക്ഷീണവും മനസ്സിന്റെ വിഷമവും തിരുന്നവരെ ഉറങ്ങട്ടെ. അല്പം കഴിഞ്ഞോ ഇല്ലെങ്കിൽ നാളെയോ മറ്റന്നാളോ ഉണരും. ഉണരാതിരിക്കില്ല. ഉണരുമ്പോൾ നിവേദനം സമർപ്പിക്കണം. കഴിവുകൾ ഒന്നൊന്നായി എടുത്തു പറഞ്ഞു വിശ്വസിപ്പിയ്ക്കണം.

ക്ഷമാപൂർവ്വം കാത്തിരിയ്ക്കാൻ തീരുമാനിച്ച ഗുരു നിർമ്മാതാവിനെ പതുക്കെ വീശാൻ തുടങ്ങി.

സംവിധായകനും ഉഗ്രതാരത്തിനും ഗാനരചയാതാവിനുമൊക്കെ ശുശ്രൂഷയ്ക്കു വേണ്ടുവോളം ആരാധകരുണ്ടായിരുന്നു. അവർക്കു നിർല്ലോഭം നിവേദനങ്ങൾ കിട്ടിയിരുന്നു.

ആശുപത്രിയിൽ ദിനപത്രങ്ങളെത്തിയപ്പോൾ ബഹളം കൊടുമ്പിരിക്കൊണ്ടു. കാരണം, പത്രങ്ങളിൽ നിറച്ചും സിനിമാതാരങ്ങളെ സംബന്ധിച്ച ചിത്രകഥകളായിരുന്നു. ജനം മതിമറന്ന് സ്നേഹിക്കുന്നതിന്റെ വിവിധ ചിത്രങ്ങൾ! ചിത്രങ്ങൾക്കടിയിൽ വിചിത്രമായ കുറിപ്പുകൾ!

ആശുപത്രിയിലെ ഇരിപ്പും കിടപ്പും. പത്രസമ്മേളനങ്ങൾ, അഭിമുഖസംഭാഷണങ്ങൾ! ഡോക്ടർമാരുടെ പരിശോധന, നേഴ്സുമാരുടെ ശുശ്രൂഷ, ജനത്തിന്റെ ഉൽക്കണ്ഠ, പോലീസുകാരുടെ ജാഗ്രത!

അനേകം ചിത്രങ്ങൾ!

ചിത്രകഥയിൽ പ്രഥമസ്ഥാനം ഉഗ്രതാരത്തിനായിരുന്നു. പൊതുവിലൊരു തലക്കെട്ടോടുകൂടി ആ കഥ പ്രത്യക്ഷപ്പെട്ടു.

"വീണിതല്ലോ കിടക്കുന്നു ധരണിയിൽ."

ധരണി സ്പെഷൽ വാർഡിലെ ബെഡ്ഡായിരുന്നു. ഉഗ്രതാരം അവിടെയാണ് വീണുകിടന്നത്! ആ ചിത്രത്തിന് അർത്ഥപൂർണ്ണമായ ഒരടിക്കുറിപ്പുണ്ടായിരുന്നു.

"സ്മൈൽ പ്ലീസ്സ്!"

പിറകെ ഫ്ലാഷ്ബാക്കിൽ അനേകം കഥകൾ!

ഉഗ്രതാരം ഈറ്റപ്പുലിയുമായി ഗുസ്തിപിടിക്കുന്നു. അടിക്കുറിപ്പ്.

"വന്യമൃഗങ്ങളെ കഴുത്തുഞെരിച്ചു കൊന്ന് രക്തം പിഴിഞ്ഞെടുത്ത് കഞ്ഞി പാർച്ച നടത്തിയ ധീരസാഹസികൻ."

ചിത്രം കണ്ടും അടിക്കുറിപ്പ് വായിച്ചും ജനത്തിന് രോമാഞ്ചമുണ്ടായി.

തുടർന്ന് മറ്റൊരു ചിത്രം വരുന്നു. ശത്രുരാജാവുമായി ഒരു വാൾപയറ്റ്. അവിടെയുമുണ്ട് അടിക്കുറിപ്പ്.

"ദൂഷടനിഗ്രഹ വ്യഗ്രനായ മന്നോരിൽ മന്നൻ."

ആ മന്നോരിൽ മന്നനാണ് വീണുകിടക്കുന്നത്.

ഉഗ്രതാരത്തെ കണ്ട് കണ്ണു കുളിർപ്പിച്ചേ അടങ്ങുവെന്നു രോഗികൾ വാശി പിടിച്ചു. ആശുപത്രി ജീവനക്കാർ സത്യഗ്രഹത്തിനൊരുങ്ങി.

സ്ഥിതി നിയന്ത്രണാധീനമല്ലാതെവന്നപ്പോൾ അധികൃതർ കൂടിയാലോചിച്ചൊരു പൊടിക്കൈ പ്രയോഗിച്ചു. അടച്ചുമൂടിയ ആംബുലൻസിൽ പോലീസ്സ് അകമ്പടിയോടെ സിനിമാതാരങ്ങളെ അജ്ഞാതമായൊരു സ്ഥലത്തേക്കുമാറ്റി.

രോഗികൾ നിശ്ശബ്ദരായി കിടക്കകളിലേക്കു മടങ്ങി. ജീവനക്കാർ ഡ്യൂട്ടിയിൽ പ്രവേശിച്ചു.

എങ്ങും ശാന്തി!

സമനില തിരിച്ചു കിട്ടിയപ്പോൾ ജനം നെടുവീർപ്പിട്ടു. നെടുവീർപ്പിട്ട് ഹൃദയഭാരം ചുരുങ്ങിയപ്പോൾ പരിസരബോധം കൈവന്നു. പരിസരബോധം കൈവന്ന ജനം യോഗീശ്വരനെ സ്മരിച്ചു. പിന്നെ തിരിഞ്ഞോട്ടമാണ്. ആശുപത്രിപ്പടിയ്ക്കൽ നിന്ന് ബങ്ക്ളാവിന്റെ പടിയ്ക്കലേയ്ക്ക്!

വാസുമുതലാളിയ്ക്കു എല്ലാം ഒരു ദുഃസ്വപ്നം പോലെ അനുഭവപ്പെട്ടു. ഒന്നും വിശ്വസിക്കാൻ കഴിയുന്നില്ല യോഗീശ്വരന്റെ കാൽപ്പൊടിയ്ക്കു വേണ്ടി യാചിച്ചു കഴിഞ്ഞുകൂടിയ ജനം ഒരു നിമിഷം കൊണ്ടാണ് മാറുന്നത്. തളർന്നുപോയി, ജനങ്ങൾ ഭക്തിമാർഗ്ഗത്തിൽ വ്യതിചലിയ്ക്കുന്നത് കണ്ടുള്ള തളർച്ചയായിരുന്നില്ല. വളരെ സമർത്ഥമായി ആസൂത്രണം ചെയ്തെടുത്ത നല്ലൊരു പരിപാടിയാണ് ജനങ്ങളുടെ വിവരക്കേടുകൊണ്ട് പരാജയപ്പെട്ടുപോയത്. യോഗീശ്വരനെന്ന പ്രതിഭാസം മഹാനഗരത്തെ കീഴടക്കി നില്ക്കുകയിരുന്നു. ആരാലും ചോദ്യംചെയ്യാൻ കഴിയാത്തവിധം അതൊരു സത്യമായി കഴിഞ്ഞിരുന്നു. ആ സത്യമാണ് ചിന്നിച്ചിതറിപ്പോയത്.

നാശംപിടിച്ച സിനിമാതാരങ്ങൾ വലിഞ്ഞുകയറി വന്നപ്പോൾ സന്തോഷിച്ചു. യോഗീശ്വരന്റെ പ്രശസ്തിയുടെ കിരീടത്തിൽ അതൊരു പുത്തൻ കോഹിനൂർ പതിക്കുമെന്ന് വിശ്വസിച്ചാണ് സന്തോഷിച്ചത്. പക്ഷേ, കാറ്റു മാറി വീശി. ഈ ജനങ്ങളെ വിശ്വസിച്ചവർ എന്നെങ്കിലും എവിടെയെങ്കിലും നേരെയായിട്ടുണ്ടോ? അവരെ വിശ്വസിച്ച് വല്ല കാര്യത്തിനുമിറങ്ങി പുറപ്പെടാമോ? അവരുടെ ഭക്തിയും സ്നേഹവും സഹതാപവും ആരാധനയുമെല്ലാം നൈമിഷികമായ വികാരത്തിന്റെ ശക്തിമത്തായ പ്രകടനം മാത്രമല്ലെ. അതെന്നും എവിടേയും അല്പായുസ്സായിരുന്നില്ലേ?

തകർച്ചയുടെ ആഘാതത്തിൽനിന്നു മുക്തമാവാൻ വളരെ നേരമെടുത്തു. ഭജനസംഘത്തിലെ ഏതാനും പെണ്ണുങ്ങളും എന്തുചെയ്യണമെന്നറിയാതെ പരുങ്ങുന്ന യോഗീശ്വരനും മാത്രമുള്ള പന്തൽ വാസുമുതലാളിയ്ക്കു ശവപ്പറമ്പുപോലെ തോന്നി. തന്റെ അഭിലാഷമത്രയും ചിതയിലേറ്റിയ ശവപ്പറമ്പ്!

മഹിളമാരെ വിരട്ടി ഓടിക്കണമെന്നു തോന്നി. യോഗീശ്വരനെ കഴുത്തുപിടിച്ച് പുറംതള്ളി ഗെയിറ്റടയ്ക്കണമെന്നു തോന്നി.

മതി! മുഴവനും പോയി തുലയട്ടെ. ഒന്നും വേണ്ട. ആയുഷ്ക്കാലം മുഴവൻ സുഖമായി കഴിഞ്ഞുകൂടാനുള്ള വക സമ്പാദിച്ചിട്ടുണ്ട്.

കുഴപ്പമവിടെയല്ലല്ലോ. യോഗീശ്വരനെ എങ്ങിനെ കയ്യൊഴിയ്ക്കും. ജനങ്ങളുടെ ഇടയിൽ, സ്വർണ്ണപ്രഭുവിനേയും നന്തഭട്ടിനേയും ഭീംജിയേയുംപോലുള്ള യഥാർത്ഥ ഭക്തന്മാരില്ലേ? അവരോടെന്തു പറയും? ഈ മാറാപ്പ് തോളിൽ കേറ്റേണ്ടിയിരുന്നില്ല.

വാസുമുതലാളി അസ്വസ്ഥതയോടെ പന്തലിലങ്ങുമിങ്ങും നടന്നു. കാൽപെരുമാറ്റം കേട്ട് യോഗീശ്വരൻ സമാധിയുണർന്ന് കണ്ണമിഴിച്ചു നോക്കി. രോഷം കൊണ്ട് തിയ്യാളുന്ന വാസുമുതലാളിയുടെ മുഖം കണ്ടപ്പോൾ സമാധിയാണ് നല്ലതെന്ന് കരുതി യോഗീശ്വരൻ വീണ്ടും കണ്ണടച്ചു.

ധർമ്മസങ്കടത്തിലായിരുന്നു വാസുമുതലാളി. യോഗീശ്വരനെന്ന പുലിവാൽ പിടിച്ചു നില്ക്കാനും വിടാനും പറ്റാത്ത നിലയിൽ തന്റെ ജീവിതവുമായി ഒട്ടിപ്പിടിച്ചു നിൽക്കുന്നു.

ചീത്തപ്പേരുണ്ടാവും. കലശലായ പരിഹാസം കേൾക്കേണ്ടി വരും. സമുദായത്തിൽ ഇന്നുള്ള പദവി നഷ്ടപ്പെടും.

വയ്യ! അതൊരിയ്ക്കലും വയ്യ. എത്രയധികം ക്ലേശിച്ചാണ് പദവിയുണ്ടാക്കിയത്. ജനങ്ങളുടെ ഭ്രാന്തിനെ ചൊല്ലി അതുപേക്ഷിക്കാനൊരിയ്ക്കലും വയ്യ. പദവി നൈമിഷികമാക്കാൻ പറ്റില്ല. ജനങ്ങളുടെ വികാരപ്രകടനമാണ് നൈമിഷികം.

കുറച്ചുകൂടി കരുതലോടെ മുമ്പോട്ടു നീങ്ങാനുറച്ചുകൊണ്ട് മുതലാളി കാര്യസ്ഥനെ വിളിച്ചു. “എടാ, പരമൂ.”

പരമു ഓടിയെത്തി.

“എടാ ക്ഷണത്തിൽ മുള്ളു കമ്പി വരുത്തണം.”

നിർദ്ദേശങ്ങൾ വഴിവഴിയായി പുറപ്പെട്ടു. മതിലിടിഞ്ഞ സ്ഥലം ഇപ്പോൾ തന്നെ വേലി കെട്ടിപ്പിയ്ക്കണം.”

പിന്നെ ടെലിഫോണിന്നടുത്തേയ്ക്കു നീങ്ങി. ധൃതിയിൽ ഡയൽ ചെയ്തു.

“ഹലോ.” കാത്തുനിന്നു.

“അതെ, സാർ…ഒന്നും പറയേണ്ട. കനത്ത നാശനഷ്ടങ്ങൾ പറ്റി…”

മറുപടി ശ്രദ്ധിച്ചു.

“അതൊന്നും സാരമില്ല സാർ. ആദ്ധ്യാത്മിക കാര്യങ്ങൾക്കു ജീവൻപോലും ബലികൊടുക്കാൻ ഞാനൊരുക്കമാണ്. ഈ നഷ്ടമെന്നും ഞാൻ കണക്കാന്നില്ല സാർ.”

പിന്നേയും മറുപടിക്കു കാത്തുനിന്നു.

“അതല്ല സാർ ഞാൻ പറയുന്നത്. ജനങ്ങളിങ്ങനെ തുടങ്ങിയാൽ ജീവനും സ്വത്തിനും വല്ല രക്ഷയുണ്ടോ? ഇങ്ങനെ ഭ്രാന്തുകാണിക്കാൻ ജനങ്ങളെ വിടരുത്.”

മറുഭാഗം ഇടയിൽകടന്നെന്തോ പറയാൻ തുടങ്ങിയതുകൊണ്ട് വാസുമുതലാളിയ്ക്കു നിശ്ശബ്ദമായി ശ്രദ്ധയ്ക്കേണ്ടിവന്നു. പിന്നെ ഒരു പഴുതു കിട്ടിയപ്പോൾ തുടർന്നു.

"സാർ, തെറ്റിദ്ധരിക്കരുത്. പോലീസ്സിന്റെ ശക്തിപ്രകടനം മതിയായില്ലെന്നാണ് പരക്കെ പറയുന്നത്. നിക്കട്ടെ സാർ, ഞാൻ പറയട്ടെ. യോഗീശ്വരനിതൊന്നും ഒരു പ്രശ്നമല്ല. ഹിലാലയത്തിലെ വനാന്തരങ്ങളിൽ കഴിച്ചുകൂട്ടിയ അദ്ദേഹത്തിന്ന് എന്നെപ്പോലൊരു നിസ്സാരന്റെ സഹായമെന്നും ആവശ്യമില്ല. നഗരവാസികളുടെ മഹാഭാഗ്യത്തിന്ന് ആ മഹാത്മാവ് ഇവിടെ തങ്ങാമെന്ന് സമ്മതിച്ചു. ജനങ്ങളുടെ ഭ്രാന്തുകൊണ്ട് ആ മഹാനുഗ്രഹം നഷ്ടപ്പെടുത്താൻ പാടുണ്ടോ?"

മറുഭാഗത്തെ നീണ്ട പ്രസംഗം കേട്ടുകൊണ്ടു വാസുമുതലാളി നിന്നു. അതവസാനിച്ചപ്പോൾ ഒരപേക്ഷ സമർപ്പിച്ചു.

"ഇതുകൊണ്ടൊന്നും ഭജന നിർത്താൻ പോകുന്നില്ല സാർ, തുടർന്നുപോകും. മഹാനവമിയ്ക്ക് അഗതികൾക്കന്നദാനം. ദശമി ദിവസം അഖണ്ഡ ഭജന യജ്ഞത്തിന്റെ സമാപനവും അവഭൃതസ്നാനവും. നൂറ്റൊന്ന് കാറുകളുടെ ഒരു ഘോഷയാത്ര അന്ന് വേണമെന്നാണ് തീരുമാനിച്ചത്. അതുകൊണ്ട് സാർ കൂടുതൽ പോലിസുകാരെ അയച്ചുതരണം. വേണ്ടിവന്നാൽ അടിയന്തരഘട്ടത്തിൽ ബലപ്രയോഗം നടത്താനവർക്ക് അനുമതിയും കൊടുക്കണം...താങ്ക്സ് സാർ. താങ്ക്സ്."

ഉറച്ച തീരുമാനമെടുത്ത് വീണ്ടും പന്തലിൽ പ്രവേശിച്ച വാസുമുതലാളി ഭജനഗാനം തുടരാൻ മഹിളമാർക്കനുമതി നൽകി.

മഹിളമാർ മൈക്രോഫോണിന്നടുത്തിരുന്ന് കണ്ഠശുദ്ധി വരുത്തി. ഇടവേളയ്ക്കുശേഷം അഖണ്ഡ ഭജന യജ്ഞത്തിന്റെ ശബ്ദം ഉച്ചഭാഷിണിയിലൂടെ നിരത്തിലേക്കൊഴുകി.

ആശുപത്രിപ്പരിസരത്തുനിന്ന് തിരിഞ്ഞോടിയ ജനം വാസുമുതലാളിയുടെ പടിയ്ക്കലെത്തിയപ്പോൾ ഭജനഗാനം കേട്ടു. മതിലിടിഞ്ഞ സ്ഥലം മുള്ളുകമ്പികൾ കൊണ്ട് വേലികെട്ടിയുറപ്പിച്ചത് കണ്ടു. യോഗീശ്വരനെ ഒരു നോക്കു കാണാൻ അവർ മുള്ളുകമ്പികൾക്കിടയിലൂടെ പാളിനോക്കി.

— 17 —

# പതിനേഴ്

ഇൻലന്റ് പൊട്ടിയ്ക്കുമ്പോൾ ഗുരുവിന്റെ കൈ വിറച്ചിരുന്നു. ഹൃദയം കലശലായി മിടിച്ചിരുന്നു.

മുത്തുലക്ഷ്മി എന്ന ദ്രാവിഡ മങ്കയുടെ കത്താണ്. കുടിയേറിപ്പാർത്ത ഭാഷാപ്രവിശ്യയിലൊക്കെ ഗുരു സംബന്ധം വെച്ചിരുന്നു. കാശ്മീരിൽനിന്ന് കന്യാകുമാരിയിലേയ്ക്ക് വിവാഹത്തിലൂടെ ദേശീയോദ്ഗ്രഥനം സാധിച്ചുകൊണ്ടാണ് ഗുരു മുന്നേറിയത്. ഒടുവിലത്തെ ഉദ്ഗ്രഥനം തമിഴ്നാട്ടിൽ നടന്നു. അതിന്റെ ഫലമാണ് മുത്തുലക്ഷ്മിയെന്ന ദ്രാവിഡമങ്ക.

കത്തു പൊട്ടിച്ചപ്പോൾ അക്ഷരങ്ങൾക്കു പകരം മുത്തുലക്ഷ്മി തന്നെ പ്രത്യക്ഷപ്പെട്ടുംപോലെ ഗുരുവിനു തോന്നി. ചിരട്ടക്കരിയുടെ നിറം, പച്ച ബോർഡറിൽ കടുംചുകപ്പാർന്ന സാരി ചുറ്റിയ തടിച്ച ശരീരം വസൂരിക്കല നിറഞ്ഞ മുഖം ചിതൽപ്പുറ്റുപോലെ തള്ളിനിൽക്കുന്ന മൂക്കിന്നറ്റത്ത് ചുകന്ന കല്ലുവെച്ചമൂക്കുത്തി, വെറ്റിലക്കറ പിടിച്ച പല്ല്.

"കണ്ണേ, കാപ്പാത്തുങ്കോ."

ഗുരു പേടിച്ചു വിറച്ച് പതുക്കെ പറഞ്ഞു. മുത്തുലക്ഷ്മിയുടെ കോപം ശമിപ്പിയ്ക്കാൻ പണ്ട് പലതവണ ഉച്ചരിച്ച് തഴക്കം വന്ന മന്ത്രമാണത്.

കത്തിൽ രൂക്ഷമായ അന്ത്യശാസനമായിരുന്നു. ഓരോ വാക്കും മുത്തുലക്ഷ്മിയുടെ അട്ടഹാസത്തിന്നു സമം. ഉടനെ വന്നു കൂട്ടിക്കൊണ്ടുപോകുന്നില്ലെങ്കിൽ കുളന്തകൾ സമേതം തിരക്കി പുറപ്പെട്ടും കണ്ടുപിടിച്ചു പകരം ചോദിയ്ക്കും.

കണ്ടുപിടിച്ചെങ്കിൽ പകരം ചോദിയ്ക്കുമെന്ന കാര്യം തീർച്ചയാണ്. അവളതിനൊക്കെ പോന്നവളാണ്.

"കോപപ്പെടാതെ കണ്ണേ, കോപപ്പെടാതേ. എല്ലാം ഒരു വാരത്തുക്കുള്ളേ ബേഷായ് മുടിച്ചു വിടുവൻ."

മനശ്ശാന്തിയ്ക്കുവേണ്ടി പതുക്കെ ഗുരുവങ്ങനെ പിറുപിറുത്തു. മുത്തുലക്ഷ്മി മനസ്സിൽ കടന്ന് നിവർന്നു നിന്നപ്പോൾ യോഗീശ്വരനോടുള്ള ഭക്തിയും സിനിമാ നിർമ്മാതാവിനോടുള്ള കമ്പവും ഒരുമിച്ചു പമ്പകടന്നു. ഭയമെന്ന ഒരേയൊരു വികാരം ഗുരുവിനെ കീഴടക്കി.

കത്തിൽ സൂചിപ്പിച്ചപോലെ മുത്തുലക്ഷ്മിയും പ്രജകളും വന്നു ചേർന്നെങ്കിൽ ജന്മം തുലഞ്ഞു. അശ്വഹൃദയത്തിൽ തലചായ്ക്കാനൊരിടം നേടിയെടുത്തത് വളരെ തന്ത്രപരമായിട്ടായിരുന്നു. ആരൊരു സഹായം ചെയ്യും. ചാടിപ്പുറപ്പെട്ടു വന്നാൽ എവിടെ കുടിയിരുത്തും. ഭാര്യയെന്നു പറഞ്ഞ് വല്ലവർക്കും പരിചയപ്പെടുത്തില്ലായിരുന്നു. ഇങ്ങിനെയൊരു മാറാപ്പ് കഴുത്തിൽ തൂങ്ങുമെന്ന് ഒരിയ്ക്കലും കരുതിയതല്ല. ഗുരു ഒരു ഞെട്ടലോടെ ആ സംഭവമോർത്തു.

കോയമ്പത്തൂരിൽ വണ്ടിയിറങ്ങുന്നു. ഹോട്ടലിൽ മുറിയെടുത്തു താമസമുറപ്പിയ്ക്കുന്നു. വലിയ വലിയ വീടുകളുമായി സമ്പർക്കം പുലർത്തുന്നു. ട്യൂഷൻ സമ്പാദിയ്ക്കുന്നു. ശിഷ്യകളുടെ എണ്ണവും പ്രതിഫലത്തിന്റെ തുകയും ക്ഷണത്തിൽ വർദ്ധിയ്ക്കുന്നു.

ഭാരിച്ച ചെലവുള്ളതായിരുന്നു ഹോട്ടലിലെ താമസം. അതുകൊണ്ട്, ചുരുങ്ങിയ ചെലവിൽ അന്തിയുറക്കിന്നുമാത്രം ഒരു സ്ഥലം കണ്ടുപിടിയ്ക്കാൻ ശ്രമിച്ചു. ഹോട്ടലിലെ മലയാളിയായ അരിവെപ്പുകാരൻ സഹയത്തിന്നെത്തി.

രണ്ടുപേരുംകൂടി ഒരു ദിവസം രാത്രി പുറപ്പെട്ടു പരിചയമില്ലാത്ത തെരുവുകളും റോഡുകളും കടന്ന് എരുമക്കാരുടെ സങ്കേതത്തിലൂടെ ഏരികളുടെ വക്കിലെ പുളിമരങ്ങൾക്കു കീഴിലൂടെ നടന്ന് ഒരു വീട്ടുമുറ്റത്തെത്തി.

അരിവെപ്പുകാരൻ അകത്തു പോയപ്പോൾ മുറ്റത്തെ വേപ്പുമരം ചാരിനിന്നു. അകത്ത് അമർത്തിപ്പിടിച്ച സംസാരവും ചിരിയും വളക്കിലുക്കവും കേട്ടു.

അമർത്തിപ്പിടിച്ച ചിരി കേട്ടു നിൽക്കുമ്പോൾ വേപ്പുമരത്തിന്റെ ചില്ലകൾക്കിടയിലൂടെ വെൺചന്ദ്രിക ഊർന്നു ശരീരത്തിൽ വീഴുന്നുണ്ടായിരുന്നു. ഏരിയിലെ കൊച്ചോളങ്ങളിൽ തട്ടിവരുന്ന തണുത്ത കാറ്റ് മുറുകെ പുണരുന്നുണ്ടായിരുന്നു. എല്ലാം ഒന്നിച്ചു ചേർന്നപ്പോൾ ഗുരുവിന്റെ ശരിരീത്തിൽ പുളകം മുളച്ചു.

അരിവെപ്പുകാരൻ മടങ്ങിവന്ന് ഒറ്റ വാക്കേപറഞ്ഞുള്ളു.

“സമ്മതം.”

അതു പോരല്ലോ വിശദവിവരങ്ങളറിയണ്ടേ?

“വാടക?” ഗുരു ചോദിച്ചു.

“ഇഷ്ടമുള്ളതു കൊടുത്താൽ മതി.”

അരിവെപ്പുകാരൻ സംശയിയ്ക്കാതെ പറഞ്ഞു.

അപ്പറഞ്ഞത് വളരെ ഹൃദ്യമായി. വളക്കിലുക്കവും അമർത്തിപ്പിടിച്ച ചിരിയുമുള്ള വീട്ടിൽ ഇഷ്ടമുള്ളതു കൊടുക്കുക. ഉടനെ സമ്മതിച്ചു.

“ഓ! ഇഷ്ടമുള്ളതു കൊടുക്കാം.”

പിറ്റേന്നു താമസം തുടങ്ങി. പെട്ടിയും കിടക്കയുമെടുപ്പിച്ചു. വീട്ടുമുറ്റത്ത് ചെന്നു നിന്നപ്പോൾ അകത്ത് ആദ്യം വളകിലുക്കം കേട്ടു. പിന്നെ സ്ത്രീസ്വരമെന്നു സങ്കല്പിയ്ക്കാവുന്ന ഒരു ശബ്ദവും.

“അങ്കേ പടുക്കലാം.”

‘അങ്കെ’ എന്നുവെച്ചാൽ വീട്ടിന്റെ ഓരത്തുള്ളൊരു ചായ്പ്. മറ്റു മുറികളുമായി അതിന്നു ബന്ധമില്ല. ബാഹ്യലോകവുമായി ബന്ധപ്പെടാൻ ഒരു വാതിലുണ്ട്. ചാണകം മെഴുകിയ തറയാണെങ്കിലും മുറിയ്ക്കു വൃത്തിയും വെടിപ്പുമുണ്ട്. ഒരു കട്ടിൽ ചെറിയൊരു മേശ. ഇത്രയുമാണുപകരണങ്ങൾ. മതി. കൂടുതൽ ആവശ്യമില്ല. അടുത്തെങ്ങും മനുഷ്യവാസമില്ലാത്തതുകൊണ്ടു ഒച്ചയും ബഹളവും എത്തിനോക്കില്ല.

പകൽ മുഴവൻ കുട്ടികൾക്കു ‘ധീംത്ത തരികിട’ പഠിപ്പിച്ചു ക്ഷീണിയ്ക്കും. മുറിയിൽ കടന്ന ഉടനെ കിടക്ക നിവർത്തി അതിലങ്ങു വീഴും. പിന്നെ മതികെട്ടുറങ്ങും.

പുതിയ പാർപ്പിടത്തിൽ ആദ്യത്തെ രാത്രികടന്നു വന്നപ്പോൾ കിടക്ക വിരിച്ചൊരുക്കിയതായി കണ്ടു. മേശപ്പുറത്ത് ഒരു കൂജയിൽ കുടിയ്ക്കാനുള്ള വെള്ളവും വെച്ചിട്ടുണ്ട്, കൊള്ളാമല്ലോ.

രാവിലെ ഉണർന്നു പുറത്തു കടന്നപ്പോൾ പല്ലുതേപ്പിന്നുള്ള ഒരുക്കങ്ങളാണു കണ്ടത്. പിന്നെ കുളിയ്ക്കാൻ ചൂടുവെള്ളം കിട്ടി. സുഖം. കുളിമുറിയിലെ അഴിച്ചിട്ട അഴുക്കുവസ്ത്രങ്ങൾ അലക്കിത്തേച്ചു സുന്ദരമായി മുറിയിലെത്തി. സ്വന്തം കുടുംബത്തിലെന്ന പോലെ എല്ലാം കണിശമായി നടന്നു. ഇതിന്റെയെല്ലാം പിന്നിൽ വിദഗ്ദ്ധമായി പ്രവർത്തിയ്ക്കുന്ന കൈകളേത്? ആ കൈകൾക്കുടമയാര്? അതു മാത്രം മനസ്സിലായില്ല. ക്ഷമയോടെ കാത്തിരിയ്ക്കാം. എന്നെങ്കിലും മനസ്സിലാവും.

ഏഴുസുന്ദര രാത്രികൾ കടന്നുപോയി പിറകെ പതിനാല് ഏകാന്ത സുന്ദരരാത്രികളും കടന്നുപോയി. പിന്നെ വന്ന സ്വർഗ്ഗീയരാത്രിയിൽ ഒരു വിശിഷ്ടസംഭവമുണ്ടായി. വെള്ളം നിറച്ച കൂജയ്ക്കു പകരം പാലുനിറച്ച ഒരു കപ്പ് മേശപ്പുറത്തു പ്രത്യക്ഷപ്പെട്ടു. മനോരഥം അറിഞ്ഞു പ്രവർത്തിച്ചപോലെ ക്ഷീണത്തിനല്പം പാലു കുടിയ്ക്കണമെന്ന വിചാരം പല നാളായി ഉള്ളതാണ്. അതാരോ എങ്ങിനെയോ മണത്തറിഞ്ഞിരിയ്ക്കുന്നു.

“ബലേ, ബലേ.”

അഭിനന്ദിയ്ക്കാതിരിയ്ക്കാൻ കഴിഞ്ഞില്ല. ഈ മണത്തറിയലിൽ സ്നേഹമുണ്ട്. തീർച്ച.

“നീ താൻ അപൂർവ്വകല്യാണി.”

ഗുരുവിന്റെ അഭിനന്ദനം ഒറ്റവാക്കിലൊതുങ്ങിയില്ല. അത് വാചകമായി നീണ്ടു.

സംഭവത്തിന്നു ചമൽക്കാരഭംഗി പിന്നേയും കൂടിക്കൊണ്ടുവന്നു. ഒരുദിവസം മുറിയിൽ കടന്നപ്പോൾ പാല് നിറച്ച കപ്പിയില്ല. എന്തു പറ്റിയെന്നു ചിന്തിച്ചിരിയ്ക്കുമ്പോൾ വളക്കിലുക്കം. അതു കഴിഞ്ഞു് വാതിലിന്നപ്പുറത്തുനിന്ന് കപ്പും പാലും വളയിട്ട കയ്യും മുമ്പോട്ടു നീങ്ങി. മുഖവും ശരീരവും ഭിത്തിയെന്ന യവനികയ്ക്കു പിന്നിൽ.

ആവേശത്തോടെ കപ്പ് വാങ്ങി, ആവേശത്തോടെ പാല് കുടിച്ചു.

അങ്ങിനെയങ്ങിനെ സംവിധാനഭംഗിയോടെ രംഗങ്ങൾ നീങ്ങിയപ്പോൾ ഓർക്കാപ്പുറത്തൊരു ദിവസം നായിക പ്രവേശിച്ചു.

ഞെട്ടിപ്പോയി!

മുത്തുലക്ഷ്മി!

ആദ്യമാദ്യം ഭയാശങ്കകളുണ്ടായിരുന്നു. വേപ്പിൻ ചില്ലകളിലൂടെ ഊർന്നുവീഴുന്ന ചന്ദ്രികയും ഏരിയിലെ ഓളങ്ങളിൽ തട്ടിവരുന്ന കാറ്റും, വളക്കിലുക്കവും ചേർന്നു പുളകം സമ്മാനിച്ചപ്പോൾ ഭയാശങ്കകളകന്നു. പാല് വെച്ചുനീട്ടുന്ന കൈ തൊടാമെന്നായി. പതുക്കെ പിടിയ്ക്കാമെന്നായി.

"നാശം! ഈ മാറാപ്പ് കഴുത്തിൽ തൂങ്ങാനാണ് യോഗം."

ആലോചന അത്രത്തോളമായപ്പോൾ ഗുരുവിന് ഈർഷ്യയോടെ പിറുപിറുക്കാതിരിയ്ക്കാൻ കഴിഞ്ഞില്ല. കത്ത് തുണ്ടും തുണ്ടമായി കീറി കാറ്റിൽ പറപ്പിച്ചു നടന്നു. എന്തെങ്കിലും പറഞ്ഞു മുത്തുലക്ഷ്മിയെ അടക്കി നിർത്തണം. അല്ലെങ്കിൽ സംഗതി മുഴുവൻ പിശകാവും.

"മറ്റു പ്രവിശ്യകളിലൊക്കെ ഉദ്ഗ്രന്ഥനം നടത്തിയതും രക്ഷപ്പെട്ടതും എത്ര എളുപ്പത്തിലായിരുന്നു. ഇവളൊരുത്തി എല്ലാം കുഴപ്പത്തിലാകുന്ന മട്ടാണ്. മാരണം."

നടക്കുമ്പോൾ ഗുരു വീണ്ടും പിറുപിറുത്തു. പോസ്റ്റാഫീസിൽ ചെന്ന് ഇൻലണ്ട് വാങ്ങി മുത്തുലക്ഷ്മിയ്ക്കു കത്തെഴുതി. ഒരാഴ്ച ക്ഷമിക്കൂ. വീട് അന്വേഷിക്കുന്നുണ്ട്. വേഗം കിട്ടും. ഉടനെ വരാം, കൂട്ടിക്കൊണ്ടുപോരാം.

മതിപ്പുളവാക്കുന്ന ചെറിയ വാക്കുകളിൽ മറുപടിയെഴുതി. ഒടുവിൽ മെമ്പൊടിയ്ക്കൊരു പൊടിപ്പൻ വാചകവും ചേർത്തു.

"കണ്ണേ, കവലപ്പെടാതെ."

കത്ത് പെട്ടിയിലിട്ടപ്പോഴാണ് മണ്ടത്തരം പറ്റിയെന്നു മനസ്സിലായത്.

ഒരാഴ്ച! എന്തിനതെഴുതിച്ചേർത്തു. ഒരാഴ്ച കഴിയുമ്പോൾ മുത്തുലക്ഷ്മി പ്രജകളേയും കൂട്ടി അന്വേഷണത്തിനിറങ്ങില്ലേ? എവിടെ പാർപ്പിക്കാൻ, എങ്ങിനെ പാർപ്പിക്കാൻ? അതു വല്ലതും നടപ്പുള്ള കാര്യമാണോ? ഒരുമിച്ചു പാർപ്പിക്കുകയാണെങ്കിൽ അവളെ മാത്രം മതിയോ? കാശ്മീരിൽനിന്നും ഉത്തരപ്രദേശിൽനിന്നും മദ്ധ്യപ്രദേശത്തുനിന്നും ആന്ധ്രയിൽനിന്നും മഹരാഷ്ട്രയിൽനിന്നും ഉദ്ഗ്രഥനം പുറപ്പെടില്ലേ? ഇവറ്റകളെ മുഴുവൻ കുടിവെക്കാൻ ഒരു വലിയ കൊട്ടാരംതന്നെ വേണ്ടിവരില്ലേ? നാനാഭാഷകളിലൂടെ ശകാരവും ശാപവും ചൊരിഞ്ഞ് നാട്ട് കട്ടിച്ചോറാക്കില്ലേ?

ഒട്ടും ആലോചനയില്ലാതെ മണ്ടത്തരമെഴുതിവിട്ടു. രണ്ടോ മൂന്നോ മാസത്തിനപ്പുറത്തൊരു ദിവസം പറയാമായിരുന്നു.

ഒരാഴ്ച! എത്ര വേഗത്തിലത് കഴിയും? ആലോചന അത്രത്തോളമെത്തിയപ്പോൾ ഗുരുവിന്റെ തലകറങ്ങി. ഭയങ്കരമായ ക്ഷീണം അനുഭവപ്പെട്ടു.

“സൽഗുരുവേ ശരണം!”

വീർപ്പടക്കിപ്പിടിച്ച് മുമ്പോട്ടു കുതിച്ചു. വാസുമുതലാളിയുടെ ബംഗ്ലാവിലേക്ക്. യോഗിവര്യന്റെ മുമ്പിൽ സാഷ്ടാംഗം വീണ് കാലിൽ കെട്ടിപ്പിടിയ്ക്കണം. മുത്തുലക്ഷ്മിയിൽനിന്ന് മോചനം നേടിത്തരാൻ പ്രാർത്ഥിക്കണം. അത്ഭുതസിദ്ധിയുള്ള യോഗിയല്ലേ? അനുഗ്രഹിക്കും; തീർച്ച

ബംഗ്ലാവിന്റെ മുമ്പിലെത്തിയപ്പോൾ അഭൂതപൂർവ്വമായ തിരക്കുണ്ടായിരുന്നു. ആൾക്കൂട്ടത്തിൽ കടന്ന് ആരേയും ശ്രദ്ധിക്കാതെ നടക്കുമ്പോൾ കുഞ്ചുണ്ണിയെ കണ്ടു. കുഞ്ചുണ്ണി ഗുരുവിനെക്കണ്ടില്ല.

ആകെ തളർന്നിരിയ്ക്കുകയായിരുന്നു കുഞ്ചുണ്ണി. തന്റെ പരാജയം ഏറെക്കുറെ സമ്മതിച്ച മട്ടാണ്. അടുത്തടുത്ത് രണ്ടു കാരണങ്ങളതിനുണ്ടായി. ആദ്യത്തേത് തന്റെ വരായുധം നഷ്ടപ്പെട്ടത്. മെഗഫോൺ കയ്യിൽ കിട്ടിയപ്പോഴാണ് യഥാർത്ഥത്തിൽ കുഞ്ചുണ്ണി മുഖപ്രസംഗമെന്തെന്ന് മനസ്സിലാക്കിയത്. “തീപ്പന്തം” നടത്തുമ്പോൾ മുഖപ്രസംഗമുണ്ടായിരുന്നു. പക്ഷേ, അതൊരു കള്ളപ്പേരു മാത്രം. അതിനെ ആ പേരിൽ വിളിയ്ക്കുന്നതിന്റെ യുക്തി എത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല. മെഗഫോൺ മുഖത്തോടടുപ്പിച്ച് പിടിച്ച് ശക്തിയായ ഭാഷയിൽ യോഗീശ്വരനേയും വാസുമുതലാളിയേയും ആക്ഷേപിച്ചപ്പോൾ കുഞ്ചുണ്ണിയ്ക്കു ബോധോദയമുണ്ടായി. ഉടനെ കുഞ്ചുണ്ണി മനസ്സിൽ പറഞ്ഞു:

“ഇതാ, ഇതാണ് സാക്ഷാൽ മുഖപ്രസംഗം ഈ കേൾക്കുന്നതാണ് സത്യത്തിലുള്ള മുഖപ്രസംഗം. പത്രക്കാർ പറയുന്നത് പെരും കള്ളമാണ്. അവർക്ക് മുഖപ്രസംഗമില്ല, അവർ മുഖപ്രസംഗമെന്നു വിളിയ്ക്കുന്നത് മറ്റെന്തിനേയോ ആണ്.”

തീപ്പന്തം നഷ്ടപ്പെട്ട ദുഃഖം മെഗഫോൺകൊണ്ട് കുഞ്ചുണ്ണി നികത്തി. അതിലൂടെ പുറത്തുവന്നതെല്ലാം മുഖപ്രസംഗമായിരുന്നു. ആ വരായുധം നഷ്ടപ്പെട്ടപ്പോൾ കുഞ്ചുണ്ണിയ്ക്കു വല്ലാത്ത തകർച്ച പറ്റി.

പോലിസ്സിന്റെ വീര്യപ്രയോഗം നടന്നപ്പോഴാണത് സംഭവിച്ചത്. ഭക്തജനങ്ങൾ പേടിച്ചു പലവഴിയ്ക്കോട്ടുകയായിരുന്നു. ഓട്ടത്തിൽ കുഞ്ചുണ്ണിയെ അവർ തള്ളി മറിച്ചിട്ടു. പിടിവിട്ടു തെറിച്ചുവീണ മെഗഫോണവർ ചവുട്ടിമെതിച്ച് പപ്പടപ്രായമാക്കി. പൊലീസ്സിനെ പേടിച്ചോടുന്ന ഭക്തജനങ്ങൾക്കു ഭ്രാന്തായിരുന്നു. മണ്ണിലമർന്നുകിടക്കുന്ന മെഗഫോൺ നോക്കി കുഞ്ചുണ്ണി നെടുവീർപ്പിട്ടു. വിങ്ങിക്കരയണമെന്നു തോന്നി. പക്ഷേ, കരഞ്ഞില്ല. വാസുമുതലാളിയുടെ വീടും പരിസരവും ശൂന്യമായി കിടക്കുന്നു. ഭക്തജനത്തിന്റെ പൊടിപോലുമില്ല.

“ഭേഷ്!”

കുഞ്ചുണ്ണി പോലീസ്സിനെ അഭിനന്ദിച്ചു. ബലയോഗത്തിനിടയാക്കിയ സിനിമാതാരങ്ങളെ അഭിനന്ദിച്ചു. ഒരു ഞൊടിയിടകൊണ്ട് യോഗീശ്വരന്റെ മഹത്വം മുഴുവൻ

തട്ടിത്തെറിപ്പിച്ചോടിപ്പോയ ജനങ്ങളെയും അഭിനന്ദിച്ചു.

ആ ശൂന്യയിൽ, ആ നിശ്ശബ്ദതയിൽ നിന്നുകൊണ്ട് യോഗീശ്വരനേയും വാസുമുതലാളിയേയും വെല്ലുവിളിയ്ക്കാൻ അതികലശലായ ആഗ്രഹമുണ്ടായി. കുറിയ്ക്കു കൊള്ളും. പക്ഷേ, ആയുധമില്ല. ആയുധമില്ലാത്തതുകൊണ്ട് അടങ്ങിയിരിയ്ക്കാൻ പറ്റുമോ?

പുതിയൊരു മെഗഫോൺ വാങ്ങാൻ തീരുമാനിച്ചുകൊണ്ട് കുഞ്ചുണ്ണി സ്ഥലം വിട്ടു.

പുതിയ മെഗഫൊൺ പണിതീർത്തെടുക്കേണ്ടിയിരുന്നു. പണിതീരുമ്പോഴേയ്ക്കു ദിവസമൊന്നു പോയി. എങ്കിലും ഉത്സാഹത്തോടെ പിറ്റേന്ന് തിരിച്ചുവന്നു. വന്നപ്പോൾ തകർച്ചക്കുള്ള രണ്ടാമത്തെ കാരണം കാത്തിരിയ്ക്കുന്നു.

വാസുമുതലാളിയുടെ വീടും പരിസരവും ഭക്തജനങ്ങൾ പൊതിഞ്ഞു നിൽക്കുകയാണ്. ഉച്ചഭാഷിണിയിലൂടെ അഖണ്ഡ ഭജന ഗാനമൊഴുകുന്നു. ജനക്കൂട്ടത്തെ കണ്ടപ്പോൾ, ഭജനഗാനം കേട്ടപ്പോൾ ആകെ തളർന്നു പോയി.

ആർക്കുവേണ്ടി ഈ കഷ്ടപ്പാടൊക്കെ സഹിയ്ക്കണം? ജനങ്ങൾക്കു വേണ്ടിയോ? ഒരിയ്ക്കലും ഒരു തരത്തിലും വിശ്വസിയ്ക്കാൻ പാടില്ലാത്ത ജനങ്ങൾക്കു വേണ്ടിയോ? കുഞ്ചുണ്ണി തളർന്നൊരിടത്തിരുന്നു. ഇരുന്നേടത്തു വെച്ചൊരാത്മപരിശോധന നടത്തി.

എന്തുചെയ്തും ജീവിയ്ക്കണമെന്ന ഉദ്ദേശത്തോടെയാണ് മഹാനഗരത്തിൽ വന്നത്. ഉദ്ദേശത്തിനനുസരിച്ചുതന്നെ ഏറെക്കുറെ പ്രവർത്തിക്കുകയും ചെയ്തു.

ഹസ്തരേഖാശാസ്ത്രജ്ഞനായി. ഊമക്കത്തെഴുതുന്ന, പ്രതിഫലം വാങ്ങി വ്യഭിചാരദോഷം നടപടി ദൃഷ്യവും അച്ചടിച്ചു വിറ്റു കാശുണ്ടാക്കി. പണവും പദവിയുമുള്ളേടത്താണധികം മുട്ടിയത്. മുട്ടിമുട്ടി വന്നു മുതലാളിയെ മുട്ടി. നോട്ടുകെട്ടുകളുമായി ദൂതൻ വന്നു. അതായിരുന്നു ആവശ്യം. അല്ലാതെ വാസുമുതലാളിയുടെ കരിഞ്ചന്ത തടയാനും പൂഴ്ത്തിവെപ്പ് തടയാനും ഉദ്ദേശമുണ്ടായിരുന്നില്ല. നോട്ടുകെട്ടുകൾ വരണം. പണക്കാരനാവണം. അന്തസ്സിൽ നാട്ടിലേയ്ക്കു തിരിയ്ക്കണം. ആക്ഷേപിച്ചവരുടെ മുമ്പിലൂടെ തലയയുർത്തി നടക്കണം. അവഗണിച്ചവരെ വിലയ്ക്കു വാങ്ങണം. അക്കൂട്ടത്തിൽ ശാരിയും പെടും.

ഈ നല്ല ഉദ്ദേശത്തോടെ പ്രവർത്തിയ്ക്കുമ്പോൾ നോട്ടുകെട്ടുകളുമായി വന്ന ദൂതനെയെന്തിന് വെറുപ്പിച്ചയച്ചു? അപ്പോൾ അല്പം തലക്കനമുണ്ടായിരുന്നു എന്തുചെയ്തും ജീവിക്കുമെന്ന് തീരുമാനിച്ചവന്ന്. പാടില്ല ദൂതന്റെ കൈവശം കൊടുത്തയച്ചവാങ്ങേണ്ടതായിരുന്നു.

കൂടുതൽ പണം നേടാൻ കൂടുതലപവാദം വാസുമുതലാളിയുടെ നേർക്കു തൊടുത്തു. അപ്പോൾ ഒന്നാലോചിയ്ക്കേണ്ടതായിരുന്നു. കീഴടക്കാനുള്ള പരിശ്രമം പോലെ കീഴടങ്ങാതെ കഴിയ്ക്കാനും പരിശ്രമമുണ്ടാവില്ലേ? അതുണ്ടായി. അതുണ്ടായപ്പോൾ

വാശിയായി. വശി കൊള്ളാവുന്നതാണോ? എന്തു ചെയ്തും ജീവിക്കനൊരുങ്ങിയവ ന്, പണം സമ്പാദിച്ച വലിയവനാവൻ തീരുമാനിച്ചവന്, വാശി പാടില്ല.

വാശി മുഴത്തപ്പോൾ അഭിമാനത്തിന്റെ പ്രശ്നം. അഭിമാനം ഒട്ടും പറ്റാത്തതാ ണ്. പക്ഷേ, അതുണ്ടായി. അതു കൂടിക്കൂടി വന്നു. അപ്പോൾ മറ്റൊക്കെ മറ ന്നു. പണമുണ്ടാക്കാനും വലിയവനായി നാട്ടിലേയ്ക്ക തിരിച്ചുപോകാനുമുള്ള ആഗ്രഹം അഭിമാനത്തിൽ മുങ്ങിപ്പോയി. അഭിമാനി സമരത്തിന്റെ മാർഗ്ഗം സ്വീകരിച്ചു. എതി രാളിയുടെ ശക്തി കണക്കിലെടുക്കാതെ സ്വന്തം കഴിവു മനസ്സിലാക്കാതെ സമര ത്തിറങ്ങി. കയ്യിൽ കിട്ടിയ എല്ലാ ആയുധങ്ങളുമെടുത്തു പ്രയോഗിച്ചു. പതുക്കെപ്പതു ക്കെ പരാജയത്തിലേയ്ക്ക നീങ്ങുന്നതറിഞ്ഞില്ല. സമരം അതിന്റെ രൂക്ഷഭാവത്തിലെ ത്തിയപ്പോഴാണ് വാസുമുതലാളി ഒരു പുലിവാലാണെന്നു മനസ്സിലായത്. പിടിച്ചു നില്ക്കാനും വിടാനും വയ്യ.

കുഞ്ചുണ്ണി ആത്മപരിശോധനയിൽ മുങ്ങിയിരിയ്ക്കുമ്പോൾ ഗുരു സംശയിച്ചു നോ ക്കിനിന്നു. രണ്ടാൾക്കും രണ്ടുതരത്തിലുള്ള വിഷമമാണ് അടുത്തകാലത്ത് മാന സികമായി കുറച്ചകൽച്ചയിലുമാണ്, ശത്രു പാളയത്തിലാണ്. അതുകൊണ്ടുതന്നെ കുഞ്ചുണ്ണിക്കു ഗുരുവിനോട്ട് വെറുപ്പും പുച്ഛവുമാണ്.

വല്ലതും സംസാരിയ്ക്കാതെ കടന്നു പോവുന്നതു തെറ്റാവുമെന്നു കരുതി ഗുരു ശങ്കി ച്ചുനിന്നു. കുഞ്ചുണ്ണി കണ്ടില്ല. പുലിവാലിനെക്കുറിച്ചുതന്നെ ചിന്തിക്കുയായിരുന്നു കു ഞ്ചുണ്ണി. എത്ര നാളിത് പിടിച്ചുനില്ക്കും. കൈ തളരാൻ തുടങ്ങിയിരിക്കുന്നു. വിട്ടുകള യാം. പുലി തിരിഞ്ഞെതിർക്കും കടിച്ചു കീറും. അതു വയ്യ. പിടിച്ചിളക്കി വലിച്ചുനോ ക്കാം. കയ്യിൽ പോന്നെങ്കിൽ ജയിച്ചു. മഹാനഗരം പിന്നെ തന്റെ ചൊല്പടിയിൽ.

കുഞ്ചുണ്ണി നിവർന്നുനിന്ന് ഉത്സാഹത്തോടെ പുതിയ മെഗഫോൺ ചുണ്ടോടടു പ്പിച്ച് രണ്ടും കല്പിച്ച ഉഗ്രസ്വരത്തിലൊരു മുഖപ്രസംഗം കാച്ചി.

"വഴിപിഴച്ച സന്തതികളേ..."

ഓർക്കാപ്പുറത്തുള്ള കുതിച്ചെഴുന്നേൽപ്പും മെഗഫോണുയർത്തലും കണ്ട് ഗുരു പരിഭ്രമിച്ചു. എന്താണ് സംഭവിയ്ക്കുന്നതെന്നറിയാതെ ഓടി.

"പരമഗുരുവേ ശരണം."

ശരണത്തിനുവേണ്ടി ഗുരു ബംഗ്ലാവിൽ കടന്നു. ശരണത്തിനുവേണ്ടി കുഞ്ചുണ്ണി മുഖപ്രസംഗമുതിർത്തു.

— 18 —

# പതിനെട്ട്

കറുത്തിരുണ്ട ദുർഗ്ഗാഷ്ടമിരാവിൽ, ആകാശം കർപ്പൂരത്തട്ടെരിയിച്ച് നിൽക്കു മ്പോൾ മഹാനഗരത്തിൽ അത്ഭുതവാർത്തയുടെ ഉരുൾപൊട്ടലുണ്ടായി.

"യോഗിവര്യൻ ഒന്നായും രണ്ടായും മൂന്നായും വേഷം പിരിഞ്ഞു നാട്ടിൻപുറത്ത് സഞ്ചരിക്കുന്ന നഗരത്തിൽ സഞ്ചരിക്കുന്നു. ആയിരക്കണക്കിൽ ഭക്തജനങ്ങളുടെ നടുവിൽ സമാധിയിരിക്കുന്ന യോഗിവര്യനെ ഏണിത്തല പഞ്ചയാത്തതിർത്തിയി ലെ കരിയാത്തൻ കുന്നിന്റെ അടിവാരത്ത് കാണുന്നു!"

മഹാനഗരമെവിടെ, ഏണിത്തല പഞ്ചായത്തെവിടെ? വിസ്മയം!

ജനം സ്തംഭിച്ചു. അത്ഭുതസിദ്ധി!

സിദ്ധി അവിടെയും അവസാനിക്കുന്നില്ല.

കടൽ മീൻപിടിക്കാൻ പോയവർ യോഗിവര്യനെ കാണുന്നു! നിറപാതിരക്കു തിരമാലകളിലൂടെ യോഗിവര്യൻ നടക്കുന്നു.

ജനത്തിന്റെ ശ്വാസഗതി നിലയ്ക്കുന്നു. ശ്വാസഗതി നിലച്ച ജനം ബോധംകെ ട്ടു നിലംപതിയ്ക്കുന്നു. ശീതോപചാരങ്ങൾക്കുശേഷം ബോധാവസ്ഥ തിരിച്ചു കിട്ടിയ ജനം വാസുമുതലാളിയുടെ ബംഗ്ലാവിന്നു ചുറ്റും ഓടിക്കൂടി സ്തുതിഗീതം മുഴക്കുന്നു.

"ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവിലുണ്ടായൊരിണ്ടൽ ബത ചൊല്ലാ വതല്ല മമ-"

സ്തുതിഗീതം കേട്ട് വാസുമുതലാളി മനസ്സിൽ ചിരിച്ചു.

"നിയൊക്കെ എവിടെ പോയാലും തിരിച്ചു വരുമെടോ. നിന്റെ ഒക്കെ പാപം കഴുകിക്കളയാൻ മറ്റെവിടെയുണ്ട് സ്ഥലം?"

മനസ്സ് ചിരിക്കുമ്പോൾ ആത്മീയതേജസ്സുകൊണ്ട് വാസുമുതലാളിയുടെ മുഖം തുടുത്തു. കണ്ണുകൾ പാതിയടഞ്ഞു.

അത്ഭുതസിദ്ധികൾ പുതിയ ഭക്തന്മാരെ ആകർഷിച്ചു. ഭരണാധികാരികളും പൗരമുഖ്യന്മാരും രാഷ്ട്രീയനേതാക്കന്മാരും എണ്ണത്തിൽ പെരുകി. അവർ അവിട വിടെ സംഘംചേർന്നു നിന്നു അത്ഭുതസിദ്ധിയെ വാഴ്ത്തി.

"സയൻസ് വളരുന്നുപോലും!"

ഒരു (ഭക്ത) സബ്ബ്കലക്ടർ ശബ്ദമൊതുക്കി പുച്ഛിച്ചു.

"യുക്തിവാദികളുടെ ഒരു പൊടിപോലും ഇവിടെയെങ്ങും കാണാനില്ല. കണ്ടെങ്കിൽ നന്നായിരുന്നു."

"അട്ടർ നോൺസൻസ്"

ഒരു (ഭക്ത) ന്യായാധിപന് അരിശം വന്നു. നിരീശ്വരവാദത്തോട് വിട്ടുവീഴ്ചയില്ലാത്ത സമരം പ്രഖ്യാപിച്ച് ജീവിതമൊരു ഭക്തിഗീതമാക്കി മാറ്റിയ ന്യായാധിപൻ ഉറച്ചസ്വരത്തിൽ തുടർന്നു:

"സയൻസിന്റെ പിറകെ പോകുന്ന ഇവറ്റക്കു ഹൃദയമില്ല, ബുദ്ധിമാത്രം! പിന്നെങ്ങിനെ ആത്മീയാനുഭൂതിയുണ്ടാവും? ഐഹിക ജീവിതത്തിന്റെ തടവിൽ നിന്നുള്ള മോചനം—മുക്തി—ഹൃദയംകൊണ്ടാണ് സാധിക്കേണ്ടത്, ബുദ്ധികൊണ്ടല്ല."

ന്യായാധിപന്റെ വേദാന്തം ദഹിച്ചില്ലെങ്കിലും ഒരു (ഭക്ത)ഡെപ്യൂട്ടി സൂപ്രണ്ടിന്ന് ആ ചർച്ചായോഗത്തിൽ പങ്കുകൊള്ളണമെന്നു മോഹം.

"സയൻസിന്റെ സഹായത്തോടെ സ്പെയ്സ് യാത്ര സൗകര്യപ്പെട്ടപ്പോൾ യുക്തിവാദികൾക്കു പുതിയൊരായുധം കിട്ടി."

ആസ്തികവാദത്തിലേക്ക് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ സംഭാവന അതായിരുന്നു.

"ശരിയാണ്."

സബ്ബ്കളക്ടർ ഡെപ്യൂട്ടി സൂപ്രണ്ടിന്റെ ഭാഗം ചേർന്നു.

"ചന്ദ്രമണ്ഡലത്തെ ചുറ്റിക്കറങ്ങി മനുഷ്യൻ മണ്ണിലേക്കു തിരിച്ചെത്തിയപ്പോൾ യുക്തിവാദികൾ ഒത്തുചേർന്ന് മണ്ണട്ടകളെപോലെ ആർപ്പുവിളിക്കാൻ തുടങ്ങിയിരിക്കുന്നു. അവരുടെ ഒരാചാര്യൻ ഇയ്യിടെ ഒരു വെല്ലുവിളി നടത്തി."

"എന്താണ്?"

ന്യായാധിപൻ ചോദച്ചു.

"കേൾക്കട്ടെ."

"ഒന്നിൽ ചന്ദ്രൻ, രണ്ടിൽ ശനി, മൂന്നിൽ വ്യാഴം! കവിടി നിരത്തുമ്പോൾ ഇനിയങ്ങിനെ പറയില്ല. ചന്ദ്രനെ ഞങ്ങൾ രാശിചക്രത്തിൽനിന്നു പിടിച്ചു പുറത്താക്കി. ഇതുപോലെ ചൊവ്വയേയും വ്യാഴത്തേയും ഞങ്ങൾ ചെവിപിടിച്ചു പുറത്താക്കും."

"വെല്ലുവിളി കൊള്ളാമല്ലോ." ഡെപ്യൂട്ടി സുപ്രണ്ട് പറഞ്ഞു.

"ഞാൻ പറഞ്ഞില്ലേ?" ന്യായാധിപൻ സനാതന തത്വങ്ങളുടെ ഗ്രന്ഥക്കെട്ടഴിച്ചു.

“അവർ ബുദ്ധികൊണ്ട് പകിട കളിയ്ക്കുന്നവരാണ്. ഹൃദയമില്ലാത്ത വക. ഏതു റോക്കറ്റിന്റെ ശക്തികൊണ്ടായിരുന്നു നാരദമുനി പണ്ട് മേഘമാലകൾക്കിടയിലൂടെ നടന്നത്? ഞൊടിയിടകൊണ്ട് കൈലാസത്തിൽനിന്ന് സത്യലോകത്തിലും, സത്യലോകത്തിൽനിന്ന് സ്വർഗ്ഗത്തിലും സ്വർഗ്ഗത്തിൽനിന്ന് വൈകുണ്ഠത്തിലുമെത്തിയത്?”

ഡെപ്യൂട്ടി സൂപ്രണ്ടും സബ്ക്കളക്ടരും സന്തുഷ്ടരായി. യുക്തിവാദികളെ കാച്ചാനുള്ള ഒരു വരായുധമാണ് ന്യായാധിപൻ സമ്മാനിച്ചത്. ന്യായാധിപൻ തുടർന്നു.

“സൂര്യനേയും ചന്ദ്രനേയും, ചന്ദ്രനെ ചുറ്റിത്തിരിഞ്ഞ മനുഷ്യരേയും ഈ ബ്രഹ്മാണ്ഡകടാഹത്തേയും സൃഷ്ടിച്ച് സംരക്ഷിച്ചുപോരുന്ന ഒരു മഹാശക്തിയുള്ള കാര്യം ആരും മറന്നുകളയരുത്. ആ ശക്തിയുടെ പരമാണുപ്രായത്തിലുള്ള സ്ഫുരണമാണ് യോഗീശ്വരന്മാർക്ക് അത്ഭുതസിദ്ധിയുണ്ടാക്കുന്നത്. യുക്തിക്കും വാക്കിനും അതീതമാണാ ശക്തി.”

“എന്ത് സംശ്യം?”

വേദാന്തത്തിൽ തനിയ്ക്കുള്ള പാണ്ഡിത്യം അല്പമെങ്കിലും പ്രകടിപ്പിയ്ക്കാൻ കൊതിച്ചുകൊണ്ട് ഇടയിൽ കടന്നു സബ്ബ് കലക്ടർ പറഞ്ഞു.

“ആ ശക്തിയുടെ ചെറിയൊരുത്ത് കൊടുങ്കാറ്റാണ്. ഒരു തുമ്മൽ ഭൂകമ്പമാണ്.”

“അതെ. ഈ പ്രപഞ്ചത്തിൽ അഹങ്കരിയ്ക്കുന്നവൻ ശിക്ഷിയ്ക്കപ്പെടും.”

ന്യായാധിപനു ചേർന്ന വാദം! ഡെപ്യൂട്ടി സുപ്രണ്ടിന്, പോലീസ്സ് വകുപ്പിനും ഉപരിയായി മറ്റൊരു ശക്തി നിലനില്ക്കുന്നതു സമ്മതിച്ചുകൊടുക്കാൻ വിഷമമുണ്ടായിരുന്നു. അതു നാട്ടിന്റെ സമാധാനനില അപകടപ്പെടുത്താനിടയാവും അരക്ഷിതാവസ്ഥ സൃഷ്ടിയ്ക്കും ന്യായാധിപനല്ലേ പറയുന്നത്? സഹിക്കാതെന്തു ചെയ്യും.

“വിനയമാണ് മഹത്വത്തിന്റെ ലക്ഷണം. പരമാനന്ദയോഗീശ്വരന്റെ കാര്യമെടുക്കൂ! എന്തൊരു വിനയം! എന്തൊരാർഷതേജ്ജസ്സ്! അദ്ദേഹം നമ്മുടെയിടയിലേയ്ക്കിറങ്ങിവന്നതു നമ്മുടെ മഹാഭാഗ്യം.”

“അതെ, തീർച്ചയായും! അടുത്ത രണ്ടോ മൂന്നോ തലമുറവരെ ഈ ഭാഗ്യം നിലനില്ക്കും.”

സബ് കലക്ടർ ഒരു ചുവട് മുമ്പിലേയ്ക്കു കയറിനിന്നു!

“ആ മഹാത്മാവിന്റെ സാന്നിദ്ധ്യമിവിടെയുണ്ടെന്ന് മൂഢരായ നമ്മൾ വിശ്വസിയ്ക്കുന്നു. അദ്ദേഹമൊരു പക്ഷേ, ഹിമാലയസാനുവിലോ സമുദ്രജലപ്പരിപ്പിലോ ഇപ്പോൾ വിഹരിയ്ക്കുകയാവും.”

“ആനന്ദം.” സബ് കലക്ടർ പറഞ്ഞു.

“പരമാനന്ദം.”

ന്യാധിപൻ പകരം പറഞ്ഞു. ആ പറഞ്ഞത് ഭക്തജനങ്ങളുടെ ബഹളത്തിൽ മുങ്ങിപ്പോയി. തൃപ്പാദതീർത്ഥം വിതരണം ചെയ്യാൻ തുടങ്ങിയപ്പോഴാണ് ബഹള

മുണ്ടായത്. യോഗീശ്വരന്റെ കാൽ കഴുകിയ വെള്ളം ഒരു പീപ്പയിൽ നിറച്ചുവെച്ചിരിക്കുന്നു. പരമുവാണ് വിതരണകർമ്മം നടത്തുന്നത്. ഭക്തജനങ്ങൾ കുപ്പിയും കൂജയും കിണ്ടിയും മുരുടയുമായി പരമുവിനെ വളഞ്ഞു. യോഗീശ്വരന്റെ പാദതീർത്ഥം ഭക്തജനങ്ങൾക്കു ഗംഗാജലത്തേക്കാൾ പ്രിയതരമായിത്തീർന്നിരിയ്ക്കുന്നു.

കഴുത്തിലെ സ്വർണ്ണച്ചെയിനും കാതിലെ വൈരക്കമ്മലും നഷ്ടപ്പെടാതെ തിക്കിലും തിരക്കിലും പെട്ടു ഗുസ്തി നടത്തി എട്ടൗൺസ് കുപ്പിയൊന്നിൽ പാദതീർത്ഥം സമ്പാദിക്കുമ്പോഴേയ്ക്കു ഗുരു ശങ്കരദാസ്സ് തളർന്നു പോയി. അല്പം വിശ്രമിച്ച് കിതപ്പാറ്റി. ഹനുമാൻ പണ്ട് പച്ചമരുന്നുള്ള മലയും പുഴക്കി ലങ്കയിലേയ്ക്കുന്ന പോലെ ഗുരു 'അശ്വഹൃദയ'ത്തിലേയ്ക്കു നടന്നു.

അപ്പോൾ യോഗിവര്യന്റെ പടത്തിനു മുമ്പിലുള്ള കർപ്പൂരത്തട്ടിൽ ഒരു ലോട്ടറി ടിക്കറ്റു വെച്ച് ജയകൃഷ്ണൻ പ്രാർത്ഥിയ്ക്കുകയായിരുന്നു.

"മഹാത്മാവേ, ഞാനൊരു പാവം! അച്ഛൻ മരിക്കുമ്പോൾ വിട്ടേച്ചുപോയ കടം കൊണ്ട് വലയുന്നവൻ. കടം വീട്ടണോ? വീട്ടുകാരെ പോറ്റണോ? ഞാനെന്തു വേണമെന്നു അങ്ങുതന്നെ പറയൂ. രണ്ടിനുംകൂടി എന്റെ ശമ്പളം തികയില്ല."

കടം വീട്ടാനും കുടുംബത്തെ പോറ്റാനും നിരുപദ്രവമായൊരു മാർഗ്ഗം ഞാൻ കണ്ടുപിടിച്ചിരിക്കുന്നു. ഇതാണ് ലോട്ടറി ടിക്കറ്റ്. ഒന്നാം സമ്മാനം ഒരു ലക്ഷം മുഴുവനും വേണ്ട. ഒന്നാം സമ്മാനം എനിയ്ക്കു കിട്ടിയാൽ പകുതി ഞാനവിടുത്തേയ്ക്കു തരാം. അങ്ങ് ദയ വിചാരിച്ചാൽ കാര്യം എളുപ്പമാണ്. എനിയ്ക്കെന്റെ കടം വീട്ടാം, മുതൽമുടക്കില്ലാതെ അമ്പതിനായിരം അങ്ങനെ നേടുകയും ചെയ്യാം. ഇതിൽ കളിപ്പിക്കലൊന്നുമില്ല. ഗവർമ്മേണ്ട് ലോട്ടറിയാണ്. അങ്ങൊരു കരുണ കാണിയ്ക്കില്ലേ. മഹാത്മാവേ? എന്നെ അനുഗ്രഹിയ്ക്കില്ലേ?"

ജയകൃഷ്ണൻ നിവേദനം നടത്തി കണ്ണടച്ച മൗനപ്രാര്ത്ഥനയിൽ മുഴുകി. കൃഷ്ണൻകുട്ടിയും മുകുന്ദനും കാത്തു നിന്നു.

നവരാത്രിയുടെ ആരംഭത്തിൽ ഗുരുവാണ് യോഗിവര്യന്റെ പടം കൊണ്ടുവന്നത്. കണ്ണൻകുട്ടിമേനോൻ ആദരവോടെ അതേറ്റുവാങ്ങി ഭിത്തിയിലൊരിടത്ത് തൂക്കി. അന്നുമുതൽ മുടങ്ങാതെ രണ്ടു നേരവും പൂജ നടക്കുന്നു. കണ്ണൻകുട്ടിമേനോനാണ് പൂജാരി.

ഫോട്ടോതൂക്കിയ ദിവസം കണ്ണൻ കുട്ടിമേനോന്റെ പ്രഖ്യപനമുണ്ടായി—

"ഇനി നവരാത്രി കഴിയുന്നതുവരെ ഇവിടെയാരും മത്സ്യമാംസം കഴിയ്ക്കരുത്."

പ്രഖ്യാപനം ഹിന്ദുകളോടു മാത്രയിരിയ്ക്കുമെന്നു കരുതി പീറ്റർ കേട്ട ഭാവം നടിച്ചില്ല.

"ആർക്കെങ്കിലും അഭിപ്രായവ്യത്യാസമുണ്ടോ?"

പ്രഖ്യാപനത്തെ തുടർന്നു ചോദ്യവും അത്രത്തോളമായപ്പോൾ പീറ്റർക്കു മിണ്ടാതിരിയ്ക്കാൻ കഴിഞ്ഞില്ല.

"ഉണ്ട്"

“എന്നാലത് മനസ്സിലിരിക്കട്ടെ.”

പിരടിക്കടിച്ച മാതിരിയായിരുന്നു കണ്ണൻകുട്ടിമേനോന്റെ ഉത്തരം.

“ഇവിടെ ഭൂരിപക്ഷം എന്റെ അഭിപ്രായത്തോട് യോജിക്കുന്നു.”

ഭൂരിപക്ഷമെന്നു പറഞ്ഞത് ഗുരുവിനേയും ജയകൃഷ്ണനേയും മുകുന്ദനേയും കൃഷ്ണൻകുട്ടിയേയും ഉദ്ദേശിച്ചാണ്. കുഞ്ചുണ്ണിയെ എല്ലാവരും മറന്നിരിക്കുന്നു. അപൂർവ്വമായേ കുഞ്ചുണ്ണി ‘അശ്വഹൃദയ’ത്തിൽ വരാറുള്ളൂ. ആരോടും വേഴ്ചയില്ല.

ഭൂരിപക്ഷപ്രയോഗം പീറ്ററുടെ മതവികാരത്തെ ഇളക്കി.

“അതെനിക്കു മുമ്പേയറിയാം.”

“ഏത്?”

വഴക്കെങ്കിൽ വഴക്ക്, പിന്മാറാനൊരുക്കമില്ലെന്ന മട്ടിൽ കണ്ണൻകുട്ടിമേനോൻ ചോദിച്ചു.

“ഹിന്ദു ഭൂരിപക്ഷം എന്നും അങ്ങിനെതന്നെയാണ്.”

പീറ്ററും വിടാൻ ഭാവമില്ല. പിറകെ വിശദീകരണം വന്നു.

“ഈ നാട്ട് സ്വന്തമാണെന്നൊരുഭാവം.”

“നാട്ടിന്റെ കാര്യം ഇവിടെയാരും പറഞ്ഞിട്ടില്ല.”

മുകുന്ദൻ വാദപ്രതിവാദത്തിലിടപെട്ടു.

“കുറേ വീടുകൾ ചേർന്നാണ് നാടുണ്ടാവുന്നത് മറ്റുള്ളവരൊക്കെ എവിടെനിന്നോ തെണ്ടിത്തിരിഞ്ഞു വന്നവരാണെന്നു ഭൂരിപക്ഷം കരുതുന്നു.”

“അതല്ലേ സത്യം?” കണ്ണൻകുട്ടിമേനോൻ അട്ടഹസിച്ചു.

“പൂച്ച പുറത്തു ചാടുന്നു നാവിൽ മതേതരത്വം, മനസ്സിൽ മൂരാച്ചിത്തം.”

പീറ്ററും അട്ടഹസിച്ചു.

“കഴകക്കാരൻ ഊരായ്മ ചമയരുത്. ഞങ്ങളാരും ഇവിടെ ന്യൂനപക്ഷത്തെ മർദ്ദിക്കുന്നില്ല. അവർക്കിവിടെ എല്ലാറ്റിനും സ്വാതന്ത്ര്യമുണ്ട്. എന്നു വെച്ച് തലയിൽ കേറാൻ വരരുത്.”

വാദപ്രതിവാദം സഭ്യേതരമാകാൻ തുടങ്ങുകയായിരുന്നു.

“തലയിൽ കേറാനൊന്നും ആരും വരുന്നില്ല. ഞങ്ങളും മനുഷ്യരാണ് അതു വകവെച്ചു തന്നാൽ മതി.” പീറ്റർ പരിഭവിച്ചു.

“മത്സ്യമാംസം കഴിച്ചാലേ മനുഷ്യരാവുവെന്നുണ്ടോ?”

“അതു കഴിച്ചാൽ മനുഷ്യരല്ലാതാവുമോ?”

“ഞങ്ങൾക്ക് ഞങ്ങളുടെ മതാചാരങ്ങളനുഷ്ഠിക്കാൻ പാടില്ലേ?”

“പാടില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല.”

“പറഞ്ഞാലും ഞങ്ങളനുഷ്ഠിക്കും.”

“മത്സ്യമാംസം കഴിക്കാതിരിക്കലാണോ നിങ്ങളുടെ മതാചാരം?”

“അതെ.”

“എന്നാൽ ഞങ്ങളുടെ മതാചരം മത്സ്യമാംസം കഴിക്കലാണ്.”

“അതിവിടെ നവരാത്രി കഴിയുന്നവരെ നടപ്പില്ല.”

“എന്റെ മതകാര്യങ്ങളിൽ കയ്യിടാൻ നിങ്ങൾക്കവകാശമില്ല.”

“ഇവിടെ താമസിക്കുന്ന കാലത്തോളം അവകാശമുണ്ട്.”

“അതെ, അത് മൃഗീയഭൂരിപക്ഷത്തിന്റെ ശബ്ദമാണ്.”

“എന്ത് ഭൂരിപക്ഷമായാലും ഇവിടെ താമസിക്കണമെങ്കിൽ ഞങ്ങളെ അനുസരിക്കണം...”

“ഇല്ലെങ്കിൽ?”

പീറ്റർ ചാടിയെഴുന്നേറ്റ് കുപ്പായത്തിന്റെ കൈതെറുത്തു കയറ്റി. കണ്ണൻകുട്ടിമേനോൻ എഴുന്നേറ്റ് മുണ്ടു മടക്കിക്കുത്തി. കാര്യം കുഴപ്പത്തിലേയ്ക്കു നീങ്ങുകയാണെന്നു മനസ്സിലാക്കിയ മുകുന്ദൻ സന്ധി സംസാരിച്ചു.

“ഇതിവിടെ വെച്ചവസാനിപ്പിയ്ക്കാം.”

കണ്ണൻകുട്ടിമേനോൻ നന്നെ ക്ഷോഭിച്ചിരുന്നു. കനപ്പിച്ചെന്തോ പറയാൻ തുടങ്ങിയപ്പോൾ മുകുന്ദൻ വിലക്കി. പീറ്റർ മിണ്ടാതെ നിന്നു.

“നിർബ്ബന്ധമാണെങ്കിൽ പീറ്റർ മത്സ്യമാംസം കഴിച്ചോളൂ.”

മുകുന്ദൻ സന്ധിനിർദ്ദേശം മുമ്പോട്ടുവെച്ചു.

“ഇവിടെ വഴക്കില്ലാതിരുന്നാൽ മതി. കണ്ണൻ കുട്ടിമേനോൻ വെറുതെ പറഞ്ഞതാണ്, സാരമില്ല.”

“സാരമുണ്ടെങ്കിലും ഞാൻ കഴിയ്ക്കും.” പീറ്റർ വാശിപിടിച്ചു.

“ആഹാ? നീ കഴിയ്ക്ക്യോ?” കണ്ണൻകുട്ടിമേനോൻ അലറിക്കൊണ്ട് മുമ്പോട്ടു വന്നു.

“മേന്നേ, മിണ്ടരുത്.” മുകുന്ദൻ കണ്ണൻകുട്ടിമേമോനെ പിടിച്ചു പിറകോട്ടു തള്ളി.

“ദയവുചെയ്തു ക്ഷമിയ്ക്കു പീറ്ററേ.” മുകുന്ദൻ അപേക്ഷിച്ചു.

“ഈ വാദപ്രതിവാദത്തിൽ മതം കടന്നുകൂടിയപ്പോൾ വിവേകം നഷ്ടപ്പെട്ടു. അതുകൊണ്ട് ഇനി ആരും ഒന്നും മിണ്ടരുത്. കഴിഞ്ഞതൊക്കെ മറന്നുകളയൂ. ഇവിടെ ആർക്കും എന്തും കഴിയ്ക്കാം. മനസ്സിലായോ?

മനസ്സിലായപോലെ കണ്ണൻകുട്ടിമേനോൻ അടങ്ങിയിരുന്നു. പീറ്റർ പിന്മാറി.

വഴക്കവസാനിച്ചു കുറച്ചു കഴിഞ്ഞപ്പോൾ പീറ്റർ കുരിശു വരച്ചു പ്രാർത്ഥിച്ചു. കണ്ണൻകുട്ടിമേനോൻ യോഗീശ്വരന്റെ പടത്തിനുമുമ്പിൽ ചെന്നു കണ്ണടച്ചു നിന്നു.

പിന്നീടൊരിയ്ക്കലും അശ്വഹൃദയത്തിൽ വാദപ്രതിവാദമുണ്ടായില്ല. പീറ്റർ മത്സ്യമാംസം കഴിച്ചതിനു തെളിവുമില്ല. തെളിവുണ്ടാക്കാൻ കണ്ണൻകുട്ടിമേനോൻ ശ്രമിച്ചതുമില്ല. അന്നുതൊട്ടു മൂന്നു നേരവും യോഗീശ്വരന്റെ പടത്തിനു മുടങ്ങാതെ പൂജ നടന്നു.

തൃപ്പാദതീർത്ഥവുംകൊണ്ട് ഗുരു അകത്തു കടക്കുമ്പോൾ കൃഷ്ണൻകുട്ടിയായിരുന്നു പടത്തിനു മുമ്പിൽ. അവനും നിവേദനം സമർപ്പിയ്ക്കാനുണ്ട്. അവന്റെ കയ്യിലും ലോട്ടറി ടിക്കറ്റുണ്ട്. കൃഷ്ണൻകുട്ടി പ്രാർത്ഥിയ്ക്കുമ്പോൾ ഗുരുവിന്റെ ശബ്ദം കേട്ടു.

“പുണ്യം! പരമപുണ്യം!!”

തൃപ്പാദതീർത്ഥം നിറച്ച കുപ്പി പൊക്കിപ്പിടിച്ച് ആർത്തട്ടഹസിച്ചുകൊണ്ടാണ് ഗുരു അകത്തു കടന്നത്. കാര്യമറിയാതെ അന്തേവാസികൾ വിഷമിച്ചു. അവർ പലതും ചോദിച്ചു ഉത്തരമില്ല. പിന്നേയും ഗുരുവിന്റെ അരുളപ്പാടുണ്ടായി.

“മൃതസഞ്ജീവിനി, സാക്ഷാൽ മൃതസഞ്ജീവിനി.”

ജിജ്ഞാസകൊണ്ട്, പീറ്ററൊഴിച്ചു മറ്റെല്ലാവർക്കും ശ്വാസം മുട്ടി. ഹിന്ദുക്കളുടെ കാര്യത്തിൽ തനിയ്ക്കെന്തെന്ന മട്ടിൽ പീറ്ററിരുന്നു. ഗുരു തുറന്നു പറയുന്നില്ല. എല്ലാവരും വെവ്വേറെ തിരക്കി; കൂട്ടായും തിരക്കി.

“എല്ലാ രോഗത്തിനും സിദ്ധൗഷധം.”

ചോദ്യത്തിനുത്തരമില്ല അരുളപ്പാടുതന്നെ. ആർക്കും ഒന്നു മനസ്സിലായില്ല.

“എല്ലാ പാപങ്ങൾക്കും ശാശ്വതമോചനം.”

കണ്ണൻകുട്ടിമേനോന്റെ ക്ഷമ നശിച്ചു.

ജയകൃഷ്ണനും മുകുന്ദനും ഗുരുവിനോടസുഖം തോന്നി. ഇങ്ങിനെയുണ്ടോ ഒരു കളിപ്പിയ്ക്കൽ! എന്തും കുറച്ചൊക്കെയാവാം. ഏറിയാൽ ഒന്നിനും രസമില്ല. മുകുന്ദന്റെ മുഖത്ത് അസുഖം നിഴലിച്ചു. ജയകൃഷ്ണൻ വിമ്മിഷ്ടപ്പെട്ടു. കണ്ണൻകുട്ടിമേനോൻ പരുങ്ങി.

ഗുരു ആരേയും ശ്രദ്ധിച്ചില്ല. ആരുടെ ചോദ്യവും കേട്ടില്ല. വാളുയർത്തിപ്പിടിച്ചു വെളിച്ചപ്പെടുന്ന ഒരു കോമരത്തിന്റെ മട്ടിൽ ഗുരു പറഞ്ഞു:

“എല്ലാ പാപങ്ങൾക്കും മോചനം.” ഗുരു എല്ലാവരേയും മാറിമാറി നോക്കി എന്നിട്ടു ഗുരു രഹസ്യം വെളിവാക്കി: “തൃപ്പാദതീർത്ഥം! സാക്ഷാൽ മൃതസഞ്ജീവിനി.”

അന്തേവാസികൾ തളർന്നുപോയി. ബംഗ്ലാവിന്റെ മുറ്റത്തെ പന്തലിലിരിയ്ക്കുമ്പോൾ ഏണിത്തലപ്പഞ്ചായത്തിലെ കരിയാത്തൻകുന്ന് കയറുകയും സമുദ്രജലത്തിലൂടെ നടക്കുകയും ചെയ്യുന്ന സിദ്ധിയിൽ സിദ്ധനായ യോഗിവര്യന്റെ തൃപ്പാദതീർത്ഥമാണ് ഗുരുവിന്റെ കയ്യിൽ. പിന്നെ തളർന്നതിലെന്തു കുറ്റം? കണ്ണൻകുട്ടിമേനോൻ കുപ്പി തൊട്ടു മൂർദ്ധാവിൽ വെച്ചു പറഞ്ഞു” “എന്റെ അമ്മ തളർവാതം പിടിച്ചു കിടപ്പിലാണ് തൃപ്പാദതീർത്ഥം കുറച്ചെനിയ്ക്കു വേണം.”

ജയകൃഷ്ണന്റെ അമ്മയ്ക്കു കാസശ്വാസം, കൃഷ്ണൻകുട്ടിയുടെ മൂത്ത പെങ്ങൾക്ക് ഒടുങ്ങാത്ത വയറുവേദന, മുകുന്ദനു സ്വന്തം പേരിൽതന്നെ ചെലവെഴുതിത്തള്ളാൻ ഒന്നിലേറെ രോഗങ്ങൾ!

എല്ലാവർക്കും തൃപ്പാദതീർത്ഥം വേണം.

ചെറിയ കുപ്പികൾ വന്നു. ഒരൗൺസ് വീതം എല്ലാവരുടെ കുപ്പിയിലും ഒഴിച്ചു കൊടുത്തു. കുപ്പിയിലൊഴിയ്ക്കുമ്പോൾ തഴെ വീഴാനിടയുള്ള തൃപ്പാദതീർത്ഥത്തിനുവേണ്ടി അന്തേവാസികൾ ഭക്തിപൂർവ്വം കൈകാട്ടി നിന്നു.

തൃപ്പാദതീർത്ഥം കിട്ടിയപ്പോൾ കണ്ണൻകുട്ടിമേനോന്ന് നാട്ടിലൊന്നു പോയാൽ കൊള്ളാമെന്നായി. മഹാനവമിയും വിജയദശമിയും മുടക്കമാണ്. തുടർന്നു വരുന്നതു ഞായറാഴ്ചയാണ്. മൂന്നുദിവസം ഒരുമിച്ചു കിട്ടുന്നു. പോയാൽ അമ്മയ്ക്കു തീർത്ഥജലമെത്തിച്ചു കൊടുക്കാം.

പേഴ്സ് തുറന്നു നോക്കി. രണ്ടു വായുഗുളിക, സൂട്ട് കേസിന്റെ താക്കോൽ, ഒരു ലോട്ടറി ടിക്കറ്റ്, ഒന്നു രണ്ടു ബില്ലുകൾ; തീർന്നു. പൈസയുടെ വംശത്തിൽ പിറന്ന ഒരു കഴുവേറിയുമില്ല. മാസാവസാനമാണ്. ആരോടു ചോദിയ്ക്കും, ആരു തരും?

“വണ്ടിക്കൂലിയ്ക്കു കാശുകിട്ടിയാൽ നാട്ടിലൊന്നു പോവായിരുന്നു.”

എല്ലാവരും കേൾക്കാൻ വേണ്ടിയുള്ള ഒരാത്മഗതമായിരുന്നു അത്. അതു കേട്ട് ഗുരു ചിന്താധീനനായി; അല്പസമയത്തേയ്ക്കു മാത്രം. പിന്നെ ഗുരു പറഞ്ഞു:

“വണ്ടിക്കൂലിയ്ക്കുള്ള കാശ് ഞാൻ തരാം.”

കണ്ണൻകുട്ടിമേനോനു സന്തോഷമായി. ജയകൃഷ്ണനും മുകുന്ദനും കൃഷ്ണൻകുട്ടിക്കും ദുഃഖം. നാട്ടിൽ പോകാൻ കലശലായ മോഹമുണ്ട് അവിടേയും പ്രശ്നം വണ്ടിക്കൂലി. എല്ലാവരും ഉറക്കെ ആത്മഗതം ചെയ്തു. ഓരോ ആത്മഗതവും കേട്ടു ഗുരു ചിരിച്ചു. ചിരിച്ചുകൊണ്ടുതന്നെ ഗുരു എല്ലാവർക്കും വണ്ടിക്കൂലി കൊടുത്തു.

ദുഃഖമുണ്ടെങ്കിലും പീറ്ററതു പുറത്തു കാണിച്ചില്ല. ഉറക്കെ ആത്മഗതം ചെയ്തുമില്ല. എന്തുവന്നാലും ഹിന്ദുഭ്രരിപക്ഷത്തോട് കടം ചോദിയ്ക്കില്ലെന്ന് പീറ്റർ തീരുമാനിച്ചു.

പിന്നെ യാത്രയ്ക്കുള്ള ഒരുക്കങ്ങളായിരുന്നു. തൃപ്പാദതീർത്ഥം എല്ലാവരും ഭദ്രമായി പൊതിഞ്ഞെടുത്തു. കണ്ണൻകുട്ടിമേനോന്റെ സഞ്ചിയിൽ പിന്നേയും അനവധി കുപ്പികളുണ്ടായിരുന്നു. ഒരു ചെറിയ ഔഷധശാലയും കൊണ്ടല്ലാതെ കണ്ണൻകുട്ടിമേനോൻ എങ്ങും സഞ്ചരിക്കില്ല. വയറിന്റെ അസ്വാസ്ഥ്യത്തിനു പിപ്പല്യാസവവും കുടജാരിഷ്ടവും ചേർത്തു ഒരു രണ്ടൗൺസ് കരുതും. കുളി കഴിഞ്ഞ് മൂർദ്ധാവിൽ തിരുമ്മാൻ രാസ്നാദിയും അല്പം കുഴമ്പും കുറച്ചു ബലാകുളച്യാദിയും എപ്പോഴും സഞ്ചിയിലുണ്ടാവും.

എല്ലാ ഒരുക്കങ്ങളും കഴിഞ്ഞു പുറപ്പെട്ടപ്പോൾ കണ്ണൻകുട്ടിമേനോൻ പൂജയുടെ കാര്യമോർത്തു. എന്തുവന്നാലും അത് മുടങ്ങാൻ പാടില്ല. നവരാത്രി കഴിയുന്നവരേയെങ്കിലും.

മുകുന്ദനും കൃഷ്ണൻകുട്ടിയും ജയകൃഷ്ണനും പടി കടന്ന് നിരത്തിലെത്തി. പീറ്റർക്കാവേശം കയറി. ബാഗെടുത്ത് കക്ഷത്തിറുക്കി പീറ്ററും പുറത്തിറങ്ങി. എങ്ങോട്ടും പോകണമെന്നൊന്നും നിശ്ചയിച്ചിട്ടില്ല. വെറും വാശികൊണ്ടിറങ്ങിയതാണ്.

“അപ്പോൾ പൂജയുടെ കാര്യം?”

കണ്ണൻകുട്ടിമേനോൻ വാതിൽപ്പടിയിൽ നിന്നുകൊണ്ട് ഗുരുവിനോടു ചോദിച്ചു.

“പരിഭ്രമിയ്ക്കാതെ പൊയ്ക്കോളൂ.” ഗുരു ആശ്വസിപ്പിച്ചു.

“പൂജ മുടങ്ങരുത്.”

“ഇല്ല.”

“വിജയദശമിവരെ കെടാവിളക്കുണ്ടാവണം”

“ശ്രദ്ധിയ്ക്കും. ആട്ടെ എന്നു തിരിച്ചുവരും?”

“തിങ്കളാഴ്ച രാവിലെ.”

“അപ്പോൾ വിജയദശമിദിവസം വരില്ലേ? അന്നാണ് അവഭൃതസ്നാനം കാറുകളുടെ ഘോഷയാത്ര. കാണാഞ്ഞാൽ വലിയ നഷ്ടമായിരിയ്ക്കും.”

“വരാൻ പറ്റില്ല. പോകുന്നതിൽ കലശലായ വ്യസനമുണ്ട്.”

“വ്യസനിയ്ക്കുന്നതിൽ തെറ്റില്ല. വലിയ നഷ്ടമാണ് സംഭവിയ്ക്കുന്നത്.”

നഷ്ടത്തെപ്പറ്റി കൂടുതൽ വിവരിച്ചു കേൾക്കുന്നതു വിഷമമുണ്ടാക്കും. വിഷമം വർദ്ധിയ്ക്കുമ്പോൾ യാത്രമുടങ്ങും അതുപറ്റില്ല. അമ്മയ്ക്കു തൃപ്പാദതീർത്ഥമെത്തിയ്ക്കണം... കണ്ണൻകുട്ടിമേനോൻ ധൃതിയിലിറങ്ങി നടന്നു.

— 19 —

# പത്തൊമ്പത്

മഹാനവമി!

എന്തും സംഭവിയ്ക്കാം. അത്ഭുതങ്ങളുടെ ഘോഷയാത്രതന്നെയുണ്ടാവും. പുരുഷാരം ക്ഷമയോടെ കാത്തു നിന്നു ഒച്ചയില്ല. ബഹളമില്ല.

രാവിലെ അറബിക്കടലായിരുന്ന പുരുഷാരമെങ്കിൽ ഉച്ചയ്ക്കതു ഹിന്ദുമഹാസമുദ്രമായി മിനുട്ടുവെച്ച് പെരുകുകയായിരുന്നു.

ബംഗ്ലാവിൽ നിന്നുനോക്കിയാൽ കണ്ണെത്താത്ത ദൂരത്തോളം മനുഷ്യശിരസ്സ പരന്നുനിന്നു.

പേടിപ്പെടുത്തുന്നൊരു മുഴക്കം. എങ്ങോ എവിടെയോ ഒരു കൊടുങ്കാറ്റടിച്ചു യരുമ്പോലെ. അത്ഭുതങ്ങൾക്കുവേണ്ടി കാത്തുനിൽക്കുന്ന പുരുഷാരത്തിന്റെ നെടുവീർപ്പാണ്.

മുഴക്കം കേട്ടു യോഗീശ്വരനു തലചുറ്റി. തലചുറ്റിയ യോഗീശ്വരൻ ഭിത്തിയിൽ പിടിച്ച് പതുക്കെപതുക്കെ നടന്ന് ജാലകത്തിന്നടുത്തെത്തി. ശബ്ദമുണ്ടാക്കാതെ ജാലകപ്പൊളിയുടെ കൊളുത്തു നീക്കി സംശയിച്ചുനിന്നു. പിന്നെ ജാലകപ്പൊളി പതുക്കെ തള്ളിചെറിയൊരു പഴുതുണ്ടാക്കി പുറത്തേയ്ക്കു നോക്കി.

ചുറ്റും നിന്നു പല്ലിളിച്ചലറുന്ന സിംഹങ്ങളുടെ നടുവിൽ താനൊരു മാൻകുട്ടിയായി നിൽക്കുംപോലെ യോഗീശ്വരനു തോന്നി.

രക്ഷയില്ല!

മോചനമില്ല!

യോഗീശ്വരനാലോചിച്ചു.

വീടും കുടുംബവും തൊഴിലുമുള്ള ജനങ്ങൾ എല്ലാം മറന്നിങ്ങിനെ പാടുപെടുന്ന തെന്തിനാണ്? ഇവർക്കെന്തു പറ്റി?

ഇതു ഭക്തിയാണോ?

ഈശ്വരവിശ്വാസമാണോ?

സമൂഹത്തിന്റെ അന്ധമായ ഈ വികാരത്തിന് എന്തു പേരു കൊടുക്കണം? തിരഞ്ഞെടുപ്പുയോഗങ്ങളിലും സർക്കസ്സ് ടെന്റിലും വർഗ്ഗീയകലാപങ്ങളിലും പ്രതിഷേധപ്രകടനങ്ങളിലും പ്രത്യക്ഷപ്പെടുന്ന മുഖങ്ങൾ ഇതുതന്നെയല്ലേ? എന്തുണ്ട് വ്യത്യാസം?

ഈശ്വരന്റെ പേരിലായാലും മതത്തിന്റെ പേരിലായാലും സർക്കസ്സിന്റെ പേരിലായാലും തിരഞ്ഞെടുപ്പിന്റെ പേരിലായാലും ഇവർക്കാവശ്യം സാഹസികതയാണ്. അതിനുവേണ്ടി ഊണും ഉറക്കവുമവരുപേക്ഷിയ്ക്കും. കുടുംബത്തെ മറക്കും എന്തും ചെയ്യും!

വാസുമുതലാളി, നിങ്ങൾ ജയിച്ചിരിയ്ക്കുന്നു. പാവപ്പെട്ട ഈ കാഷായ വസ്ത്രക്കാരന്റെ കാര്യമല്ല പറയുന്നത്. സമൂഹത്തെ നിങ്ങൾ ജയിച്ചു കീഴടക്കിയിരിയ്ക്കുന്നു. അവരുടെ അന്ധമായ വികാരത്തിന്റെ കടിഞ്ഞാൺ ഇപ്പോൾ നിങ്ങളുടെ കയ്യിലാണ്.

ഒന്നോർമ്മയിരിയ്ക്കട്ടെ മുതലാളീ, സമൂഹത്തിന്റെ ഈ വികാരപ്രകടനം വെള്ളംപോലെ താണ സ്ഥലം നോക്കി മാത്രം ഒഴുകുന്നതല്ല. അത് മേലോട്ടും ഒഴുകും. ചൂണ്ടുന്നതിനു നേർക്കോടുകയും ചെയ്യും. അങ്ങിനെ വരുമ്പോൾ ഈ വലിയ ബംഗ്ലാവും മതിലും മുള്ളുവേലിയും ഒരു പ്രശ്നമല്ല; വാസുമുതാലാളിയെന്ന ഊതിവീർപ്പിച്ച നീർപ്പോളയും!

പുരുഷാരത്തെയൊന്നു നല്ലപോലെ കണ്ടാലെന്തെന്ന് യോഗീശ്വരനു തോന്നി. ജാലകപ്പൊളി മുഴുവനുമായി തള്ളിത്തുറന്നു. അപ്പോൾ നിരത്തുവക്കിലെ ചോലമരങ്ങളിൽ കയറി സ്ഥലം പിടിച്ച ഭക്തജനങ്ങൾ യോഗീശ്വരനെ കാണുകയും അവർ സ്തുതിഗീതം മുഴക്കുകയും ചെയ്തു.

"ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവിലുണ്ടായൊരിണ്ടൽ മമ മിണ്ടാവതല്ല ബത..."

മരത്തലപ്പിലെ സ്തുതിഗീതം മണ്ണിൽ നിന്നവരേറ്റുപാടി. എല്ലാ കണ്ണുകളും ഒന്നിച്ചു ജാലകത്തിനു നേർക്കു തിരിഞ്ഞു. ആർത്തിപൂണ്ട ആ നോട്ടത്തിൽ ഭക്തിയുണ്ടായിരുന്നില്ല. ഇന്ദ്രജലാത്തിനും മഹേന്ദ്രജാലത്തിനും മഹാത്ഭുതത്തിനും വേണ്ടി ദാഹിക്കുന്ന ആ കണ്ണുകൾക്കു മുമ്പിൽ അധികനേരം നിൽക്കാൻ യോഗീശ്വരനു കഴിഞ്ഞില്ല. യോഗീശ്വരൻ തിരിഞ്ഞു നടന്നു. കാലിടറുകയും കണ്ണിൽ ഇരുട്ടു കയറുകയും ഹൃദയം തുരുതുരെ മിടിയ്ക്കുകയും ചെയ്തപ്പോൾ യോഗീശ്വരൻ തളർന്നു കിടക്കയിലിരുന്നു.

പുരുഷാരത്തിൽ പ്രത്യക്ഷപ്പെട്ട ചലനം യോഗീശ്വരൻ ജാലകത്തിന്നടുത്തുനിന്ന് പിന്മാറിയപ്പോൾ നിലച്ചു. വീണ്ടും പേടിപ്പെടുത്തുന്ന മുഴക്കം.

അപ്പോൾ ഒരപശബ്ദം!

അത് കുഞ്ചുണ്ണിയുടേതായിരുന്നു. കുഞ്ചുണ്ണിയുടെ മെഗഫോൺവിളി പേടിപ്പെടുത്തുന്ന നിശ്ശബ്ദതയ്ക്കു മേലെ ചിറകടിച്ചു പറന്നു.

"ഭക്തിമാർഗ്ഗത്തിൽ ഇന്ദ്രജാലവും മഹേന്ദ്രജാലവുമില്ല. മുമുക്ഷുക്കളായ സന്യാസിമാർ അത്ഭുതസിദ്ധി പ്രദർശിപ്പിച്ചു. നടക്കില്ല."

അപശബ്ദം തുടർന്നില്ല. അത് തടയപ്പെട്ടു. ഭക്തജനങ്ങൾ കുഞ്ചുണ്ണിയെ വളഞ്ഞു മർദ്ദിക്കുകയും മെഗഫോണിന്റെ ദ്വാരം മണ്ണു കുഴിച്ചടയ്ക്കുകയും ചെയ്തു.

വീണ്ടും കുഞ്ചുണ്ണിയ്ക്കു പരാജയം. പരാജിതനായ കുഞ്ചുണ്ണി ഉറക്കെ പിറുപിറുത്തു.

"സത്യവാദി നായാടപ്പെടുന്നു. നീതിമാന്റെ രക്തം പാപികൾ വീഞ്ഞാക്കി പാനം ചെയ്യുന്നു."

പിറുപിറുപ്പിന്റെ അവസാനം നിശ്ശബ്ദത. പിന്നേയും പേടിപ്പെടുത്തുന്ന മുഴക്കം. മഹാത്ഭുതങ്ങൾക്കു വേണ്ടി കാത്തുനിൽക്കുന്ന പുരുഷാരത്തിന്റെ നെടുവീർപ്പ്!

ആശീർവ്വാദവും അനുഗ്രഹവും പുരുഷാരത്തിനിപ്പോൾ ആവശ്യമില്ല. അവരുടെ നോട്ടം അത്ഭുതസിദ്ധികളുടെ നേർക്കാണ്.

ബംഗ്ലാവിലും സമുദ്രപരപ്പിലും കുന്നിൻപുറത്തും ഒരേ സമയത്തു കാണുക. ദൈവദൂതന്മാരിൽ മാത്രം കാണുന്ന സിദ്ധി. സമുദ്രപരപ്പിൽ നടക്കുന്നവൻ ആകാശത്തിൽ പറക്കുകയും ചെയ്യും. കാക്കയായും പൂച്ചയായും വേഷം മാറിയെന്നും വരും. തിരിച്ചറിയാൻ കഴിയില്ല.

ഭക്തജനങ്ങൾ പൂച്ചയെക്കാണുമ്പോൾ ആദരവു ഭവിച്ചു. കാക്കയെ കല്ലെടുത്താട്ടാൻ മടിച്ചു. ഏത് പൂച്ചയിലാണ്, കാക്കയിലാണ് യോഗീശ്വരനുള്ളതെന്ന് തിട്ടപ്പെടുത്താൻ വിഷമം.

പരമു പാലും പഴവുമായി മുറിയിൽ കടന്നപ്പോൾ യോഗീശ്വരൻ തളർന്നു കണ്ണടച്ചു കിടക്കുകയായിരുന്നു.

"സാമീ."

പരമു വിളിച്ചു. യോഗീശ്വരൻ കണ്ണുമിഴിച്ചില്ല, മിണ്ടിയില്ല.

"പാലും പഴവുമിതാ സാമീ." പരമു പറഞ്ഞു.

"കൊണ്ടു പോടാ, നിന്റെ പാലും പഴവും." യോഗീശ്വരൻ ഗർജ്ജിച്ചു. പരമു അന്തംവിട്ടു നോക്കി നിന്നു. യോഗീശ്വരനെ ഒരിക്കലും ഇത്ര ക്ഷുബ്ധനായി കണ്ടിട്ടില്ല.

"പാലും പഴവും! കുറച്ചു വിഷംതന്ന് എന്നെ കൊല്ലരുതോ നിനക്ക്."

അന്തക്കേട് നീങ്ങിയപ്പോൾ പരമു ചിരിച്ചു. ചിരി കേട്ടു യോഗീശ്വരന്റെ ക്ഷോഭം ഇരട്ടിച്ചു.

"നീ ചിരിച്ചോ. നിന്റെ അവസാനത്തെ ചിരിയാണിത്. നിന്റെ മുതലാളി ചിരിയ്ക്കുന്നില്ലേ? ആ ചിരിയും ഇന്നോടെ അവസാനിയ്ക്കും."

"എന്താ സാമീ, ഈ പറേണത്?" പരമു ചിരിനിർത്തി ചോദിച്ചു.

"ഇങ്ങിനെയോരോന്ന് പറഞ്ഞു കേട്ടാൽ ചിരിവരില്ലേ?"

"എടാ, ആ ജാലകത്തിനടുത്ത് ചെന്നു നോക്ക്. എന്നിട്ട് ചിരിച്ചോ. നിന്നെയും നിന്റെ മുതലാളിയേയും ഞാനിന്ന് ജനങ്ങളെകൊണ്ട് കൊല്ലിയ്ക്കും."

പരമു ജാലകത്തിനടുത്തു ചെന്നു നോക്കി. പുരുഷാരത്തിന്റെ വിശ്വരൂപം അവിടെ പ്രത്യക്ഷപ്പെട്ടിരിയ്ക്കുന്നു. കെട്ടിടങ്ങളോ മതിലുകളോ കല്ലട്ടികളോ നിരത്തുവക്കിലെ ധർമ്മക്കിണറോ കാണാനില്ല. മരത്തിന്റെ കൊമ്പും ചില്ലയും കാണാനില്ല. എവിടേയും ജനം.

പരമുവിനെ ജാലകത്തിനടുത്ത് കണ്ടപ്പോൾ മരത്തലപ്പിൽനിന്നു സ്തുതിഗീതം മുഴങ്ങി.

"ഒന്നായ നിന്നെയിഹ..."

അങ്ങോളമിങ്ങോളം പരന്നു നിൽക്കുന്ന പുരുഷാരമതേറ്റുപാടി.

ജാലകത്തിനടുത്തുനിന്നു മടങ്ങുമ്പോൾ പരമുവിന്റെ മുഖം വിളറിയിരുന്നു.

"എങ്ങിനെയുണ്ട്" യോഗീശ്വരൻ ചോദിച്ചു.

"ഈ പുരുഷാരത്തെ നീയും നിന്റെ മുതലാളിയും കൂടി എന്തു പറഞ്ഞു സമാധാനിപ്പിയ്ക്കും? കണക്കിലേറെ നുണപറഞ്ഞു പിടിപ്പിച്ചിട്ടില്ലേ? ഇനിയെങ്ങിനെ രക്ഷപ്പെടും?"

യോഗീശ്വരന്റെ ചോദ്യങ്ങൾക്കു മുമ്പിൽ പരമു കുടുതൽ വിളറി, വിഷമം മാറ്റാനൊരു ശ്രമം നടത്തി.

"വേഗം പാലും പഴവും കഴിച്ച് ഭജനയ്ക്കു ചെല്ലാൻ പറഞ്ഞു."

"ആര് പറഞ്ഞു?"

"മുതലാളി"

"മനസ്സില്ലെന്നു പറ. പോയി തുങ്ങിച്ചാവട്ടെ. ഞാൻ നേരെ പുരുഷാരത്തിന്റെ നടുവിലേയ്ക്കാണ് പുറപ്പെടുന്നത്. അവിടെച്ചെന്ന് സത്യം തുറന്നു പറഞ്ഞ് എന്നെ രക്ഷിയ്ക്കാനപേക്ഷിയ്ക്കും."

"പൊന്നു സാമീ, ജീവനിൽ കൊതിയുണ്ടെങ്കിൽ ചെയ്യല്ലേ. സാമീടെ കാലുകഴുകിയ വെള്ളം പീപ്പക്കണക്കിലാണ് ഞാനിന്നലെ മുക്കിക്കൊടുത്തത്. എല്ലാത്തിന്റെ വയറ്റിലും അതു കുറേശ്ശ കാണും. അവരോട് സത്യം പറഞ്ഞാൽ സാമിയെ വറുത്തു പൊടിച്ച് മൂക്കു പൊടിയായി അവർ വലിച്ചുകളയും."

യോഗീശ്വരൻ വീണ്ടും തളർന്നു. മോചനത്തിന്റെ മർഗ്ഗം കല്ലിട്ടടച്ചതുകണ്ട് കണ്ണു നനഞ്ഞു. ശബ്ദമിടറി.

"ഓ! പെട്ടുപോയി!!"

"അതെ, പെട്ടുപോയി!!"

പരമു അനുകൂലിച്ചു.

"ഇനി കരഞ്ഞിട്ടു കാര്യമില്ല സാമീ."

പരമു സമാധാനിപ്പിച്ചു.

“പെട്ടുപോയില്ലേ, ഇനി സമാധാനമായിരിയ്ക്കാൻ നോക്ക്.”

“ഇല്ല, ഞാനിവിടെ ഒരു നിമിഷം ഇനി ഇരിയ്ക്കില്ല. എനിയ്ക്കു കലശലായ പേടിയുണ്ട്. അതുകൊണ്ടാണ് ജനങ്ങളോട് സത്യം പറയാമെന്നു വിചാരിച്ചത്.”

“അതിന്റെ സമയം കഴിഞ്ഞുപോയി സാമീ. എങ്ങിനെയെങ്കിലും ഇന്നും നാളേയും ക്ഷമിച്ചു കഴിയ്ക്കു. നവരാത്രി കഴിഞ്ഞാൽ ഈ തിരക്കൊന്നവസാനിയ്ക്കും. അപ്പഴാലോചിയ്ക്കാം.”

യോഗീശ്വരൻ ആലോചിച്ചു; വരാനിരിയ്ക്കുന്ന വിപത്തിനെക്കുറിച്ചും അതിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗത്തെക്കുറിച്ചും. അതു മനസ്സിലാക്കിയ പരമു ചെറിയൊരു ഭീഷണി തൊടുത്തു.

“സാമി ഭജനയ്ക്കു ചെല്ലാത്തതുകൊണ്ട് ഭക്തജനങ്ങൾക്കസുഖമുണ്ട്. മുതലാളി ഇങ്ങട്ടന്വേഷിച്ചു വരുന്നതിനുമുമ്പെ പുറപ്പെട്ടോളൂ. അതാണ് നല്ലത്.”

മറുപടിയ്ക്കു കാത്തുനിൽക്കാതെ പരമു സ്ഥലം വിട്ടു. കോണിപ്പടവുകളിറങ്ങുന്ന പരമു ഉച്ചഭാഷിണിയിലൂടെ പുതിയ അറിയിപ്പു പ്രഖ്യപിയ്ക്കുന്നതു കേട്ടു. പുരുഷാരവും അതു കേട്ടു.

“മഹാരോഗികളേ, നിങ്ങൾക്കു തുഷ്ടി! എന്തെന്നാൽ, നിങ്ങളുടെ രക്ഷാമാർഗ്ഗം തുറക്കപ്പെട്ടിരിയ്ക്കുന്നു.”

“യോഗീശ്വരകടാക്ഷം തളർവാതക്കാരനെ ഓട്ടപ്പന്തയത്തിന് ശക്തനാക്കുന്നു!”

“നാവും ചെവിടുമില്ലാത്ത—ഊമയെക്കൊണ്ട് ഇങ്കിലാബ് വിളിപ്പിയ്ക്കുന്നു!”

“കാസശ്വാസക്കാരൻ മനോധർമ്മസ്വരത്തോടുകൂടി ദീക്ഷിതർകൃതി പാടുന്നു!”

അറിയിപ്പുകേട്ട് പുരുഷാരം ദൈവികമായ അസ്വസ്ഥതയിൽ പെടുന്നു. അസ്വാസ്ഥ്യം ചില്ലറച്ചില അത്യാഹിതങ്ങൾക്കു വഴിവെയ്ക്കുന്നു.

മരക്കൊമ്പു പൊട്ടി ഏതാനും ഭക്തജനങ്ങൾ ഭൂമിയുടെ ആകർഷണശക്തി തെളിയിച്ചു നട്ടെല്ലിന്റെ ഘടനയിൽ മാറ്റം വരുത്തി. ധർമ്മക്കിണറിന്റെ ആൾമറയിൽനിന്ന് ഭൂമിയുടെ അഗാധതയളക്കാൻ നാലഞ്ചു ഭക്തജനങ്ങൾ കീഴോട്ട് കുതിച്ചു.

സമയം ചിറകുവെച്ച് പറക്കുകയായിരുന്നു. ഉച്ചതിരിഞ്ഞപ്പോൾ വലിയൊരു കിംവദന്തി പരന്നു.

സന്ധ്യയ്ക്കുള്ള ഭജനയ്ക്കു രണ്ടു മന്ത്രിമാർ പങ്കെടുക്കുന്നു. ബഹുജനവികാരത്തെ മാനിയ്ക്കാൻ മടിയ്ക്കാത്ത മന്ത്രിസഭ യോജിച്ചു തീരുമാനമെടുക്കുകയാണുണ്ടായത്.

കിംവദന്തി കേട്ട് യോഗീശ്വരൻ ഒന്നുകൂടി തളർന്നു. അപ്പുറം പോലീസ്! ഇപ്പുറം മന്ത്രിമാർ! എന്തും സംഭവിയ്ക്കാം.

യോഗീശ്വരൻ രണ്ടും കല്പിച്ച് ഭജനയിൽ പങ്കെടുത്തു.

“ഓ മുഖത്തെന്തൊരു തേജസ്സ്!”

“കണ്ണുകൾക്കെന്തു തിളക്കം.”

“ചൈതന്യം വാർന്നൊഴുകുന്നു.”

“അപാരം.”

“അഗാധം.”

ഭക്തജനങ്ങൾ ശബ്ദമൊതുക്കി തമ്മിൽ തമ്മിൽ പറഞ്ഞു. യോഗീശ്വരന്റെ ഭാവത്തിലും നോട്ടത്തിലും പ്രകടമായ മാറ്റം ശ്രദ്ധിച്ച വാസുമുതലാളി ഉള്ളിൽ ചിരിച്ചു യോഗീശ്വരനെ അഭിനന്ദിച്ചു.

“അങ്ങിനെ തെളിച്ച വഴിയ്ക്കു വരൂ. മഹാനവമിക്കനുകൂലമായഭാവം! അങ്ങിനെത്തന്നെ വേണം. ഇതു പോലെ അല്പസ്വല്പം അഭിനയം കൂടിയുണ്ടായാൽ ജനം തറപറ്റിയതുതന്നെ.”

യോഗീശ്വരൻ സമാധിയായപ്പോൾ കണ്ണുകളടഞ്ഞില്ല.

വിചിത്രം!

ഭക്തജനങ്ങൾ അതുതന്നെ ശ്രദ്ധിയ്ക്കുകയും അതിനെപ്പറ്റിത്തന്നെ പറയുകയും ചെയ്തു. പക്ഷേ, യോഗീശ്വരനതൊന്നുമറിഞ്ഞില്ല. ദൃഷ്ടി അപാരതിയിൽ തറച്ചു നിൽക്കുകയായിരുന്നു. ചിലപ്പോൾ ചുണ്ടുകളിൽ മന്ദസ്മിതം വിടരും. മറ്റുചിലർ കണ്ണിൽ നിന്ന് ജലകണം അടർന്നുവിഴും.

“ഭേഷ്.”

വാസുമുതലാളി അറിയാതെ പറഞ്ഞുപോയി.

വേദാന്തികൾക്ക് ഒരേ നാണയത്തിന്റെ രണ്ടുപുറമാണല്ലോ ചിരിയും കരച്ചിലും.

മന്ത്രിമാർ അഞ്ചുമണിയ്ക്കെത്തി.

പോലീസ്സ് മേധാവികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത വഴിയ്ക്കാണ് മന്ത്രിമാർ വന്നത്. അതുകൊണ്ട് പുരുഷാരത്തിന്റെ ശ്രദ്ധയിൽ പെട്ടില്ല. പിൻവശത്തെ ഗയിറ്റിൽവെച്ചു വാസുമുതലാളി മന്ത്രിമാരെ സ്വീകരിച്ചു. രഹസ്യ സന്ദർശനമായതുകൊണ്ട് പെൺകുട്ടികളുടെ താലപ്പൊലിയോടുകൂടിയ വരവേല്പുണ്ടായില്ല. നെറ്റിപ്പട്ടം കെട്ടിയ ഗജവീരന്മാരുമുണ്ടായില്ല.

മന്ത്രിമാർ യോഗീശ്വരന്റെ അടുത്തുവന്ന് ആദരവോടെ നിന്നു സാഷ്ടാംഗപ്രണാമമുണ്ടായില്ല. മന്ത്രിമാരല്ലേ?

യോഗീശ്വരൻ രണ്ടുപേർക്കും ‘സ്വസ്തി’ നല്കി. അപ്പോൾ മരത്തലപ്പിലിരിയ്ക്കുന്ന ഭക്തജനങ്ങൾ സംഗതി കണ്ടുപിടിച്ചു. അവർ മന്ത്രിമാരുടെ ഓരോ ചലനവും കമന്ററിയ്ക്കു വിധേയമാക്കി. മണ്ണിൽ നില്ക്കുന്ന ഭക്തജനങ്ങളതു കേട്ടു. അവരിൽ രാഷ്ട്രീയമായ അസ്വാസ്ഥ്യമുണ്ടായി.

മന്ത്രിമാരുടെ തിരിച്ചുപോക്കും പ്രദോഷസന്ധ്യയുടെ വരവും ശംഖനാദത്തിലൂടെ, പൂജാമണിയിലൂടെ, മുഴങ്ങി. രാത്രിയിലെ ഭജനയ്ക്കു മഹാനഗരത്തിലെ സാം

സ്കാരിക സംഘടനകൾ മുഴുവനും കാത്തിരിയ്ക്കുന്നുണ്ടായിരുന്നു. ഭജന കാലംകൂടു ന്ന ദിവസമായതുകൊണ്ട് പരസ്പരം മത്സരിയ്ക്കാൻതന്നെ തീരുമാനിച്ചു കൊണ്ടാണ വർ വന്നത്.

മത്സരം തുടങ്ങി.

വിവിധഭാഷകളിലുള്ള ഭജനഗാനങ്ങൾ ഉച്ചഭാഷിണിയിലൂടെ മുഴങ്ങി ഭാഷക ളും പരസ്പരം മത്സരിയ്ക്കുകയായിരുന്നു—തമിഴ്, തെലുങ്ക്, ഹിന്ദുസ്ഥാനി, മലയാളം.

ഭജന മുറുകിയപ്പോൾ വാസുമുതലാളി അപ്രത്യക്ഷനായി. കണ്ണടയ്ക്കാതെ സമാ ധികൊള്ളുന്ന യോഗീശ്വരനതു മനസ്സിലാക്കി. ഒരു സംഘടനയുടെ ഭജന കഴിഞ്ഞു് മറ്റൊരു സംഘടന ഭജനയാരംഭിയ്ക്കുന്നതിനിടയിൽ അല്പനിമിഷങ്ങളിലെ നിശ്ശബ്ദത യുണ്ടാവും. ആ നിശ്ശബ്ദതയിൽ പിൻപുറത്തെ ഗെയിറ്റിൽ കാറിന്റെ ശബ്ദം കേട്ടു. ഉടനെ യോഗീശ്വരൻ കണ്ണടച്ചു.

ഭജനഗാനത്തിന്റെ ചിറകുകളിലൂടെ വിനാഴികകൾ പറന്നകന്നു!

യോഗീശ്വരനെഴുന്നേറ്റു. അതു് പതിവിന്ന് വിപരീതമായിരുന്നു. പരമു ഞെട്ടി.

യോഗീശ്വരൻ, പാവക്കൂത്തിലെ പാവയപ്പോലെ മുമ്പോട്ടു നീങ്ങി. കണ്ണു തുറ ക്കാതെ കൈകാലുകൾ മടക്കാതെ, ഏതോ ചരടുവലികൊണ്ടെന്നപോലെ.

ഭക്തജനം സ്തംഭിച്ചിരുന്നു.

പരമു പിന്നാലെ നടന്നു.

കോണിപ്പടവുകൾ കയറി രണ്ടാംനിലയിലെത്തിയപ്പോൾ പരമു ചോദിച്ചു:

"എന്താണിക്കാണിച്ചതു്?"

"പോവാൻ തീർച്ചപ്പെടുത്തി."

"എങ്ങട്ടു്?"

"എങ്ങട്ടെങ്കിലും മുതലാളി വരുന്നതിനുമുമ്പെ രക്ഷപ്പെടണം."

"ജനത്തോടെന്തു പറയും?"

"ഒന്നും പറയില്ല. കണ്ണു തുറക്കില്ല ഇതുപോലെ നടക്കും. ചരടുവലികൊണ്ടെ ന്നപോലെ."

"അവർ തടഞ്ഞാലോ?"

"അനങ്ങില്ല. നീയെന്നെ സഹായിച്ചാൽ എല്ലാം ഭംഗിയാവും."

"എങ്ങിനെ?"

"എന്റെ ചുകന്ന ബ്ലാങ്കറ്റെടുത്തു് പുതച്ച് നീ കിടക്കയിൽ കിടക്കണം. മുറിയിൽ ലൈറ്റിട്ടു് ഞാൻ പുറത്തു കടക്കും. നേരെ നടക്കും."

"മുതലാളി എന്നെ കൊല്ലും."

"മുതലാളി വരുന്നതിനു മുമ്പെ എല്ലാം കഴിയും. അവിടെ കള്ളക്കടത്തും കരി ഞ്ചന്തയുമൊക്കെ നടത്തി തിരിച്ചുവരുമ്പോൾ പാതിരയാവും. എന്നും അതല്ലേ പതി വ്? അതിനുമുമ്പെ ഞാൻ രക്ഷപ്പെടും. പിന്നെ അതിന്റെ സാമർത്ഥ്യംപോലെ നീ പറഞ്ഞു നിന്നൊ."

യോഗീശ്വരന്റെ ദീനമായ അഭ്യർത്ഥനയ്ക്കു മുമ്പിൽ പരമു വഴങ്ങി.

ഭജനഗാനങ്ങൾക്കുപരി മരത്തലപ്പുകളിലുള്ള ഭക്ത ജനങ്ങളുടെ നിരന്തരമായ കമൻറ്ററിയാണ് പിന്നെ.

യോഗീശ്വരൻ നടന്നു. കണ്ണ് മുറുക്കിയടച്ചു. അപസ്മാരരോഗിയെപ്പോലെ, കൈകാലുകൾ വിറങ്ങലിപ്പിച്ച്, ചരടുവലിയ്ക്കു വിധേയനായ പാവയെപ്പോലെ നടന്നു.

പന്തലിലൂടെ.

നടവഴിയിലൂടെ.

നിരത്തിലെ പുരുഷാരത്തിനിടയിലൂടെ.

ബംഗ്ലാവിന്റെ രണ്ടാമത്തെ നിലയിൽ സ്വന്തം മുറിയിൽ പട്ടുകിടക്ക വിരിച്ച കട്ടിലിൽ യോഗിവര്യൻ കിടക്കുന്നു! പുരുഷാരത്തിനിടയിലൂടെ യോഗിവര്യൻ നടക്കുന്നു!

അത്ഭുതം!

മഹാത്ഭുതം!!

രണ്ടും ഒരുമിച്ചുകണ്ട് കമന്ററി നടത്തുന്ന മരത്തലപ്പിലെ ഭക്തന്മാർക്ക് തല ച്ചുറ്റി വീഴാതെ കഴിക്കാൻ കൊമ്പുകളിലവർ മുറുക്കി പ്പിടിച്ചു.

“ഒന്നായനിന്നെയിഹ രണ്ടെന്നു കണ്ടളവിലുണ്ടായൊരിണ്ടൽ മമ മിണ്ടാവത ല്ല ബത...”

പുരുഷാരം ഒന്നിച്ചു സ്തുതിഗീതം മുഴക്കി. മഹാനവമിരാവിൽ തുടർന്നു വരാനിരിയ്ക്കുന്ന മഹാത്ഭുതങ്ങൾക്കുവേണ്ടി കാത്തിരുന്നു.

പുരുഷാരത്തെ പിന്നിട്ട്, വെളിച്ചത്തെ പിന്നിട്ട് കൂരിരുട്ടിന്റെ സുരക്ഷിതസ്ഥാനത്തെത്തിയപ്പോൾ യോഗീശ്വരൻ കണ്ണു തുറന്നു. പിന്നെ ശക്തിമുഴുവനുപയോഗിച്ച് ഓടാനുള്ള തയ്യാറെടുപ്പാണ്.

“സാമീ.”

അപ്പോൾ പിറകിൽനിന്ന് വിളി. വിളി കേട്ട് യോഗീശ്വരന്റെ പ്രാണൻ കൂടുവിട്ടു പറന്നു. പിറകെ യോഗീശ്വരന്റെ ജഡവും പറന്നു. പിറകിൽനിന്ന് വിളിച്ച ആളും വിട്ടുകൊടുത്തില്ല.

മത്സരപ്പാച്ചിൽ.

അതിലിന്നോളമാരും കുഞ്ചുണ്ണിയെ തോല്പിച്ചിട്ടില്ല. കുഞ്ചുണ്ണി മുൻകടന്നുനിന്ന് യോഗീശ്വരനെ തടഞ്ഞുനിർത്തി ചോദിച്ചു.

“സാമി എവിടെ പോവുന്നു?”

കിതപ്പുകൊണ്ട് യോഗീശ്വരന് മിണ്ടാൻ വയ്യായിരുന്നു. എങ്കിലും നിർത്തിനിർത്തി പറഞ്ഞു.

“എന്നെ...രക്ഷി...ക്കണം.”

ബംഗ്ലാവിൽനിന്ന് ഒളിച്ചോടി പോന്നതാണോ?”

“എന്നെ രക്ഷിക്കണം.”

യോഗീശ്വരൻ അഭ്യർത്ഥന ആവർത്തിച്ചുകൊണ്ടിരുന്നു.

“സത്യം പറയൂ. രക്ഷിയ്ക്കലിന്റെ കാര്യം എന്നിട്ടാവാം.”

“ഞാൻ നിങ്ങക്കൊരുപദ്രവവും ചെയ്തിട്ടില്ലല്ലോ. എനിയ്ക്കു പോണം. എന്നെ വിട്ടയയ്ക്കു.”

യോഗീശ്വരൻ വിലപിച്ചു.

“വിട്ടയയ്ക്കാം.”

കുഞ്ചുണ്ണി ഉറപ്പിച്ചു പറഞ്ഞു.

“എല്ലാം തുറന്നു പറഞ്ഞിട്ട് ആദ്യം മുതൽക്ക് തുടങ്ങാം. എവിടെയാണ് നാട്ട്?”

“കുറച്ചു വടക്കാണ്.”

യോഗീശ്വരൻ ധൃതിയിൽ നടന്നുകൊണ്ടാണുത്തരം പറഞ്ഞത്. കുഞ്ചുണ്ണിയും ഒപ്പം നടന്നു.

“കൊലപാതകം നടത്തി നാടുവിട്ടതാണോ?”

“അല്ല.”

“കളവുകേസ്സിൽ പ്രതിയാണോ?”

“അല്ല.”

“പിന്നെ, ഈ വേഷമെടുക്കാൻ കാരാണം?”

“വയറ്റുപ്പിഴപ്പിന്.”

മുമ്പെന്തായിരുന്നു ജോലി?”

ഉത്തരമില്ല.

“സത്യം പറഞ്ഞോളു സാമീ. അതാണ് നല്ലത്. ഇല്ലെങ്കിൽ—”

കുഞ്ചുണ്ണി ഭീഷണി മുഴക്കി യോഗീശ്വരൻ കീഴടങ്ങി.

“അയ്യോ. അരുത്. ഞാൻ പറയാം.”

“അങ്ങനെ നേർവഴിക്കു വരൂ.”

“ഞാൻ…ഞാൻ…ഒരു സഹകരണബാങ്കിന്റെ സിക്രട്ടരിയായിരുന്നു.” യോഗീശ്വരന്റെ ശബ്ദം ഇടറിയിരുന്നു.

“എന്നിട്ട്?”

കുഞ്ചുണ്ണി ചോദിച്ചു.

“കണക്കിൽ കുറഞ്ഞൊരു തിരിമറി വന്നു.”

“എന്നുവെച്ചാൽ പണം അപഹരിച്ചെന്ന്; അല്ലേ?”

“അല്ല പ്രാരബ്ധംകൊണ്ട് കുറച്ച് സംഖ്യ വകമാറിച്ചിലവുചെയ്തുപോയി. കണ്ടുപിടിച്ചപ്പോൾ പേടിച്ചു സ്ഥലം വിട്ടു.”

“സന്യാസിച്ചതെപ്പോൾ?”

“സന്യസിച്ചിട്ടില്ല. കാവി മുക്കി ഭിക്ഷ യാചിക്കുകയായിരുന്നു.”

കുഞ്ചുണ്ണി ചിരിച്ചു. വാസുമുതലാളിയുടെ പ്രതിഭയ്ക്കു സ്തുതി ചൊല്ലി.

“ശരി, നിങ്ങൾക്കൊരു വിഷമവും വരില്ല. ഞാൻ രക്ഷിച്ചോളും. വാസുമുതലാളിയുടെ ശത്രുവാണ് ഞാൻ. ഇപ്പോൾ അത് മനസ്സിലാക്കിയിയാൽ മതി.”

യോഗീശ്വരനും കുഞ്ചുണ്ണിയും രക്ഷാസങ്കേതമന്വേഷിച്ച് വലിഞ്ഞു നടന്നു. കുഞ്ചുണ്ണിയുടെ ഹൃദയം സന്തോഷംകൊണ്ട് തുടിക്കുകയായിരുന്നു. വാസുമുതലാളിയെ അവസാനമായി കീഴടക്കാൻ കഴിഞ്ഞിരിയ്ക്കുന്നു. ജനങ്ങളുടെ മുമ്പിൽ പിടിച്ചു നിർത്തി കഴിഞ്ഞതോരോന്നും എണ്ണിപ്പറഞ്ഞാക്ഷേപിയ്ക്കണം. സാക്ഷിക്കൂട്ടിൽ സാമിയെ നിർത്തണം. അവസാനവിധി ജനകീയക്കോടതിയോട്ട് മേടിയ്ക്കണം. ഭക്തജനങ്ങളെ വെല്ലുവിളിയ്ക്കണം.

“ഇല്ല. കുഞ്ചുണ്ണി പരാജയപ്പെട്ടില്ല.”

ഉച്ചത്തിലുള്ള ആത്മഗതമായിരുന്നു. ആത്മഗതം കഴിഞ്ഞ് കുഞ്ചുണ്ണി പിന്നേയും ചിരിച്ചു. വിജയോന്മാദത്തിന്റെ ചിരി. ആ ചിരിയുടെ പ്രതിദ്ധ്വനി വറ്റുംമുമ്പ് ഇരമ്പിപ്പാഞ്ഞു വരുന്ന ഒരു കാറിന്റെ വെളിച്ചത്തിൽ കുഞ്ചുണ്ണിയും യോഗീശ്വരനും പരസ്പരം കണ്ടു. കണ്ടു കൊതിതീരുന്നതിനുമുമ്പ് വെളിച്ചമണഞ്ഞു.

ബ്രെയ്ക്കിന്റെ ഭീകരശബ്ദം കാറിന്റെ വാതിൽ തുറക്കുന്നതും ആരൊക്കെയോ ചാടിയിറങ്ങുന്നതും കുഞ്ചുണ്ണി മനസ്സിലാക്കി. എന്താണ് സംഭവിക്കുന്നത്?

യോഗീശ്വരന്റെ ദയനീയമായ നിലവിളി. അത് പകുതിയിൽവെച്ച് തടയപ്പെട്ടു. നിലവിളികേട്ട ഭാഗത്തേക്ക് ഓടിച്ചെല്ലാൻ തുടങ്ങുന്ന കുഞ്ചുണ്ണിയുടെ പിരടിയ്ക്കു ഏതോ കരുത്തുള്ള കൈ വീണു. വേദനയോ? തരിപ്പോ?

ഉദാരശീലരായിരുന്നു കാറിൽനിന്നിറങ്ങിയവർ. അവർ പോർത്തും കുഞ്ചുണ്ണിയെ തല്ലുകതന്നെ ചെയ്തു. നിലതെറ്റി വീഴുന്നവരെ, പ്രജ്ഞ നശിയ്ക്കുന്നവരെ.

— 20 —

# ഇരുപത്

ഗോശ്രീകാലത്ത് കതിനവെടി മുഴങ്ങിയപ്പോൾ വിജയദശമിയുടെ പിറവി പ്രഖ്യാപിയ്ക്കപ്പെട്ടു. ഭൂമി ഞെട്ടിയുണരുകയും കിളികൾ കലമ്പൽകൂട്ടി കൂടുവിട്ടുയരുകയും ചെയ്തു.

കുഞ്ചുണ്ണി കതിനവെടി കേട്ടില്ല. പ്രഭാതം വന്നതും പുലർച്ചക്കോഴി വിളിച്ചതു മറിഞ്ഞില്ല. കുഞ്ചുണ്ണിയുടെ തലച്ചോറിൽ വികൃതസ്വപ്നങ്ങളുടെ സിനിമാപ്രദർശനം നടക്കുകയായിരുന്നു.

കറുത്തിരുണ്ട താഴ്വരകളിലൂടെ ഒഴുകിപ്പോകുന്നു. കരിമ്പാറക്കെട്ടുകളിൽ തടഞ്ഞു വീഴുന്നു. പിന്നേയും ഒഴുകുന്നു. വീഴുന്നു. വീഴുമ്പോൾ വേദനകൊണ്ട് പുളയുന്നു. പരിചിതങ്ങളും അപരിചിതങ്ങളുമായ ഒട്ടനേകം മുഖങ്ങൾ ചുറ്റും അടിഞ്ഞുകൂടുന്നു. പരിഹസിച്ച് ചിരിയ്ക്കുന്നു. അതുകണ്ട് കുഞ്ചുണ്ണി പിച്ചും പേയും പുലമ്പുന്നു.

"ഓ! പകവീട്ടലാവും. പണ്ടെന്നോ കുറഞ്ഞൊരുപവാദം പറഞ്ഞതിനുള്ള പകവീട്ടൽ."

നെഞ്ചിൽ കയറിനിന്ന് ചവുട്ടിത്തകർത്തുകൊണ്ടാണല്ലോ ചിരിയ്ക്കുന്നത്. ഇങ്ങനെ ചവുട്ടിയാൽ നെഞ്ചിന്റെ കൂടു പൊളിയും.

പെണ്ണുങ്ങന്മാരേ, പതുക്കെ, പതുക്കെ. നിങ്ങളുടെ സാന്നിദ്ധ്യവും സ്പർശനവും സുഖമുള്ള കാര്യമാണ്. പക്ഷേ, അങ്ങനെ മതിമറന്ന് നൃത്തം വെക്കാൻ പറ്റില്ല. കുഞ്ചുണ്ണി അവശനം പരാജിതനുമാണ്. ബാലിയെപ്പോലെ വീണു കിടക്കുകയാണ്. വാസുമുതാലാളിയെന്ന സുഗ്രീവനോടെതിരിട്ടപ്പോൾ പിറകിൽ ഈശ്വരനൊളിച്ചു നില്ക്കുന്നു.

ഈശ്വരൻ!

ഒളിയമ്പാണ് കൊണ്ടത്. വീണതിലത്ഭുതമുണ്ടോ? ഞാൻ ചോദിയ്ക്കട്ടെ. നെഞ്ചിലമ്പേറ്റു വീണവനെ ചവിട്ടുന്നത്. ന്യായമാണോ? സുന്ദരിമാർക്ക് ചേർന്നതാണോ?

എന്ത്? നിങ്ങളിത്ര ദയയുള്ളവരോ? നിങ്ങൾ മാറി നിന്നപ്പോൾ നെഞ്ചിന്റെ ഭാരവും വേദനയും ചുരുങ്ങി. നിങ്ങൾ അകന്നകന്ന് പോവുകയാണോ? നല്ലത്...

ആര്? നീ പോയില്ലേ? നിയൊരുത്തിമാത്രം ഇങ്ങിനെ അഹങ്കരിച്ച നിൽക്കുന്നതെന്ത്?

നിന്റെ പേര്?

ശാരി?

അതെ, നീ ശാരി തന്നെ.

പണ്ട് പണ്ട് അനുരാഗത്തിന്റെ ആദ്യത്തെ പൂമൊട്ട് ഹൃദയത്തിൽ വിടരാൻ തുടങ്ങിയപ്പോൾ നീയെന്നെ നിന്ദിച്ചു. എന്റെ പ്രേമത്തെ നീ ചവുട്ടിത്തേച്ചു. ഇന്നോളം പിന്നെ ഞാൻ ജീവിച്ചതും സ്ത്രീസമുദായത്തെ ഒട്ടാകെ വെറുത്തതും അവരെ കരിതേയ്ക്കാൻ പുറപ്പെട്ടതും നിന്നോടുള്ള ഒടുങ്ങാത്ത പകകൊണ്ടു മാത്രമായിരുന്നു. വലുതാവാനാഗ്രഹിച്ചതും അതിനു വേണ്ടിയുള്ള പ്രയത്നത്തിൽ വീഴ്ച പറ്റിയതും എല്ലാമെല്ലാം നിന്നെച്ചൊല്ലിയായിരുന്നു.

കഷ്ടം!

മുഴുവനും തകർന്നു.

പകയും വിദ്വേഷവുമില്ലാത്ത ഒരവസ്ഥയിലാണ് ഞാനിപ്പോൾ. അകത്തും പുറത്തും വേദന. വേദനമാത്രമേ എനിക്കിപ്പഴറിഞ്ഞുകൂടു.

ഇത് വേണ്ടായിരുന്നു ശാരീ. ഈ അവശനിലയിൽ എന്നെ വന്നു കാണാനും എന്നെ പരിഹസിയ്ക്കാനും നീ മുതിരരുതായിരുന്നു. നിനക്കിത്രമാത്രം പകതോന്നത്തക്കവിധം ഞാനൊന്നും ചെയ്തിട്ടില്ല. എല്ലാം ചെയ്തത് നീയാണ്...

ശാരിയും പോയോ?

എല്ലാവരും വന്നു കണ്ട് പക വീട്ടിപ്പിരിഞ്ഞു. ആരും സഹതപിച്ചില്ല. നന്ദി. സഹതപിച്ചെങ്കിൽ കുഞ്ചുണ്ണിയുടെ മട്ടും മാതിരിയും മാറുമായിരുന്നു...

നെഞ്ചുവേദന കുറയുന്നു. കൈകാലുകൾ ഇളക്കാൻ കഴിയുന്നു. മഞ്ഞും കുളിരുമനുഭവപ്പെടുന്നു.

കണ്ണു മിഴിച്ചു.

കണ്ണു മിഴിച്ചപ്പോൾ പരിസരബോധം കൈവന്നു. തലേരാത്രിയിലെ സംഭവങ്ങൾ ഓരോന്നായി ഓർമ്മയിലണിനിരന്നു.

എല്ലാം പെട്ടെന്നാണ് സംഭവിച്ചത്. ആലോചിയ്ക്കാൻ സമയം കിട്ടിയില്ല. സംഘട്ടനം നടന്നത് മുഴുവൻ കൂരിരുട്ടിൽ വെച്ചായിരുന്നു. പൊതിരെ തല്ലുകിട്ടി. തടുക്കാനും കൊടുക്കാനും കഴിഞ്ഞില്ല. അവസാനത്തെ ഓർമ്മ പിൻകഴുത്തിൽ വീണ തല്ലിനെക്കുറിച്ചായിരുന്നു. അവൻ നല്ല തറവാടിയായിരുന്നു. തല മണ്ണിൽ പൂണ്ടു പോയി. അതോടെ എല്ലാം അവസാനിച്ചു.

“മരിച്ചെന്നു കരുതി കുറ്റിക്കാട്ടിൽ വലിച്ചെറിഞ്ഞതാവും.”

പിറുപിറുത്തുകൊണ്ടെഴുന്നേറ്റ് കുഞ്ചുണ്ണി പിൻകഴുത്തിൽ തടവി നോക്കി. ചതവും വീക്കവുമുണ്ട്.

“ഇരുമ്പുവടികൊണ്ടാവും തല്ലിയത്?”

വെളിച്ചം പരക്കുന്നതിനുമുമ്പ് സ്ഥലം വിടാനാഗ്രഹിച്ചുകൊണ്ട് നടന്നു. നടക്കുമ്പോൾ യോഗീശ്വരനെപ്പറ്റി ആലോചിച്ചു. തല്ലിക്കൊന്നിരിയ്ക്കുമോ? ഇല്ല, പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലാൻ മാത്രം വങ്കത്തം വാസുമുതലാളിയ്ക്കില്ല. പാലും പഴവും കൊടുത്തു പോറ്റി മുതലെടുക്കും എടുക്കട്ടെ. ഗൗരവമുള്ള കാര്യങ്ങളൊന്നും ആലോചിയ്ക്കാൻ വയ്യ. ക്ഷീണമുണ്ട്.

അഭയസ്ഥാനം ‘അശ്വഹൃദയ’മാണ്. ആരും കാണാതെ അകത്തു കയറി മൂടിപ്പുതച്ചു കിടക്കണം.

വിജയദശമിയാഘോഷത്തിന്ന് വെള്ളവീശി നിറം പിടിപ്പിച്ച മതിലുകൾ പലതും പിന്നിട്ട് തോരണങ്ങളും കുലവാഴകളും കമാനങ്ങളുമുള്ള തെരുവീഥികൾ പിന്നിട്ട് പതുക്കെ പതുക്കെ നടക്കുമ്പോൾ ആകാശം തെളിയുകയും തലക്കു മുകളിൽ കാക്കകൾ കരഞ്ഞു പറക്കുകയും ചെയ്തു. അകലത്ത് അശ്വഹൃദയം പ്രത്യക്ഷപ്പെട്ടപ്പോൾ എന്തെന്നില്ലാത്ത ആശ്വാസം അനുഭവപ്പെട്ടു. അതുവരെയുള്ള യാത്ര അത്യധികം ക്ലേശകമായിരുന്നു. മഹാനഗരത്തെ മുന്നുരു പ്രദക്ഷിണം വെക്കേണ്ട സമയമാണെടുത്തത്.

ആരെയും കാണാതെ, ആരോടും സംസാരിക്കാതെ വേഗത്തിൽ ചെന്നു കിടക്കണം. അതായിരുന്നു വിചാരം. ശരീരം മുഴുവൻ പരുക്കുകളുണ്ട്. അന്തേവാസികളിൽ വല്ലവരും കണ്ടാൽ ചോദ്യങ്ങളുണ്ടാവും സഹതാപവും. ആരുടെ സഹതാപവും ആവശ്യമില്ല.

അകലത്തുനിന്നു കുഞ്ചുണ്ണി നടന്നു വരുന്നതു കണ്ടപ്പോൾ ഗുരു തമിഴ് ഭാഷക്കു പരിക്കേല്പിച്ചുകൊണ്ടു ദ്രാവിഡമങ്കയോട് പറഞ്ഞു.

“റൊമ്പം ജാഗ്രതൈ.”

തുടർന്നു നിർദ്ദേശങ്ങളായിരുന്നു. തികഞ്ഞ പുള്ളിയാണ്. അത്ര വേഗത്തിലൊന്നും പിന്മടങ്ങില്ല. വിശ്വരൂപം കാട്ടി വിരട്ടിയോടിക്കണം.

ദ്രവിഡമങ്ക മുത്തുലക്ഷ്മി ജാഗ്രതപാലിച്ചു വിശ്വരൂപം കാട്ടാൻ തയ്യാറെടുത്ത് വാതിൽപ്പടിയിൽ നിറഞ്ഞുനിന്നു, ലങ്കയുടെ ഗോപുരദ്വാരത്തു പണ്ടു സുരഭിയെന്നപോലെ.

ഇവിടെ ശകലം പൂർവ്വചരിത്രം:

ദുർഗ്ഗാഷ്ടമി രാവിൽ യോഗീശ്വരപാദതീർത്ഥം കിട്ടിയപ്പോൾ കണ്ണൻകുട്ടിമേനോൻ തുടങ്ങിയ അന്തേവാസികൾ വീട്ടിൽ പോവാൻ ധൃതിവെച്ചു. അതുകൊണ്ടു വാശിപിടിച്ച തീർത്ഥജലമില്ലെങ്കിലും പീറ്ററും പുറപ്പെട്ടു. എല്ലാവരും പോയപ്പോൾ അശ്വഹൃദയത്തിൽ ഏകാന്തത മുറ്റിനിന്നു. ഏകാന്തതയിൽ ഗുരു അല്പനേരം കണ്ണടച്ചിരുന്നു. പിന്നെ വിളക്കണച്ച് കയറ്റുകട്ടിലിൽ കയറി ഉറങ്ങാൻ കിടന്നു.

എങ്ങും ഇരുട്ട്. അപ്പോൾ ദ്രാവിഡമങ്ക മുത്തുലക്ഷ്മിയെ ഓർത്തു. അവൾ ഏരി വക്കിലെ പുളിമരച്ചോട്ടിലിരുന്ന് താക്കീതും ഭീഷണിയും മുഴക്കുന്നു. ഇൻലന്റിലെ ഓരോ വാക്കും ശക്തിമത്തായി കാതിൽ വന്നു മുഴങ്ങുന്നു. ഹൃദയത്തിൽ നടുക്കമു ണ്ടാക്കുന്നു. വല്ലവഴിക്കും അവളെ സമാധാനിപ്പിച്ചില്ലെങ്കിൽ ജന്മം തുലഞ്ഞതുത ന്നെ. അവളുടെ അന്ത്യശാസനം കിട്ടിയതിൽ പിന്നെ പലപ്പോഴും നൃത്തത്തിന്റെ ചുവടു പിഴച്ചിട്ടുണ്ട്. താളം തെറ്റീട്ടുണ്ട്.

ഉറക്കം വരാതെ ആലോചിച്ചാലോചിച്ചു കിടന്നു. അപ്പോൾ ഗുരുവിനൊരാശ യം പിടികിട്ടി. അശ്വഹൃദയം ഒഴിഞ്ഞുകിടക്കുകയാണ്. അന്തേവാസികൾ തിരിച്ചെ ത്താൻ ഇനിയും രണ്ടുമൂന്നു ദിവസം കഴിയണം. വേഗത്തിലവളെ വിളിച്ചുകൊണ്ടുവ ന്ന് കുടിവെച്ചാലെന്ത്? അന്തേവാസികൾ തിരിച്ചുവന്നു നോക്കുമ്പോൾ അശ്വഹൃ ദയത്തിൽ മുത്തുലക്ഷമിയും കുളന്തകളും വിലസുന്നതു കാണട്ടെ. അന്യായമാണ്, അധർമ്മമാണെന്നൊക്കെ പറയും. അധർമ്മഭീരുവിന്നു മഹാനഗരത്തിൽ വീടില്ലെ ന്നാണ് പ്രമാണം. കുഴപ്പമൊന്നുമുണ്ടാവില്ല. മുത്തുലക്ഷമിയെക്കണ്ടാൽ എല്ലാവ രും ഒഴിഞ്ഞുപോകും. കണ്ണൻകുട്ടിമേനോൻ പാവമാണ് ജയകൃഷ്ണനും മുകുന്ദനും വഴ ക്കിന് നിൽക്കില്ല.

കുഞ്ചുണ്ണി!

വിഷപ്പല്ലുപോയാലും കുഞ്ചുണ്ണി പാമ്പാണെന്നകാര്യത്തിൽ ഗുരുവിന്നു സംശയ മില്ല. കുഴപ്പമുണ്ടാകും.

സാരമില്ല.

കുഞ്ചുണ്ണി കയർത്തുവരുമ്പോൾ മുത്തുലക്ഷ്മിയെ വിടാം ആഗ്നേയാസ്ത്രത്തിന്നു വരുണാസ്ത്രം!

പിന്നെ ഒരു നിമിഷംപോലും ആലോചിച്ചു പരുങ്ങിയില്ല. ചാടിയെഴുന്നേറ്റ്, കോയമ്പത്തൂരിനെ ലക്ഷ്യം വെച്ച് പുളിമരത്തണലിനെ ലക്ഷ്യം വെച്ച് പുറപ്പെട്ടു. പോക്കും വരവും വളരെ ധൃതിയിലായിരുന്നു.

അശ്വഹൃദയത്തിൽ വന്നു കയറിയപ്പോൾ മുത്തുലക്ഷ്മി അലറി.

"ഇതെന്നാ കുതിരലായമാ?"

ഗുരു ആശ്വസിപ്പിച്ചു.

"കോപപ്പെടാതെ കണ്ണേ."

കണ്ണ് കോപപ്പെടുകയും ഇളകിയാടുകയും ചെയ്തു. തമിഴ്നാട്ടിന്നരുമയാന ശകാരപദങ്ങൾ മുഴുവനെടുത്തു പ്രയോഗിച്ചു.

അശ്വഹൃദയത്തിൽ സ്ത്രീ സ്വരം! അതും ശുദ്ധമാന തമിഴിലുള്ള സ്ത്രീസ്വരം. ജഗദീ ശ്വരയ്യരുടെ വീട്ടിൽ അത്ഭുതമുണ്ടായി. പ്രജകൾ കൂട്ടത്തോടെ ഇളകി അശ്വഹൃദയം വളഞ്ഞു.

മുത്തുലക്ഷ്മിയും ജഗദീശ്വരയ്യരുടെ പ്രജകളും തമ്മിൽ ഡയലോഗുകളുണ്ടായി, ചെന്തമിഴിലും കരിന്തമിഴിലും. അപ്പോൾ മുത്തുലക്ഷ്മിയുടെ കോപം ശമിച്ചു. തെരുവിനാശ്വാസം സിദ്ധിച്ചു.

പരിചയപ്പെടലും വേഴ്ചയുറപ്പിക്കലും കഴിഞ്ഞ് തിരിച്ചുപോകുമ്പോൾ ജഗദീശ്വരയ്യരോട് പൊണ്ടാട്ടി പറഞ്ഞു.

“റൊമ്പം നല്ല അയൽപക്കം താനേ.”

“ആമാം.”

അയ്യർ പ്രതിവചിച്ചു.

മുത്തുലക്ഷ്മിയുടെ കുളന്തകൾ പരിസരമാകെ ഓടിനടന്നു ബഹളമുണ്ടാക്കി. മുത്തുലക്ഷമി അന്തേവാസികളുടെ കിടക്കയും പെട്ടിയും കൂട്ടിക്കെട്ടി വാതിലിന്നടുത്തു വച്ചു. ആർക്കെപ്പോൾ വേണമെങ്കിലും എടുത്തുകൊണ്ടുപോകാൻ സൗകര്യപ്പെടുന്ന മട്ടിൽ...

കുഞ്ഞുണ്ണി വേച്ചുവേച്ച് നടന്നടുക്കുമ്പോൾ ഗുരു, ദ്രാവിഡമങ്കയെ പ്രോത്സാഹിപ്പിച്ചു.

“കണ്ണേ, റൊമ്പം ജാഗ്രതൈ.”

കുഞ്ഞുണ്ണി നടന്നടുത്തു.

മുത്തുലക്ഷ്മി ഭദ്രകാളി ചമഞ്ഞ് എന്തിന്നും തയ്യാറടുത്തു വാതിൽപ്പടിയിൽ നിന്നു.

ആരോ വാതിൽപ്പടിയിലുണ്ടെന്നു കുഞ്ഞുണ്ണി മനസ്സിലാക്കി. പിൻകഴുത്തിലെ വേദനനിമിത്തം തലയർത്തിനോക്കാൻ വിഷമമുണ്ട്. ആരെങ്കിലുമാവട്ടെ. എന്നും നേർത്തെയുണരുന്നത് കണ്ണൻകുട്ടിമേനോനാണ്. നാശം! എന്തിനീ വാതിൽപ്പടിയിൽ വന്നു നിൽക്കുന്നു!

നൂറു ചോദ്യങ്ങളുണ്ടാവും, മിണ്ടില്ല.

മുഖത്തു നോക്കാതെ കണ്ടഭാവം നടിക്കാതെ തിക്കിത്തിരക്കി അകത്തു കടക്കാൻ ശ്രമിയ്ക്കുന്ന കുഞ്ഞുണ്ണി അലർച്ച കേട്ടു.

“എന്നെടാ ഇത്? പൈത്യമോ?”

അലർച്ച കേട്ടു ഞെട്ടിയ കുഞ്ഞുണ്ണി പിൻകഴുത്തിൽ വേദനയുണ്ടായിട്ടും തലയുയർത്തി നോക്കി.

വസൂരിക്കല നിറഞ്ഞ മുഖം, ചിൽപ്പുറ്റുപോലെ മൂക്ക്. മൂക്കിനറ്റത്ത് ചുകപ്പ് കല്ലുവെച്ച മൂക്കുത്തി. കറുത്തു തടിച്ച ശരീരം. സ്ത്രീസമുദായത്തിന്റെ പക മുഴുവനും വിശ്വരൂപം പൂണ്ട് വാതിൽപടിയിൽ നിൽക്കുന്നു. അതും അശ്വഹൃദയത്തിന്റെ വാതിൽപ്പടിയിൽ!

സ്വപ്നമാണോ? പിൻകഴുത്തിൽ തല്ലുകൊണ്ടാൽ പുരുഷനെ സ്ത്രീയായി കാണുമോ? മലയാളം തമിഴ് മണക്കുമോ? കണ്ണൻകുട്ടിമേനോൻ മൂക്കുത്തി ധരിക്കുമോ?

സൂക്ഷിച്ചു നോക്കി.

കടും ചുകപ്പിൽ നീല ബോർഡറുള്ള സാരി. കണ്ണൻകുട്ടിമേനോൻ ഒരിയ്ക്കലും സാരി ചുറ്റില്ല. തീർച്ച.

“ഉനക്കെന്നെടാ, പൈത്യമാ?”

അലർച്ച പിന്നേയും കേൾക്കുന്നു. ശങ്കിച്ചുനിന്നാൽ പറ്റില്ല. തമിഴിനോടു സാമ്യമുള്ള മലയാളപദങ്ങൾ തിരഞ്ഞെടുത്ത് കുഞ്ചുണ്ണി പ്രയോഗിച്ചു.

“നീയാര്? നിനക്കെന്നവേണം?”

ചോദ്യം കേട്ടു മുത്തുലക്ഷ്മിയുടെ തോക്കിൽനിന്ന് തുരുതുരെ തമിഴുണ്ടകൾ ഉതിർന്നു. കുഞ്ചുണ്ണി മലയാൺമയിലെ അശ്ലീലപദങ്ങളെടുത്ത്. തൊടുത്തു.

ഉഗ്രസമരം.

രണ്ടു ഭാഷകൾ, രണ്ടു സംസ്കാരങ്ങൾ തമ്മിൽ. മലയാൺമ തളർന്നുപോയി. പൊരുതിത്തന്നെ പിന്മാറേണ്ടിവന്നു. ദ്രാവിഡമങ്ക ജയക്കൊടിയുയർത്തി.

കുഞ്ചുണ്ണി മടങ്ങി നടന്ന് നിരത്തിലെത്തിയപ്പോൾ ഗുരു അടക്കിപ്പിടിച്ച സ്വരത്തിൽ മുത്തുലക്ഷ്മിയെ അഭിനന്ദിച്ചു.

“കണ്ണേ, നീതാനല്ലവാ, ആയിരം തലൈവാങ്കിന അപൂർവ്വകല്യാണി.”

“പേശാമയിരി.”

മുത്തുലക്ഷമി താക്കീതു നൽകി. ഉറച്ചുനിന്നു. ശത്രു തിരിച്ചുവന്നാൽ വിരട്ടിയോടിക്കാൻ തയ്യാറെടുത്തുകൊണ്ട്.

ഏതോ നാടകത്തിലെ സംഘട്ടനാത്മകമായൊരു രംഗം അഭിനയിച്ചു തളർന്ന നടനെപ്പോലെ കുഞ്ചുണ്ണി നിരത്തിൽ നിന്നു.

ഒരു ലക്ഷ്യവുമില്ല. എവിടെ പോകണമെന്നോ എന്തു ചെയ്യണമെന്നോ അറിഞ്ഞുകൂട. അവസാനത്തെ പുൽത്തുമ്പാണ് പിടിവിട്ടു പോയത്. മുങ്ങിച്ചാവുകയാണോ? മനസ്സിനും ശരീരത്തിനും വിശ്രമം വേണ്ട സമയത്ത് അഭയകേന്ദ്രത്തിൽ നിന്നും പുറംതള്ളപ്പെട്ടിരിക്കുന്നു.

ടാപ്പിന്നടുത്തുചെന്ന് തണുത്ത വെള്ളംകൊണ്ട് മുഖം കഴുകി. കുറച്ചു കുടിയ്ക്കുകയും ചെയ്തു. വെള്ളം കുടിച്ചപ്പോൾ ക്ഷീണം വർദ്ധിച്ചു. വിശ്രമിയ്ക്കാനുള്ള കൊതിയും.

എവിടെ പോകും?

ആരൊരഭയം നൽകും?

അങ്ങിനെ അഭയത്തിനുവേണ്ടി യാചിക്കാനൊന്നുമൊരുക്കമില്ല. കാലുകൾ തളരുന്നതുവരെ

നടക്കും.

എന്നിട്ടോ?

തളരുമ്പോൾ വീഴട്ടെ. വീണേടത്തു കിടക്കും.

പിന്നെ...

തല ചുറ്റുന്നുണ്ടോ? ഇനി നടന്നാൽ വീഴുമോ? വീഴും! അവസാനത്തെ വീഴ്ച!

നിരത്തുവക്കിലെ നാഴികക്കല്ലിൽ ചാരിനിന്നു.

കഴിഞ്ഞ കാലത്തെ ജയാപജയങ്ങൾ നിരത്തി വെച്ചാലോചിച്ച് ജീവിതത്തിലെ വരവുചിലവൊപ്പിച്ച് ആകത്തുക കണക്കാക്കാനുള്ളൊരു ശ്രമം നടത്തി. ഒന്നും ക്രമത്തിലാവുന്നില്ല. കണക്കുകൾ പിഴക്കുന്നു. മനസ്സിന്റെ അടിത്തറയിൽത്തന്നെ ഇളക്കം സംഭവിച്ചിരിക്കുന്നു. ആലോചിച്ചാൽ ഒരെത്തും പിടിയും കിട്ടില്ല.

ഇത് അവസാനത്തെ നാഴികക്കല്ലാവുമോ?

മരച്ചില്ലകൾക്കിടയിലൂടെ ഇളവെയിലൊഴുകി വന്നു തഴുകിയപ്പോൾ കുഞ്ഞുണ്ണിയുടെ കൺപോളകൾ കനം കൂടി. ഉറക്കവും തളർച്ചയും ഒത്തുചേർന്നു കീഴടക്കാനെത്തി.

മോട്ടോർ കാറുകളുടെ ഇരമ്പം കേട്ടു ഞെട്ടി. താഴെ വീഴാതെ കഴിക്കാൻ നാഴികക്കല്ലിൽ ബലമായി പിടി ച്ചു. പ്രയാസപ്പെട്ട് തല കുറഞ്ഞൊന്നുയർത്തി നോക്കി.

അവഭൃതസ്നാനത്തിനു മുമ്പുള്ള ഘോഷയാത്രയാണ്. നൂറ്റൊന്നു മോട്ടോർ കാറുകൾ പങ്കെടുക്കുന്ന ഘോഷയാത്ര. അതു കടന്നു പോവുന്ന തെരുവുകളിലെല്ലാം കമാനങ്ങൾ കെട്ടിയുയർത്തിയിട്ടുണ്ട്. ‘വസിഷ്ഠ കമാനം’, ‘വിശ്വാമിത്ര കമാനം’, ‘പുലസ്ത്യ കമാനം’ അങ്ങിനെ പല പല കമാനങ്ങൾ.

വഴിനീളെ താലപ്പൊലിയേന്തിക്കൊണ്ടുള്ള വരവേല്പ്, പുഷ്പവൃഷ്ടി, കതിനവെടി, ഭക്തജനങ്ങളുടെ സങ്കീർത്തനം—

ഘോഷയാത്ര അരിച്ചരിച്ച് മുന്നേറുകയാണ്. കുഞ്ഞുണ്ണി സൂക്ഷിച്ചുനോക്കി.

മുമ്പിൽ വാസുമുതലാളിയുടെ മേഴ്സിഡസ് ബെൻസ് പൂമാലകൊണ്ടലങ്കരിച്ചിരിക്കുന്നു. സാരഥിയുടെ സ്ഥാനത്തു മുതലാളിതന്നെ ഇരിക്കുന്നു. യോഗീശ്വരൻ പിറകിലെ സീറ്റിൽ ചാരിക്കിടക്കുന്നു. യോഗീശ്വരന്റെ ചുണ്ടിൽ മധുരോദാരമായ പുഞ്ചിരി വിടർന്നു നിൽക്കുന്നു.

“പാവം.” കുഞ്ഞുണ്ണി പിറുപിറുത്തു.

’പൊൻമുട്ടയിടുന്ന താറാവ്! ആ പുഞ്ചിരി കൃത്രിമമാണ്. അതിന്റെ പിന്നിൽ മുതലാളിയുടെ ഭീഷണിയും നിർബ്ബന്ധവുമുണ്ട്.

കുഞ്ഞുണ്ണിയ്ക്ക് ഉറക്കെ വിളിച്ചുപറയണമെന്നുണ്ട്, നാവു പൊങ്ങുന്നില്ല. “ആ പാവത്തിന്റെ പൂമാലക്കുള്ളിൽ പട്ടുകുപ്പായത്തിനടിയിൽ പേടിച്ചു വിറയ്ക്കുകയും പൊട്ടിക്കരയുകയും ചെയ്യുന്ന ഒരു ഹൃദയമാണുള്ളത്. അതാരും കാണുന്നില്ലേ. ഇല്ലേ?”

അതാരും കണ്ടില്ല. കാണുകയുമില്ല!

മേഴ്സിഡസ് ബെൻസിനു പിറകിൽ ഇമ്പാല. ഇമ്പാലയ്ക്കു പിറകിൽ കാഡിലാക്ക്. അങ്ങിനെ വിലപിടിപ്പുള്ള അനേകം കാറുകൾ കുഞ്ഞുണ്ണിയുടെ മുമ്പിലൂടെ നീങ്ങി. മഹാനഗരത്തിലെ എല്ലാ മുതലാളിമാരും പണക്കാരുമുണ്ട്.

വക്കച്ചൻ?

കുഞ്ചുണ്ണിയ്ക്കു തന്റെ കണ്ണുകളെ വിശ്വസിയ്ക്കാൻ കഴിഞ്ഞില്ല.

വക്കച്ചനു പിറകിൽ ഹാജിയാർ!

ഹാജിയാരുടെ പിറകിൽ വർക്കിച്ചേട്ടൻ!

ഇവിടെ എല്ലാ മതവും സമ്മേളിയ്ക്കുന്നു. എല്ലാ ജാതിയും ഒന്നാവുന്നു! എല്ലാ രാഷ്ട്രീയകക്ഷിയും ഒരുമിയ്ക്കുന്നു.

പാമ്പും കീരിയും പോലെ പടവെട്ടിയവരാണ് വാസുമുതലാളിയും വക്കച്ചനും ആ വക്കച്ചൻ ഘോഷയാത്രയിലകമ്പടിസേവിയ്ക്കുന്നു. വാസുമുതലാളിയുടെ നേതൃത്വം സ്വീകരിച്ച് വഴിയെ പോകുന്നു.

ഇതാണൈക്യം ഇവിടെയാണൈക്യം!

മഹാപ്രവാഹമേ, നിനക്കു സ്തുതി!

ഒരേ ലക്ഷ്യത്തിലേക്കു നീ ഇവരെ നയിയ്ക്കുന്നു. എല്ലാ മതക്കാരേയും ജാതിക്കാരേയും രാഷ്ട്രീയക്കാരേയും. ഒരേ ലക്ഷ്യത്തിലേയ്ക്കു നീ തെളിയ്ക്കുന്നു. തെളിച്ചുടുപ്പിയ്ക്കുന്നു.

നിന്റെ പേർ മുക്തിയെന്നാണോ?

“അല്ല.”

ആലോചന അത്രത്തോളമെത്തിയപ്പോൾ കുഞ്ചുണ്ണിയുടെ ക്ഷമ നശിച്ചു.

“നിന്റെ പേർ മുക്തിയെന്നല്ല. നിന്നെയെനിയ്ക്കു നല്ലപോലെ അറിയാം. നിന്നെ ഞാൻ സ്നേഹിച്ചിട്ടുണ്ട്. നിന്റെ പിറകെ ഞാൻ നടന്നിട്ടുണ്ട്. നിനക്കെന്നേയും നല്ലപോലെയറിയാം. നിന്റെ പേർ മുക്തിയെന്നല്ല.”

പണം!

അതാണ് നിന്റെ പേർ. വിവിധ വിശ്വാസികൾ, വിവിധാഭിപ്രായക്കാർ കൈകോർത്തു പിടിച്ചു മുമ്പിലോട്ടു നീങ്ങുന്നു—നിന്നിലെത്താൻ, നിന്നെ സ്വാധീനിയ്ക്കാൻ.

അവസാനത്തെ മോട്ടോർകാർ കടന്നു പോയപ്പോൾ സർവ്വശക്തിയുമുപയോഗിച്ചു കുഞ്ചുണ്ണി എഴുന്നേറ്റ് നിന്നു.

“കുഞ്ചുണ്ണിയുടെ ജീവിതം ഇവിടെ അവസാനിയ്ക്കുന്നില്ല. ഈ മഹാപ്രവാഹം കുഞ്ചുണ്ണിയുടെ കണ്ണിന് കാഴ്ച നൽകി. ഈ കാലഘട്ടത്തിന്റെ ഹൃദയസ്പന്ദനം ഘോഷയാത്രയിൽ പങ്കെടുത്ത മോട്ടോർകാറുകളുടെ ഇരമ്പത്തിലൂടെ കുഞ്ചുണ്ണി കേട്ടു.”

ഇളംവെയിലിൽ പൊടിപടലം തങ്ങിനില്ക്കുന്ന നിരത്തിൽ കയറിനിന്ന് കുഞ്ചുണ്ണി ഉറക്കെ പറഞ്ഞു.

“മുതലാളീ, നമ്മൾ തമ്മിൽ ഈ നിമിഷം മുതൽ സന്ധിയായിരിയ്ക്കുന്നു—ഇനി നമ്മൾക്ക് വഴക്കില്ല. അടുത്തഘോഷയാത്രയ്ക്കു നൂറ്റിരണ്ട് കാറുകളുണ്ടാകും. അതിലൊന്ന് കുഞ്ചുണ്ണിയുടേതായിരിയ്ക്കും. കുഞ്ചുണ്ണിതന്നെ ഡ്രൈവ് ചെയ്യും. ഇത് കുഞ്ചുണ്ണിയുടെ പരാജയമായെണ്ണരുത്.”

പണക്കാരന്ന് ജയവും തോൽവിയുമില്ല. നിങ്ങളെപ്പോലെ ഞാനും എന്റെ ലക്ഷ്യം കണ്ടെത്തിയിരിയ്ക്കുന്നു.

നെറ്റിയിലല്പം ഭസ്മം. ചുണ്ടത്തിത്തിരി നാമ സങ്കീർത്തനം. കുഞ്ചുണ്ണി അതന്വേഷിയ്ക്കുകയാണ്.

മഹാപ്രവാഹമേ നിനക്കു സ്തുതി.

ഈ കാലഘട്ടത്തിന്റെ മുഖമുദ്രവേണ്ടുവോളം നിന്നിൽ പതിഞ്ഞിട്ടുണ്ട്. കുഞ്ചുണ്ണിയുടെ ജീവിതത്തിലെ നാലാമങ്കത്തിന്റെ വിജയം നീയാണ് കുറിയ്ക്കേണ്ടത്.

SAYAHNA • FOUNDATION

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.